Published on 24 June 2017, Saturday, in Malayalam Unicode language.

സംഹാരകാഹളം
മഹാശാസ്ത്രമൂലം
സൃഷ്ടിമന്ത്രം
ആദിവചനം
ശബ്ദബ്രഹ്മം
അക്ഷരബ്രഹ്മം
ദൈവത്തിന്റെ മഹാചിരി

ഏകദാസൻ
മഹാദാസൻ
മുഹമ്മദ് ബാദ്ഷ
റസൂൽ, ഈസാ
ക്രൈസ്റ്റ്, പശുപതി
പരമശിവൻ

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.

# മനസ്സ് ഉള്ളവർക്കെല്ലാം മനോരോഗങ്ങളും ഉണ്ട്; ശരീരം ഉള്ളവർക്കെല്ലാം ശരീര-രോഗങ്ങളും ഉണ്ട്.

## *ദൈവ-വിപ്ലവം ഉടൻ*

*മഹാവിപ്ലവകാരി,* എക്കാലത്തും, ഏകദൈവവും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മണ്ണും ഭൂമിയും മഹാദേവനുമായ *മഹാദേവി മാത്രമാണ്.* മഹാദേവിയുടെ മഹാദാസനും പ്രപഞ്ചപിതാവുമായ പരമശിവനി *ലൂടെ* കാലഘട്ടങ്ങളിലെ ആവശ്യങ്ങളെ മഹാഭദ്രമാക്കുന്നു. ഇപ്പോഴത്തെ മഹാസൃഷ്ടിചക്രത്തിൽ *ബുദ്ധൻ,* കാളിദാസൻ, ഷേക്സ്പിയർ, *ക്രൈസ്റ്റ്, എം.കെ. ഗാന്ധി,* തുടങ്ങിയ മനുഷ്യരായിട്ട് *മഹാദേവി* അയച്ചത് സ്വന്തം ഭാഗമായ പരമശിവനെയാണെന്നു പ്രസ്താവിച്ചാൽ മനോരോഗമാണോ ?!

## ദൈവ-വിപ്ലവ വിശകലനം -12 : *മനസ്സ് ഉള്ളവർക്കെല്ലാം മനോരോഗങ്ങളും ഉണ്ട്.* + അതീവ ഹ്രസ്വമായ ജീവചരിത്രം + സാമ്പത്തിക വിൽപ്പത്രം + ശാസ്ത്രീയമായി ശവമടക്കുന്നത് എങ്ങനെ : വിവരിക്കുന്നു.

(PDF- ഫയലുകളും മുൻ വിശകലനങ്ങളും www.omsathyam.com എന്ന വെബ്സൈറ്റിൽ ഇപ്പോൾ ലഭ്യമാണ്.)

## ആമുഖം.

ജീവാത്മാവിന് ആനന്ദങ്ങളെ നൽകുന്നതും ശിക്ഷിക്കുന്നതും, 'ജീവാത്മാവിനെ വഹിക്കുന്നതായ ശരീരം' തന്നെയാണ്. 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ ശരീരം' ജീവാത്മാവിന് ചലിപ്പിക്കാൻ അനുവാദം ഉള്ളതായ ശരീര- അവയങ്ങളെ ഉൾപ്പെടെ ശരീരത്തെ മുഴുവൻ സ്വയം മഹാഭരിക്കുന്നുണ്ട്. 'ശരീരം' ജീവിയുടെ പ്രത്യക്ഷ സ്രഷ്ടാവായി പ്രവർത്തിക്കുന്നതും, ജീവാത്മാവിന് ആനന്ദങ്ങളെ നൽകുന്നതും, ജന്മഗുണങ്ങളെ മഹാനിശ്ചയിക്കുന്നതും, മഹാനീതിശാസ്ത്ര പ്രകാരം ശരീരത്തിൽ രോഗങ്ങളെ പ്രവേശിപ്പിച്ചും സുഖപ്പെടുത്തിയും ജീവാത്മാവിനെ മഹാഭരിക്കുന്നതും എങ്ങനെയെല്ലാമെന്ന് ദൈവ-വിപ്ലവ വിശകലനം 7-ൽ വിശദമാക്കിയിരുന്നു. www.omsathyam.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

മണ്ണിലും ശരീരത്തിലും മഹാലയിച്ചിട്ടുള്ള ന്യൂനശക്തികൾ, ശരീരത്തിനു മാത്രമല്ല; *ജീവാത്മാവ് എന്നും ജീവാത്മാവിന്റെ ജ്ഞാനബോധം* എന്നും വിശേഷിപ്പിക്കുന്ന *മനസ്സിനും* രോഗങ്ങളെ നൽകുകയും സുഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

## വിശദീകരണം :-

## *(1).* ശരീര രോഗങ്ങളുടെയും മനോരോഗങ്ങളുടെയും പൊതു സ്വഭാവവും, പൊതു കാരണങ്ങളും.

ഇന്നത്തെ ഭൂമിയിൽ 750 കോടി ജനങ്ങളാണ് ഉള്ളതെങ്കിൽ, അവരെല്ലാം *ശരീരത്തിലും മനസ്സിലും*, ചെറുതും വലുതും വ്യത്യസ്തങ്ങളുമായ രോഗങ്ങൾ ഉള്ളവരാണ്.

പനി, ജലദോഷം, ചുമ, തലവേദന, പല്ലുവേദന, വയറ്റുവേദന, വയറിളക്കം, ഉളുക്ക്, ചൊറിച്ചിൽ, വൈകല്യങ്ങൾ, തുടങ്ങിയ

സാധാരണ *ശരീര-രോഗങ്ങളെ അനുഭവിക്കുന്ന ഏതൊരു രോഗിയും അവ സ്വയം അറിയുന്നുണ്ട്   .* മേല്പടി ശരീര-രോഗങ്ങളെ പ്പറ്റി രോഗി അറിയിച്ചില്ലെങ്കിലും, ചുറ്റുമുള്ളവരുടെ ശ്രദ്ധയിൽ പെടുന്നതാണ്.

മനുഷ്യന്റെ സ്ത്രീ പുരുഷ വ്യത്യാസം, സൗന്ദര്യം, നിറം, ഉയരം, ആയുസ്സ്, ആരോഗ്യം, ദേശം, തൊഴിൽഅഭിരുചി, ബുദ്ധി ശക്തി, തുടങ്ങിയ ജന്മഗുണങ്ങളെയും ജീവിതത്തെയും 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ സ്വന്തം ശരീരം' മഹാനീതിശാസ്ത്ര പ്രകാരം മഹാഭരിക്കുമ്പോൾ രൂപം കൊള്ളുന്ന അനുഗ്രഹങ്ങളായും, ശിക്ഷകളായും, 'അനുഗ്രഹങ്ങളുടെയും ശിക്ഷകളുടെയും മിശ്രിതമായും,' വ്യക്തികളുടെ മനോഭാവം പോലെ ശരീര രോഗങ്ങളെ കണക്കാക്കാം. യഥാർത്ഥത്തിൽ അനുഗ്രഹങ്ങൾ മാത്രമാണു സർവ്വതും എന്ന് പില്ക്കാലത്ത് മഹാജ്ഞാനം ലഭിക്കുമ്പോൾ ബോദ്ധ്യപ്പെടുന്നതാണ്. (അതേസമയം ദൈവവും ദൈവ ഭാഗമായ പരമശിവനും 'മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളായി' മഹാഅവതരിക്കുമ്പോൾ, 'ജീവികളെല്ലാം സൃഷ്ടികളും കുഞ്ഞുങ്ങളും ആകയാൽ,' മഹാനീതിശാസ്ത്ര പ്രകാരം കുഞ്ഞുങ്ങളുടെ വേദനകളെയും കഷ്ടപ്പാടുകളെയും ഏറ്റെടുത്തു കൊണ്ട് കുഞ്ഞുങ്ങൾക്ക് ആശ്വാസം നൽകുന്നതാണ്.).

*മനോരോഗത്തിന്റെ* മുഖ്യമായ പൊതു സ്വഭാവമെന്നത് മിക്കപ്പോഴും *രോഗി സ്വയം അറിയില്ല; മനോരോഗങ്ങൾ മൂർച്ഛിക്കുമ്പോൾ മാത്രം ചുറ്റുമുള്ളവരുടെ ശ്രദ്ധയിൽ പെടുന്നതാണ്.*

'ജീവാത്മാവിനെ/മനസ്സിനെ വഹിക്കുന്നത് ശരീരം' ആകയാൽ, മനസ്സിന് രോഗങ്ങളെ ഉണ്ടാക്കുന്നതിലും   ശരീരത്തിനു പങ്കുണ്ട്.

*മുഖ്യമായും രണ്ടു വിധത്തിലുള്ള മനോരോഗങ്ങളുണ്ട്.*

മനുഷ്യന്റെ രണ്ടു മുഖ്യഘടകങ്ങളായ ശരീരവും ജീവാത്മാവും ഒന്നുചേർന്ന് പ്രവർത്തിക്കുന്നതിനാൽ ചില ശരീര രോഗങ്ങളും മനോരോഗങ്ങളെ ഉണ്ടാക്കുന്നതാണ്. തിരിച്ചും. *ഭൂമിയിലെ വസ്തുക്കളുടെ ഗുണങ്ങളും ദോഷങ്ങളും മനസ്സിലാക്കാൻ എളുപ്പമാണ് എന്നിരിക്കെ അവയെ ദുരുപയോഗിക്കുന്നത്

ശരീര രോഗങ്ങളോടൊപ്പം മനോരോഗങ്ങളെയും ഉണ്ടാക്കുന്നതാണ്. ഉദാഹരണത്തിന്, മദ്യം, മയക്കുമരുന്നുകൾ, പാൻ-പരാഗുകൾ, പുകയില, വിഷം തുടങ്ങിയവയുടെ ദുരുപയോഗം കൊണ്ട് ശരീരത്തിൽ മഹാമംഗളമായി ക്രമപ്പെടുത്തിയിരിക്കുന്ന നാഡീ വ്യവസ്ഥയും പല അവയവങ്ങളുടെ പ്രവർത്തനങ്ങളും താളം തെറ്റുന്നതും അപകടപ്പെടുന്നതുമാണ്.

യഥാർത്ഥത്തിൽ 'ദൈവത്തിന്റെ അംശമായ ശരീരം' ഇഷ്ടപ്പെടാത്തതും ശരീരത്തിന്റെ പ്രവർത്തനങ്ങൾക്കു വിരുദ്ധവുമായ മദ്യം, മയക്കുമരുന്നുകൾ പാൻ-പരാഗുകൾ, പുകയില, വിഷം തുടങ്ങിയ ഭൗതിക വസ്തുക്കളെ ശരീരത്തിലേക്ക് അറിഞ്ഞും അറിയാതെയും വ്യക്തി/ ജീവാത്മാവ്/ മറ്റുള്ളവർ പ്രവേശിപ്പിച്ചാൽ; ശരീര രോഗങ്ങളെയും മനോരോഗങ്ങളെയും ശരീരം ഉണ്ടാക്കുന്നതാണ്. ആന, കാള തുടങ്ങിയ മൃഗങ്ങളെ മദ്യം കുടിപ്പിച്ച് മനോനില തെറ്റിക്കുന്നതും ഉദാഹരണങ്ങളാണ്. പ്രത്യക്ഷ ദൈവമായ ശരീരം, ജീവാത്മാവിനെ തിരുത്താനും മംഗളപ്പെടുത്താനുമായി ശരീരത്തിനും മനസ്സിനും രോഗങ്ങളെ ഉണ്ടാക്കുകയാണു ചെയ്യുന്നത്.

*രണ്ടാമത്തേത്, മണ്ണിന്റെ നിയമങ്ങളെ സംബന്ധിച്ചാണ്.* 'മണ്ണിന്റെ അംശമായ ശരീരത്തോടെ' മണ്ണിൽ ജീവിക്കുന്നവർക്ക് മണ്ണിന്റെ നിയമങ്ങൾ മാത്രമേ ചേരുകയുള്ളൂ. അങ്ങനെയിരിക്കെ, ജനങ്ങളെ ഭരിക്കുന്നവർ, മണ്ണുമായി ബന്ധമില്ലാത്ത കാര്യങ്ങളെ 'വ്യക്തികൾ പാലിക്കേണ്ടതായ നിയമങ്ങളും നിയന്ത്രണങ്ങളും' ആക്കിയാൽ *മണ്ണു കൊണ്ട് സൃഷ്ടിച്ചിട്ടുള്ളതായ ശരീരത്തിൽ* മഹാലയിച്ചിട്ടുള്ള ന്യൂനശക്തികൾ തിരുത്തൽ ശക്തിയായി പ്രവർത്തിക്കുന്നതാണ്. 'മണ്ണായ ശരീരം' വഹിക്കുന്നതായ ജീവാത്മാവിനെ 'മണ്ണായ ശരീരം' പ്രകോപിപ്പിക്കുന്നതാണ്. മനോരോഗങ്ങളെ ഉണ്ടാക്കുന്നതാണ്.

മണ്ണിന്റെ അഥവാ മണ്ണിലെ മൂലകങ്ങളിൽ മഹാലയിച്ചിട്ടുള്ള നിയമങ്ങൾക്ക് ഭൗതികമായ അസ്തിത്വം ഉണ്ട്. *ചുവടെ

ബ്രാക്കറ്റിൽ വേറിട്ട് ചേർക്കുന്നുണ്ട്. ഗ്രഹിക്കാൻ വിഷമിക്കുന്നരും ആഗ്രഹിക്കുന്നവരും ദൈവാനുഗ്രഹം തേടുന്നത് നല്ലതാണ്. *ബ്രാക്കറ്റിലെ* വാചകങ്ങളെ എല്ലാവരും വായിക്കേണ്ടതില്ല.

*((** വാതകം, ദ്രാവകം, ഖരം, പ്ലാസ്മ എന്നിങ്ങനെയുള്ള ദ്രവ്യങ്ങളെല്ലാം ശക്തികളുടെയും നിയമങ്ങളുടെയും ഭൗതികമായ ഒന്നിക്കലാണ്. വാതകം, ദ്രാവകം, ഖരം, പ്ലാസ്മ എന്നിങ്ങനെയുള്ള അവസ്ഥകളിൽ ദ്രവ്യം വ്യത്യസ്തങ്ങളായ മൂലകങ്ങളാവുന്നതും അവയുടെയെല്ലാം ആറ്റങ്ങളിൽ 'ശബ്ദബ്രഹ്മം' ആയിക്കൊണ്ട് ദൈവം മഹാപ്രപഞ്ചത്തെ മഹാഭദ്രമാക്കുന്നതും സത്യമായ വസ്തുതയാണ്.

ഉടനെ ദൈവ വിപ്ലവത്തോടെ ശബ്ദബ്രഹ്മമായ **ഓം** ഉച്ചത്തിൽ **മഹാചിരിച്ച് മഹാസംഗീതമായി** മുഴങ്ങുന്നതോടെ സംശയങ്ങൾ അവസാനിക്കുന്നതാണ്. 'ശബ്ദബ്രഹ്മം' ആയ ദൈവം മഹാആവിഷ്ക്കരിച്ചിട്ടുള്ളതും ആറ്റങ്ങളിലെ ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ, ക്വാർക്കുകൾ തുടങ്ങിയ ഘടകങ്ങളുടെ സൃഷ്ടി-സ്ഥിതി-സംഹാര നിയമങ്ങളുമാണ് ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം എന്നിങ്ങനെയുള്ള വേദങ്ങളുടെ മൂലാധാരം.

ദൈവത്തിന്റെ മഹാഖരരൂപമായ ഭൂമി എന്ന മണ്ണിന്റെ അംശങ്ങളും മൂലകങ്ങളുമായ സോഡിയം, പൊട്ടാസ്യം, കാൽസ്യം, മഗ്നീഷ്യം, ഫോസ്ഫറസ്, അയേൺ, കാർബൺ തുടങ്ങിയവയെ പരിവർത്തനപ്പെടുത്തി ജീവാത്മാവിനെ വഹിക്കുന്നതായ ശരീരമാക്കുന്നതിന് ദൈവത്തിന്റെ വാതക രൂപമായ ഓക്സിജനും ദ്രാവകരൂപമായ ജലവും മഹാപ്രവർത്തിക്കുന്നുണ്ട്. മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെ എല്ലാ ജീവികളുടെയും ശരീരങ്ങളെ സൃഷ്ടിച്ചിട്ടുള്ളത് ദൈവാംശങ്ങളായ മണ്ണിലെ മൂലകങ്ങളും ദൈവത്തിന്റെ വാതക രൂപമായ ഓക്സിജനും ദൈവത്തിന്റെ ദ്രാവകരൂപമായ ജലവുമാണ് എന്നതിനാൽ ജീവികളുടെയെല്ലാം ശരീരം സമ്പൂർണ്ണമായും ദൈവാംശങ്ങളാണ്.

ജീവാത്മാവിനെ വഹിക്കുന്നതായ ശരീരം ജീവാത്മാവിനെ മഹാദരിക്കുന്ന പ്രത്യക്ഷദൈവം കൂടിയാണ് എന്നാണ് അതിന്നർത്ഥം. ശരീരത്തിലെ ഏതാനും അവയവങ്ങളെ ചലിപ്പിക്കാൻ അനുവാദം നൽകിക്കൊണ്ട് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെ ജീവാത്മാവിന് അനുവദിക്കാനും, അനന്തമായ ആനന്ദങ്ങളെ നൽകാനും പ്രത്യക്ഷദൈവമായ ശരീരം ശ്രദ്ധിക്കുന്നുമുണ്ട്.

ജീവാത്മാവിന് ജീവി എന്ന ഭൗതികമായ അസ്തിത്വം ഉണ്ടാവണമെങ്കിൽ ദൈവത്തിന്റെ നീതി-ഖര രൂപമായ മണ്ണിന്റെ രൂപാന്തരമായ ശരീരത്തെ ലഭിക്കേണ്ടതുണ്ട്. ശരീരവും ജീവാത്മാവും ഒന്നുചേർന്ന് 'ജീവി' രൂപംകൊള്ളുമെങ്കിലും, ജീവിക്ക് ജീവൻ/ശക്തി ഉണ്ടാവണമെങ്കിൽ, ദൈവത്തിന്റെ സൃഷ്ടി-വാതക രൂപമായ ഓക്സിജൻ/ജീവൻ /ശക്തി എല്ലായ്പ്പോഴും ജീവിയുടെ സ്വന്തമെന്നോണമുള്ള ഖരരൂപമായ ശരീരത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കണം. മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം സ്വന്തമെന്ന് തെറ്റിദ്ധരിച്ചിട്ടുള്ള ദൈവാംശമായ ശരീരത്തിൽ, 'ജീവികളുടെയെല്ലാം ജീവനും ദൈവത്തിന്റെ വാതക രൂപവുമായ ഓക്സിജൻ' പ്രവർത്തിക്കുന്നത് ഓക്സിജന്റെ ഇഷ്ടപ്രകാരമാണ് എന്നതും, 'ശ്വാസോച്ഛ്വാസം എന്ന പ്രവൃത്തിയെ ചെയ്യുന്ന ദൈവത്തിന്റെ വാതക രൂപമായ ഓക്സിജൻ' മനുഷ്യന്റെ ചിന്തകളെപ്പോലും ഭൗതികമായി അറിയുന്നു എന്നതും മനസ്സിലാക്കാൻ കഴിയുന്നത് ഭാഗ്യമാണ്. 'ദൈവത്തിന്റെ സ്ഥിതി-ദ്രാവക രൂപമായ ജലമാണ് ' ശരീരത്തെയും ജീവനെയും ബന്ധിപ്പിക്കുന്നത്. പക്ഷി, മൃഗം, മനുഷ്യൻ എന്നീ അവസ്ഥകളിൽ ജലം പ്രവർത്തിക്കുന്നത് രക്തത്തിലൂടെ യാണ്.

ജീവിതത്തെ കുറിക്കുന്ന 'ദൈവത്തിന്റെ സ്ഥിതി-ദ്രാവക രൂപമായ ജലത്തെ' പ്പറ്റി കൂടുതൽ പറയേണ്ടത് അത്യാവശ്യമാണ്. 'ദൈവത്തിന്റെ സൃഷ്ടി-വാതക രൂപവും ജീവികളുടെ ജീവനുമായ ഓക്സിജൻ' സ്വയം മഹാനിശ്ചയിക്കുന്ന അളവ്, താപം, മർദ്ദം എന്നിങ്ങനെയുള്ള ഊർജ്ജ/ശക്തി മാനങ്ങളോടെ, പരമാത്മാവായ

ഹൈഡ്രജനുമായി ഒന്നുചേർന്നാണ് ദൈവത്തിന്റെ സ്ഥിതി- ദ്രാവകരൂപമായ ജലം ഉണ്ടാകുന്നത്. ജലത്തിന്റെ ഭൗതിക ശാസ്ത്രം ആണത്. ജലം ഉണ്ടാകുമ്പോൾ തന്നെ ജലത്തിന്റെ അനന്തമായ ഗുണങ്ങളെയും ഉപയോഗങ്ങളെയും മഹാനിശ്ചയിക്കുന്നതായ ധർമ്മ ശാസ്ത്ര നിയമങ്ങളും, മറ്റുള്ള വസ്തുക്കളെയും ജീവികളെയും മഹാഭരിക്കുന്നതായ ആത്മീയ/നീതി ശാസ്ത്ര നിയമങ്ങളും ജലത്തിൽ സ്വയം മഹാലയിക്കുന്നുണ്ട്. ജീവികൾക്കെല്ലാം ജീവിക്കണമെങ്കിൽ ദൈവത്തിന്റെ സ്ഥിതി- ദ്രാവകരൂപമായ ജലം കൂടിയേ കഴിയൂ. ഖര രൂപവും മണ്ണുമായ ഭൂമിക്ക് ജീവികളുടെ യെല്ലാം ശരീരമായും ജീവികൾക്കെല്ലാം ആവശ്യമായ മറ്റു വസ്തുക്കളായും പ്രവർത്തിക്കുന്നതിന് ദ്രാവകരൂപമായ ജലത്തെയും വാതക രൂപമായ ഓക്സിജനെയും മഹാഉപയോഗിക്കുന്നു. ഖര രൂപവും മണ്ണുമായ ഭൂമി ജീവിസൃഷ്ടി നടത്തുമ്പോൾ, ഓക്സൈഡ്, സൾഫേറ്റ് തുടങ്ങിയവയിൽ നിന്നും വേർപെട്ട് 'വാതക രൂപമായ ഓക്സിജനായി' ഭൂമിയിൽ പരക്കെ സൃഷ്ടിക്കുന്ന അന്തരീക്ഷ വായുവിൽ സ്വയം നിലകൊള്ളുന്നു. അപ്പോൾ ജീവികൾക്കെല്ലാം അത്യാവശ്യമാകുന്നത് ജലം മാത്രമാണ്. ആകയാൽ ജനങ്ങൾക്കും വളർത്തു മൃഗങ്ങൾക്കും വളർത്തു-സസ്യങ്ങൾക്കും(കൃഷിക്കും) ആവശ്യമായ ജലത്തെ സൗജന്യമായി ലഭ്യമാക്കുക എന്ന ചുമതല ഭരണാധികാരികൾക്ക് ഉണ്ട്. )).

മണ്ണിലെ ഓരോ വസ്തുവും അതിന്റെ ഭൗതിക-ധർമ്മ-ആത്മീയ/നീതി ശാസ്ത്ര നിയമങ്ങളും അർത്ഥപുഷ്ടിയോടെ ഉണ്ടായിട്ടുള്ളതും (സൃഷ്ടിക്കപ്പെട്ടതും) പരസ്പര പൂരകങ്ങളുമാണ്. അതേപോലെ (ഭൂമിയിലെ) എല്ലാ വസ്തുക്കളും അവയുടെ ഭൗതിക-ധർമ്മ-ആത്മീയ/നീതി ശാസ്ത്ര നിയമങ്ങളും സമാനമായി യോജിച്ചും ബന്ധിച്ചുമാണ് പ്രവർത്തിക്കുന്നത്. ഭൗതിക അസ്തിത്വം ഇല്ലാത്ത നിയമങ്ങൾ അവയിലോ അവയ്ക്കിടയിലോ ഇല്ല. യാതൊരു കുറ്റങ്ങളും കുറവുകളും ഇല്ലാത്തതും, മഹാസമ്പൂർണ്ണവുമായ 'വസ്തുക്കളുടെ ധർമ്മ ശാസ്ത്ര നിയമങ്ങളെ' ധാർമ്മിക ശുദ്ധിയോടെ ജീവിക്കുന്നവർക്ക് ക്രമാനുഗതമായി (ദൈവം)

മഹാവെളിപ്പെടുത്തുന്നതാണ്. പിഴവ് വർദ്ധിച്ചാൽ ദൈവ-ഭാഗമായ പരമശിവനെ മനുഷ്യനായി അയച്ച് മണ്ണിന്റെ നിയമങ്ങളെ മാനുഷികമായി കണ്ടെത്തുന്ന അവസ്ഥയും (മഹാനീതിപതിയായ ദൈവം) ഉണ്ടാക്കുന്നതാണ്.

## *(2).* ഭൂമിയിലെ എല്ലാ ജനങ്ങൾക്കും മനോരോഗങ്ങൾ ഉണ്ടെന്ന് ലളിതമായി തെളിയിക്കാൻ കഴിയുന്നതാണ്.*

മറ്റുള്ള ജീവികളിൽ നിന്നും മനുഷ്യന്റെ സ്വഭാവം വ്യത്യാസപ്പെടുത്തി യിരിക്കുന്നതിനെ ആദ്യം അറിയണം.

സിംഹം, പുലി, ആന, ഒട്ടകം, മാൻ, പശു, പട്ടി, പൂച്ച, എലി, കീരി, പാമ്പ്, കോഴി, കാക്ക, തത്ത, പ്രാവ്, കഴുകൻ, തെങ്ങ്, വാഴ, കപ്പ, നെല്ല്, മത്തി, അയല, ഡോൾഫിൻ, തിമിംഗലം, തുടങ്ങിയ ഏതാനും ജീവികളുടെ സ്വഭാവ വിശേഷങ്ങൾ, ഭക്ഷണ രീതികൾ, എന്നിവ വിശകലനം ചെയ്താൽ വ്യത്യസ്തങ്ങളായ പൊതു സ്വഭാവങ്ങളോടെ ഓരോ ജീവിയെയും സൃഷ്ടിച്ചിരിക്കുകയാണ് എന്ന് സുവ്യക്തമാണ്. അവയുടെ ഗുണദോഷങ്ങൾക്ക് ദൈവവും കാരണമാകുന്നു എന്നാണ് അതിന്നർത്ഥം.

എന്നാൽ *മനുഷ്യന്റെ കാര്യത്തിൽ മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായി, സ്വഭാവങ്ങളെ മനുഷ്യനിലെ ജീവാത്മാവ് സ്വയം നിശ്ചയിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന ഉന്നതമായ അവസ്ഥയുണ്ട്.* വ്യത്യസ്ത തൊഴിലുകൾ ചെയ്യുന്ന മനുഷ്യർക്ക് വ്യത്യസ്തങ്ങളായ തൊഴിൽ-അഭിരുചികളും ബുദ്ധിശക്തികളും ഉണ്ടാവുമെങ്കിലും, സ്വഭാവങ്ങളെ അവർ സ്വയം നിശ്ചയിക്കുകയും സ്വീകരിക്കുകയും തന്നെയാണ്.

*മനുഷ്യൻ എന്ന ജീവിക്കു മാത്രം ലഭ്യമാക്കിയ വർദ്ധിച്ച ബുദ്ധിശക്തികളെയും ശാസ്ത്ര ജ്ഞാനത്തെയും, അനന്തമായ ആനന്ദങ്ങളെയും, സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും, മോക്ഷത്തെയും, മഹാസംയോജിപ്പിക്കുകയാണ് വേറിട്ട സ്വഭാവത്തിന്റെ ഉദ്ദേശം.* മഹാനീതിപതിയും മഹാപിതാവും മഹാമാതാവും മഹാവാത്സല്യവുമായ ദൈവത്തിന്റെ മഹാആവിഷ്ക്കാരമാണത്.

സ്വഭാവങ്ങളെ സ്വയം നിശ്ചയിക്കുവാനും സ്വീകരിക്കുവാനും മനുഷ്യനെ മാത്രം മഹാഅനുഗ്രഹിച്ചിരിക്കുന്നു എന്നാവുമ്പോൾ, *നല്ലതും ചീത്തയുമായ സ്വഭാവങ്ങളും, പ്രവൃത്തികളും, ഫലങ്ങളും, അഥവാ പുണ്യങ്ങളും പാപങ്ങളും *ജീവാത്മാവിനും കാരണക്കാരായ മറ്റുള്ളവർക്കും അവകാശപ്പെട്ടതാണ്.* മനുഷ്യരുടെ വർദ്ധിച്ച കോപം, പെരുമാറ്റ ദൂഷ്യങ്ങൾ, അക്രമം, തീവെപ്പ്, കൊള്ള, ബന്ദ്, ഹർത്താൽ, തീവ്രവാദ പ്രവർത്തനങ്ങൾ, ദുഷ്ക്കാമം, മറ്റു ദുശ്ശീലങ്ങൾ, അന്ധവിശ്വാസങ്ങൾ, അധമ വിനോദങ്ങൾ, എന്നിവയ്ക്ക് *മനുഷ്യന്റെ സ്വത്വമായ ജീവാത്മാവും സ്വാധീനം ചെലുത്തിയ മറ്റുള്ളവരും സമ്പൂർണ്ണ ഉത്തരവാദികളാണ് എന്നർത്ഥം.*

*ശരിയല്ലാത്തതിനെ ശരിയെന്നു കരുതി സ്വീകരിക്കുന്നത്* മനുഷ്യന്റെ സ്വത്വമായ ജീവാത്മാവിനെ അഥവാ *മനസ്സിനെ* രോഗങ്ങളിൽ പെടുത്തുന്നു എന്ന് സുവ്യക്തമാകുന്നു. ജീവാത്മാവിനെ വഹിക്കുന്നതായ ശരീരത്തിനല്ലാ; മറിച്ച് *ജീവാത്മാവിന്റെ സ്വത്വ ബോധമായ മനസ്സിനാണ് രോഗം* എന്നതിനാൽ *മനോരോഗം* ആണ്. *ശരിയല്ലാത്തതിനെ ശരിയെന്നു കരുതി സ്വീകരിക്കുന്നതും ജീവിക്കുന്നതും മനുഷ്യൻ മാത്രമാകയാൽ മറ്റുള്ള ജീവികൾക്ക് മനോരോഗങ്ങൾ ഇല്ല /കുറവാണ്.* സമൂഹത്തിലെ അഥവാ *ഭൂമിയിലെ എല്ലാ മനുഷ്യരും അറിഞ്ഞും അറിയാതെയും, വ്യത്യസ്തമായ അനുപാതത്തിൽ ശരിയല്ലാത്തതിനെ ശരിയെന്നു കരുതി സ്വീകരിക്കുന്നവരും അതിൻ

പ്രകാരം ജീവിക്കുന്നവരും ആകയാൽ എല്ലാ മനുഷ്യരും ചെറുതും വലുതും വ്യത്യസ്തങ്ങളുമായ മനോരോഗികൾ ആണ്.*

ബുദ്ധിശക്തികളെയും ശാസ്ത്ര ജ്ഞാനത്തെയും, അനന്തമായ ആനന്ദങ്ങളെയും, സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും മനുഷ്യൻ എന്ന ജീവിക്കു മാത്രം നൽകിയപ്പോൾ, അവയൊന്നും ലഭിക്കാഞ്ഞ മറ്റുള്ള ജീവികൾക്കാണ് കൂടുതൽ ശ്രേഷ്ഠത എന്ന് സുവ്യക്തമായി ബോദ്ധ്യപ്പെടുത്തും വിധം മനുഷ്യർ അധഃപതിച്ചു! കടമകളെ മറന്നും അവഗണിച്ചും പ്രവർത്തിക്കുന്നത് മനോരോഗം കൂടിയാണ് ... എല്ലാ മനുഷ്യർക്കും - മനസ്സ് ഉള്ളവർക്കെല്ലാം ചെറുതും വലുതും വ്യത്യസ്തങ്ങളുമായ മനോരോഗം ഉണ്ടെന്ന് സാരം.

## *(3.1)*. മനോരോഗ ചികിത്സയുടെ ഒന്നാം ഭാഗം : പൊതു വിജ്ഞാനം.

വ്യക്തിയുടെ ശരീരം ഇഷ്ടപ്പെടാത്തതും ശരീരത്തിന്റെ പ്രവർത്തനങ്ങൾക്കു വിരുദ്ധവുമായ മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയവയുടെ ദുരുപയോഗം കൊണ്ട് ഉണ്ടാ(ക്കി)യ മനോരോഗങ്ങളെ ചികിത്സിക്കാൻ മണ്ണിലെ മറ്റു വസ്തുക്കൾ കൊണ്ട് തയ്യാറാക്കിയ മരുന്നുകളും, ഒപ്പം ധർമ്മശാസ്ത്ര പരമായ ഉപദേശങ്ങളും വേണം. (വർജ്ജ്യമായ മന്ത്രശാസ്ത്രവുമായി ബന്ധപ്പെട്ട താരതമ്യേന നിസ്സാരമായ മറ്റു ചില മനോരോഗങ്ങൾ ഉണ്ട് ... വൈകാതെ സമ്പൂർണ്ണമായും പിൻവലിക്കപ്പെടുന്ന അവയെ ഇവിടെ പരാമർശിക്കേണ്ടതില്ല. ). ശരീരത്തിന് അനുയോജ്യമായതും അനുയോജ്യം അല്ലാത്തതുമായ ഭക്ഷണങ്ങളും പാനീയങ്ങളും മരുന്നുകളും മറ്റും കഴിക്കുമ്പോൾ *പ്രവൃത്തികൾ ചെയ്യാനും, രോഗങ്ങൾക്കും രോഗ പ്രതിരോധങ്ങൾക്കും, ശരീര വളർച്ചയ്ക്കും മറ്റും ആവശ്യമായ ശക്തികളെ* 'ജീവാത്മാവിനെ വഹിക്കുന്നതായ ശരീരത്തിനും, ജീവാത്മാവിനും' ലഭിക്കുന്നതാണ്.

ജ്ഞാനവുമായി ബന്ധപ്പെട്ട പെരുമാറ്റ ദൂഷ്യങ്ങൾ, അക്രമം, ഹർത്താൽ, തീവ്രവാദ പ്രവർത്തനങ്ങൾ, ദുശ്ശീലങ്ങൾ, അന്ധവിശ്വാസങ്ങൾ, തുടങ്ങിയ സ്വഭാവ വ്യത്യാസങ്ങളുടെയും, ധാർമ്മിക അധഃപതനങ്ങളുടെയും മനോരോഗങ്ങളുടെയും മറ്റും കാരണം ശരീരമാണോ എന്നു (സ്വയം) പരിശോധിക്കാൻ കഴിയും. എന്നുവച്ചാൽ, 'മണ്ണിലെ മൂലകങ്ങളായ ദൈവാംശങ്ങൾ' ജീവാത്മാവിനു വേണ്ടി നിർമ്മിക്കുന്ന 'ദൈവാംശമായ ശരീരത്തിലെ' കോശങ്ങളുടെയും അവയവങ്ങളുടെയും നിർമ്മാണവും വളർച്ചകളും പ്രവർത്തനങ്ങളുമാണോ എന്ന് മണ്ണിലെ ശാസ്ത്ര നിയമങ്ങൾ പ്രകാരം സ്വയം വിശകലനം ചെയ്ത് മനസ്സിലാക്കാൻ കഴിയും. അല്ലെന്ന് ലളിതമായി സ്വയം ബോദ്ധ്യപ്പെടുന്നതാണ്. എന്തെന്നാൽ, *ജ്ഞാനവുമായി ബന്ധപ്പെട്ട രോഗങ്ങൾ ബാധിക്കുന്നത് ജീവാത്മാവിനെയാണ്; അഥവാ ജീവാത്മാവിന്റെ ജ്ഞാനബോധമായ മനസ്സിനെ യാണ്.* മനുഷ്യന്റെ അഥവാ മനുഷ്യൻ എന്ന ജീവിയുടെ സ്വത്വം, സ്വത്വ ബോധം, ജ്ഞാന ബോധം, *മനസ്സ്* എന്നെല്ലാം വിശേഷിപ്പിക്കുന്നത് യഥാർത്ഥത്തിൽ ജീവാത്മാവിനെ തന്നെയാണ്.

'മണ്ണിലെ മൂലകങ്ങൾ കൊണ്ട് നിർമ്മിച്ചിട്ടുള്ളതായ ശരീരത്തിൽ' മഹാലയിച്ചിട്ടുള്ള ഭൗതിക അസ്തിത്വമുള്ളതായ ധർമ്മ ശാസ്ത്ര നിയമങ്ങളെ പിൻപറ്റിയാൽ മാത്രമേ മനോരോഗങ്ങളെ അവസാനിപ്പിക്കുവാൻ കഴിയൂ. മനോരോഗങ്ങളെ അവസാനിപ്പി ക്കുവാൻ ധർമ്മ ശാസ്ത്ര നിയമങ്ങളെ അറിയണം അഥവാ ശരിയായ ജ്ഞാനം മാത്രം മതിയാകും എന്നു കുറിക്കുമ്പോൾ, *മനോരോഗങ്ങൾക്ക്* മുഖ്യമായും ജീവിയുടെ ജീവാത്മാവുമായിട്ടാണ് ബന്ധം. ആകയാൽ മനോരോഗത്തിന് *മനസ്സിലാക്കുക* എന്ന പദവുമായി വലിയ ബന്ധമാണുള്ളത്. *മനസ്സിൽ ആക്കുക = മനസ്സിലാക്കുക* എന്നുവച്ചാൽ 'ജീവാത്മാവിന്റെ സ്വത്വ ബോധമായ മനസ്സ് ' അറിവ് നേടുക/നേടുന്നു എന്നാണ്. അതായത്, ബന്ധപ്പെട്ട വിഷയത്തിൽ *ജീവാത്മാവ് ശരിയായ അറിവ് നേടുക/നേടുന്നു* എന്നാണ് അർത്ഥം.

*മണ്ണായ ഭൂമിയിൽ ജീവിക്കുന്നവർക്ക് മണ്ണിൽ മഹാലയി(പ്പി)ച്ചിട്ടുള്ളതും ഭൗതിക അസ്തിത്വം ഉള്ളതുമായ നിയമങ്ങൾ മാത്രമേ ചേരുകയുള്ളൂ എന്ന് ആദ്യം മനസ്സിലാക്കണം.* (ബുദ്ധിശക്തി കുറഞ്ഞ) മറ്റുള്ള ജീവികൾ അറിഞ്ഞും അറിയാതെയും അപ്രകാരമാണ് ജീവിക്കുന്നത്.

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ കാലാനുസൃതമായി മഹാനിശ്ചയിക്കുന്നതും പരിഹരിക്കുന്നതുമെല്ലാം മണ്ണിന്റെ/മണ്ണിലെ നിയമങ്ങളാണ്. മണ്ണിലെ നിയമങ്ങൾ പ്രകാരം, ന്യായാന്യായങ്ങൾ ഉൾപ്പെടെയുള്ള ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിവർത്തിക്കുക മാത്രമാണ് ജനങ്ങൾ ഊട്ടുന്നവരും ജനങ്ങളുടെ സേവകരുമായ ഭരണാധികാരികളുടെ ധർമ്മം. ജനങ്ങളുടെ ധർമ്മ ശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യങ്ങളെ ഭരിച്ചു പീഢിപ്പിക്കുമ്പോൾ, മനോരോഗികളായ ഭരണാധികാരികൾ ജനങ്ങൾക്കെല്ലാം മനോരോഗങ്ങളെ പകർന്നു നൽകുന്ന കൊടിയ നീചരായി മാറുന്നതാണ്. ഇന്ന് ഭൂമിയിലെങ്ങും അതുണ്ട്.

നിയമസഭകളും കോടതികളും അനാവശ്യമാണെന്ന് മനസ്സിലാക്കാനും തിരുത്താനും കഴിയുന്നതുവരെ മനോരോഗങ്ങൾ തുടരുകയും വർദ്ധിക്കുകയും ചെയ്യുന്നതാണ്. ആത്മീയ ശാസ്ത്രത്തിൽ ഗവേഷണങ്ങൾ മുരടിച്ച്, സമ്പൂർണ്ണങ്ങളെന്ന് അവകാശപ്പെടുന്ന വ്യത്യസ്തങ്ങളായ അനേകം മതങ്ങൾ ഉണ്ടായതോടെ ആത്മീയ കാര്യങ്ങളിലും ജനങ്ങളുടെ ഇടയിൽ മനോരോഗങ്ങൾ വ്യാപകമായി. മതങ്ങളും രാഷ്ട്രീയങ്ങളും തീവ്രതപ്പെടുമ്പോൾ ഇന്ന് കാണുകയും കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നതു പോലെ തീവ്രവാദ പ്രവർത്തനങ്ങളായി പരിണമിക്കുന്നതാണ്.

വ്യക്തിയുടെ ചുറ്റുമുള്ള മാതാപിതാക്കളും ഉറ്റവരും ഗുരുക്കന്മാരും മറ്റുള്ളവരും ചേർന്നാണ് വ്യക്തിയെ/ വ്യക്തികളെ ധാർമ്മിക അധഃപതനങ്ങളിലേക്ക് നയിച്ചതെങ്കിൽ അവരെല്ലാം വ്യത്യസ്തമായ അനുപാതത്തിൽ ഉത്തരവാദികളാണ്.

ജ്ഞാനവുമായി ബന്ധപ്പെട്ട മനോരോഗങ്ങൾ ഉണ്ടാകുന്നത് എങ്ങനെയെന്ന് (1)-ൽ നൽകിയ വിശദീകരണം ചികിത്സയെ അറിയിക്കുന്നുണ്ട്. മണ്ണിലെ ധർമ്മ ശാസ്ത്ര നിയമങ്ങളെ പാലിച്ച് ജീവിക്കണം. അത്രതന്നെ. മറിച്ച്, *ശരിയല്ലാത്ത അറിവുകളെ ശരിയെന്നു കരുതി സ്വീകരിക്കുകയും അവ പ്രകാരം ജീവിക്കുകയും ചെയ്യുമ്പോൾ, *അവയെ തിരുത്താനായിട്ട്* മണ്ണിലും തദ്വാരാ ശരീരത്തിലും മഹാലയിച്ചിട്ടുള്ള ന്യൂനശക്തികൾ പ്രവർത്തിക്കുന്നതാണ്; മനോരോഗങ്ങൾ ഉണ്ടാകുന്നതുമാണ്.

*മനുഷ്യന് ലഭ്യമാക്കിയ ബുദ്ധിശക്തികളെയും , മണ്ണിൽ മഹാലയി(പ്പി)ച്ചിട്ടുള്ള മഹാശാസ്ത്ര നിയമങ്ങളെയും, ഭൗതിക ശാസ്ത്ര - സാങ്കേതിക വികസനങ്ങളിലൂടെ ലഭ്യമാവുന്ന അനന്തമായ ആനന്ദങ്ങളെയും, സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും, ഉൾക്കൊണ്ടു ജീവിക്കാനുള്ള ധർമ്മശാസ്ത്ര പരമായ അവകാശവും അധികാരവും ഉണ്ടെന്നതു പോലെ കടമയും മനുഷ്യർക്ക് ഉണ്ട്. മനുഷ്യർ കടമകളെ തെറ്റിക്കുമ്പോൾ തിരുത്തൽ ശക്തിയായി പ്രവർത്തിക്കുകയാണ് യഥാർത്ഥത്തിൽ ന്യൂനശക്തികൾ ചെയ്യുന്നത്.* വ്യക്തികളെയും കുടുംബങ്ങളെയും സമൂഹത്തെയും ഒന്നടങ്കം ദോഷകരമായി ബാധിക്കുന്ന സ്വഭാവങ്ങൾ അഥവാ മനോരോഗങ്ങൾ രൂപപ്പെടുമ്പോൾ കാരണങ്ങൾ കണ്ടെത്താനുള്ള വഴികളും, പരിഹാരങ്ങളും, മണ്ണിൽ മഹാലയി(പ്പി)ച്ചിട്ടുണ്ട്.

ന്യൂനശക്തികളുടെ ബഹുവിധ പ്രവർത്തനങ്ങളെ www.omsathyam.com വെബ്സൈറ്റിൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്യാൻ കഴിയുന്ന മഹാഗ്രന്ഥത്തിലെ 4 അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ട്.

## *(3.2)*. മനോരോഗ ചികിത്സയുടെ രണ്ടാം ഭാഗം : വ്യക്തിയെ ആണ് ചികിത്സിക്കേണ്ടത്; മിഥ്യയായ പ്രസ്ഥാനത്തെയല്ല.

ഓരോ വ്യക്തിക്കും ബാധിച്ചിട്ടുള്ള മനോരോഗങ്ങൾക്ക് അനുസരിച്ച് ഓരോ വ്യക്തിയെയും പ്രത്യേകം പ്രത്യേകമാണു ചികിത്സിക്കേണ്ടത്. അതിനാൽ സമൂഹത്തെ അഥവാ ഭൂമിയിലെ എല്ലാ മനുഷ്യരേയും ബാധിച്ചിട്ടുള്ള ബഹുവിധ മനോരോഗങ്ങൾക്കു ചികിത്സിക്കേണ്ടത് ഒറ്റയ്ക്ക് ഒറ്റയ്ക്കാണ്. എന്നിരുന്നാലും മഹാവൈദ്യനായ ദൈവം മനോരോഗങ്ങളുടെ ചികിത്സ മഹാഎളുപ്പമാക്കിയിട്ടുണ്ട്. *ശരിയല്ലാത്തതിനെ ശരിയെന്നു കരുതി സ്വീകരിക്കുന്നതും ജീവിക്കുന്നതും* ശരിയാക്കാൻ ശരിയായ ജ്ഞാനം അഥവാ ശാസ്ത്രം മാത്രം മതിയാകും. മാത്രമല്ല; ജ്ഞാനത്തെ വെളിയിൽ അന്വേഷിച്ച് നടക്കേണ്ടതില്ല, സ്വത്വമായ ജീവാത്മാവിനെ വഹിക്കുന്നതായ 'സ്വന്തം' ശരീരത്തിൽ മഹാലയി(പ്പി)ച്ചിട്ടുള്ളത് *മനസ്സിലാക്കിയാൽ മതിയാകും.* ശരിയല്ലാത്തതും അധമങ്ങളുമായ വിശ്വാസങ്ങൾക്ക് ഭൗതികമായ അസ്തിത്വം ഇല്ലാത്തതിനാൽ അവ യഥാർത്ഥമായും ഇല്ലാത്തവ തന്നെയാണ് അഥവാ മിഥ്യ മാത്രമാണ് എന്നതിനാൽ അടിസ്ഥാന പരമായി ചികിത്സ എളുപ്പമാണ്.

ഭൂമിയിലെ ജീവിത കാര്യങ്ങളെ തോന്നിയതു പോലെ വിശ്വസിച്ചും, തോന്നിയതു പോലെ നിയമങ്ങളെ ഉണ്ടാക്കിയും, *തോന്നിയതു പോലെ ജീവിക്കാൻ മനുഷ്യർക്ക് അവകാശമില്ല; അധികാരവും ഇല്ല; സ്വയം ജനിക്കുമ്പോഴും സ്വന്തമായി എന്തെങ്കിലും സൃഷ്ടിക്കുമ്പോഴും മാത്രമാണ് അതിനെല്ലാമുള്ള അവകാശവും അധികാരവും ഉണ്ടാവുക.* ലളിതമായ പ്രസ്തുത പാഠങ്ങളെ പഠിക്കാതെയും അവഗണിച്ചും മനുഷ്യർ പ്രവർത്തിക്കുന്നത് മനോരോഗമാണ്. മതങ്ങളിലെയും രാഷ്ട്രീയ പാർട്ടികളിലെയും നിയമങ്ങളെല്ലാം ഒന്നാവാത്തതിനും വ്യത്യാസപ്പെടുന്നതിനും കാരണം (1)-ൽ വ്യക്തമാക്കിയതുപോലെ അവയ്ക്കൊന്നും ഭൗതികമായ അസ്തിത്വം ഇല്ലാത്തതുകൊണ്ടാണ്. മനോരോഗങ്ങൾ തന്നെയാണ് കാരണം!

ഭാര്യയും ഭർത്താവും ഉൾപ്പെടെ, സമൂഹ ജീവികളായി കഴിയുന്ന ജനങ്ങളെല്ലാം അന്യോന്യം പൊരുത്തപ്പെടാൻ അവരുടെ ഇടയിലെ വിശ്വാസങ്ങളും പ്രവർത്തനങ്ങളും സമാനമാവണം എന്നതിന് ഉപരിയായി വിശ്വാസങ്ങളെല്ലാം *ശരി അഥവാ സത്യം ആയിരിക്കണം.* ശരി അഥവാ *സത്യം മണ്ണിലാണ്; മണ്ണായ ഭൂമിയിലാണ്; മണ്ണും ഭൂമിയുമായ ദൈവത്തിലാണ്; മണ്ണിന്റെ അംശങ്ങളെ കൊണ്ട് നിർമ്മിച്ചിട്ടുള്ളതായ ശരീരത്തിലാണ്. ഓരോ ജീവാത്മാവിനെയും വഹിക്കുന്നതായ *ശരീരം എന്ന ദൈവത്തിന്റെ അംശം, ജീവാത്മാവിന് (ശരീരത്തിനു മേൽ) അനുവദിച്ചിട്ടുള്ള സ്വാതന്ത്ര്യങ്ങളെയും അവകാശങ്ങളെയും അധികാരങ്ങളെയും ധർമ്മശാസ്ത്ര പരമായി മാത്രം ആസ്വദിക്കേണ്ടതുണ്ട്. മറ്റുള്ളവരും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് എന്ന തിരിച്ചറിവോടെ മറ്റുള്ളവരുടെ അവകാശങ്ങളെയും അധികാരങ്ങളെയും അംഗീകരിച്ചു ജീവിക്കുമ്പോഴാണ് ഭാര്യയും ഭർത്താവും ഉൾപ്പെടെ, ജനങ്ങൾക്കെല്ലാം ആനന്ദത്തോടെ ജീവിക്കാൻ കഴിയുക.* ധർമ്മശാസ്ത്ര പരമായ പെരുമാറ്റ മര്യാദകൾ പൂർണമായി പാലിച്ചു ജീവിക്കണം. *അങ്ങനെയല്ലാതെ പ്രവർത്തിക്കുന്ന മനുഷ്യർ സാധാരണക്കാരൻ ആയാലും, മതാചാര്യൻ ആയാലും, ഭരണാധികാരി ആയാലും, ആരായാലും മനോരോഗികൾ ആണ്.* ധർമ്മ ശാസ്ത്രത്തിന് വിരുദ്ധമായവയെ അവർ സ്വീകരിക്കുമ്പോൾ അവരുടെ ജീവാത്മാവിനെ വഹിക്കുന്നതായ 'മണ്ണായ ശരീരത്തിലെ ന്യൂനശക്തികൾ' *നീതി നിർവ്വഹണത്തിന്റെ ഭാഗമായി* അവരുടെ ജീവാത്മാവിനെ പ്രകോപിപ്പിക്കുന്നതും 'ധനഭ്രാന്ത്, കീർത്തി ഭ്രാന്ത്, വിനോദ ഭ്രാന്ത്, പ്രതികാര ഭ്രാന്ത്, തീവ്രവാദ ഭ്രാന്ത്, വിനാശ ഭ്രാന്ത് തുടങ്ങിയ ബഹുവിധ മനോരോഗങ്ങളെ ഉണ്ടാക്കുന്നതും വ്യാപിപ്പിക്കുന്നതും തിരിച്ചറിയാതെ ജീവിക്കുന്ന കടുത്ത മനോരോഗികൾ അവരാണ്.

ആവർത്തിക്കുന്നു :- ഓരോ വ്യക്തിക്കും ബാധിച്ചിട്ടുള്ള മനോരോഗങ്ങൾക്ക് അനുസരിച്ച് ഓരോ വ്യക്തിയെയും പ്രത്യേകം പ്രത്യേകമാണു ചികിത്സിക്കേണ്ടത്.

പ്രസ്ഥാനങ്ങളിലെ അനുയായി/ നേതാവ് മാത്രമാണ്, പ്രസ്ഥാനങ്ങളുടെ തെറ്റുകൾക്ക് തങ്ങൾ ഉത്തരവാദിയല്ല എന്നിങ്ങനെ ചിന്തിക്കുന്ന മനോരോഗികൾ ഉണ്ട്. അറിയുക: വ്യക്തിയാണ് വലുത്, പ്രസ്ഥാനമല്ല. (ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ മത-ജാതി-ഉപജാതി -രാഷ്ട്രീയ പ്രസ്ഥാനങ്ങളും സ്വയമെന്നോണം ഇല്ലാതാവുന്നതാണ്. )

ഓരോ വ്യക്തിയെയും പ്രത്യേകം പ്രത്യേകമായി സൃഷ്ടിക്കുകയും രക്ഷിക്കുകയുമാണ് ദൈവം ചെയ്യുന്നതെന്നും, *ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാസമനീതിയെ മഹാനിർവ്വഹിക്കുന്നത് ഓരോരോ വ്യക്തിയോടുമാണെന്നും, ദൈവീക ശിക്ഷകളെ വാരിക്കൂട്ടുന്നതും വ്യക്തികളാണെന്നും അറിയുക. ദൈവത്തിന്റെ സൃഷ്ടിയിൽപെട്ട ഒരു ജീവിയല്ലാ 'പ്രസ്ഥാനം' എന്നും, 'പ്രസ്ഥാനം' എന്ന ഒരു ജീവിയെയോ, ഒരു എറുമ്പിനെപ്പോലുമോ സൃഷ്ടിക്കാനോ രക്ഷിക്കാനോ ഇന്നത്തെ പ്രസ്ഥാനങ്ങളിലെ മുഴുവൻ ആൾക്കാർ ഒന്നിച്ചു ശ്രമിച്ചാലും നടക്കുന്നതല്ലാ എന്നും; 'പ്രസ്ഥാനമല്ലാ വ്യക്തിയാണ് വലുതെന്നും', യഥാർത്ഥത്തിൽ ഭൗതിക അസ്തിത്വമില്ലാത്തതായ പ്രസ്ഥാനങ്ങളിലാണ് ഭ്രമിച്ചുപോന്നതെന്നും വൈകിയാണെങ്കിലും തിരിച്ചറിയുന്നതാണ്. പ്രസ്ഥാനത്തെ പ്പറ്റി ചുവടെ (3.3)-ൽ കൂടുതൽ വിശദീകരിക്കുന്നുണ്ട്.

## *(3.3)*. മനോരോഗ ചികിത്സയുടെ മൂന്നാം ഭാഗം :- *സമൂഹത്തിലെ ഭരണ സംവിധാനങ്ങൾ ചെറുതും വലുതും ബഹുവിധങ്ങളുമായ മനോരോഗങ്ങളെ ഉണ്ടാക്കുന്നുണ്ട്.*

സമൂഹത്തിൽ സമനീതി ഉണ്ടാവണം എന്ന ഭരണകൂടങ്ങളുടെ ലക്ഷ്യം ശരിയാണ്; എന്നാൽ മാർഗ്ഗം മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മശാസ്ത്ര നിയമങ്ങളെ പിൻപറ്റുക മാത്രമാണ്. ഭൂമിയിലെ മൂലകങ്ങളിൽ മഹാലയി(പ്പി)ച്ചിട്ടുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെ സാങ്കേതിക വികസനങ്ങളിലൂടെ അനന്തമായ ആനന്ദങ്ങളായി പരിവർത്തനം ചെയ്യാൻ കഴിഞ്ഞതിനെ മനുഷ്യർ സദാ മാതൃകയാക്കണമായിരുന്നു. ഭൂമിയിലെ മൂലകങ്ങളിലുള്ള ഭൗതിക ശാസ്ത്ര നിയമങ്ങളെ ശാസ്ത്രജ്ഞന്മാർ സൃഷ്ടിച്ചതല്ലാ എന്നും, കാലഘട്ടത്തിന്റെ ആവശ്യത്തിന് അനുസരിച്ച്, (ദൈവം) മഹാവെളിപ്പെടുത്തുകയാണെന്നും ഉൾക്കൊണ്ടു ജീവിക്കണമായിരുന്നു. അതേപോലെ മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മശാസ്ത്ര നിയമങ്ങളെയും കണ്ടെത്താൻ പരിശ്രമിക്കണമായിരുന്നു. പകരം തങ്ങൾക്ക് തോന്നുമ്പോലെ സാമൂഹിക നിയമങ്ങളെ തട്ടിക്കൂട്ടാൻ മതാചാര്യന്മാരും രാഷ്ട്രീയക്കാരും തയ്യാറായത് വിനയായി.

ഭരണ ശാസ്ത്രവും അതിൻ പ്രകാരമുള്ള സംവിധാനങ്ങളും എന്തെല്ലാമാവണമെന്ന് മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര നിയമങ്ങളെ വിശകലനം ചെയ്യുമ്പോൾ ലഭിക്കുന്നതാണ്. പകരം മണ്ണും ഭൂമിയുമായ ദൈവവുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളാണ് അവയെന്ന മൂഢ വിശ്വാസത്തിൽ, ഭൗതികമായ അസ്തിത്വം ഇല്ലാത്തതും തോന്നുമ്പോലെയുമുള്ള നിയമങ്ങളെ

തട്ടിക്കൂട്ടിക്കൊണ്ട് രാഷ്ട്രീയ നേതൃത്വങ്ങൾ ജനങ്ങളെ ഭരിച്ചുപോരുന്നത് വ്യക്തികളെയും കുടുംബങ്ങളെയും സമൂഹത്തെയും ധാർമ്മികമായി അധഃപതിപ്പിച്ചു. കടുത്ത മനോരോഗികൾ, ജനങ്ങൾക്കെല്ലാം മനോരോഗം പകർന്നു നൽകി. *ഇന്ന് നിയമങ്ങളെ തട്ടിക്കൂട്ടുന്നവർക്കും പാലിക്കുന്നവർക്കും ശരിയും തെറ്റും തിരിച്ചറിയാൻ കഴിയുന്നതല്ല.* എന്തെന്നാൽ അവയ്ക്ക് ഭൗതികമായ അസ്തിത്വം ഇല്ല; അഥവാ മണ്ണുമായി ബന്ധമില്ല. നികുതികളെ വേണമെന്ന് നിശ്ചയിക്കുമ്പോഴും, നികുതി നിരക്കുകൾ നിശ്ചയിക്കുമ്പോഴും, അവയെ നാൾവഴി കൂട്ടുകയും കുറയ്ക്കുകയും ചെയ്യുമ്പോഴും, അങ്ങനെ തന്നെയാണ്; ഭൗതികമായ അസ്തിത്വം ഇല്ല; മണ്ണുമായി ബന്ധമില്ല; തോന്നുംപോലെ തോന്നിയവാസം ചെയ്യുന്നു! ശരിയും തെറ്റും വ്യക്തിയോ സമൂഹമോ തിരിച്ചറിഞ്ഞാൽ പോലും ഭരണകൂടങ്ങളെയും സംവിധാനങ്ങളെയും ഒറ്റയ്ക്ക് ജ്ഞാനം നൽകി തിരുത്താൻ സാധിക്കാതെയും വന്നു.

ജനങ്ങളുടെ ധനം കൊണ്ട് ജീവിക്കുന്നവരും ജനങ്ങളുടെ പൊതു ആവശ്യങ്ങളെ നിറവേറ്റാൻ ബാദ്ധ്യസ്ഥരുമായ ജനങ്ങളുടെ ദാസന്മാർ, തങ്ങളെ ജനങ്ങളുടെ ഭരണാധികാരികളായി തെറ്റിദ്ധരിച്ച്, മണ്ണുമായി ബന്ധമില്ലാത്ത കാര്യങ്ങളെ 'വ്യക്തികൾ പാലിക്കേണ്ടതായ നിയമങ്ങളും നിയന്ത്രണങ്ങളും' ആക്കിയാൽ *മണ്ണിലെ മൂലകങ്ങൾ കൊണ്ട് സൃഷ്ടിച്ചിട്ടുള്ള ശരീരത്തിൽ മഹാലയിച്ചിട്ടുള്ള ന്യൂനശക്തികൾ തിരുത്തൽ ശക്തിയായി മാറുന്നതാണ്.

*ഏതാനും ഉദാഹരണങ്ങൾ കുറിക്കാം.

## (1) : യാതൊരു നികുതികളും മണ്ണിന്റെ നിയമങ്ങളിൽ ഇല്ല.*

**അധർമ്മികളും അവിവേകികളുമായ ഭരണാധികാരികൾ ഏർപ്പെടുത്തുന്ന കെട്ടിട നികുതി ഉൾപ്പെടെയുള്ള യാതൊരു നികുതികളും ധർമ്മശാസ്ത്രപരമല്ല എന്നും പാടില്ല എന്നും മണ്ണിലെ നിയമങ്ങളെ വിശകലനം ചെയ്താൽ സ്വയം**

ബോദ്ധ്യമാകുന്നതാണ് : സമൂഹത്തിലെ ഭരണാധികാരികൾ സ്വന്തമായും (വ്യക്തിപരമായും) ധർമ്മ ശാസ്ത്രപരമായും അദ്ധ്വാനിച്ചു നേടിയ സമ്പത്തുകളെ ഉപയോഗിച്ച് വ്യക്തികൾക്ക് വീട്/കെട്ടിടം ഉണ്ടാക്കി നൽകുകയാണ് എങ്കിൽ അത്തരം ഔദാര്യ വീടുകളെ സ്വീകരിച്ചവർ (മാത്രം) വാടക, നികുതി എന്നീ പേരുകളിൽ പണം തിരികെ നൽകണം. ഭൗതിക അസ്തിത്വമുള്ളതായ മണ്ണിലെ നിയമം ആണത്. അതേസമയം *വ്യക്തി സ്വന്തമായി അദ്ധ്വാനിച്ചു നേടിയ സമ്പത്തുകളെ ഉപയോഗിച്ച് ജീവിക്കാൻ അടിസ്ഥാന ആവശ്യമായ വീട്/കെട്ടിടം എന്നിവയെ വ്യക്തി ഉണ്ടാക്കുമ്പോൾ വാടക, കെട്ടിട നികുതി എന്നിങ്ങനെയുള്ള പേരിൽ പിടിച്ചുപറിക്കാർക്കും ഗുണ്ടകൾക്കും കൊള്ളക്കാർക്കും എന്നതുപോലെ ഭരണാധികാരികൾക്ക് പണം നൽകണം എന്നു വന്നാൽ, ജനങ്ങൾക്ക് എതിർപ്പും വെറുപ്പും ഉണ്ടാകുന്നതാണ്. പ്രത്യക്ഷ സ്രഷ്ടാവും അവകാശിയുമായ സ്വന്തം ശരീരം, ജീവാത്മാവിനെ പ്രകോപിപ്പിക്കുന്നതാണ് / മനോരോഗികളാക്കി മാറ്റുന്നതാണ്. ജീവിക്കാൻ അത്യാവശ്യമായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ മൂന്ന് അടിസ്ഥാന ആവശ്യങ്ങളിൽ കൂടുതൽ തീവ്രമായിരിക്കും. ഭക്ഷണം, പാർപ്പിടം എന്നിവയുടെ കാര്യത്തിൽ മറ്റുള്ള ജീവികളും അങ്ങനെ തന്നെയാണ്. (വസ്ത്രവും വസ്ത്രമുറയും മനുഷ്യർക്കു മാത്രം മറ്റുള്ള ജീവികളിൽ നിന്നും അധികം ആവുന്നത് കുടുംബം, ശാസ്ത്രജ്ഞനം, അനന്തമായ ആനന്ദങ്ങൾ, മോക്ഷം എന്നിവയുമായി സംബന്ധപ്പെട്ടാണെന്ന് മുമ്പ് ദൈവ വിപ്ലവ വിശകലനം-11 ലും മറ്റും വിശദീകരിച്ചിട്ടുണ്ട്.).

*പൊതു ആവശ്യങ്ങളല്ലാത്ത കാര്യങ്ങളെ നിർവ്വഹിക്കുക, ധർമ്മശാസ്ത്രപരമായ പൊതു ആവശ്യങ്ങളെ അവഗണിക്കുകയോ ഉചിതമായി ശ്രദ്ധിക്കാതിരിക്കുകയോ ചെയ്യുക, ഭരണകാര്യങ്ങൾക്ക് നികുതികളെ ഏർപ്പെടുത്തുക,* തുടങ്ങിയ സന്ദർഭങ്ങളിലാണ് *ഭരണാധികാരികൾ മുഖേന, ജനങ്ങൾക്കെല്ലാം മനോരോഗങ്ങൾ ഉണ്ടാകുന്നത്* എന്നു പറയാം. ഉദാഹരണത്തിന് *നികുതി കാര്യങ്ങളെ അല്പംകൂടി വിശദമായി വിശകലനം ചെയ്താൽ മതിയാകും :*

തൊഴിലുകളെല്ലാം ഭൂമിയുമായിട്ട് / മണ്ണുമായിട്ട് / മണ്ണു കൊണ്ട് ഉണ്ടാക്കിയ ശരീരം എന്ന പ്രത്യക്ഷ ദൈവവുമായിട്ട് നേരിട്ടും അർത്ഥപുഷ്ടമായും ബന്ധപ്പെട്ടിരിക്കുന്നു. മണ്ണുമായിട്ട് നേരിട്ടും അർത്ഥപുഷ്ടമായും ബന്ധമില്ലാത്ത പ്രവൃത്തികൾ "തൊഴിലുകൾ" എന്ന പേരിൽ സമൂഹത്തിൽ വേരുറപ്പിച്ചിട്ടുണ്ടെങ്കിൽ അവയെല്ലാം "അധമ ചെയ്തികൾ" മാത്രമാണ്; "തൊഴിലുകൾ അല്ല".

കള്ളന്മാരുടെ തൊഴിലാണ് മോഷണം, ഗുണ്ടകളുടെ തൊഴിലാണ് *അടിപിടി-കൊലപാതകം*, എന്നിങ്ങനെ വിശ്വസിക്കുന്നവരുണ്ട്; എന്നാൽ അതു ശരിയല്ല. *മോഷണം, കൊലപാതകം, കൊള്ള, സ്ത്രീപീഢനം, മദ്യപാനം, പുകവലി, തുടങ്ങിയവ അധമ പ്രവൃത്തികൾ/ ചെയ്തികൾ ആണ്; തൊഴിൽ അല്ല.*

മണ്ണിൽ ജോലി ചെയ്തും അല്ലാതെയും *ജനങ്ങൾ നേടുന്ന സമ്പത്തിനെ നികുതി / നികുതികൾ എന്നിങ്ങനെയുള്ള പേരുകളിട്ട് കൊള്ളയടിക്കുന്നത് മോഷണത്തേക്കാൾ മോശമായ പിടിച്ചുപറിയാണ്. അധമ പ്രവൃത്തിയാണത്;

തൊഴിൽ അല്ല. യാതൊരു നികുതികളും ധർമ്മശാസ്ത്രപരമല്ല അഥവാ ദൈവീകമല്ലാ* എന്നു ചുരുക്കം.

*ജനാധിപത്യ ഭരണം,* സോഷ്യലിസ്റ്റ് ഭരണം, കമ്മ്യൂണിസ്റ്റ് ഭരണം, മുതലാളിത്ത ഭരണം, മതഭരണം, ജാതി ഭരണം, വർഗ്ഗ ഭരണം, തുടങ്ങിയ *കള്ളപ്പേരുകളോടെ* ജനങ്ങളെ പറ്റിച്ച് *ഭരണകൂടങ്ങളെന്ന "കൊള്ളസംഘങ്ങളെ" സ്ഥാപിച്ചിരിക്കുകയാണ് ഭൂമിയിലെങ്ങും! *അഭ്യസ്തവിദ്യരെന്ന വിചാരത്തോടെ ജീവിക്കുന്ന വിവരദോഷികൾ നികുതി കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥർ എന്ന കള്ളപ്പേരോടെ ജനങ്ങളെ കൊള്ളയടിച്ച് "കൊള്ളസംഘങ്ങൾക്കു" നൽകുന്നു. കൊള്ളയടിച്ച സമ്പത്തിൽ നിന്ന് "കൊള്ളസംഘങ്ങൾ" നൽകുന്ന ഉയർന്ന വേതനങ്ങളെയും ജീവിത സൗകര്യങ്ങളെയും നക്കാപ്പിച്ചകളെയും കൈപ്പറ്റിക്കൊണ്ട് അവരും കുടുംബങ്ങളും ജീവിക്കുന്നു.* മണ്ണിന്റെ നിയമങ്ങളെ അവഗണിച്ചു കൊണ്ടുള്ള ദൈവീകമല്ലാത്ത ജീവിതം! മണ്ണിന്റെ നിയമങ്ങളുമായി ബന്ധമില്ലാത്ത കാര്യങ്ങളാകയാൽ നികുതികളെ 1%, 10%, 100%, 1000%, .....% എന്നിങ്ങനെ എത്രയെത്ര കൂട്ടിയും കുറച്ചും നിശ്ചയിക്കാൻ വിവരദോഷികളും കൊടും കൊള്ളക്കാരുമായ ഭരണാധികാരികൾക്കു കഴിയുന്നതാണ്. *അതിനതിന് നികുതികളെ ക്കൊണ്ടും നികുതി ക്കണക്കുകളെ സൂക്ഷിക്കുക എന്ന അധമ പ്രവൃത്തികൾ കൊണ്ടും, ഉദ്യോഗസ്ഥർ എന്ന് തെറ്റിദ്ധരിച്ചു ജീവിക്കുന്ന നികുതി കാര്യാലയങ്ങളിലെ അധമരെക്കൊണ്ടും പൊറുതിമുട്ടുന്ന ജനങ്ങളെല്ലാം മനോരോഗങ്ങൾ കൊണ്ട് അരിശത്തിലാവുന്നത് സ്വാഭാവികം മാത്രം.* ജനങ്ങളെ

*ഭിന്നിപ്പിച്ചു ഭരിക്കുക (Divide and Rule)* എന്ന കുടില തന്ത്രത്തിനു സമാനമായി ജനങ്ങളുടെ പൊതു ആവശ്യങ്ങളായ വസ്തുക്കളെയും സേവനങ്ങളെയും ഭിന്നിച്ച് ഭിന്നങ്ങളായ നികുതികളെ ഏർപ്പെടുത്തുകയും അവയെ തന്നെ വീണ്ടും ഭിന്നിക്കുകയും *'സ്ഥിരതയില്ലാതെ'* നികുതികളെ തുടരെത്തുടരെ വർദ്ധിപ്പിക്കുകയുമാണ് *കൊടിയ കൊള്ളക്കാരും മനോരോഗികളുമായ ഭരണാധികാരികൾ* ചെയ്തു പോരുന്നത്.

*സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങളെ മാത്രം ശ്രദ്ധിക്കുവാൻ ബാദ്ധ്യസ്ഥരായ ഭരണിധികാരികളുടെ സാമ്പത്തിക ആവശ്യങ്ങളെ മണ്ണിൽ മഹാലയിച്ചിട്ടുള്ള സാമ്പത്തിക ശാസ്ത്ര പ്രകാരം മഹാമംഗളമായി പരിഹരിക്കാൻ കഴിയുന്നതാണ്;* മണ്ണിന്റെ സാമ്പത്തിക ശാസ്ത്രം വിശദമായി ഓംസത്യം ഡോട് കോം- വെബ്സൈറ്റിൽ ലഭ്യമാണ്. *മണ്ണിലെ നിയമങ്ങളെ അറിയാനും പാലിക്കാനും ശ്രദ്ധിക്കാതെ, ജനങ്ങൾ ഊട്ടുന്നവരും ജനങ്ങളുടെ ദാസരുമായ ഭരണാധികാരികൾ സ്വന്തം സ്ഥാനം പോലും മനസ്സിലാക്കാതെ തങ്ങൾക്കു തോന്നുമ്പോലെ പ്രവർത്തിച്ചു. മണ്ണിലെ നിയമങ്ങളിൽ നിന്ന് അകന്നപ്പോൾ അവർക്കും മനോരോഗങ്ങൾ പിടിപെട്ടു.*

ഇന്ത്യയെ പോലുള്ള രാജ്യങ്ങളിൽ, നികുതികൾ ചുമത്താതിരുന്നാൽ സർവ്വ സാധനങ്ങളും സേവനങ്ങളും വളരെ ചെറിയ ചെലവിൽ *എല്ലാ ജനങ്ങൾക്കും* ലഭിക്കുന്നതാണ്. ഓയിൽ കമ്പനികളുടെ അധമ ഭരണവും, നികുതികളും ഒഴിവാക്കിയാൽ ഒരു ലിറ്റർ പെട്രോളിന് 20

രൂപയിൽ താഴെയായി കുറയും; ബസ്സുകളുടെയും മറ്റു വാഹനങ്ങളുടെയും യാത്രാ നിരക്കുകൾ കുത്തനെ കുറയുന്നതാണ്; ഉദാഹരണത്തിന് ഒരു രൂപയ്ക്ക് ചെറിയ ദൂരം യാത്ര ചെയ്ത് മടങ്ങാനാവും. ജനങ്ങളുടെ പണം കൊണ്ട് ജീവിക്കുന്ന സേവകരായ ഭരണാധികാരികൾ യജമാനന്മാരായ ജനങ്ങൾക്ക് സബ്സിഡി എന്ന ഭിക്ഷ നൽകുന്നതായി ഭാവിക്കുന്നതിലെ ഭോഷത്തം കഠോരമാണ്. പാചകവാതക സിലിണ്ടറുകളുടെ വില ഏകദേശം 200 രൂപ മാത്രമുള്ളപ്പോൾ യജമാനരായ ജനങ്ങളുടെ പണത്തെ ദുരുപയോഗിച്ച് സേവകൻ കച്ചവടക്കാരൻ ആവുന്നതും 400 രൂപ നികുതി എന്ന കൊള്ളലാഭം ചേർത്ത് 600 രൂപയായി വില നിശ്ചയിക്കുന്നതും, ശേഷം 250 രൂപ സബ്സിഡി നൽകുന്നതും ജനങ്ങളുടെ ആവശ്യമാണെന്നു കരുതുന്നത് ഗുണ്ടകളും കൊള്ളക്കാരുമായ ഭരണാധികാരികളുടെ കടുത്ത മനോരോഗത്തെ വെളിപ്പെടുത്തുന്നുണ്ട്. ജനങ്ങളുടെ പണം കൊണ്ട് ജീവിക്കുന്ന വോട്ടുതെണ്ടികൾ നൽകുന്ന സബ്സിഡി വാങ്ങാനായി ആധാർ, പാൻ കാർഡ്, KYC തുടങ്ങിയ കോനാംപീച്ചകളുമായി ഗ്യാസ് കേന്ദ്രം, അക്ഷയ കേന്ദ്രം, ബാങ്ക്, തുടങ്ങിയവ കയറിയിറങ്ങി ഊർജ്ജ നഷ്ടം, ധന നഷ്ടം, മാന നഷ്ടം, ആരോഗ്യ നഷ്ടം, സമയ നഷ്ടം, വിഷയ നഷ്ടം, ആനന്ദ നഷ്ടം, തുടങ്ങിയവയെ അംഗീകരിച്ചും സ്വീകരിച്ചും പോരുന്നത് ജനങ്ങളുടെ മനോരോഗത്തെയും വെളിവാക്കുന്നു; വർദ്ധിപ്പിക്കുന്നു.

മദ്യവും മയക്കുമരുന്നും മറ്റും ഉപയോഗിക്കുന്നവർക്കും ധർമ്മ ശാസ്ത്ര വിരുദ്ധമായി ജീവിക്കുന്നവർക്കും യാതൊരു നികുതികളെയും നൽകാതെ ഉടുതുണിയോട നിശ്ചിത കാലത്തേക്ക് നാടു വിട്ടു കാട്ടിൽ വസിക്കാനും, മദ്യം മയക്കുമരുന്നുകൾ തുടങ്ങിയവയെ ഉണ്ടാക്കുവാനും ഉപയോഗിക്കുവാനും, വസ്ത്രം ഇല്ലാതെ മൃഗസമാനമായ ജീവിതം നയിക്കുവാനും, നാട്ടിലേക്ക് മടങ്ങുന്നുവെങ്കിൽ ശുദ്ധരായ ശേഷം മാത്രം മടങ്ങിവരാനും സാധിക്കുന്നതാണ്. "ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം" എന്ന ധർമ്മ ശാസ്ത്രപരമായ ജീവിത ക്രമത്തിൽ, "ശുചിത്വം" പാലിക്കുവാൻ തയ്യാറാകാത്തവരെയാണ് കാട്ടിലേക്ക് അയക്കുന്നത്. കാട്ടിലെ ജീവികൾ വിനോദത്തിനായി മറ്റുള്ള ജീവികളെ ഉപദ്രവിക്കുകയോ കൊല്ലുകയോ ചെയ്യുന്നില്ല എന്നതിനെ പാലിച്ച് കാട്ടിലെ ജീവിതത്തിന് അത്യാവശ്യം അല്ലെങ്കിൽ മരങ്ങളെയും വെട്ടാതെ (കൊല്ലാതെ) ജീവിച്ചാൽ നല്ലത്. കാട് വെളുപ്പിക്കുന്നവരെ തിരികെ നാട്ടിലേക്ക് വരാൻ അനുവദിക്കുന്നതല്ലാ എന്നും അറിയണം. (( പശു, കാള, എരുമ, പോത്ത് തുടങ്ങിയവയെ വളർത്താൻ (മണ്ണായ ദൈവം) അനുവദിച്ചിട്ടുണ്ട് എന്ന് അവയുടെ സ്വഭാവം, ഗുണങ്ങൾ, ഉപയോഗങ്ങൾ എന്നിവ പ്രകാരം മനസ്സിലാക്കുന്ന മനുഷ്യർക്ക് അവയെ മഹാഉചിതമായി സംരക്ഷിക്കാൻ കൂടി ചുമതലയുണ്ട്. പ്രസ്തുത കടമയെ മറന്നും അവഗണിച്ചും, വയസ്സാകുന്ന നാല്കാലികളെ സംരക്ഷിക്കുന്നത് പ്രയാസമാണ് എന്നതിന്റെ പേരിൽ അവയെ കൊല്ലണമെന്നില്ല. നദിക്ക് അക്കരെയുള്ള വനത്തിൽ കയറുകളും വളയങ്ങളും ഉൾപ്പെടെ യാതൊന്നും ഇല്ലാതെ സ്വതന്ത്രമായി വിടാവുന്നതാണ്. അവിടെ

അവ ജീവിക്കുന്നതും മരിക്കുന്നതും ക്രൂരമൃഗങ്ങളുടെ ഇരയാവുന്നതും, അവയുടെ ആരോഗ്യ കാലത്തെ ചൂഷണം ചെയ്ത കൊടും ക്രൂരരായ മനുഷ്യരുടെ വിഷയം ആവേണ്ടതില്ല. അവയെ സൃഷ്ടിച്ച ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാഉചിതമായി പരിപാലിച്ചു കൊള്ളും. പശു, കാള, എരുമ, പോത്ത്, ആട് എന്നിവയെ കൊല്ലാനും തിന്നാനും മനുഷ്യർക്കെല്ലാം മഹാഅനുവദിച്ചിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ തടയാൻ മറ്റുള്ളവർക്ക് അവകാശവും അധികാരവും ഇല്ല. മോക്ഷം നേടുന്നതിനു മുമ്പ് എല്ലാ മനുഷ്യർക്കും പശു, കാള ജന്മം സ്വീകരിക്കേണ്ടതുണ്ട്; മഹാനീതിശാസ്ത്ര പ്രകാരമുള്ള ശിക്ഷകളെ ദൈവം തന്നെ നൽകുന്നുണ്ട് എന്നിരിക്കെ ഗോവധം നിരോധിക്കുക തുടങ്ങിയ മനോരോഗങ്ങളുമായി മനുഷ്യർ ആയാസപ്പെടേണ്ടതില്ല. വളർത്തുമൃഗങ്ങളെ വിൽക്കാനും വാങ്ങാനും പാടില്ല; ദാനമായി നൽകുകയും ദാനമായി വാങ്ങുകയും ആവാം; മണ്ണിൽ ഈ നിയമവും സൂക്ഷ്മമായി അന്തർലീനമാണ്. )).

മറ്റുള്ള ജീവികൾക്കും കൂടി അവകാശപ്പെട്ടതാണ് ഭൂമി എന്നതിനാൽ, മണ്ണിന്റെ നിയമങ്ങൾ പ്രകാരം നാട്ടിലെ ഭരണാധികാരികൾക്ക് കാട്ടിൽ അധികാരം ചെലുത്താൻ അവകാശം ഉണ്ടായിരിക്കുന്നതല്ല. വളരെയധികം ജനങ്ങൾ മാത്രമല്ല; ധർമ്മ ശാസ്ത്ര വിരുദ്ധമായി മദ്യനിർമ്മാണവും വില്പനയും നടത്തിക്കൊണ്ട് മദ്യം കുടിക്കുന്നത് ആരോഗ്യത്തിന് ഹാനികരം എന്ന് പ്രചരിപ്പിക്കുന്ന ഭരണാധികാരികളും ന്യായാധിപന്മാരും ഉദ്യോഗസ്ഥരുമെല്ലാം കാട്ടിൽ ജീവിക്കാൻ യോഗ്യത നേടിയവരാണ്. ദൈവ വിപ്ലവം ആരംഭിക്കുന്നതോടെ അവരെല്ലാം സ്വയം തിരുത്തുന്നതാണ്.

ഏറ്റവും മോശമായ ഇന്നത്തെ ധാർമ്മിക അധഃപതനങ്ങളെയെല്ലാം വളരെയധികം കുറയ്ക്കാൻ നികുതികളെ ഒഴിവാക്കിയാൽ മാത്രം മതിയാകും. കെട്ടിട നികുതി ഉൾപ്പെടെ എല്ലാ നികുതികളും, അവ പ്രകാരമുള്ള അസ്വൈര്യതകളും അവസാനിച്ചാൽ ജനങ്ങളെല്ലാം സ്വാഗതം ചെയ്യും; നികുതി വാങ്ങുന്നവരും സൗജന്യങ്ങളെ അനുഭവിക്കുന്നവരും ബുദ്ധിമാന്ദ്യം സംഭവിച്ചവരും യോജിച്ചില്ലെന്നു വരാം.

നികുതികളും നികുതി മാറ്റങ്ങളും നികുതി വകുപ്പു ജോലികളും മണ്ണിന്റെ നിയമങ്ങളുടെ ഭാഗമല്ല. അതു കൊണ്ട് തന്നെ അവയെ പൊതുജനങ്ങൾക്ക് ഇഷ്ടമല്ല. *നികുതികൾ പാടില്ല എന്ന ജനങ്ങളുടെ പൊതുവായ ഇഷ്ടം പ്രത്യക്ഷ സ്രഷ്ടാവായ ശരീരത്തിൽ നിന്നും മനസ്സിലേക്ക് പകർന്നതാണ്. ഇഷ്ടത്തിനു വിരുദ്ധമായത് മനോരോഗത്തെ ഉണ്ടാക്കുന്നതാണ്.*

ദൈവത്തിന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങളെ, ദൈവ-വിപ്ലവം ഉടൻ ആരംഭിക്കുന്നതോടെ, എല്ലാ രാജ്യങ്ങളിലെയും എല്ലാ നികുതികളും, നികുതി പിരിവ് കാര്യാലയങ്ങളും അവസാനിക്കുന്നതാണ്.

"കൊള്ളസംഘങ്ങളായ" ഭരണാധികാരികളെ സംരക്ഷിക്കുന്നതിനു വേണ്ടി പോലീസ് സേന ജീവൻ കളഞ്ഞും ഊട്ടുന്ന ജനങ്ങളുമായി അടിപിടിയും വെടിവെപ്പുമെല്ലാം നടത്തുന്നുണ്ട്. ജനങ്ങളുടെ സഹായികളും ജനങ്ങളുടെ ഭാഗവുമായിട്ട് പ്രവർത്തിക്കാൻ ധർമ്മശാസ്ത്രപരമായിട്ട് ബാദ്ധ്യസ്ഥരും ജനങ്ങൾ ഊട്ടുന്നവരുമായ പോലീസ് സേനയും ഉന്നതരെന്നു വിചാരിക്കുന്ന പോലീസ് അധികാരികളും, യജമാനന്മാരായ ജനങ്ങളെ മറന്നുകൊണ്ട് പിഴച്ചവരായ ഭരണാധികാരികളെ അനുസരിക്കുന്ന മറ്റൊരു അധമ-നീച സങ്കേതമായിരിക്കുന്നു. കടുത്ത ദൈവനിന്ദയും അപരാധവുമാണ്; ദൈവശിക്ഷകളെ വാരിക്കൂട്ടുന്നതുമാണ്.

ദൈവശിക്ഷകളിൽ നിന്ന് പോലീസ് സേനയ്ക്കും മറ്റും ഇളവുകളോ മോചനമോ, പകരം പുണ്യമോ ലഭിക്കുന്നതിന് ലളിതമായ മാർഗ്ഗം എപ്പോഴുമുണ്ട് :

ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള ധർമ്മശാസ്ത്ര പരമായ വ്യക്തിസ്വാതന്ത്ര്യ പ്രകാരം കടമകളെയും കടപ്പാടുകളെയും നിറവേറ്റണം. ധർമ്മശാസ്ത്രപരമല്ലാത്ത നിയമങ്ങളെയും മറ്റും തട്ടിക്കൂട്ടുന്ന അധമരായ മന്ത്രിമാരും ന്യായാധിപന്മാരും സർക്കാർ-ജീവനക്കാരും മറ്റും ഉൾപ്പെട്ട മനുഷ്യ - ഭരണാധികാരികളെ ധിക്കരിക്കാനും, അത്യാവശ്യമെങ്കിൽ നീചരെ പരസ്യമായി കെട്ടിയിടാനും, വേണ്ടിവന്നാൽ പരസ്യമായി തല്ലാനും, ജനങ്ങളുടെ ദാസന്മാരും സംരക്ഷകരും ജനങ്ങൾ ഊട്ടുന്നവരുമായ പോലീസ് സേനയ്ക്ക് ധർമ്മശാസ്ത്ര പരമായ ചുമതലയുള്ളത് നിറവേറ്റണം. അപ്പോഴാണ് പോലീസ് സേന, ജനങ്ങളുടെ ഭാഗമാവുന്നതും, സഹായികളാവുന്നതും.

ധർമ്മ ശാസ്ത്ര പ്രകാരം, പോലീസ് സേന ഗ്രാമപഞ്ചായത്തുകളുടെ ഭാഗമായാണ് പ്രവർത്തിക്കേണ്ടത്. സംശുദ്ധമായിട്ട് പ്രവർത്തിക്കാനും ജനങ്ങൾക്കെല്ലാം ആവശ്യമായ നിരവധി സഹായങ്ങൾ ചെയ്തു കൊണ്ട് പുണ്യം വാരിക്കൂട്ടാനും പോലീസ് സേനയ്ക്ക് കഴിയുന്നതാണ്. ഭരണാധികാരികളെയും ഉദ്യോഗസ്ഥ മേധാവികൾ ഉൾപ്പെടെയുള്ള വരെയും അനുസരിക്കാൻ പോലീസ് സേനയ്ക്ക് ബാദ്ധ്യതയില്ല.

.......

*ഉദാഹരണം (2) : *ഹെൽമെറ്റ്, ആധാർ തുടങ്ങിയവ നിർബ്ബന്ധമാക്കാൻ ഭരണാധികാരികൾക്ക് അവകാശവും അധികാരവും ഇല്ല.*

*മനുഷ്യൻ ഉൾപ്പെടെ എല്ലാ ജീവികളുടെയും ജീവിതത്തിന് നിർബ്ബന്ധമായിട്ടുള്ളതെല്ലാം ശരീരത്തിലെ അവയവങ്ങളായിട്ട് ദൈവം സൃഷ്ടിച്ചിട്ടുണ്ട്. ഹെൽമെറ്റ്, ആധാർ, കുട, വടി, ഷൂസ്, തോക്ക്, തുടങ്ങിയവ അവയവങ്ങൾ അല്ലാ; (മനുഷ്യനു) ജീവിക്കാൻ നിർബ്ബന്ധവുമല്ലാ*.

സൃഷ്ടി-സ്ഥിതി-സംഹാര കർത്താവായ *ദൈവം, മനുഷ്യർക്കെല്ലാം ധർമ്മശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യത്തെ* മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. *ആഗ്രഹങ്ങളെയും ജീവിതകാര്യങ്ങളെയും ഭരിക്കുന്നത് ഓരോ വ്യക്തിയുമാണ്.* ഉൾപ്പെട്ട സമൂഹത്തിലെ അംഗങ്ങളുടെ *ധർമ്മശാസ്ത്രപരമായ* ജീവിതത്തിന് തടസ്സമുണ്ടാക്കാതെ, *ഇഷ്ടമുള്ള കാര്യങ്ങളെ ചെയ്യാനും, ഇഷ്ടമുള്ളതെല്ലാം ഉപയോഗിക്കാനും, ഇഷ്ടമില്ലാത്ത കാര്യങ്ങളെ ഒഴിവാക്കാനുമുള്ള വ്യക്തിസ്വാതന്ത്ര്യത്തെ* (ദൈവം) ഓരോ മനുഷ്യനും നൽകിയിട്ടുണ്ട്.

*ജനങ്ങളുടെ പൊതുവായ ഏതാനും ആവശ്യങ്ങളെ മാത്രമേ ഭരണാധികാരികൾ ചെയ്യേണ്ടൂ.* ആവശ്യങ്ങളെ നിശ്ചയിക്കുന്നത് ജനങ്ങളാണ്; ആവണം. ഒരു എറുമ്പിനെപ്പോലും സൃഷ്ടിക്കാനോ രക്ഷിക്കാനോ കഴിവില്ലാത്തവരായ മനുഷ്യ-ഭരണാധികാരികൾ, തങ്ങളുടെ ധർമ്മം മറന്നും തെറ്റിച്ചും, തങ്ങളെ ഊട്ടുന്നവരും ദൈവ-സൃഷ്ടികളുമായ ജനങ്ങളുടെ *ധർമ്മശാസ്ത്രപരമായ സ്വാതന്ത്ര്യങ്ങളെയും സാത്വികമായ ഇഷ്ടങ്ങളെയും തടയാനോ, തടയാൻ ശ്രമിക്കാനോ പാടില്ല.* ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള *വ്യക്തിസ്വാതന്ത്ര്യത്തെ

നിഷേധിക്കുന്ന കുറ്റത്തിന് ഒറ്റപ്പെട്ട കുറ്റങ്ങളേക്കാൾ അനേകം അനേകം മടങ്ങ് പാപവും ദൈവശിക്ഷകളും ഉണ്ട്.* എങ്ങനെയെന്നാൽ, മോഷണം, പീഢനം തുടങ്ങിയ കുറ്റങ്ങൾക്ക് കടുത്ത ശിക്ഷയുണ്ടെങ്കിലും വാദികളും പ്രതികളും ഏതാനും പേർ മാത്രമാവും. അതേസമയം, *ദൈവം*, എല്ലാ മനുഷ്യർക്കും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള *ധർമ്മശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യത്തെ തടയുന്നതായ 'ഹെൽമെറ്റ്, ആധാർ, തുടങ്ങിയവ നിർബ്ബന്ധമാക്കുന്ന നിയമങ്ങളെ'* നടപ്പാക്കുന്ന രാജ്യങ്ങളിലെ പോലീസ് സേന ഉൾപ്പെടെയുള്ള ഭരണാധികാരികൾക്ക് വളരെ വളരെ വലിയ ശിക്ഷകളാണുള്ളത്.

ഹെൽമെറ്റിന്റെ *ആവശ്യം ജനങ്ങൾക്കാണെങ്കിൽ അത് ഓരോ വ്യക്തിയുടെയും സ്വകാര്യ വിഷയമാണ്.* ആവശ്യക്കാരായ വ്യക്തികൾക്ക് ഹെൽമെറ്റ് ഉപയോഗിക്കാം. *എന്തും ധർമ്മശാസ്ത്ര പരമായിട്ട് ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനുമുള്ള വ്യക്തിസ്വാതന്ത്ര്യത്തെയാണ് ദൈവം ഓരോ മനുഷ്യനും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ളത്.* തലയിലെ താടിഭാഗം മറയ്ക്കുന്നതോടെ *മുഖംമൂടിയായിട്ട്* ഹെൽമെറ്റിന് പരിവർത്തനം ഉണ്ടാവുന്നതിനാൽ ധർമ്മ ശാസ്ത്രത്തെ തെറ്റിച്ച് മുഖംമൂടി ധരിക്കുന്നവർക്കും കാരണമായവർക്കും *ശിക്ഷകൾ* വേറെയുമുണ്ട്. വാഹനപ്പുക പരിശോധനയും പരിഹാരങ്ങളും ആവശ്യമാകുന്നത് അധികമായി പുക തള്ളുന്ന വാഹനങ്ങൾക്കു മാത്രമാണ്. വേഗത കൂട്ടി യാത്ര ചെയ്യേണ്ടുന്ന ആവശ്യം സാധാരണ ജനങ്ങൾക്കും ഉണ്ടാവുന്നതാണ്. പിഴച്ചു ജീവിക്കുന്നവർക്ക് മാത്രമേ, ഊട്ടുന്ന ജനങ്ങൾക്ക് പിഴകളെ ചുമത്താനാവൂ.

മഹാനീതിപതിയായ ദൈവം, *ഹെൽമെറ്റ്* തുടങ്ങിയ വിഷയങ്ങളിൽ വാദിയുടെ സ്ഥാനത്ത് എത്തുകയാൽ, മഹാനീതിശാസ്ത്രമനുസരിച്ച് *ദൈവം പക്ഷം ചേർന്ന ഭാഗം മാത്രമാണ് മഹാശരി*. മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടു

ത്തിയിട്ടുള്ള ദൈവം, സൃഷ്ടികൾക്കെല്ലാം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള *വ്യക്തിസ്വാതന്ത്ര്യത്തെ നിഷേധിച്ച - ഇളവില്ലാത്ത - കടുത്ത കുറ്റത്തിന് പ്രതികളെല്ലാം കടുത്ത ദൈവശിക്ഷകളെ അനുഭവിക്കേണ്ടതുണ്ട്*. മന്ത്രിമാരും ഉദ്യോഗസ്ഥരുമെല്ലാം പ്രതികളാവുമെങ്കിലും, *നേരിട്ട് ജനങ്ങളെ വേദനിപ്പിക്കാനും പിഴകളെ ഈടാക്കാനും മറ്റും പ്രവർത്തിക്കുന്ന പോലീസ് സേനാംഗങ്ങളും, ഗതാഗത വകുപ്പ് ഉദ്യോഗസ്ഥരും മറ്റുമാണ് മുഖ്യപ്രതികൾ.* ജനങ്ങളെ ഭയപ്പെടുത്തിയതിനും ശാരീരികമായും മാനസികമായും വേദനിപ്പിച്ചതിനും, ധന നഷ്ടം മാനനഷ്ടം ഊര്ജ്ജ നഷ്ടം സമയനഷ്ടം തുടങ്ങിയ നഷ്ടങ്ങളും കഷ്ടപ്പാടുകളും ഉണ്ടാക്കിയതിനും ശിക്ഷകളുണ്ട്.

ഭൗതിക അസ്തിത്വമുള്ളതായ മണ്ണിന്റെ നിയമങ്ങളെ മാത്രം എല്ലായ്പ്പോഴും അനുസരിച്ച് *ജനങ്ങളെയെല്ലാം സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതാണ് പോലീസിന്റെയും പട്ടാളക്കാരുടെയും മറ്റും തൊഴിൽ.* ... പോലീസ് സേനയ്ക്കും മറ്റും പാപത്തിൽ നിന്ന് മുക്തിയും, പുണ്യം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗവും ഉണ്ട്; മുകളിൽ നികുതികളെ വിശകലനം ചെയ്തതിന്റെ അവസാനത്തിൽ ചേർത്തിരുന്നു........

മന്ത്രിമാർ, കോടതികൾ, ഉദ്യോഗസ്ഥർ, പോലീസ് സേന, തുടങ്ങിയ ഭരണാധികാരികൾക്ക് ഹെൽമറ്റ് പോലെയുള്ള വിഷയങ്ങളിൽ കടുത്ത മനോരോഗങ്ങൾ ബാധിച്ചതുകൊണ്ട് എത്രയെത്ര ചെറുപ്പക്കാരെ പോലീസുകാർ കൊന്നു, പൊതു ജനങ്ങൾക്ക് എന്തുമാത്രം കഷ്ടപ്പാടുകളും ഭീതിയും ഉണ്ടാക്കി? ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ മാത്രം നിർവ്വഹിക്കാൻ ചുമതലപ്പെട്ടവർ കടുത്ത മനോരോഗികളായി മാറിയിട്ടുണ്ട്.

ഹെൽമറ്റ് പരിശോധന പോലെയുള്ള പൂച്ചാണ്ടിക്കാര്യങ്ങളുടെ പിന്നാലെ പോകാതെയും 'ഹെൽമറ്റ് വേട്ടയിൽ ഉൾപ്പെട്ട മഹാഗൗരവമായ വ്യക്തിസ്വാതന്ത്ര്യത്തെ അവമതിക്കാതെയും,

ഭരണാധികാരികളും ബന്ധപ്പെട്ടവരും ശ്രദ്ധിക്കേണ്ടത് ഗൗരവമുള്ള യഥാർത്ഥമായ സമൂഹ കാര്യങ്ങളിലാണ്. ഉദാഹരണത്തിന്, മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മശാസ്ത്രത്തെ വിശകലനം ചെയ്യുമ്പോൾ, ദൈവീകമായ *സാമ്പത്തിക ശാസ്ത്രത്തെ ലഭിക്കുന്നതാണ്.* തൽഫലമായി, *സമൂഹത്തിലെ എല്ലാ ജനങ്ങൾക്കും ധാർമ്മികശുദ്ധി യോടെയുള്ള സുന്ദര ജീവിതം സാദ്ധ്യമാവുന്ന സമ്പത്ത് സ്വരൂപിക്കാൻ, യാതൊരു നികുതികളെയും ചുമത്താതെ സാധിക്കുന്നതാണ്.* www.omsathyam.com വെബ്സൈറ്റിൽ വിശദീകരിച്ചിട്ടുണ്ട്. ....

*ഉദാഹരണം (3) : പണം / കനകം*

സമ്പത്തിനെയോ, സമ്പത്തിനെ പ്രതിനിധീകരിക്കുന്ന പണത്തെയോ ആക്ഷേപിക്കാൻ പാടില്ല. എന്നാൽ ഇന്ത്യയിലേത് ഉൾപ്പെടെ ഭൂമിയിലെങ്ങുമുള്ള ഭരണകൂടങ്ങൾ അത് പതിവാക്കിയിരിക്കുകയാണ്.

തീകത്തുന്നവയും, വെള്ളത്തിൽ വീണാൽ കുതിർന്നു നശിക്കുന്നവയും, ചിതലു തിന്നുന്നവയും, ദ്രവിക്കുന്നവയും, അഴുക്കുപിടിക്കുന്നവയും, പുരളുന്ന അഴുക്കുകളെ നിസ്സാരമായി കഴുകി വൃത്തിയാക്കാൻ കഴിയാത്തവയും, നിരവധി രോഗാണുക്കളെ നിരന്തരം കൈമാറ്റംചെയ്ത് ചെറുതും വലുതുമായ രോഗങ്ങളെ ജനങ്ങൾക്കെല്ലാം നൽകുന്നവയും, തുടർച്ചയായിട്ട് ഉപയോഗിച്ചാൽ പെട്ടെന്ന് നശിക്കുന്നവയും, നിർമ്മാണത്തിന് ആവശ്യമാകുന്ന അദ്ധ്വാനത്തെയും യന്ത്ര സാമഗ്രികളെയും പാഴാക്കുകയും, മറ്റും ചെയ്യുന്ന കടലാസ് കറൻസി യഥാർത്ഥത്തിൽ കള്ളനോട്ടാണ്; പൈശാചികമാണ്. കള്ളനോട്ടിനെ പണം എന്ന കള്ളപ്പേരിൽ നിർമ്മിക്കുന്ന ഭരണാധികാരികളും ഏതൊരാളും കള്ളന്മാരാണ്. 'ഭരണാധികാരികളായ വലിയ കള്ളന്മാരുടെ കെടുകാര്യസ്ഥത കൊണ്ടാണ്' ചെറിയ കള്ളന്മാർ കള്ളനോട്ടുകളെ

നിർമ്മിക്കുന്നത് എന്നതു സത്യമാണെങ്കിലും രണ്ടു കൂട്ടരും ചെയ്യുന്നത് അധർമ്മങ്ങളാണ്. വലിയ കള്ളന്മാരുടെ അധമത്തങ്ങൾ കൊണ്ടുകൂടിയാണ് ചെറിയ കള്ളന്മാർ രൂപപ്പെട്ടത് എന്നതിനാൽ ദൈവശിക്ഷകളിൽ വലുതെല്ലാം വലിയ കള്ളന്മാർക്കാണ് ലഭിക്കുക.

ജനങ്ങളുടെ സമ്പത്തിനെ തട്ടിയെടുക്കാനുള്ള കള്ളന്മാരുടെ ഉപാധി കൂടിയാണ് കടലാസ് കറൻസി. ഭരണാധികാരികൾ നിശ്ചയിക്കുന്ന ഏതൊരു സമയത്തും കടലാസ് കറൻസി പണമല്ലാതായി മാറുന്നത് കടലാസിന്റെ തകരാറല്ല; പണമായിട്ട് ഉപയോഗിക്കാനുള്ള യോഗ്യതകൾ, കടലാസിന് ഇല്ലാത്തതുകൊണ്ടാണ്.

ജീവികൾക്കെല്ലാം ജീവിക്കുന്നതിന് ആവശ്യമായ സർവ്വതും സൃഷ്ടിച്ചിട്ടുള്ള ദൈവം, മനുഷ്യരുടെ സാമ്പത്തിക ക്രയവിക്രയ മാധ്യമമായ "പണമായിട്ട്" മഹാഉചിതമായ വസ്തുക്കളെയും സൃഷ്ടിച്ചിട്ടുണ്ടാവും എന്നു തിരിച്ചറിഞ്ഞ് അവയെ ഉപയോഗിക്കു മ്പോൾ കള്ളനോട്ട് അവസാനിക്കുന്നതാണ്.

അദ്ധ്വാന മൂല്യമുള്ളതും കാലാതീതവും സ്വയം സമ്പത്തുമായ സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളെ പണമായിട്ട് ഉപയോഗിക്കാം; ഉചിതമായ ശക്തികൾ ഉള്ള ഏതൊരാൾക്കും നിർമ്മിക്കുകയും ചെയ്യാം; കള്ളത്തരമായി നിർമ്മിക്കുന്നതുകൊണ്ട് യാതൊരാൾക്കും സാമ്പത്തിക നേട്ടങ്ങളെ ലഭിക്കുന്നതല്ല. എന്നാൽ ഭരണാധികാരികൾ സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളെ നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള ഏതൊരു കാര്യവും ചെയ്യുന്നത് യജമാനന്മാരായ ജനങ്ങളുടെ സമ്മതത്തോടെയും ബോദ്ധ്യപ്പെടുത്തിയും ആവണം.

ദൈവ-വിപ്ലവം ഉടൻ ആരംഭിക്കുന്നതോടെ, ഭൂമിയിലെങ്ങുമുള്ള ജനങ്ങൾ സ്വയവും, ജനങ്ങളുടെ ദാസന്മാരായ ഭരണാധികാരികളെ യഥാർത്ഥമായ ദാസരാക്കിയും, "സ്വർണ്ണം, വെള്ളി, ചെമ്പ് നാണയങ്ങളെ "പണമായിട്ട് " (സ്വയം) നിർമ്മിക്കുന്നതും ഉപയോഗി ക്കുന്നതും" സ്വയമോ പൊതുഖജനാവിലോ സൂക്ഷിക്കുന്നതു മാണ്. ജനങ്ങളുടെ പൊതുവായ ആവശ്യമാണ് സാമ്പത്തിക ക്രയവിക്രയ മാധ്യമമായ 'പണം' എന്നിരിക്കെ എപ്പോഴും ജനങ്ങളുടെ ദാസന്മാർ മാത്രമായ ഭരണാധികാരികൾ പണത്തിന്റെ പേരിൽ ആവേശപ്പെടുന്നതും ജനങ്ങളെ പീഢിപ്പിക്കുന്നതും കടുത്ത അപരാധമാണ്. ധർമ്മശാസ്ത്ര വിരുദ്ധമായിട്ട് ഒരു വ്യക്തിയുടെ സമ്പത്തിനെപ്പോലും - അല്പനേരം പോലും- തടയാൻ ഭരണാധികാരികൾക്ക് അധികാരമില്ലെന്നിരിക്കെ ഇന്ത്യയെപോലെ യുള്ള രാജ്യങ്ങളിൽ 120 കോടിയിലേറെ ജനങ്ങളെ കഷ്ടപ്പെടു ത്തുന്നതിന് അനേകം ജന്മങ്ങളിൽ ഭരണാധികാരി കളെയും ഭരണ സംവിധാനങ്ങളിൽ പെട്ടവരെയും മഹാനീതിശാസ്ത്ര പ്രകാരം ബഹുവിധങ്ങളിലായിട്ട് മഹാശിക്ഷിക്കുന്നതാണ്. അതേസമയം മഹാപിതാവും മഹാമാതാവും മഹാനീതിപതി യുമായ ദൈവം ഏതൊരു കുഞ്ഞിനെയും മഹാശിക്ഷിക്കുന്നത് ധർമ്മശാസ്ത്രപരമായിട്ട് ശുദ്ധിചെയ്യാ നാണെന്നും എല്ലാ കുഞ്ഞുങ്ങൾക്കും സമആനന്ദമെന്ന മഹാസമനീതിയെയും മോക്ഷത്തെയും മഹാഅനുഗ്രഹിച്ചു നൽകാനാണ് എന്നും അറിയണം.

*ഉദാഹരണം (4) : *ദൈവീകമായ സാമ്പത്തിക ശാസ്ത്രത്തിലെ ഉന്നതമായ ചില കാര്യങ്ങൾ :-*

മണ്ണും ഭൂമിയുമായ ദൈവത്തിന്റെ സമ്പത്തുകളാണ് ഭൂമിയിലെ വസ്തുക്കളും ജീവികളുമെല്ലാം എന്നതുപോലെ, *ദൈവം തന്നെയാണ്* 'മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെയെല്ലാം സമ്പത്തുകളാ യിരിക്കുന്നത് 'എന്നതിനെയും, അതീവ ഗൗരവത്തോടെ വിശകലനം ചെയ്യണം :-

ഓരോ മനുഷ്യന്റെയും *ആനന്ദങ്ങളായും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളായും* പ്രവർത്തിക്കുന്ന *സമ്പത്തുകളും (ദൈവവുമായ) ഭൂമിയിലെ പ്രദേശങ്ങളെയും ഭൂമിയിലെ വസ്തുക്കളെയും മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളെയും* നേടാനാണ് മനുഷ്യരെല്ലാം അദ്ധ്വാനിക്കുന്നത്. ആനന്ദങ്ങളെയെല്ലാം യഥാർത്ഥത്തിൽ നേടുന്നതും നേടാനായിട്ട് പ്രയത്നിക്കുന്നതും സ്വന്തമായ ആഗ്രഹങ്ങളുടെ പൂർത്തീകരണത്തിനാണ്. ഇവിടെ *ധർമ്മശാസ്ത്രപരമായ ക്രമപ്രശ്നമുണ്ട്.* മക്കളുടെയും കൊച്ചു മക്കളുടെയും ഉറ്റവരുടെയും ആനന്ദങ്ങളെയും, ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെയും *അറിഞ്ഞും അറിയാതെയും ഭരിക്കാനും നയിക്കാനും നിശ്ചയിക്കാനും ഒക്കെ വ്യക്തി തയ്യാറാകുന്നത് മണ്ണിന്റെ നിയമങ്ങളെ ധിക്കരിച്ചാവരുത്.* സമ്പത്തുകളെ നേടാനായിട്ട് ധർമ്മശാസ്ത്രപരമായിട്ട് പ്രയത്നിക്കേണ്ടതുണ്ട് എന്നതുപോലെ *സമ്പത്തുകളെ ധർമ്മശാസ്ത്രപരമായിട്ട് ഉപയോഗിക്കേണ്ടതുമുണ്ട്.*

ഭൂമിയിൽ വച്ച് ഓരോ ജന്മത്തിലും കുഞ്ഞായിട്ട് ജനിക്കുകയും, മണ്ണിലെ വസ്തുക്കളെ ഉപയോഗിച്ച് വളരുകയും, മണ്ണിൽ ജീവിക്കുകയും, മരണത്തോടെ (മണ്ണായ) ശരീരത്തെ വീണ്ടും മണ്ണ് ഏറ്റെടുക്കുകയും ചെയ്യുന്നുണ്ട്. ശരീരത്തെപ്പോലും ഓരോ ജന്മത്തിലും മണ്ണായ ദൈവം മടക്കി വാങ്ങുമ്പോൾ യാതൊരു ജനങ്ങൾക്കും യാതൊരു സമ്പത്തുകളിലും അവകാശമോ അധികാരമോ ഇല്ലെന്ന് തിരിച്ചറിഞ്ഞുകൊള്ളണം. ആത്മീയ

സാക്ഷാത്ക്കാരത്തിലേക്കു ഉയർത്തപ്പെടുമ്പോഴും മണ്ണായ ശരീരം ഉൾപ്പെടെയുള്ള സമ്പത്തുകളെ ഉപേക്ഷിക്കേണ്ടതുണ്ട്.

മണ്ണിന്റെ നിയമങ്ങൾ പ്രകാരം മണ്ണിലെ സമ്പത്തിനെ ഉപയോഗിക്കാനാണ് മണ്ണിന്റെ കുഞ്ഞുങ്ങളായ മനുഷ്യരെ മഹാഅനുഗ്രഹിച്ച് അനുവദിച്ചിട്ടുള്ളത്. തങ്ങൾക്ക് ശരിയെന്നു തോന്നുമ്പോലെയോ ഇഷ്ടംപോലെയോ ജീവിക്കാൻ മനുഷ്യർ തയ്യാറാവരുത് എന്ന താക്കീതും അതിലുണ്ട്. കുഞ്ഞുങ്ങൾക്കെല്ലാം സമമായിട്ട് എല്ലാ ആനന്ദങ്ങളെയും ലഭ്യമാക്കേണ്ടത് ദൈവത്തിന് കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്യത്തെ യാഥാർത്ഥ്യമാക്കാൻ ആവശ്യമാണ്; കുഞ്ഞുങ്ങളോടുള്ള ചുമതലയാണ്.

ഭൂമിയെ സമ്പത്തായിട്ടോ, മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ ദൈവമായിട്ടോ കണക്കാക്കുമ്പോൾ, ഭൂമിയുടെ (കുഞ്ഞുങ്ങളായ) ജീവികൾക്കെല്ലാം സമ അവകാശമാണ് ഉള്ളതെന്നും; മനുഷ്യരുടെ അദ്ധ്വാനത്തെ ആധാരമാക്കിക്കൊണ്ട് മനുഷ്യർക്ക് സമ്പത്തിൽ അവകാശവും അധികാരവും നൽകിയിരിക്കുകയാണെന്നും സുവ്യക്തമാണ്. ദൈവത്തിന്റെ സമ്പത്തിൽ അവകാശവും അധികാരവും നേടാൻ (ദൈവം) മഹാ അനുവദിച്ചിട്ടുള്ളത് മണ്ണിൽ അദ്ധ്വാനിക്കുന്നവർക്കു മാത്രമാണ്.

മണ്ണായ ദൈവം, കുഞ്ഞുങ്ങളായ മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും മണ്ണിലും സമ്പത്തിലും (മണ്ണിന്റെ നിയമങ്ങൾ പ്രകാരമുള്ള) അവകാശം നൽകുന്നുണ്ട് ! <u>മണ്ണായ ദൈവം, ജീവികൾക്കെല്ലാം (ദൈവമായ) മണ്ണിലും സമ്പത്തിലും അവകാശം നൽകിയിട്ടുള്ളതു കൊണ്ടാണ് മണ്ണിൽ ജീവിക്കാൻ ജീവികൾക്കെല്ലാം സാധിക്കുന്നത്.</u> മണ്ണിന്റെ നിയമങ്ങളെ അഥവാ മഹാശാസ്ത്രത്തെ മനുഷ്യൻ എന്ന ജീവിക്ക് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ളതിൽ നിന്ന് മനുഷ്യർക്കെല്ലാം കൂടുതൽ അവകാശവും അധികാരവും നൽകിയിരിക്കുന്നു എന്ന് സുവ്യക്തമാണ്. മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായിട്ട് മനുഷ്യരുടെ ആനന്ദങ്ങളെല്ലാം കുടുംബവുമായും സമൂഹവുമായും ബന്ധപ്പെട്ടതാകയാൽ, കാലമാറ്റത്തിനും ശാസ്ത്ര

സാങ്കേതിക വികസനങ്ങൾക്കും അനുസരിച്ച് അഗ്നി ഉപയോഗിച്ചുള്ള പാചകം, വീട്, കൃഷി, കച്ചവടം, നെയ്ത്ത്, തയ്യൽ, ആശാരിപ്പണി, മേശിരിപ്പണി, വൈദ്യം, ഗതാഗത സൗകര്യങ്ങൾ, വാർത്താ വിനിമയം, റേഡിയോ, ടെലിഫോൺ, ടെലിവിഷൻ, കമ്പ്യൂട്ടർ, തുടങ്ങിയവയ്ക്ക് മനുഷ്യരുടെ ജീവിതത്തിൽ സ്ഥാനങ്ങളുണ്ടാകുന്നു. മഹാപിതാവും മഹാമാതാവുമായ ഭൂമി, ഭൂമിയിലെ വസ്തുക്കളുടെ മൂലകങ്ങളിൽ മഹാലയിപ്പിച്ചിട്ടുള്ള ശാസ്ത്ര നിയമങ്ങൾ, ശക്തികൾ, ആനന്ദങ്ങൾ, എന്നിവയെ മനുഷ്യരുടെ അദ്ധ്വാനവുമായിട്ട് ബന്ധിപ്പിച്ചിരിക്കുകയാണു ചെയ്തിട്ടുള്ളത്.

(മഹാപിതാവും മഹാമാതാവുമായ ദൈവം, കുഞ്ഞുങ്ങളായ) *മനുഷ്യർ ആനന്ദകരമായിട്ട് ജീവിക്കേണ്ടുന്നതിന് സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യവും, സമ്പത്തിൽ അവകാശവും നൽകുന്നുണ്ട്. സ്രഷ്ടാവായ ദൈവം യജമാനൻ ആവാതെയും, സൃഷ്ടികളായ മനുഷ്യരെ ആരുടെയും അടിമകളാക്കാതെയുമുള്ള മഹാസംവിധാന പ്രകാരമാണ് സമ്പത്തിൽ അവകാശവും അധികാരവും നൽകിയിട്ടുള്ളത്.* അതെങ്ങനെയെന്ന് ചുവടെ ഹ്രസ്വമായി വിശദീകരിക്കുന്നു :-

ദൈവം, മനുഷ്യ ജീവികൾക്കു മാത്രം ശാസ്ത്ര ജ്ഞാനത്തെ നൽകിയിരിക്കുകയാൽ, ശാസ്ത്ര സാങ്കേതിക വികസനങ്ങളും അവ നേടിത്തരുന്ന ആനന്ദങ്ങളും സാമ്പത്തിക ശേഖരണവും മനുഷ്യർക്കെല്ലാം വിഷയമാണ്. തങ്ങളുടെ ആനന്ദത്തെ വർദ്ധിപ്പിച്ചുകൊണ്ടു ജീവിക്കാനാണ് ഓരോ മനുഷ്യനും പ്രവർത്തിച്ചുപോരുന്നത്. ഭൂമിയിലെ വസ്തുക്കളുടെ മൂലകങ്ങളിൽ ആനന്ദങ്ങളെ വർദ്ധിപ്പിക്കുന്നതായ ശക്തികളെ സ്രഷ്ടാവായ ദൈവം മഹാലയിപ്പിച്ചിട്ടുണ്ട്.

മഹാപ്രപഞ്ചത്തിലെ വസ്തുക്കളുടെ ശാസ്ത്രമെന്നത്, വസ്തുക്കളിൽ ദൈവം ഉള്ളടക്കം ചെയ്തിരിക്കുന്ന ശക്തികളെ പ്രവർത്തിപ്പിക്കാനുള്ളതാണ്. മനുഷ്യന്

ക്രമാനുഗതമായി ശാസ്ത്രപാഠങ്ങളെ വെളിപ്പെടുത്തിക്കൊണ്ട് അവ പ്രകാരം വസ്തുക്കളിലെ ശക്തികളെ പ്രവർത്തിപ്പിക്കാനും, അവ ലഭ്യമാക്കുന്ന സുഖങ്ങളെ ആസ്വദിക്കുവാനും (ദൈവം) അനുവദിച്ചിരിക്കുകയാണ്. ശാസ്ത്രപാഠങ്ങളെ വെളിപ്പെട്ടുകിട്ടാൻ ഒരു കൂട്ടം മനുഷ്യർ ശാസ്ത്രജ്ഞന്മാർ എന്ന പേരിലും ഗവേഷകർ എന്ന പേരിലും തൊഴിൽ ചെയ്യേണ്ടതുണ്ട്. ശാസ്ത്ര പാഠങ്ങൾ പ്രകാരം ശാസ്ത്ര സൗകര്യങ്ങളെ കണ്ടെത്താനും അവയെ ഏതൊരാൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുവാനും വീണ്ടും കർമ്മം ചെയ്യേണ്ടതുണ്ട്. മനുഷ്യന്റെ എല്ലാ ജീവിത മേഖലകളെയും എല്ലാ ശാസ്ത്ര ശാഖകളുമായും ബന്ധിപ്പിച്ചിരിക്കുകയാൽ, എല്ലാ മേഖലകളിലും ശാസ്ത്ര സാങ്കേതിക വികസനങ്ങളും അവ പ്രകാരമുള്ള അനന്തങ്ങളായ വ്യവസായങ്ങളും, അവയിലെല്ലാം ജോലിചെയ്യുന്ന തൊഴിലാളികളും ഉണ്ടാകുന്നു. അതായത് മഹാശക്തിയായ ദൈവത്തിന്റെ മഹാജ്ഞാനമാകുന്ന മഹാശാസ്ത്രത്തെയും അവ പ്രകാരമുള്ള ശക്തികളെയും കണ്ടെത്താനും സുഖ സൗകര്യങ്ങളെ ഒന്നൊന്നായി മനസ്സിലാക്കി അനുഭവിക്കാനും മനുഷ്യരെ പ്രാപ്തരാക്കുന്നത് അവരെ കർമ്മം ചെയ്യിച്ചു കൊണ്ടാണ്, അഥവാ അദ്ധ്വാനിപ്പിച്ചുകൊണ്ടാണ്. ഒന്നു കൂടി വിശദമാക്കിയാൽ, ശാസ്ത്ര പാഠങ്ങളും ശാസ്ത്ര സൗകര്യങ്ങളും കണ്ടെത്താനുള്ള ശക്തി മനുഷ്യർക്കു നൽകുന്നതും വെളിപ്പെടുത്തുന്നതും ദൈവം തന്നെയാണെ ങ്കിലും, മനുഷ്യരെ സംബന്ധിച്ച് അവർ അദ്ധ്വാനിച്ചതായി വരുന്നു. അവരെ അദ്ധ്വാനിപ്പിച്ചതാണെന്ന് അവർ അറിയാതെ പോകുന്നു. *ദൈവം മനുഷ്യരെ അദ്ധ്വാനിപ്പിച്ചു എന്നതുപോലെ, മനുഷ്യർ അദ്ധ്വാനിച്ചു എന്നതും സത്യം തന്നെയാണ്.* മഹാശക്തിയും മഹാനീതിപതിയും മഹാപിതാവും മഹാമാതാവും മഹാദേവനും മഹാദേവിയും മഹാവാത്സല്യവും ഭൂമിയുമായ ദൈവത്തിന്റെ

*മഹാആവിഷ്ക്കാരമാണത്.* മനുഷ്യർക്ക് ഭൂമിയിലെ വസ്തുക്കളിൽ അവകാശം ഉന്നയിക്കാനുള്ള അധികാരത്തെ ഭൂമിയുമായ ദൈവം തന്നെ മനുഷ്യർക്കു നൽകുകയാണ്. എന്തിന് ഈ ചുറ്റിക്കളി എന്നു ചോദിച്ചാൽ, ദൈവത്തിന്റെ അടിമകളാവാതെ അദ്ധ്വാനിച്ചു ജീവിക്കുന്നവരായും വ്യക്തിസ്വാതന്ത്ര്യത്തെ അനുഭവിക്കുന്നവരായും മനുഷ്യരെ രൂപപ്പെടുത്താനുള്ള മഹാആവിഷ്ക്കാരമാണത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, കുഞ്ഞുങ്ങളായ ജീവികളോടുള്ള മഹാവാത്സല്യം കാരണം, മണ്ണായ ദൈവം എല്ലാ ആനന്ദങ്ങളെയും തന്റെ മഹാരൂപമായ ഭൂമിയിൽ സൃഷ്ടിക്കുകയും, കുഞ്ഞുങ്ങൾക്കു നൽകുകയും ചെയ്യുന്നു. കുഞ്ഞുങ്ങളായ മനുഷ്യരെ മടിയന്മാരും അലസന്മാരുമാകാതെ മഹാസംരക്ഷിക്കുവാനായിട്ട് മഹാസംവിധാനങ്ങളെയും മഹാഒരുക്കിയിരിക്കുന്നു.

ഭൂമിയിൽ വച്ച് ജീവി-ശരീരങ്ങൾ കൊണ്ട് അറിയുകയും അനുഭവിക്കുകയും ചെയ്ത ആനന്ദങ്ങളെ അനന്തമായിട്ട് ആസ്വദിക്കുന്ന മഹാഅവസ്ഥയാണ് ആത്മീയ സാക്ഷാത്ക്കാരം (മോക്ഷം) എന്നും; ഭൂമിയിലെ ആനന്ദങ്ങളെയെല്ലാം ഭൂമിയിലെ വസ്തുക്കളിലും ജീവികളിലുമായിട്ട് മഹാലയിപ്പിച്ചിരിക്കുകയാണെന്നും, ആനന്ദങ്ങളും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളുമാണ് സമ്പത്തെന്നും തിരിച്ചറിയുമ്പോൾ, സമ്പത്തുകളെ നേടാനായിട്ട് ധർമ്മശാസ്ത്രപരമായിട്ട് പ്രയത്നിക്കേണ്ടതുണ്ട്. മോക്ഷത്തെ വിഷയമാക്കാതെ ജീവിക്കുമ്പോഴും, തങ്ങളുടെ ആനന്ദങ്ങളും ആനന്ദങ്ങളെ നേടാനുള്ള ഉപാധികളുമായ സമ്പത്തുകളെ വർദ്ധിപ്പിക്കാനാണ് ഓരോ മനുഷ്യനും പ്രയത്നിക്കുന്നത്.

വളർത്തു മൃഗങ്ങൾ ഉൾപ്പെടെയുള്ള ജീവികൾ, മനുഷ്യരുടെ സ്വത്തല്ല. മണ്ണായ ദൈവം മഹാഅനുഗ്രഹിച്ചു നൽകിയാൽ മാത്രമേ മറ്റുള്ള ജീവികളെ ഉപയോഗിക്കാൻ മനുഷ്യർക്ക് അവകാശവും അധികാരവുമുള്ളൂ. മറ്റുള്ള ജീവികൾക്കും മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുമ്പോൾ മാത്രമാണ് ദൈവം മഹാനീതിപതിയാവുകയുള്ളൂ എന്നതും, അതിൻപ്രകാരമുള്ള നിയമങ്ങളെയും മണ്ണിൽ മഹാലയിപ്പിച്ചിട്ടുണ്ടാവും എന്നും ചിന്തിക്കുവാൻ മനുഷ്യർക്കു കഴിയുന്നതാണ്; ഉയർന്ന ബുദ്ധിശക്തികളെ മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ളത് ഉപയോഗപ്പെടണം. മണ്ണിന്റെ നിയമങ്ങളെ കണ്ടെത്താനും മനസ്സിലാക്കാനും ഉൾക്കൊണ്ടു പ്രവർത്തിക്കാനും തയ്യാറാകുമ്പോൾ അവകാശങ്ങളും അധികാരങ്ങളും വെളിവാകുന്നതാണ്.

സമ്പത്തുകൊണ്ട് ആനന്ദിച്ചു ജീവിക്കുവാൻ ജനങ്ങൾക്കെല്ലാം സമ്പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യമുണ്ട്; എന്നാൽ *ധർമ്മ ശാസ്ത്ര പ്രകാരം മാത്രം ആനന്ദിക്കുവാൻ ഓരോ മനുഷ്യനും സ്വയം ബാദ്ധ്യതയുണ്ട്.* മറ്റുള്ളവരുടെ ധർമ്മശാസ്ത്രപരമായ വ്യക്തിസ്വാതന്ത്ര്യത്തിന്മേൽ കൈകടത്താൻ യാതൊരാൾക്കും അവകാശമില്ല; *യാതൊരാളും ആനന്ദിക്കുന്നത് മറ്റുള്ളവരുടെ ധർമ്മശാസ്ത്രപരമായ ആനന്ദത്തിന് തടസ്സമുണ്ടാക്കി ആവരുത്.*

ഓരോ മനുഷ്യന്റെയും (ജീവിയുടെയും) ജീവാത്മാവിനെ മഹാഭരിക്കുന്നത് പ്രത്യക്ഷദൈവം കൂടിയായ സ്വന്തമെന്നോണമുള്ള ശരീരം തന്നെയാണ് എന്നും, ജീവനും ദൈവത്തിന്റെ വാതകരൂപവുമായ ഓക്സിജനാണ് ശരീരത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കുചേരുന്നതെന്നും, *ഓരോ മനുഷ്യന്റെയും ആഗ്രഹങ്ങളെ ഭരിക്കുന്നത് ജീവാത്മാവാണെന്നും* ദൈവ വിപ്ലവ വിശകലനം 7-ൽ വിശദമാക്കിയതാണ്. (മഹാപിതാവും മഹാമാതാവും മഹാവാത്സല്യവും മഹാനീതിപതിയുമായ) ദൈവം, കുഞ്ഞുങ്ങൾക്കെല്ലാം മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നതിന് അധമമായ ആഗ്രഹങ്ങൾ കൊണ്ട് തടസ്സമുണ്ടാക്കാതെ ശ്രദ്ധിക്കണം. ദൈവത്തിന്റെ

കുഞ്ഞുങ്ങളായ മനുഷ്യരെല്ലാം ധർമ്മ ശാസ്ത്ര പ്രകാരം സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും അനുഭവിച്ച് ആനന്ദത്തോടെ ജീവിക്കുകയേ വേണ്ടൂ. ആനന്ദിക്കുന്നതിന്, തങ്ങൾ അദ്ധ്വാനിച്ചു നേടിയ സമ്പാദ്യങ്ങളെയും സൽപ്പേരിനെയും ഉപയോഗിച്ച് മക്കൾ ഉൾപ്പെടെയുള്ള ഉറ്റവരെ വളർത്തി വലുതാക്കാനും പഠന സൗകര്യങ്ങളെ നൽകാനും തൊഴിൽ നേടാനും ധർമ്മശാസ്ത്രപരമായിട്ടു മാത്രം പ്രവർത്തിക്കാവുന്നതാണ്, സഹായിക്കാവുന്നതാണ്; മാതാപിതാക്കളെയും സഹോദരങ്ങളെയും ഉറ്റവരെയും ധർമ്മശാസ്ത്രപരമായിട്ട് പരിചരിക്കുകയും ശുശ്രൂഷിക്കുകയും സഹായിക്കുകയും ചെയ്യാവുന്നതാണ്. ജീവിച്ചിരിക്കുമ്പോൾ അന്യോന്യം ധർമ്മശാസ്ത്രപരമായിട്ട് സ്നേഹിച്ചുകൊള്ളുക എന്നല്ലാതെ തങ്ങളുടെ മരണശേഷം മക്കളും കൊച്ചു മക്കളും ഉറ്റവരുമെല്ലാം ആനന്ദിച്ചു ജീവിക്കുന്നതിന്നു വേണ്ടി സമ്പാദിക്കാൻ യാതൊരാൾക്കും അവകാശമില്ല.

*ആൺകുട്ടികൾ സ്വാശ്രയ ശീലം വളർത്തണം.* ആൺകുട്ടികൾ സ്വന്തമായി അദ്ധ്വാനിച്ച് ബൈക്ക്, കാർ, ബസ്, ഹെലികോപ്റ്റർ, ഭവനം എന്നിവ നേടണമെന്ന് ധർമ്മ ശാസ്ത്രത്തിന്റെ ശാഖയായ സാമ്പത്തിക ശാസ്ത്രം വിധിക്കുന്നുണ്ട്. പകരം മാതാപിതാക്കളുടെ സമ്പത്തുകൊണ്ട് ജീവിക്കുന്ന അതിനീചവും അതിലജ്ജാകരവുമായ അവസ്ഥയിലേക്ക് കൂപ്പുകുത്താനും ധർമ്മഭ്രംശം ഉണ്ടാവാനും പ്രോത്സാഹിപ്പിക്കരുത്; തടയണം. ...

ജനങ്ങളുടെ പൊതുവായ ഖജനാവിൽ നിന്ന് സാമ്പത്തിക സഹായങ്ങൾ നൽകേണ്ടത് ധർമ്മ ശാസ്ത്ര പരമായി യോഗ്യതകൾ ഉള്ളവർക്ക് മാത്രമേ പാടുള്ളൂ. ഇന്നത്തെ പെൻഷൻ സമ്പ്രദായങ്ങളെയും വിനോദ- സമ്മാനകാര്യങ്ങളെയും മറ്റും ധർമ്മശാസ്ത്രപരമായി പരിഷ്ക്കരിക്കേണ്ടത് എങ്ങനെയെന്നും www.omsathyam.com വെബ്സൈറ്റിൽ വിശദീകരിച്ചിട്ടുണ്ട്.

ധർമ്മ ശാസ്ത്രപരമായ കാര്യങ്ങളിൽ വ്യക്തികളുടെ ശ്രദ്ധ വർദ്ധിപ്പിക്കാനാണ് ഉത്തമരും ജനങ്ങളുടെ സേവകരുമായ ഭരണാധികാരികൾ ശ്രദ്ധിക്കേണ്ടത്. ഭരണാധികാരികളുടെ മനോരോഗങ്ങൾ കുറയാനും ഇല്ലാതാവാനുമുള്ള മാർഗ്ഗം കൂടിയാണത്. പകരം പൂച്ചാണ്ടി-ക്കാര്യങ്ങളുടെയും കോപ്രായങ്ങളുടെയും പിറകെ പോയി അവരുടെയും ജനങ്ങളുടെയും മനോരോഗങ്ങൾ വർദ്ധിപ്പിക്കരുത്. ...

*മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മശാസ്ത്രത്തെ ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും മഹാഭരണഘടനയായിട്ട് മഹാപ്രതിഷ്ഠിക്കുകയും അതിൻ പ്രകാരം ജനങ്ങളെ സേവിക്കാൻ ജനങ്ങളുടെ ദാസന്മാരായ ഭരണാധികാരികൾ തയ്യാറാവുകയും ചെയ്യുമ്പോൾ മാത്രമേ ജനാധിപത്യം ആവുകയുള്ളൂ.* മണ്ണിന്റെ നിയമങ്ങളെ പാലിക്കുമ്പോൾ, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ *മാത്രം* നിർവ്വഹിക്കാൻ ജനങ്ങളോ, ധർമ്മശാസ്ത്ര പരമായി ജീവിക്കുന്ന ഒരു വ്യക്തിയോ, ചുമതല പ്പെടുത്തിയിട്ടുള്ളവരും (ജനങ്ങളുടെ സമ്പത്തുകൊണ്ട് ജീവിക്കുന്നവരും ജനങ്ങളുടെ ദാസന്മാരുമായ) *'മന്ത്രിമാരെയും മുഖ്യമന്ത്രി മാരെയും പ്രധാനമന്ത്രിമാരെയും പ്രസിഡന്റ്മാരെയും /രാജാക്കന്മാരെയും' ധർമ്മശാസ്ത്രപരമായിട്ട് തിരുത്താനും, ധർമ്മശാസ്ത്ര വിരുദ്ധമായിട്ട് പ്രവർത്തിക്കുന്നവരെ ആവശ്യമെങ്കിൽ ശിക്ഷിക്കാനും പുറത്താക്കാനും ധർമ്മശാസ്ത്ര പരമായി ജീവിക്കുന്ന ഏതൊരു വ്യക്തിക്കും തനിച്ചു കഴിയുന്നതാണ്.* www.omsathyam.com വെബ്സൈറ്റിൽ ലഭ്യമായ 'ദൈവ-വിപ്ലവ വിശകലനം 2, 3 എന്നിവയിലും മഹാഗ്രന്ഥത്തിലും' വിശദീകരിച്ചിട്ടുണ്ട്. ദൈവീകമായ ഭരണകൂട തെരഞ്ഞെടുപ്പ് സമ്പ്രദായത്തെപ്പറ്റിയും വിശദീകരിച്ചിട്ടുണ്ട്. ആവർത്തിക്കുന്നില്ല. ...

*മത്സരം ദൈവീകമല്ല. ഇന്നത്തെ വോട്ടിംഗ് സമ്പ്രദായങ്ങളും തെറ്റാണ്. ഭൂമിയിലെ ഇപ്പോഴത്തെ മത-ജാതി- രാഷ്ട്രീയ പ്രസ്ഥാനങ്ങളെല്ലാം കാലാവധി ത്തീയതി കഴിഞ്ഞവയാണ്.*

ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കാനായിട്ട് നല്ലവരായ വ്യക്തികളോട് അപേക്ഷിക്കേണ്ടത് ജനങ്ങളാണ്. പകരം; കുറെ വ്യക്തികളും അനുചരന്മാരും ജനങ്ങളോട് വോട്ട് യാചിക്കുമ്പോൾ, ആവശ്യം അവർക്കാണെന്നും ലക്ഷ്യം അധികാരങ്ങളും അവരുടെയെല്ലാം സ്വാർത്ഥങ്ങളുമാണെന്നും സുവ്യക്തമാകുന്നു. അതായത് ഇന്ത്യയെപോലെയുള്ള രാജ്യങ്ങളിൽ ജനങ്ങളുടെ നികുതിപ്പണവും ഊർജ്ജവും സ്വസ്ഥതയും സമാധാനവും (ജീവിതവും ആയുസ്സും !) സമയങ്ങളുമെല്ലാം നഷ്ടപ്പെടുത്തിക്കൊണ്ട് പൊതുതെരഞ്ഞെടുപ്പുകൾ നടത്തുന്നത് യഥാർത്ഥത്തിൽ ജനങ്ങൾക്കു വേണ്ടിയല്ല. അധമ സംവിധാനങ്ങൾ മാത്രമായ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും മത-ജാതി പ്രസ്ഥാനങ്ങളിലും ഒക്കെ പ്രവർത്തിക്കുന്നവർക്ക് മന്ത്രിമാരാവാനും അവരുടെ ഇഷ്ടത്തിന് അധമ നിയമങ്ങളെ തട്ടിക്കൂട്ടാനും ജനങ്ങളെ ഭരിച്ചു-കൊള്ളയടിക്കാനും പീഢിപ്പിക്കാനും മറ്റുമാണ്. സമ്മതി, ദാനം, അവകാശം, എന്നീ വാക്കുകളെ സമ്മതി ദാനം, സമ്മതി ദാന അവകാശം എന്നിങ്ങനെ ചേർത്തതു പോലും തെറ്റാണ്. അധമമായ തട്ടിക്കൂട്ടലാണത് ! ദാനമായി കൊടുക്കുന്ന ഒന്നല്ല സമ്മതി. അജ്ഞാനം കാരണമാണ് ജനങ്ങൾ സമ്മതിയെ ദാനമായി കൊടുക്കുന്നത് എന്നതിനാൽ ജനങ്ങൾക്ക് നിസ്സാരമായ പാപമുണ്ടാകുന്നതാണ്. വഞ്ചനയും ദുസ്വാർത്ഥങ്ങളും അധികാര മോഹങ്ങളും വോട്ടു വാങ്ങുന്നവരുടെ മുഖമുദ്ര ആണെന്നതും, വോട്ട് തെണ്ടലെന്നത് അധികാരങ്ങളെ കൈക്കലാക്കാനുള്ള വേഷംകെട്ടലുകൾ ആണെന്നതും വോട്ട് വാങ്ങുന്നവർക്ക് മഹാനീതിശാസ്ത്ര പ്രകാരം സാരമായ പാപം ലഭിക്കുന്നതാണ്; അതേസമയം അധികാരങ്ങളെ നേടിയ ശേഷം, സാത്വികമായിട്ടുള്ള പൊതുജന

സേവനത്തെ ലക്ഷ്യമാക്കുകയും, അതിന്നായിട്ട് ശക്തിക്കൊത്ത് പ്രവർത്തിക്കുകയും ചെയ്യുമ്പോൾ, പാപം കുറയാനും പുണ്യം വർദ്ധിക്കാനും ഇടവരുന്നു. (വോട്ട് ചെയ്തുപോരുന്ന എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങളും പാപം വാങ്ങുന്നത് ഭരണാധികാരികളെപ്പറ്റിയുള്ള അവരുടെ പരാതികളിൽ പ്രകടമാണ്.).

## *പ്രസ്ഥാനങ്ങൾക്കും കാലാവധി ത്തീയതി ബാധകമാണ്.*

വ്യക്തിയോ, ഏതാനും വ്യക്തികളോ തട്ടിക്കൂട്ടുന്ന പ്രസ്ഥാനങ്ങൾക്ക് മണ്ണിന്റെ നിയമങ്ങൾ പ്രകാരമുള്ള കാലാവധി തീയതി ബാധകമാ ണെന്നത് നേതാക്കളും ഭരണാധികാരികളും ഉൾപ്പെടെയുള്ള ജനങ്ങളേറെയും അറിയാതെ ജീവിച്ചുപോരുന്നതാണ് ഭൂമിയിലെങ്ങു മുള്ള ഏറ്റവും വലിയ ഒരു ദുരന്തം.

വിശദീകരിക്കാം :- ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാനായിട്ട് ജനങ്ങൾ നിയമിക്കുകയും ഊട്ടുകയും ചെയ്യുന്ന ജനങ്ങളുടെ ദാസന്മാരായ മന്ത്രിമാരും സർക്കാർ-ജീവനക്കാരും പോലീസുകാരും ഉൾപ്പെടെയുള്ള *ഭരണാധികാരികൾ ധർമ്മശാസ്ത്ര പരമായിട്ട് പ്രവർത്തിക്കുമ്പോൾ, സമൂഹത്തിൽ യാതൊരു പ്രസ്ഥാനങ്ങളുടെയും ആവശ്യം ഉണ്ടാവുന്നതല്ല.*

ഇന്നത്തെ പ്പോലെ ഭൂമിയിലെങ്ങും ധാർമ്മികമായ അധഃപതനങ്ങൾ ഭരണകൂടം ഉൾപ്പെടെയുള്ള ജീവിത മേഖലകളെയെല്ലാം ബാധിക്കു മ്പോൾ, *ഭരണാധികാരികളേക്കാൾ ധാർമ്മിക യോഗ്യതകൾ കൂടുതലുള്ള വ്യക്തികൾക്ക് പ്രസ്ഥാനങ്ങളെ ത്യാഗങ്ങൾ സഹിച്ച് നിർമ്മിക്കാനും വളർത്താനും, കുറഞ്ഞവർക്ക് കള്ളത്തരങ്ങൾ കൊണ്ട് തട്ടിക്കൂട്ടാനും കഴിയുന്നു. *ഉത്തമരായവർ ജനങ്ങൾക്കു വേണ്ടി ചെയ്യുമ്പോഴും, അവർക്ക് ആനന്ദത്തെ നൽകുന്ന പ്രവൃത്തി ആയതുകൊണ്ട് സ്വയം സ്വീകരിക്കുകയായിരുന്നു എന്നറിയണം. സാത്വികമായിട്ടുള്ള സേവനങ്ങൾക്ക് പുണ്യത്തെ വാരിക്കൂട്ടാനുമാവും.*

തീവ്രവാദങ്ങളും യുദ്ധങ്ങളും മറ്റും ഉണ്ടാവാൻ മൂലകാരണങ്ങളായ *മത-ജാതി -രാഷ്ട്രീയ പ്രസ്ഥാനങ്ങളെ തട്ടിക്കൂട്ടുന്നവർക്ക് അടിസ്ഥാനപരമായിട്ട് പാപങ്ങളെയാണ് വാരിക്കൂട്ടാനാവുക. (സ്ഥിതിപരമായ വിധി കൊണ്ട് ഏതാനും പേർക്ക് പുണ്യത്തെ നേടാൻ കഴിയുന്നതാണ്.). വ്യക്തികൾക്ക് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ ഉപയോഗിച്ച് തങ്ങൾക്ക് ശരിയെന്നു തോന്നുമ്പോലെയോ ഇഷ്ടംപോലെയോ, വ്യക്തിയോ ഏതാനും വ്യക്തികളോ തട്ടിക്കൂട്ടുന്ന പ്രസ്ഥാനങ്ങൾക്ക് കാലാവധി തീയതി ബാധകമാണെന്നത് സുവ്യക്തമായി അറിഞ്ഞുകൊള്ളണം. സ്ഥാപക നേതാവോ, സ്ഥാപക നേതാക്കളോ മരിക്കുമ്പോൾ, സാധിക്കുമെങ്കിൽ പ്രസ്ഥാനത്തെ കൂടെക്കൊണ്ടു പോകുക എന്നല്ലാതെ പ്രസ്ഥാനത്തെ തുടർച്ചയായിട്ട് നടത്തിക്കൊണ്ട് പോവാൻ അനുചരന്മാർക്കും മറ്റും അവകാശമോ അധികാരമോ ഇല്ല. *ഭൂമിയിലെ വസ്തുക്കളും ജീവികളുമെല്ലാം സ്രഷ്ടാവായ ദൈവത്തിന്റേതാണ്; അവയുടെ മേൽ ഭാഗികമായ അധികാരത്തെ കുഞ്ഞുങ്ങളായ ഓരോരോ മനുഷ്യനും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ളത് കൈമാറ്റംചെയ്യാൻ അവകാശവും അധികാരവും ഇല്ല.* പ്രസ്ഥാനങ്ങളുടെ സ്ഥാപക നേതാക്കൾ മരിക്കുമ്പോഴും ജീവിച്ചിരിക്കുമ്പോഴും ഒക്കെ അവരവർക്ക് ശരിയെന്നു തോന്നിയ ആശയങ്ങളെ ചുമന്നുനടക്കാനുള്ള വ്യക്തിസ്വാതന്ത്ര്യം അനുചര ന്മാർക്ക് തീർച്ചയായും ഉണ്ട്. എന്നാൽ നേതാക്കൾ തട്ടിക്കൂട്ടുന്ന പ്രസ്ഥാനങ്ങളിലെ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സമ്പത്തിനെ കൈവശം വയ്ക്കാൻ അവകാശമോ അധികാരമോ ഇല്ല. ദൈവീകമായ സാമ്പത്തിക ശാസ്ത്രം, കുടുംബങ്ങളിലേക്കും, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങളുടെയും ജീവിതകാര്യങ്ങളിലേക്കും നീളുന്നതോടെ ഇന്നത്തെ സോഷ്യലിസം മഹാശുദ്ധീകരണത്തിന് വഴിപ്പെടുന്നതു കാണാം. ദൈവ-വിപ്ലവത്തോടെ, ദൈവീകമായ സാമ്പത്തിക ശാസ്ത്രം, മഹാവിപ്ലവത്തെ ഉണ്ടാക്കുന്നതാണ്. ദൈവീക തലത്തിൽ, മുദ്രപ്പത്രങ്ങൾക്കും മറ്റും യാതൊരു വിലയുമില്ല.

ഭൂമിയിലെങ്ങും മനുഷ്യർ തട്ടിക്കൂട്ടുന്ന പ്രസ്ഥാനങ്ങളുടെ സ്ഥാപക നേതാക്കൾ മരിക്കുമ്പോൾ, പ്രസ്ഥാനത്തെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കാനായിട്ട് ചുമതലപ്പെടുത്തിയിട്ടുള്ള ജനങ്ങളുടെ ദാസന്മാരായ ഭരണകൂടം ഏൽക്കുകയും, ധർമ്മ ശാസ്ത്ര പ്രകാരം നടത്തിക്കൊണ്ട് പോവുകയോ അവസാനിപ്പിക്കുകയോ വേണം. ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള രാഷ്ട്രീയ മത-ജാതി പ്രസ്ഥാനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പ്രസ്ഥാനങ്ങളുടെയും കാലാവധി തീയതി കഴിഞ്ഞിട്ടുള്ള കാലമേറെയായി. അവയുടെ ശവങ്ങൾ ജീർണ്ണിച്ച് ദുർഗ്ഗന്ധത്തെ ചുറ്റും (ഭൂമിയിലെങ്ങും) പരത്തിയിട്ടും, പകർച്ചവ്യാധികൾ ഉണ്ടായിട്ടും, പൊട്ടിയൊലിക്കുന്ന ശവങ്ങളെ (മണ്ണിൽ) മറവു ചെയ്യാതെ ചുമന്നുനടക്കുകയാണ് ബുദ്ധി കൂടുതലുണ്ടെന്ന് അവകാശപ്പെടുന്ന മനുഷ്യർ!

വ്യക്തിയാണ് വലുത്, പ്രസ്ഥാനമല്ലാ എന്ന് തെളിയിക്കുന്ന ഉദാഹരണങ്ങൾ ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുണ്ട്. ഉദാഹരണത്തിന് ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തെ അവസാനിപ്പിക്കുവാനും ഇന്ത്യയിലെ ജനങ്ങളുടെ സ്വാതന്ത്ര്യങ്ങളെ വർദ്ധിപ്പിക്കുവാനും, ഇന്ത്യയിലെ വലിയൊരു വിഭാഗം ജനങ്ങൾ ഉപകരണമാക്കിയ പ്രസ്ഥാനത്തോട് ജനങ്ങൾക്കെല്ലാം ഉണ്ടായിരുന്നതായ സ്നേഹമെന്നത് യഥാർത്ഥത്തിൽ ഏതാനും നേതാക്കളോടുള്ള സ്നേഹമായിരുന്നു; പ്രത്യേകിച്ചും ധാർമ്മികമായിട്ട് അത്യുന്നതനാവാനുള്ള മഹാഭാഗ്യത്തെ ലഭിച്ച "ഗാന്ധിജി " യോടുള്ള സ്നേഹാദരങ്ങളായിരുന്നു. ഗാന്ധിജി അധികാര സ്ഥാനങ്ങളെ മോഹിച്ചില്ല; ഭരണാധികാരി ആയിരുന്നില്ല; സ്രഷ്ടാവായ ദൈവം, സൃഷ്ടികളായ മനുഷ്യർക്ക് നൽകുന്ന

അവകാശങ്ങൾക്കുവേണ്ടി ജീവിതകാലത്ത് മുഴുവൻ പ്രവർത്തിക്കുകയാണ് അദ്ദേഹം ചെയ്തത്. അക്കാലത്ത് ഉണ്ടായിരുന്നതായ പ്രസ്ഥാനത്തെ ധാർമ്മികമായിട്ട് ഉപയോഗിച്ചു എന്നല്ലാതെ അദ്ദേഹം പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്നില്ല. ... ഭൂമിയിലെ ഏറ്റവും എളിയവനായിക്കൊണ്ടും സാധാരണ മനുഷ്യനായിക്കൊണ്ടും, ഏറ്റവുമധികം കഠിനവും പരമശ്രേഷ്ഠവുമായ കർമ്മങ്ങളെ ചെയ്യുവാൻ ഗാന്ധിജിക്ക് മാത്രമേ കഴിയൂ എന്നതിന് ഇന്നോളമുള്ള മാനവചരിത്രം സാക്ഷ്യമാണ്. സൃഷ്ടിപരമായ വിധിയുടെയും സ്ഥിതിപരമായ വിധിയുടെയും മഹാലയനം ഗാന്ധിജിയുടെ കാര്യത്തിലുണ്ട്. രാഷ്ട്രപതി, രാഷ്ട്ര പിതാവ് എന്നിങ്ങനെയുള്ള സ്ഥാനപ്പേരുകൾ ദൈവീകമല്ല; എന്നാൽ ഗാന്ധിജിയുടെ കാര്യത്തിൽ രാഷ്ട്ര പിതാവ് എന്ന പദവിക്കും മേലെയാണ് അദ്ദേഹം; മാത്രമല്ല ഗാന്ധിജിയെ മഹാഉയർത്തിയിട്ടുള്ളത് മഹാശക്തിയായ ദൈവം നേരിട്ടാണ്; മാനുഷികമല്ല. മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

ഗാന്ധിജിയെയും ബ്രിട്ടീഷുകാരുടെ ഭരണത്തെയും പരാമർശിക്കേണ്ടത് ദൈവീകമായ ആവശ്യമാണ്. ഇന്ത്യയിലെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കാനായിട്ട് ഇന്ത്യയിലെ ജനങ്ങളുടെ ദാസരായിട്ട് ബ്രിട്ടീഷുകാർ സേവനം ചെയ്യുകയായിരുന്നില്ല. ബ്രിട്ടീഷ് ഭരണാധികാരികൾ ഇന്ത്യയിലെ സമ്പത്തുകളെ കൊള്ളയടിക്കുക എന്നത് ലക്ഷ്യമാക്കുകയും ധർമ്മശാസ്ത്രത്തെ തെറ്റിച്ചു ജനങ്ങളെ ഭരിക്കുകയും ചെയ്തു.

ബ്രിട്ടീഷ് ഭരണാധികാരികൾ ജനങ്ങളുടെ ദാസരായിക്കൊണ്ട്, ഇന്ത്യയിലെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ

ധർമ്മശാസ്ത്രപരമായിട്ട് നിർവ്വഹിച്ചിരുന്നുവെങ്കിൽ, ഗാന്ധിജി ഉൾപ്പെടെയുള്ളവർ ബ്രിട്ടീഷ് ഭരണാധികാരികളെ എതിർക്കുമായിരുന്നില്ല. അതായത് ആരാണ് ഭരിക്കുന്നത് എന്നത് വിഷയമേ അല്ല; എങ്ങനെ ഭരിക്കണം : ധർമ്മശാസ്ത്രപരമായിട്ട് ഭരിക്കണം എന്നതാണ് ആവശ്യം.

ഉദാഹരണത്തിന് ഉപ്പിന് നികുതി ചുമത്തിയ ബ്രിട്ടീഷ് ഭരണാധികാരികളുടെ നടപടിയെ അധാർമ്മികമെന്ന് പ്രഖ്യാപിച്ച് ഗാന്ധിജിയും കൂട്ടരും ദീർഘ ദൂരം നടന്ന് ദണ്ഡി കടൽതീരത്തു ചെന്ന് കടൽവെള്ളം കുറുക്കി ഉപ്പുണ്ടാക്കുകയും ഉപ്പ് നികുതിയെ അവഗണിക്കുകയും ചെയ്തു. ഗാന്ധിജിയെയും ഉപ്പു സത്യാഗ്രഹത്തെയും പുകഴ്ത്തി സംസാരിക്കുന്ന ഇന്നത്തെ രാഷ്ട്രീയ നേതാക്കന്മാരും ഇന്ത്യക്കാരായ ഭരണാധികാരികളും ഉപ്പിനും ഏറെക്കുറെ സകലമാന വസ്തുക്കൾക്കും, ഗാന്ധിജിയുടെ ചിത്രത്തിന്റെ ചുവട്ടിലിരുന്ന്, നികുതി ചുമത്തിയിട്ടുള്ളത് എത്ര കടുത്ത ദൈവനിന്ദയാണെന്ന് പാപികളായ ഭരണാധികാരികൾ അറിയുന്നില്ല! സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ള ദൈവം, മനുഷ്യർക്കെല്ലാം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യത്തെ ഭൂമിയിലെങ്ങുമുള്ള ഭരണാധികാരികൾ അട്ടിമറിച്ചിരിക്കുകയാണ്. ജനങ്ങളുടെ വ്യക്തിപരവും പൊതുവുമായ ആവശ്യങ്ങളെ ജനങ്ങളുടെ ഇഷ്ടംപോലെയും ധർമ്മ ശാസ്ത്ര പ്രകാരവും നിശ്ചയിക്കാൻ ജനങ്ങളെ അനുവദിക്കാതെ, പകരം ജനങ്ങൾ ഊട്ടുന്നവരും ജനങ്ങളുടെ ദാസന്മാരുമായ മന്ത്രിമാരും സർക്കാർ-ജീവനക്കാരും പോലീസുകാരും ഉൾപ്പെടെയുള്ള ഭരണാധികാരികൾ നിശ്ചയിക്കുന്നതുമായ അതിനീചമായ നടപടികളെ ഗാന്ധിജി എതിർക്കുമായിരുന്നു എന്ന്

നിസ്സാരമായിട്ട് മനസ്സിലാക്കാനാവും. തീവ്രവാദങ്ങളെയും തീവ്രവാദികളെയും അധമരെയും സൃഷ്ടിക്കുന്ന കൊടുംതീവ്രവാദികളായിട്ട് ഭരണാധികാരികൾ രൂപാന്തര പ്പെടുന്നത് എങ്ങനെയെല്ലാമെന്ന് ചുവടെ വിശദീകരിച്ചിട്ടുണ്ട്.

ഉപ്പ് സത്യാഗ്രഹത്തെപ്പറ്റി ഇന്നത്തെ ജനങ്ങളെ ഓർമ്മിപ്പിക്കുന്ന ഇന്നത്തെ രാഷ്ട്രീയ നേതാക്കന്മാർക്കും മറ്റും, ഗാന്ധിജിയെയും കൂട്ടരെയും പട്ടാളക്കാരും കുതിരകളും അടിക്കുകയും ചവിട്ടിമെതിക്കുകയും ചെയ്തതിന്റെ തീഷ്ണത അറിയില്ല; അനുഭവിച്ച് അറിയേണ്ടുന്നതാണത്. തീഷ്ണത അനുഭവിച്ച് അറിഞ്ഞവർ പുനർജ്ജനിച്ച് ഇന്നത്തെ ഭൂമിയിലെ വ്യത്യസ്ത രാജ്യങ്ങളിലുണ്ട്; ഏറെപ്പേരും ഇന്ത്യയിൽ തന്നെ! (ഈയുള്ളവനും അവരിൽ ഒരാളാവാനുള്ള മഹാഭാഗ്യത്തെ മഹാനീതിപതിയും ഭൂമിയുമായ ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിരുന്നു.). ദൈവ-വിപ്ലവം ആരംഭിക്കുന്നതോടെ, അനേകം ഉന്നതർക്ക് മുജ്ജന്മകാര്യ ങ്ങളെയും മഹാഅനുഗ്രഹിച്ചു നൽകുന്നതാണ്. മരിച്ചു മണ്ണടിഞ്ഞ ഉന്നതരുടെ ശവകുടീരങ്ങളിൽ വേഷംകെട്ടലു കളോടെയും ദുസ്വാർത്ഥങ്ങളോടെയും പൂമാലകളിടാനും പ്രാർത്ഥനകൾ നടത്താനും പൊതുജനങ്ങളുടെ ധനവും ഊർജ്ജവും സ്വസ്ഥതയും സമയങ്ങളുമെല്ലാം പാഴാക്കുന്ന കേമന്മാർ, മഹാപ്രപഞ്ചത്തിന്റെ മഹാനീതിശാസ്ത്രത്തെ അല്പം പഠിച്ചാൽ നല്ലത്; ജീവിച്ചിരിക്കുന്ന തങ്ങളുടെ ഉറ്റവരെയും ചുറ്റുമുള്ളവരെയും ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങളെയും വേഷംകെട്ടലു കളില്ലാതെ ആദരിക്കാനും ദൈവത്തിന്റെ മക്കളായിട്ട് മനസ്സിലാക്കാനും സ്നേഹിക്കാനും സഹായിക്കാനും

ശ്രദ്ധിക്കുവാനുമുള്ള മര്യാദ കാട്ടുന്നുവെങ്കിൽ (നിങ്ങൾക്ക്) ഏറ്റവും നല്ലത്; പാപവും ദൈവശിക്ഷകളും കുറയുന്നതാണ്.

ബ്രിട്ടീഷ് ഭരണാധികാരികൾ ഉൾപ്പെടെ യാതൊരു രാജ്യങ്ങളിലുമുള്ള യാതൊരാളെയും ശത്രുവായി കാണരുതെന്ന് ഗാന്ധിജി പറഞ്ഞത് ദൈവ വചനമാണ്. എല്ലാവരും ദൈവത്തിന്റെ കുഞ്ഞുങ്ങളാണ്.

"ആര് ഭരിക്കണം എന്നതല്ല, എങ്ങനെ ഭരിക്കണം : ധർമ്മശാസ്ത്രപരമായിട്ട് ഭരിക്കണം എന്നതാണ് ജനങ്ങളുടെ യഥാർത്ഥമായ ആവശ്യം."

ധർമ്മശാസ്ത്രപരമായിട്ട് ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ ജനങ്ങളുടെ ദാസന്മാരായ മന്ത്രിമാരും സർക്കാർ-ജീവനക്കാരും പോലീസുകാരും ഉൾപ്പെടെയുള്ള ഭരണാധികാരികൾ തയ്യാറാകുമ്പോൾ, ജനങ്ങളുടെയെല്ലാം സ്നേഹവും ആദരവും ഭരണാധികാരി കൾക്കു ലഭിക്കുന്നതാണ്. പ്രസ്ഥാനങ്ങളുടെ പേരിലുള്ള പ്രകടന പത്രിക, നയരേഖ, പ്രവർത്തന പദ്ധതി തുടങ്ങിയ പൂച്ചാണ്ടിക്കാര്യങ്ങളെയും രാഷ്ട്രങ്ങളുടെ പേരിൽ അജ്ഞാനികളും അവിവേകികളുമായ മനുഷ്യർ തട്ടിക്കൂട്ടിയിട്ടുള്ള ഭരണഘടനകളെയും തള്ളിക്കളഞ്ഞുകൊണ്ട്, മണ്ണിന്റെ നിയമങ്ങളെ സ്വീകരിക്കാനും അവ പ്രകാരം മാത്രം ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ ശ്രദ്ധിക്കണം. വലിയ അഴിച്ചുപണിയും ആവശ്യമാവും. ദൈവീകമായ സാമ്പത്തിക ശാസ്ത്രം, സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും, യഥാർത്ഥമായ സോഷ്യലിസത്തെയും

ഒന്നിച്ചു സാദ്ധ്യമാക്കുന്നത് മഹാവിപ്ലവമാണ്; ധാർമ്മിക ശുദ്ധിയും ആത്മാർത്ഥതയും ഏറെയുള്ളവർക്കു മാത്രമേ നടപ്പാക്കാൻ കഴിയൂ. മണ്ണിന്റെ നിയമങ്ങളെ അറിയുകയും അനുസരിക്കുകയും ചെയ്യുമ്പോൾ, മണ്ണിന്റെ അഥവാ ദൈവത്തിന്റെ മഹാഅനുഗ്രഹം ഉണ്ടാകുന്നതാണ്. www.omsathyam.com വെബ്സൈറ്റിൽ മഹാശാസ്ത്രപരമായി വിശദീകരിച്ചിട്ടുള്ളതിനെ ഉൾക്കൊണ്ട്; ദൈവ-വിപ്ലവം ആരംഭിക്കുന്നത് കാത്തിരിക്കാതെ എല്ലാ പ്രസ്ഥാനങ്ങളിലുമുള്ള നേതാക്കന്മാർക്കും അനുചരന്മാർക്കും (ദൈവത്തിന്റെ കുഞ്ഞുങ്ങൾക്കെല്ലാം) പ്രവർത്തിക്കാവുന്നതാണ്; ആർജ്ജവവും ധർമ്മശാസ്ത്രപരമായ യോഗ്യതകളും ഉള്ളവർ ഉണ്ടായാൽ എല്ലാം ശരിയാകും. ഇല്ലെങ്കിലും വിഷമം വേണ്ട; ദൈവ-വിപ്ലവത്തോടെ ദൈവം എല്ലാം ശരിയാക്കും. "എല്ലാം ശരിയാകും" എന്ന ദൈവീക-വചനം ലഭിച്ച ഭാഗ്യശാലികൾക്കും അല്പമെങ്കിലും ശരിയാക്കാനാവുമോ എന്നും നോക്കാം.

കോപ്രായങ്ങൾ കാട്ടുന്നതോ, അവ കണ്ടും കേട്ടും പാവങ്ങളോ വിഡ്ഢികളോ ആയ ജനങ്ങൾ കൈയ്യടിക്കുന്നതോ അല്ല സമൂഹ ഭരണം. പൊതുവെ വൃദ്ധർക്കു മനസ്സിലാകുമെങ്കിലും, വൃദ്ധരായ ഭരണാധികാരികൾക്കു മനസ്സിലാകണമെങ്കിൽ ദൈവീകം വർദ്ധിക്കണം; അഹംഭാവം വെടിഞ്ഞ് സാത്വികമായിട്ട് ജീവിക്കുമ്പോൾ, ധർമ്മ ശാസ്ത്ര പ്രഭാവം വ്യക്തിയുടെ ശരീരത്തിലും മനസ്സിലും വർദ്ധിക്കുന്നതാണ്. .... ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങളെയും ആദരിക്കാനും ദൈവത്തിന്റെ മക്കളായിട്ട് മനസ്സിലാക്കാനും സ്നേഹിക്കാനും സഹായിക്കാനും ശ്രദ്ധിക്കുവാനുമുള്ള താല്പര്യങ്ങൾ വർദ്ധിക്കുന്നതോടെയും ശക്തിക്കൊത്ത് പ്രവർത്തിക്കുന്നതോടെയും ദൈവീക പ്രഭാവം ഉയരുന്നു.

ദൈവ-വിപ്ലവത്തോടെ ജനങ്ങളുടെ അജ്ഞാനവും അവിവേകവും അകലുന്നതും, വ്യക്തിയാണ് വലുതെന്നും, അസ്തിത്വമില്ലാത്തതായ പ്രസ്ഥാനങ്ങളുടെ പേരിലാണ് (അന്യോന്യം സ്നേഹിക്കുകയും പരിചരിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യേണ്ടുന്നതിനു പകരം) വഴക്കും ബഹളവുമായിട്ട് ദൈവത്തിന്റെ കുഞ്ഞുങ്ങളായ ജനങ്ങളെല്ലാം കഴിഞ്ഞുപോന്നതെന്നും മനസ്സിലാക്കുന്നതാണ്. തീർച്ചയായും എല്ലാം ശരിയാകും.

മാറ്റത്തെ സൂചിപ്പിക്കുന്നതിന് മനുഷ്യരുടെ അത്യാവശ്യമായ ഭക്ഷണ കാര്യത്തെ ഉദാഹരണമാക്കാം :- ആധുനിക കാലത്ത് എല്ലാ ജനങ്ങൾക്കും ആശ്രയിക്കേണ്ടി വരുന്ന ഒരു സ്ഥാപനമാണ് ഹോട്ടൽ. ഭക്ഷണത്തിന് അമിത വില കൊടുക്കേണ്ടി വരുന്നത് മിക്കപ്പോഴും ഹോട്ടലുകളെ നടത്തുന്നവരുടെ കുഴപ്പം കൊണ്ടല്ല. വോട്ടു തെണ്ടികൾ അവരെയും മാന്യമായി തൊഴിൽ ചെയ്യാൻ സമ്മതിക്കില്ല. മാത്രമല്ല; ഒടുക്കത്തെ നികുതികളുമായി അവരെയും ഭക്ഷണം കഴിക്കാൻ പോകുന്ന ജനങ്ങളെയും കൊല്ലാക്കൊല ചെയ്യും. പൊതു സ്ഥലങ്ങളിൽ മൂത്രം ഒഴിക്കരുത് എന്നു പറഞ്ഞു കൊണ്ട് അതിനും ആളെ വച്ച് പണം പിടുങ്ങുന്ന വോട്ടു തെണ്ടികൾ അറിയുക: ഭൂമിയിൽ ഉടൻ ദൈവവിപ്ലവം മഹാആരംഭിക്കുമ്പോൾ സൗജന്യ സത്രങ്ങളും ശൗചാലയങ്ങളും പരക്കെ ഉണ്ടാകുന്നതാണ്. യാത്രക്കാർ ഉൾപ്പെടെയുള്ള നാട്ടിലെ സാധാരണ ജനങ്ങൾക്ക് ശുചിത്വകാര്യങ്ങൾക്കും (വിസർജ്ജന ആവശ്യങ്ങൾക്കും), ഒരല്പം വിശ്രമിക്കാനും, ഒന്ന് ഉറങ്ങാനും, ഭക്ഷണത്തോടെ ഒരു രാത്രി സൗജന്യമായിട്ട് താമസിക്കാനുമൊക്കെയുള്ള പൊതുസങ്കേതങ്ങൾ ഓരോ നാട്ടിലും ഉണ്ടാകേണ്ടത് പൊതു ആവശ്യമാണ്. സത്രം എന്ന

പേരിൽ രാജഭരണകാലത്ത് പ്രസ്തുത സൗകര്യം ഉണ്ടായിരുന്നു. വഴിയോരങ്ങളിൽ സമൃദ്ധമായി ഫലവൃക്ഷങ്ങളും. ഇന്നത്തെ മന്ത്രിമാർക്കും ശിങ്കിടികൾക്കും, കുടുംബാംഗങ്ങൾക്കുമെല്ലാം, ജനങ്ങളുടെ ചിലവിൽ കോടികൾ മുടക്കി സ്വദേശത്തും വിദേശത്തുമുള്ള വിശ്രമസങ്കേതങ്ങളിൽ ദിവസങ്ങളോ ആഴ്ചകളോ ഒക്കെ വിശ്രമങ്ങളും കൂത്താട്ടങ്ങളും ആകാമെങ്കിൽ അവരെയെല്ലാം തീറ്റിപ്പോറ്റുന്ന സാധാരണ ജനങ്ങൾക്ക് അത്യാവശ്യത്തിന് ഒരു രാത്രിനേരം സൗജന്യമായിട്ട് ഭക്ഷിക്കാനും തങ്ങാനും വിശ്രമിക്കാനും, സത്രങ്ങൾ ഉൾപ്പെട്ട പൊതുസങ്കേതങ്ങൾ വേണ്ടേ ? കടുത്ത മനോരോഗികളായ വോട്ടു തെണ്ടികൾക്ക് ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾ എന്തൊക്കെ എന്ന് അറിയില്ല!

മറ്റൊരു ഉദാഹരണം കൂടി കുറിക്കാം. കേരളത്തിലും, ഭൂമിയിലെ അനേകം പ്രദേശങ്ങളിലുമുള്ള, നാട്ടുകാരുടെ പ്രാദേശികവും ബഹുവിധ പ്രധാനവുമായ ഒരു അത്യാവശ്യമാണ് ട്രെയിൻ. ഉദാഹരണത്തിന് അടൂർ, മണ്ണടി, നൂറനാട്, കായംകുളം, പന്തളം, കോഴഞ്ചേരി, പത്തനംതിട്ട, റാന്നി, പമ്പ, കാഞ്ഞിരപ്പള്ളി, തേക്കടി, കോന്നി, പത്തനാപുരം, പുനലൂർ, കൊട്ടാരക്കര, തിരുവനന്തപുരം, തുടങ്ങിയ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ട്രെയിനുകൾക്കു വേണ്ടി പതിറ്റാണ്ടുകളായി നാട്ടുകാർ സംസ്ഥാനങ്ങളിലെ വോട്ടു തെണ്ടികളോടു കെഞ്ചുന്നു. അവർ കേന്ദ്രത്തിലെ വോട്ടു തെണ്ടികളോട് കെഞ്ചുന്നു. അങ്ങനെ അങ്ങനെ.. കേന്ദ്ര ഭരണകൂടവും മറ്റും ഗൗനിക്കാത്തത് യഥാർത്ഥത്തിൽ അവരുടെ കുറ്റമല്ല. വ്യക്തിയും (സമൂഹവും/നാട്ടുകാരും) അവരവരുടെ രോഗങ്ങൾക്കും ആവശ്യങ്ങൾക്കും സ്വയം വഴി

കണ്ടെത്തുന്നതിനെ ട്രെയിൻ ഉൾപ്പെടെ എല്ലാ വിഷയത്തിലും സ്വീകരിക്കണമെന്നത് ലളിതമായ ധർമ്മ ശാസ്ത്ര പാഠമാണ്. പകരം വോട്ടു തെണ്ടികളെ അനുകരിച്ച് അവരോടും മറ്റുള്ളവരോടും തെണ്ടുന്നത് മനോരോഗമാണ്. പ്രദേശങ്ങളെയും, പ്രദേശങ്ങളിലെ ജനങ്ങളെയും, ജനങ്ങളുടെ അത്യാവശ്യങ്ങളെയും ആവശ്യങ്ങളെയും അറിയാത്തവരും ധർമ്മ ശാസ്ത്ര പ്രകാരം അറിയേണ്ടതായ ആവശ്യമില്ലാത്തവരുമായ കേന്ദ്രഗവൺമെന്റ് മന്ത്രിമാരെയും മറ്റും പ്രദേശവാസികളുടെ ആവശ്യങ്ങളെയും അത്യാവശ്യങ്ങളെയും അറിയിക്കാനും, വിഷയ ബന്ധമില്ലാത്ത മേല്പടിയാന്മാരുടെ സമ്മതത്തിനായി തെണ്ടി നടക്കുന്നതും, .... ലക്ഷം പേരുടെ ഒപ്പുശേഖരണം നടത്തുന്നതും, ധർണ്ണയും മറ്റു സമരമുറകളും പയറ്റുന്നതും ആവശ്യക്കാരായ നാട്ടുകാർക്കും, നാലാമൻ മാത്രമായ മധ്യസ്ഥനും (കേന്ദ്ര ഭരണാധികാരികൾക്കും) കടുത്ത മനോരോഗം ബാധിച്ചതുകൊണ്ടാണ്. കടുത്ത മനോരോഗികൾ മാത്രമായ വോട്ടു തെണ്ടികൾക്ക് യാതൊരു സ്ഥാനവും കൊടുക്കാതെ ഗ്രാമപ്പഞ്ചായത്തിലൂടെ ട്രെയിൻ ഗതാഗത ആവശ്യത്തെ പരിഹരിക്കാൻ കഴിയുന്നതാണ്; കഴിയണം. ആവശ്യമില്ലാത്ത മധ്യസ്ഥനെ ജനങ്ങൾ ഉപയോഗിക്കുമ്പോൾ ജനങ്ങളുടെ മനോരോഗം വർദ്ധിക്കുന്നതാണ്. വ്യക്തിയുടെ ഇഷ്ടങ്ങൾക്കൊത്ത് വീടും വാഹനവും ഫോണും മറ്റും നിർമ്മിക്കാനും വാങ്ങാനും വ്യക്തിസ്വാതന്ത്ര്യം ഉള്ളതു പോലെ, ഗ്രാമ പഞ്ചായത്തിലെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾ പരിഹരിക്കാൻ ധർമ്മ ശാസ്ത്ര പ്രകാരം ധനം കണ്ടെത്തണം; സ്വയം പരിഹരിക്കണം. ദൈവീകമായ സാമ്പത്തിക ശാസ്ത്ര പ്രകാരം സ്വയം സമ്പാദിച്ചല്ലാതെ അധിക സമ്പത്തിനെ ലഭിച്ച

പുരുഷന്മാരുടെയും / സൂക്ഷിക്കുന്നവരുടെയും അധിക സമ്പത്തിനെ പിടിച്ചെടുക്കുകയും, പൊതുവായ ആവശ്യങ്ങൾ പരിഹരിക്കാൻ 'ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം' എന്ന ക്രമത്തിൽ പ്രവർത്തിക്കേണ്ടതും ഗ്രാമപ്പഞ്ചായത്ത് ആണ്. (ദൈവീകമായ സാമ്പത്തിക ശാസ്ത്ര പ്രകാരം, ജീവിച്ചിരിക്കുമ്പോൾ അന്യോന്യം ധർമ്മശാസ്ത്രപരമായിട്ട് സ്നേഹിച്ചുകൊള്ളുക എന്നല്ലാതെ തങ്ങളുടെ മരണശേഷം മക്കളും കൊച്ചു മക്കളും ഉറ്റവരുമെല്ലാം ആനന്ദിച്ചു ജീവിക്കുന്നതിന്നു വേണ്ടി സമ്പാദിക്കാൻ യാതൊരാൾക്കും അവകാശമില്ല. വ്യക്തി മരിക്കുമ്പോൾ സാധിക്കുമെങ്കിൽ സമ്പത്തിനെ കൂടെ കൊണ്ടു പോകാം! ഭൂമിയും ഭൂമിയിലെ സമ്പത്തുകളും ദൈവത്തിന്റേതാണ്. തോന്നും പോലെ ഉപയോഗിക്കാൻ ശൂന്യത്തെയോ ശൂന്യതയിൽ നിന്നും എന്തെങ്കിലുമോ സൃഷ്ടിക്കാൻ കഴിവില്ലാത്ത മനുഷ്യന് അവകാശവും അധികാരവും ഇല്ല.).

മഹാനീതിപതിയും മഹാവാത്സല്യവുമായ ദൈവം, ഗാന്ധിജി യിലൂടെ തുടക്കമിട്ട യഥാർത്ഥമായ ഗ്രാമ പഞ്ചായത്തുകൾ പ്രവർത്തിക്കുന്നത് എങ്ങനെ എന്നു കൂടിയാണ് സുവ്യക്ത മാക്കിയത്. പോലീസ് സേന ഉൾപ്പെടെ എല്ലാ പൊതു സ്ഥാപനങ്ങളും ഗ്രാമ പഞ്ചായത്തിന്റെ ഭാഗമായി പ്രവർത്തി ക്കുന്നതാണ്; സേവനത്തിന് വേതനവും നൽകുന്നതാണ്. യാതൊരു നികുതികളും ചുമത്താതെ പൊതു ആവശ്യങ്ങളെ പരിഹരിക്കാനുള്ള ധനം ദൈവീകമായ സാമ്പത്തിക ശാസ്ത്ര പ്രകാരം ലഭിക്കുന്നതാണ്. മേൽ സൂചിപ്പിച്ച പാഠത്തെ ലളിതമായി സ്വയം വിശകലനം ചെയ്താൽ മതിയാകും. പോരെങ്കിൽ, www.omsathyam.com -ൽ ലഭ്യമായ മഹാഗ്രന്ഥം പഠിക്കുക. ദൈവ വിപ്ലവ വിശകലനം 2-ലും 3-ലും

ഭരണകാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്. വോട്ടു തെണ്ടികൾ എന്നതിനോട് കാശ്-തെണ്ടികൾ എന്നു കൂടി ചേർക്കണം എന്ന് ആവശ്യപ്പെടുന്നവർ ക്ഷമിക്കുക. പിടിച്ചു പറിക്കാനുള്ള തുക നിശ്ചയിച്ച്, രശീത് അച്ചടിച്ചു കൊണ്ട് സംഘമായി വരുന്ന മതജാതി-രാഷ്ട്രീയ പ്രസ്ഥാനങ്ങളിലെയും മറ്റും അംഗങ്ങളെ തെണ്ടികൾ എന്ന് എങ്ങനെ വിളിക്കാൻ കഴിയും? ഗുണ്ടകൾക്കും മേലെ !

*കാവലാൾ / സംരക്ഷകൻ*

കർത്താവായ ദൈവം എന്നതിന്റെ പൂർണ്ണ രൂപം "സൃഷ്ടി-സ്ഥിതി-സംഹാരങ്ങളുടെ കർത്താവായ ദൈവം" എന്നാണ്. മഹാഭരണാധികാരിയും മഹാനീതിപതിയും മഹാശക്തിയായ ദൈവം മാത്രമാണ്.

നാട് അഥവാ ഭൂമി അഥവാ ദൈവം, ജീവികളുടെയെല്ലാം കാവലാൾ കൂടിയാണ്. "സ്ഥിതി കർത്താവായ ദൈവം " എന്നതിന്റെ പര്യായ പദങ്ങൾ മാത്രമാണ് "കാവലാൾ, സംരക്ഷകൻ" തുടങ്ങിയവ. കാവലാൾ, സംരക്ഷകൻ എന്നിങ്ങനെയുള്ള പദങ്ങളെ സ്വയം വിശകലനം ചെയ്താൽ, ജീവികളെല്ലാം ഉൾപ്പെടെയുള്ള മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ 1000 കോടിയിലേറെ വർഷങ്ങളായിട്ട് ഒരു സെക്കന്റ് സമയത്തെ പോലും ഒഴിവാക്കാതെ മഹാശക്തിയായ ദൈവം മഹാനിർവ്വഹിക്കുന്ന മഹാത്ഭുത മഹാധർമ്മമാണ് എന്നു ബോദ്ധ്യമാകുന്നതാണ്. ദൈവത്തിനു മാത്രം ചേരുന്ന അത്തരം പദങ്ങളെ അഹംഭാവികളും വിവരദോഷികളും ദുരുപയോഗം ചെയ്യുന്നത് ഭൂമിയിലെങ്ങും സാധാരണമായിട്ടുണ്ട്. ബുദ്ധിശക്തി, ഓർമ്മശക്തി

തുടങ്ങിയവ അധികം ലഭിച്ച മനുഷ്യർക്ക് കൂടുതൽ ശ്രദ്ധിക്കുവാൻ സ്വയം ബാദ്ധ്യതയുണ്ട്. ശ്രദ്ധിക്കണം; സ്നേഹ വാത്സല്യങ്ങളോടെ ഉപദേശിക്കുന്നു.

*കുരങ്ങ്, സിംഹം എന്നീ ജീവികൾക്കും ഉന്നതമായ ബുദ്ധിശക്തികളെ ലഭിക്കുന്നു.*

മഹാഗ്രന്ഥത്തിലെ മഹാനീതിശാസ്ത്രത്തെ പഠിക്കുമ്പോൾ, മഹാപിതാവും മഹാമാതാവും മഹാഭരണാധികാരിയും മഹാനീതിപതിയും ഭൂമിയുമായ ദൈവം, മനുഷ്യർ ഉൾപ്പെടെയുള്ള സൃഷ്ടികൾക്കെല്ലാം എല്ലായ്പ്പോഴും മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട് എന്ന് മഹാശാസ്ത്രപരമായിട്ട് ബോദ്ധ്യപ്പെടുന്നതാണ്. മത്സ്യം, സസ്യം, പക്ഷി, മൃഗം, മനുഷ്യൻ എന്നിങ്ങനെയുള്ള 5 വിഭാഗത്തിലെ ജീവികളും ക്രമേണ പരിണമിച്ചാണ് മനുഷ്യാവസ്ഥയിൽ എത്തിക്കൊണ്ട് ആത്മീയ സാക്ഷാത്ക്കാരത്തെ നേടുന്നത്. മനുഷ്യാവസ്ഥയിൽ 100 ജന്മങ്ങളെ ഓരോ ജീവാത്മാവും സ്വീകരിക്കേണ്ടതുണ്ട്. മനുഷ്യാവസ്ഥയിൽ കടുത്ത അപരാധങ്ങളെ ചെയ്താൽ ജന്തു ശിക്ഷകളുണ്ട്.

ദൈവം എന്ന പദത്തിൽ നിന്ന് വൈദ്യം എന്ന പദത്തെ നിർമ്മിക്കുന്നതും, ജീവരക്ഷയുമായി ബന്ധപ്പെട്ട ഉന്നതമായ വൈദ്യത്തെ തൊഴിലായിട്ട് സ്വീകരിക്കുന്നവർ കടുത്ത അപരാധങ്ങളെ ചെയ്താലുള്ള ജന്തു ശിക്ഷയെ "ഡോക്ടർ" എന്ന ഇംഗ്ലീഷ് പദത്തിൽ ഒളിപ്പിച്ചിട്ടുണ്ട്. മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

കൂടാതെ, ജനങ്ങളുടെ പൊതുവായ ആവശ്യങ്ങളെ നിർവ്വഹിക്കാനായിട്ട് ജനങ്ങൾ നിശ്ചയിക്കുകയും നിയമിക്കുകയും ഊട്ടുകയും ചെയ്യുന്ന ജനങ്ങളുടെ ദാസന്മാരായ മന്ത്രിമാരുടെ അഥവാ രാജാവിന്റെ അഥവാ

ന്യായാധിപന്മാരുടെ തൊഴിൽ, സമൂഹത്തിലെ *"key" role* (താക്കോൽ പോലെ പ്രധാനമാണ്) എന്നും കടുത്ത അപരാധങ്ങളെ ചെയ്താൽ key എന്ന പദം ചേരുന്ന കുരങ്ങ് *mon'key',* കഴുത *don'key'* എന്നീ ജന്തുക്കളായിട്ട് പുനർജ്ജനിപ്പിക്കാനും, ഇടയ്ക്കിടെ മനുഷ്യാവസ്ഥയിലെ മുജ്ജന്മങ്ങളെ ഓർമ്മിച്ച് ശിക്ഷകളെ വർദ്ധിപ്പിക്കാനും മഹാനീതിപതിയായ ദൈവം മഹാനീതിശാസ്ത്ര പ്രകാരം വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്.

ദൈവ-വിപ്ലവത്തോടെ, മഹാനീതിപതിയായ ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാനിശ്ചയിച്ചിക്കുന്ന "കുറച്ചു കാലം" കുരങ്ങ്, സിംഹം എന്നീ ജീവികൾക്കും മനുഷ്യർക്കു നൽകിപ്പോന്ന ബുദ്ധിശക്തികളെയും ഓർമ്മശക്തികളെയും മഹാഅനുഗ്രഹിച്ചു നൽകുന്നതും സിലോൺ എന്ന ദ്വീപിലെ ഉന്നത ജീവികളായിട്ട് അവർ ജീവിക്കുന്നതും, മനുഷ്യരുടെ അഹംഭാവങ്ങളും ഭോഷത്തങ്ങളും കുറയ്ക്കാനുള്ള ദൈവീകമായ നടപടിയായി പരിണമിക്കുന്നതുമാണ്.

ജനങ്ങളുടെ *പൊതുവായ ആവശ്യങ്ങളെ നിറവേറ്റാൻ*, ജനങ്ങൾ ചുമതലപ്പെടുത്തുന്ന ദാസന്മാരുടെ സേവനം അഥവാ ഭരണം ആവശ്യമാണ്; *ധർമ്മശാസ്ത്രപരമായിട്ട് ഭരിക്കണം എന്നല്ലാതെ ദാസന്മാരായ ഭരണാധികാരികൾ സ്വദേശികളാണോ വിദേശികളാണോ, "കുരങ്ങ് ഉൾപ്പെടെയുള്ള മറ്റേതെങ്കിലും ജീവികളാണോ" എന്നതും വിഷയമല്ലായെന്നു മനസ്സിലാക്കണം. ഒരേ ഭൂമിയുടെ അഥവാ ഒരേ ദൈവത്തിന്റെ കുഞ്ഞുങ്ങളാണെന്ന ഉൾക്കാഴ്ചയോടെ, പരസ്പരം സാത്വികമായിട്ട് സ്നേഹിക്കുകയും പരിചരിക്കുകയും സഹായിക്കുകയും ശുശ്രൂഷിക്കുകയും ചെയ്ത് ആനന്ദങ്ങളെ ആസ്വദിച്ചു ജീവിക്കുന്നതിൽ ജനങ്ങളുടെ ശ്രദ്ധ വർദ്ധിക്കണം.

*(3.4)*. മനോരോഗ ചികിത്സയുടെ നാലാം ഭാഗം :- *മത-ജാതി-ജീവികൾ കടുത്ത മനോരോഗികളാണ്; മറ്റുള്ളവർക്ക് മനോരോഗങ്ങളെ ഉണ്ടാക്കുന്നുമുണ്ട്.*

*ബുദ്ധിശക്തി കൂടുതൽ ലഭിച്ച മനുഷ്യൻ എന്ന ജീവിയിലെ ചെറുപ്പക്കാർക്ക്, വിശാലമായും സ്വതന്ത്രമായും മനുഷ്യരിൽ നിന്നും ഇണയെ കണ്ടെത്താനും മോഹിക്കാനും വിവാഹം കഴിക്കാനും തടസ്സമുണ്ടാക്കുകയും; വളർത്തി വലുതാക്കിയ മാതാപിതാക്കളെയും ഉറ്റവരെയും മറികടന്ന് അധികാരം ചെലുത്തുകയും, മധ്യസ്ഥത നിർബ്ബന്ധമാക്കുകയും, സാമ്പത്തികമായി കൊള്ളയടിക്കുകയും, മതജാതി-നിയമങ്ങളെ അടിച്ചേൽപ്പിക്കുകയും, മണ്ണിൽ ജീവിച്ചു കൊണ്ട് മണ്ണിന്റെ നിയമങ്ങളെ അവഗണിക്കുകയും ചെയ്യുന്ന, കൊടിയ നീചരായ മതജാതി പുരോഹിതന്മാരെയും കിങ്കരന്മാരെയും മറ്റും എന്താണ് വിളിക്കേണ്ടത് ?* എങ്ങനെയാണ് പ്രതികരിക്കേണ്ടത്?

*വളർത്തി വലുതാക്കിയ തങ്ങളുടെ പൊന്നോമന മക്കളുടെ ഇഷ്ടങ്ങൾക്കൊത്ത് ഇണകളെ കണ്ടെത്താൻ, മറ്റു മാതാപിതാക്കളുമായി വിശാലമായും സ്വതന്ത്രമായും മനുഷ്യരായി ആലോചിച്ചു- നീങ്ങുന്നതിനു തടസ്സമുണ്ടാക്കുകയും, മധ്യസ്ഥത നിർബ്ബന്ധമാക്കുകയും, സാമ്പത്തികമായി കൊള്ളയടിക്കുകയും, യജമാനന്മാരെപ്പോല ഭരിക്കുകയും, മതജാതി-നിയമങ്ങളെ അടിച്ചേൽപ്പിക്കുകയും ചെയ്യുന്ന,

## കൊടിയ നീചരായ മതജാതി-പുരോഹിതന്മാരെയും കിങ്കരന്മാരെയും മറ്റും എന്താണ് വിളിക്കേണ്ടത് ?* എങ്ങനെയാണ് പ്രതികരിക്കേണ്ടത്?

*ദൈവം സൃഷ്ടിച്ചിട്ടുള്ള പശുവിന് പശുക്കുട്ടി, പട്ടിക്ക് പട്ടിക്കുട്ടി, .... ബുദ്ധിശക്തി കൂടുതൽ ലഭിച്ച മനുഷ്യർക്ക് മാത്രം മത-ജാതിക്കുട്ടി.* ഛെ, കഷ്ടം. ദൈവം 750 കോടി മനുഷ്യരെ സൃഷ്ടിച്ചെങ്കിലും ഭൂമിയിൽ മനുഷ്യരില്ല; പരിണമിച്ച് മത-ജാതി-രാഷ്ട്രീയ-നിരീശ്വര ജീവികളായിരിക്കുന്നു!

*മണ്ണായ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ 'മണ്ണിൽ' മഹാലയിച്ചിട്ടുള്ള *ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കുന്നതിൽ മാത്രമേ ശ്രദ്ധിക്കാൻ പാടുള്ളൂ.* പെരുമാറ്റങ്ങളും പ്രതികരണങ്ങളും പ്രതിഷേധങ്ങളും ... സർവ്വതും ധർമ്മ ശാസ്ത്രപരമായിരിക്കണം.

*മനുഷ്യന് മരണാനന്തര ജീവിതത്തെയും മോക്ഷത്തെയും മഹാഅനുഗ്രഹിച്ചു നൽകുന്നത് ദൈവമാണ്; ദൈവത്തിന്റെ വിഷയമാണത്; മനുഷ്യരുടെ വിഷയമല്ല.* വിഷയമാക്കണമെന്ന് മണ്ണിൽ മഹാലയി(പ്പി)ച്ചിട്ടുള്ള നിയമങ്ങൾ അഥവാ ദൈവശാസ്ത്രം അഥവാ ദൈവം ആവശ്യപ്പെടുന്നുമില്ല. ബുദ്ധിശക്തി കുറഞ്ഞ മറ്റുള്ള ജീവികൾക്കാണ് ശ്രേഷ്ഠത എന്ന് സുവ്യക്തമായി ബോദ്ധ്യപ്പെടുത്തും വിധം, *ദൈവത്തിന്റെ കാര്യമായ വിഷയങ്ങളെ അലങ്കോലപ്പെടുത്താൻ മനുഷ്യക്കോലത്തിൽ ജീവിക്കുന്ന മതജാതി ജീവികൾ* പ്രവർത്തിച്ചു. മതാചാര്യന്മാരും മതപണ്ഡിതന്മാരും മതപുരോഹിതരും മത-അനുയായികളും മതഭ്രാന്തരും ഉണ്ടാക്കിയതും പ്രചരിപ്പിക്കുന്നതുമായ *അബദ്ധ ഭണ്ഡാരങ്ങളായ മതങ്ങളിലൂടെ മരണാനന്തര ജീവിതത്തെയും മോക്ഷത്തെയും മനുഷ്യരുടെ വിഷയമാക്കിയതാണ് കൊടിയ വിപത്തായത്.*

## മത-ജാതി-ജീവികളെ *കടുത്ത മനോരോഗികളെന്നും തീവ്രവാദ-മനോരോഗികളെന്നും* മാത്രം വിളിച്ചാൽ മതിയോ?

***പിടിച്ചു പറിക്കാർക്കും കൊള്ളക്കാർക്കും 'ജനാധിപത്യ ഭരണാധികാരികൾ' എന്നും മറ്റും പേരിട്ടതു കൊണ്ട് മനുഷ്യരുടെ പ്രത്യക്ഷ ദൈവമായ സ്വന്തമെന്നോണമുള്ള ശരീരം അടങ്ങുന്നതല്ല.***

**മനുഷ്യചരിത്രം പഠിച്ചാൽ, മതജാതിപ്പരിശകൾ നൂറ്റാണ്ടുകളായും സഹസ്രാബ്ദങ്ങളായും ഉണ്ടാക്കി പ്പോരുന്ന മതജാതി യുദ്ധങ്ങളുടെ കൊടും നീച ചരിത്രം മാത്രമേ ഉള്ളൂ എന്ന് തോന്നിപ്പോകും!**

**മണ്ണിലെ നിയമങ്ങളുമായിട്ട് അഥവാ ദൈവശാസ്ത്രവുമായിട്ട് *'ഭരണശാസ്ത്രത്തിന് '* യാതൊരു ബന്ധവുമില്ല എന്നു സ്വയം കരുതുകയും മൂഢരായ രാഷ്ട്രീയ നേതാക്കളുടെ അത്തരം വാദങ്ങളെ ശരിവെച്ചു കൊണ്ട് *ഭരണാധികാരികളെയും ജനങ്ങളെയും വഴിപിഴപ്പിക്കുകയും ചെയ്യുന്ന കൊടിയ നീചരും വഞ്ചകരുമായ മതജാതി ജീവികളും അവരുടെ നേതാക്കളും അറിഞ്ഞും അറിയാതെയും നല്ലപിള്ളകളായി സമൂഹത്തിൽ ജീവിക്കുകയാണ്. അവർക്ക് കൂടുതൽ ഉചിതമായ പേര് വേണ്ടേ? *ധൂർത്തൻ, വഞ്ചകൻ, നാടോടി, തെണ്ടി,* എന്നിവയാണ് *'എമ്പോക്കി'* എന്ന പദത്തിന്റെ അർത്ഥം. എമ്പോക്കികൾ എന്നു വിളിക്കുമ്പോൾ ശബ്ദത്തിന് സൗന്ദര്യം വർദ്ധിക്കുന്ന പ്രതീതി ഉണ്ട്.**

***പിശാചിന്റെ പ്രവൃത്തി ചെയ്യുന്ന വഴിതെറ്റിയ കുഞ്ഞാടുകളും ദൈവത്തിന് സ്വന്തം കുഞ്ഞുങ്ങളാണ് .... ആകയാൽ ദൈവവും, ഈയുള്ളവനും കുഞ്ഞുങ്ങളെ വേദനിപ്പിക്കുന്ന പേരുകൾ കൊണ്ട് അവരെ വിളിക്കില്ല. ദൈവത്തിന്റെ കുഞ്ഞുങ്ങൾ അന്യോന്യവും അങ്ങനെ വിളിച്ചുകൂടാ ... അപ്പോൾ പിന്നെ ... അവർ സ്വയം പേരുകൾ മാറ്റി വിളിച്ചു ലജ്ജിക്കട്ടെ, തിരുത്തട്ടെ! അവരെ**

വളർത്തുകയും അനുസരിക്കുകയും ചെയ്യുന്ന മനോരോഗികളായ ഭരണാധികാരികളും, ഭരണാധികാരികളെ ഊട്ടുന്ന (മനോരോഗികളായ) ജനങ്ങളും സ്വയം ലജ്ജിക്കട്ടെ, തിരുത്തട്ടെ! മനുഷ്യൻ എന്ന ജീവിയാണെന്ന തിരിച്ചറിവ് പോലും ഇല്ലാതെ മത-ജാതി-മനോരോഗികൾക്കു ജയ് വിളിച്ചു - ജീവിച്ചു കൊണ്ട് മത-ജാതിയിലെ ഇണയെ തേടുന്ന ആണും പെണ്ണും കെട്ട *യുവാക്കൾ* സ്വയം ലജ്ജിക്കട്ടെ, തിരുത്തട്ടെ! ഭൂമിയിലെങ്ങും വ്യാപകമായ മത-ജാതി-മനോരോഗങ്ങൾ അവസാനിച്ച് സർവ്വരും ദൈവം സൃഷ്ടിച്ചിട്ടുള്ള മനുഷ്യരായി മാറട്ടെ!*

(*യുവാക്കൾ* ക്കു പകരം *യുവജനങ്ങൾ* എന്നല്ലേ വേണ്ടത് എന്നു കരുതുന്നവർ അറിയുക : സാമൂഹ്യ കാര്യങ്ങൾ 'സ്ഥിതി' പരമാണ്; പുരുഷന്റെ മാത്രം ചുമതലയാണ്. സൃഷ്ടിയിൽ സ്ത്രീയ്ക്ക് പ്രാമുഖ്യം, സ്ഥിതിയിൽ പുരുഷന് പ്രാമുഖ്യം സംഹാരത്തിൽ സമ പ്രാമുഖ്യം എന്നത് മണ്ണിലെ നിയമം ആണ്; പുരുഷ ജന്മത്തിലെ 'കുറവും കൂടുതലും' പരിഹരിക്കാൻ സ്ത്രീജന്മവും സ്ത്രീജന്മത്തിലെ 'കുറവും കൂടുതലും' പരിഹരിക്കാൻ പുരുഷ ജന്മവും ലഭിക്കുന്നതാണ്. അങ്ങനെയല്ലാതെ സ്ത്രീ-പുരുഷ സമത്വം സാദ്ധ്യമാണെന്നു വാദിക്കുന്നവർ ആദ്യം 'ഗർഭം, പ്രസവം, മുലയൂട്ടൽ' എന്നിവ വച്ചുമാറിയ ശേഷം വാദം തുടരണം.).

*മതാചാര്യന്മാർ, മതപണ്ഡിതന്മാർ, മതപുരോഹിതന്മാർ, മത-അനുയായികൾ, മതഭ്രാന്തർ എന്നിങ്ങനെ നൂറ്റാണ്ടുകളായി മനോരോഗങ്ങളെ തലമുറകളിലൂടെ കൈമാറി കൈമാറി ഭൂമിയിൽ മനുഷ്യൻ എന്ന ജീവി ഇല്ലാതെ വന്നു.* മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ ജീവികളായ മനോരോഗികളെല്ലാം കൂടി അടിപിടിയും കടിപിടിയും അറുംകൊലകളുമാണ്. പ്രമുഖ

മതജാതി-മനോരോഗികളുടെ 2017-ലെ ജനസംഖ്യാ സെൻസസ് ചുവടെ ചേർക്കുന്നു : *ഭൂമിയിലെ മൊത്തം ജനസംഖ്യ 2017-ൽ ഏറെക്കുറെ 750 കോടി ആണ്.*

230 കോടി ആളുകൾ ക്രിസ്ത്യാനികളാണ്. *ക്രിസ്ത്യാനികൾ അല്ലാത്തവർ 520 കോടി!*

മുസ്ലീങ്ങൾ 180 കോടി. *മുസ്ലീങ്ങൾ അല്ലാത്തവർ 570 കോടി!*

ഹിന്ദുക്കൾ 110 കോടി. *ഹിന്ദുക്കൾ അല്ലാത്തവർ 640 കോടി!*

*ജനിച്ചപ്പോൾ മാതാപിതാക്കൾ വഴി ലഭിച്ച മത-ലേബൽ വിശ്വാസികളെ* മതവിശ്വാസികളായി കണക്കാക്കുന്നത് തെറ്റാണ് എന്ന യാഥാർത്ഥ്യം പ്രകാരം മതവിശ്വാസികളുടെ എണ്ണം എത്രയോ താഴെയാണ്. പ്രസ്തുത മാനദണ്ഡം അനുസരിച്ച്, മൊത്തം ജനസംഖ്യയായ 750കോടിയിൽ *230 കോടി മത-ലേബൽ ക്രിസ്ത്യാനികളിൽ*, ക്രിസ്തുമത വിശ്വാസികൾ *10 കോടിയിൽ താഴെ* മാത്രമാണ് ഉണ്ടാവുക എന്ന് *ദുഷിച്ചു വികൃതമായ പാശ്ചാത്യ സംസ്കാരം* വ്യക്തമാക്കുന്നു. *180 കോടി മത-ലേബൽ മുസ്ലീങ്ങളിൽ*, ഇസ്ലാംമത വിശ്വാസികൾ *10 കോടിയിൽ താഴെ* മാത്രമാണ് ഉണ്ടാവുക എന്ന് 5 നേരത്തെ നിർബന്ധ നമസ്കാരത്തെ 'വെള്ളിയാഴ്ചകളിലെ ജുമാ' മാത്രമായി ഭൂരിപക്ഷം മുസ്ലീങ്ങളും ചുരുക്കിയതിൽ നിന്നും, വർദ്ധിച്ചുവരുന്ന ഭീകരവാദ പ്രവർത്തനങ്ങളിൽ നിന്നും അനുമാനിക്കാം. 110 കോടി മത-ലേബൽ ഹിന്ദുക്കളിൽ, ഹിന്ദുമത വിശ്വാസികൾ *10 കോടിയിൽ താഴെ* മാത്രമാണ് ഉണ്ടാവുക എന്ന് പറയുമ്പോൾ, താരതമ്യത്തിൽ മുന്നേറ്റമുണ്ട്; അനേകം മതങ്ങളുടെ സംഗമമായ 'ഹിന്ദു മതങ്ങളിൽ' ശാക്തേയ മതം, ശൈവമതം, അദ്വൈത മതം, ബുദ്ധമതം' എന്നിവ സൃഷ്ടിച്ച ഉന്നതമായ പ്രഭാവവും, ഇന്ത്യ എന്ന ഭൂപ്രദേശത്തിന് (ദൈവം) മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വൈശിഷ്ട്യവുമാണ് അതിനു കാരണം. *കുറച്ചു കൂടി ആഴത്തിൽ വിശകലനം ചെയ്താൽ

മേല്പടി 3 മതങ്ങളിലെയും 10 × 3 = 30 കോടി എന്നത് വെറും 30 ആയോ ശൂന്യമായോ ചുരുങ്ങുന്നതാണ്. എല്ലാ വിധത്തിലും ശൂന്യമായാൽ മതമനോരോഗികൾക്ക് മനുഷ്യരായി പരിണാമം ഉണ്ടായെന്നും മതങ്ങളും മതമനോരോഗങ്ങളും അവസാനിച്ചതായി കണക്കാക്കാം.*

...... ബുദ്ധമതം, ജൈനമതം, യഹൂദ മതം, തുടങ്ങിയ 100-ൽ അധികം മതങ്ങളിലും നിരീശ്വരവാദങ്ങളിലും പെടുന്നവരുടെ കണക്ക് ഇവിടെ ആവശ്യമില്ല.

*മതപരമായ മനോരോഗം കൂടുതൽ ഉള്ളവർ മേല്പറഞ്ഞ മതപരമായ ജനസംഖ്യയും, ചുവടെ വിശദീകരിക്കുന്ന സത്യങ്ങളെയും കൂടി ചുമന്നാൽ തലക്കനം കുറഞ്ഞു കിട്ടും!*

*മതവിശ്വാസി*: 'മതത്തിലും, മതം പ്രകാരമുള്ള മതദൈവത്തിലും (മതദൈവങ്ങളിലും) വിശ്വസിക്കുന്നു'; മതങ്ങൾക്കെല്ലാം അതീതമായ ദൈവത്തിൽ വിശ്വസിക്കുന്നില്ല.

*ദൈവ-വിശ്വാസി*: ഓം എന്ന മഹാസത്യത്തെ മഹാസ്വീകരിച്ചിട്ടുള്ളതു പോലെ, എല്ലാ മതങ്ങളും ഉൾപ്പെടെ *ഏതിലുമുള്ള സത്യങ്ങളെ മാത്രം ഉൾക്കൊണ്ട്, 'മതങ്ങൾക്കെല്ലാം അതീതവും ശാസ്ത്രപരവുമായ ദൈവത്തിൽ വിശ്വസിക്കുന്നു'*. മേല്പടി വസ്തുത പ്രകാരം, *ഭൂമിയിലെങ്ങും മതവിശ്വാസികളാണ് അഥവാ മതമനോരോഗികൾ ആണുള്ളത്; ദൈവ-വിശ്വാസികൾ ഇല്ല.* മതപരമായ വിശ്വാസങ്ങളെയും മതങ്ങളെയും *സമ്പൂർണ്ണമായി* ഉപേക്ഷിക്കാതെ, യാതൊരാൾക്കും ദൈവ-വിശ്വാസിയാവാൻ കഴിയുന്നതല്ല; ദൈവ കാര്യങ്ങളിൽ അഭിപ്രായം പറയാൻ പോലും യോഗ്യതയില്ല; നീക്കുപോക്കുകൾ സാദ്ധ്യമല്ല. ലളിതവും സത്യവുമായ വ്യാഖ്യാനമാണ്. *ഏതൊരാൾക്കും സ്വയം വിശകലനം ചെയ്ത് തങ്ങൾ മതവിശ്വാസി /മതമനോരോഗി ആണോ ദൈവ- വിശ്വാസി ആണോ എന്ന് കണ്ടെത്താം.* വിശകലനത്തിന്

ചുവടെയുള്ള ഖണ്ഡിക  ഉപയോഗപ്പെടുത്താം.

((*മറ്റു മത-ജാതി പ്രസ്ഥാനങ്ങളുടെ അഥവാ തങ്ങൾക്ക് ഏറ്റവുമധികം അനിഷ്ടമായ മത-ജാതി /രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഭാഗമായ കുടുംബത്തിൽ ജനിക്കുകയും വളരുകയും ചെയ്തിരുന്നുവെങ്കിൽ* എപ്രകാരമുള്ള മത-ജാതി /രാഷ്ട്രീയ വിശ്വാസങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും മറ്റും പുലർത്തുമായിരുന്നു, ശരിവയ്ക്കുമായിരുന്നു എന്നിങ്ങനെ ചിന്തിക്കുവാൻ പോലും ഭൂരിപക്ഷം വരുന്ന മത-ജാതി- ഉപജാതി-രാഷ്ട്രീയ-വർഗ്ഗ ജീവികൾ തയ്യാറല്ല; തല്പരരല്ല.* ദൈവം മഹാഅനുഗ്രഹിച്ചു നൽകുന്ന ബുദ്ധിശക്തികളെ നന്നായി ഉപയോഗിക്കാൻ ധാർമ്മിക ശുദ്ധിയും പരിശ്രമവും വേണം; അധമ-നീച കോപ്രായങ്ങളെ വിശകലനം ചെയ്യാനും തിരുത്താനും നടന്നാൽ ജീവിക്കാൻ സമയം കിട്ടില്ല തുടങ്ങിയ വസ്തുതകളുമുണ്ട്. അതേസമയം, *1)* ഒരു മതം 100% ശരിയായാൽ മറ്റു യാതൊരു മതങ്ങളും 100% ശരിയല്ല എന്നാണർത്ഥം; *2)* മതങ്ങളിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും വഴിപാടുകളും ബലികളും പ്രസാദ-വിതരണങ്ങളും പൂച്ചാണ്ടി നിയമങ്ങളും 50% പോലും അന്യോന്യം യോജിക്കുന്നില്ല, പലപ്പോഴും പരസ്പര വിരുദ്ധങ്ങളുമാണ്; *3)* രണ്ടു ബിന്ദുക്കളെ തമ്മിൽ ബന്ധിപ്പിക്കുന്ന നേർരേഖ ഒരെണ്ണമേ ഉണ്ടാവുകയുള്ളൂ, വളഞ്ഞ രേഖകൾ എത്ര വേണമെങ്കിലും വരയ്ക്കാം; എന്നതുപോലെ സൃഷ്ടി-സ്ഥിതി-സംഹാര കർത്താവായ ദൈവത്തെയും, സൃഷ്ടികളായ ജീവികളെയും തമ്മിൽ ബന്ധിപ്പിക്കുന്ന നേർരേഖ അഥവാ സത്യമായ ദൈവശാസ്ത്രം ഒരെണ്ണമേ ഉണ്ടാവുകയുള്ളൂ. ദൈവത്തെയും ജീവികളെയും ബന്ധിപ്പിക്കാൻ ശ്രമിച്ച വളഞ്ഞ രേഖകൾ മാത്രമാണ് മതങ്ങൾ. വളഞ്ഞ രേഖകൾ എത്ര വേണമെങ്കിലും വരയ്ക്കാം എന്നതുപോലെ മതങ്ങൾ എത്ര വേണമെങ്കിലും തട്ടിക്കൂട്ടാനാവും; നൂറ്റാണ്ടുകളായിട്ട് ചെയ്തു പോരുന്നുമുണ്ട്. *4)* മഹാശാസ്ത്രത്തിൽ അഥവാ *ദൈവശാസ്ത്രത്തിൽ മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി

-സംഹാരങ്ങളെ മഹാഭദ്രമാക്കിയിട്ടുള്ള നിയമങ്ങളെയും ദൈവത്തെയും മാത്രമേ വിവരിക്കുകയുള്ളൂ; ശാസ്ത്ര നിയമങ്ങൾ മാത്രം. ദൈവശാസ്ത്രത്തിൽ പ്രപഞ്ച നിയമങ്ങൾ മാത്രമാണ് ഉള്ളതെന്നും മനുഷ്യർ ഉൾപ്പെടെയുള്ള ജീവികളുടെ വ്യക്തിഗത ജീവിതകാര്യങ്ങളും ചരിത്രങ്ങളും ശാസ്ത്ര നിയമങ്ങളുടെ ഭാഗമല്ലെന്നും മനസ്സിലാക്കണം.* ഏകമഹാഗുരു കൂടിയായ ദൈവം, *മഹാ ഉചിതമായ സമയത്ത് ഓരോ മനുഷ്യനും മഹാദർശനവും മഹാശാസ്ത്രവും നേരിട്ട് മഹാ അനുഗ്രഹിച്ചു നൽകുന്നതാണ്.*

ആവേശപ്പെട്ടും തെറ്റിദ്ധരിക്കപ്പെട്ടും, മതജാതിജീവികളും മറ്റും തട്ടിക്കൂട്ടിയ അബദ്ധഭണ്ഡാരങ്ങളായ ഗ്രന്ഥങ്ങളെയും, മനുഷ്യഗുരുവിനെയും പിൻപറ്റുന്നവർക്ക്, അജ്ഞാനത്തെയും സ്വീകരിക്കേണ്ടതായി വരും. അജ്ഞാനത്തെ പകരുന്ന പഴയ ഗുരുക്കന്മാരും, .... ഭാവിയിലെ ഗുരുക്കന്മാരും ദൈവ ശിക്ഷകളെ പിടിച്ചു വാങ്ങുന്നവരാണ്. എന്തെന്നാൽ ദൈവം നേരിട്ട് ചുമതലപ്പെടുത്താതെ ഗൗരവമായ ദൈവ കാര്യങ്ങളിൽ ഇടപെടുന്നതും ജനങ്ങളെ വഴിതെറ്റിക്കുന്നതും കടുത്ത ദൈവനിന്ദയാണ്; ദൈവശിക്ഷകളുമുണ്ട്. ഏകമായ ദൈവശാസ്ത്രത്തിന്റെ പേരിൽ നൂറിലധികം മതങ്ങൾ ഉണ്ടായതിന്റെയും, മതങ്ങളുടെ പേരിൽ മതജാതി-മനോരോഗ-ജീവികളായി പരിണമിച്ച മനുഷ്യർ തമ്മിലടിക്കുകയും കൊല്ലുകയും ഒക്കെ ചെയ്യുന്നതിന്റെ പൊരുൾ മനസ്സിലായാൽ നന്ന്. *ഒരേ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് *ഭൂമിയിലെ സമസ്ത ജനങ്ങളും* എന്നു തിരിച്ചറിഞ്ഞ് ജനങ്ങളെല്ലാം *മനുഷ്യരായിട്ട് ജീവിക്കുന്ന കാലം* ഉടനെ ദൈവ-വിപ്ലവത്തോടെ ആരംഭിക്കുന്നതാണ്.)).

ജനിക്കുന്നത് ജീവിക്കാനാണ്; ജീവികളെല്ലാം ജീവിക്കുകയാണ് ചെയ്യുന്നത്; ജീവിക്കുന്നത് ആനന്ദിക്കാനാണ്; ആനന്ദങ്ങളെ

വർദ്ധിപ്പിക്കാനാണ് ഓരോരുത്തരും പരിശ്രമിക്കുന്നത്. 'മണ്ണിൽ' മഹാലയിച്ചിട്ടുള്ള ഭൗതിക ശാസ്ത്രം പ്രകാരമുള്ള സാങ്കേതിക വികസനങ്ങളിലൂടെ ലഭ്യമാക്കിയിട്ടുള്ള അനന്തമായ ആനന്ദങ്ങളെ മേല്പടി മതഭ്രാന്തരെല്ലാം ഉൾപ്പെടെയുള്ള എല്ലാ ജനങ്ങളും ആസ്വദിച്ചു ജീവിക്കുന്നത് അതുകൊണ്ടു തന്നെയാണ്.

സ്വഭാവങ്ങളെ സ്വയം നിശ്ചയിക്കുവാനും സ്വീകരിക്കുവാനും മനുഷ്യനെ മാത്രം മഹാഅനുഗ്രഹിച്ചിരിക്കുന്നു എന്നാവുമ്പോൾ, *നല്ലതും ചീത്തയുമായ സ്വഭാവങ്ങളും, പ്രവൃത്തികളും, ഫലങ്ങളും, അഥവാ പുണ്യങ്ങളും പാപങ്ങളും *ജീവാത്മാവിനും കാരണക്കാരായ മറ്റുള്ളവർക്കും അവകാശപ്പെട്ടതാണ്.* മനുഷ്യരുടെ **വർദ്ധിച്ച കോപം, പെരുമാറ്റ ദൂഷ്യങ്ങൾ, അക്രമം, തീവെപ്പ്, കൊള്ള, ബന്ദ്, ഹർത്താൽ, തീവ്രവാദ പ്രവർത്തനങ്ങൾ, ദുഷ്ക്കാമം, മറ്റു ദുശ്ശീലങ്ങൾ, അന്ധവിശ്വാസങ്ങൾ, അധമ വിനോദങ്ങൾ,** എന്നിവയ്ക്ക് *മനുഷ്യന്റെ സ്വത്വമായ ജീവാത്മാവും സ്വാധീനം ചെലുത്തിയ മറ്റുള്ളവരും കൂടി ഉത്തരവാദികളാണ് എന്നർത്ഥം.*

*ശരിയല്ലാത്തതിനെ ശരിയെന്നു കരുതി സ്വീകരിക്കുന്നത്* മനുഷ്യന്റെ സ്വത്വമായ ജീവാത്മാവിനെ അഥവാ *മനസ്സിനെ* രോഗങ്ങളിൽ പെടുത്തുന്നു എന്ന് സുവ്യക്തമാകുന്നു. ജീവാത്മാവിനെ വഹിക്കുന്നതായ ശരീരത്തിനല്ലാ; മറിച്ച് *ജീവാത്മാവിന്റെ സ്വത്വ ബോധമായ മനസ്സിനാണ് രോഗം* എന്നതിനാൽ *മനോരോഗം* ആണ്. ബുദ്ധിശക്തികളെയും ശാസ്ത്ര ജ്ഞാനത്തെയും, അനന്തമായ ആനന്ദങ്ങളെയും, സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും മനുഷ്യൻ എന്ന ജീവിക്കു മാത്രം നൽകിയപ്പോൾ, അവയൊന്നും ലഭിക്കാഞ്ഞ മറ്റുള്ള ജീവികൾക്കാണ് കൂടുതൽ ശ്രേഷ്ഠത എന്ന് സുവ്യക്തമായി ബോദ്ധ്യപ്പെടുത്തും വിധം മനുഷ്യർ അധഃപതിച്ചു! കടമകളെ മറന്നും അവഗണിച്ചും പ്രവർത്തിക്കുന്നത് മനോരോഗം കൂടിയാണ് ...

**എല്ലാ മനുഷ്യർക്കും - മനസ്സ് ഉള്ളവർക്കെല്ലാം ചെറുതും വലുതും വ്യത്യസ്തങ്ങളുമായ മനോരോഗം ഉണ്ടെന്ന് സാരം.**

**ആവർത്തിക്കുന്നു :-*മരണാനന്തര ജീവിതത്തെയും മോക്ഷത്തെയും മഹാഅനുഗ്രഹിച്ചു നൽകുന്നത് ദൈവമാണ്; ദൈവത്തിന്റെ വിഷയമാണത്; മനുഷ്യരുടെ വിഷയമല്ല. മണ്ണായ ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർ 'മണ്ണിൽ' മഹാലയിച്ചിട്ടുള്ള *ധർമ്മ ശാസ്ത്ര പ്രകാരം ജീവിക്കുന്നതിൽ മാത്രമേ ശ്രദ്ധിക്കാൻ പാടുള്ളൂ.***

**ഓരോ മനുഷ്യനെയും സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന (ദൈവം), മഹാഉചിതമായ സമയത്ത് മനുഷ്യരുടെ മരണാനന്തര ജീവിതത്തെയും മോക്ഷത്തെയും ഉൾപ്പെടെയുള്ള മഹാകാര്യങ്ങളെ ഓരോ മനുഷ്യനെയും നേരിട്ട് അറിയിക്കുന്നതാണ് / ബോദ്ധ്യപ്പെടുത്തുന്നതാണ്. സൃഷ്ടി സ്ഥിതി സംഹാര *കർത്താവായ ദൈവത്തിനും*, സൃഷ്ടിയായ *മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥന്റെ ആവശ്യം ദൈവത്തിന് ഇല്ല.* എല്ലാ സൃഷ്ടി ചക്രങ്ങളിലും *'മായ /ദൈവം' പ്രത്യക്ഷമായിക്കൊണ്ട് ദൈവ-വിപ്ലവം* ആരംഭിക്കുന്നതിനു മുമ്പ് *ദൈവത്തിന്റെ ഭാഗവും പ്രതിനിധിയുമായ ഏകദാസനിലൂടെ 'ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം, മന്ത്ര ശാസ്ത്രം' എന്നീ യഥാർത്ഥമായ 4 വേദങ്ങളെയും 'മണ്ണിൽ നിന്നും' വീണ്ടെടുക്കുന്നതാണ്.* ഏതാനും വർഷങ്ങളായി ഈയുള്ളവനിലൂടെ മഹാ നിർവ്വഹിക്കുന്നത് യഥാർത്ഥമായ 4 വേദങ്ങളുടെയും വീണ്ടെടുക്കൽ തന്നെയാണ്. സൃഷ്ടി മന്ത്രം, മഹാശാസ്ത്രമൂലം, സംഹാര കാഹളം, ശബ്ദ ബ്രഹ്മം, അക്ഷര ബ്രഹ്മം, മഹാ സംഗീതം, ദൈവത്തിന്റെ മഹാചിരി എന്നിങ്ങനെയെല്ലാം മഹാ വിശേഷണങ്ങൾ ഉള്ള ഓം എന്ന മഹാശബ്ദം മഹാശാസ്ത്രപരമായിട്ട് ഭൂമിയിലെങ്ങും മൂന്നു മുതൽ 33 വർഷക്കാലം തുടർച്ചയായിട്ട് ഉടൻ മുഴങ്ങുകയും ദൈവവിപ്ലവം മഹാആരംഭിക്കുകയും ചെയ്യുന്നതോടെ ഈയുള്ളവനിലൂടെ മഹാ വീണ്ടെടുത്തിട്ടുള്ള യഥാർത്ഥമായ 4 വേദങ്ങളെ ഭൂമിയിലെങ്ങും ബോദ്ധ്യപ്പെടുന്നതാണ്. ശേഷം മഹാ ഉചിതമായ സമയത്ത് മഹാപിതാവും മഹാമാതാവും**

മഹാനീതിപതിയും മഹാവാത്സല്യവുമായ ദൈവം നേരിട്ട് പ്രത്യേകം പ്രത്യേകം സൃഷ്ടിച്ചിട്ടുള്ള കുഞ്ഞുങ്ങൾക്കെല്ലാം, അവരുടെ ധർമ്മ ശാസ്ത്രപരമായ യോഗ്യതകൾക്ക് അനുസരിച്ച് മഹാദർശനവും പ്രത്യേകം പ്രത്യേകമായി മഹാജ്ഞാനം കൂടിയായ മഹാശാസ്ത്ര ത്തെയും മോക്ഷത്തെയും മഹാഅനുഗ്രഹിച്ചു നൽകുന്നതാണ്. www.omsathyam.com വെബ്സൈറ്റിൽ വിശദാംശങ്ങൾ ലഭ്യമാണ്.

*മണ്ണിലും തദ്വാരാ ശരീരത്തിലും അടങ്ങിയിട്ടുള്ള ന്യൂനശക്തികൾ തിരുത്തൽ ശക്തിയായി പ്രവർത്തിക്കുന്നതും മനോരോഗങ്ങളെ ഉണ്ടാക്കുന്നതും അവസാനിപ്പിക്കുവാൻ മണ്ണിന്റെ നിയമങ്ങളെ സ്വീകരിക്കുകയല്ലാതെ മറ്റു മാർഗ്ഗങ്ങൾ ഇല്ല.*

മതാചാര്യന്മാരും മതപണ്ഡിതന്മാരും മതപുരോഹിതരും മത-അനുയായികളും മതഭ്രാന്തരും ഉണ്ടാക്കിയത് കൊടിയ വിപത്താണ്. അവരുടേത് മനോരോഗം ആണെന്നത് തിരിച്ചറിയാൻ ശ്രമിക്കുക പോലും ചെയ്യാതെ ജീവിക്കുന്ന ആധുനിക കാലത്തെ മനോരോഗികളെ ചികിത്സിക്കാനും ദൈവ വിപ്ലവം മാത്രമാണ് ആശ്രയം.

## പഴയ കാലത്തിലെയും ആധുനിക കാലത്തെയും ഏതാനും മനോരോഗങ്ങളെ ചൂണ്ടിക്കാട്ടുന്നു :

1) ഓരോ മതങ്ങളുടെയും ഉത്ഭവ കാലത്ത് ദേശങ്ങളിൽ ഉണ്ടായിട്ടുള്ള യുദ്ധങ്ങളും ജനങ്ങളുടെ അറുംകൊലകളും മറ്റ് പീഢനങ്ങളും; 2) ക്രിസ്തു മതത്തിന്റെയും ഇസ്ലാം മതത്തിന്റെയും പേരിൽ നൂറ്റാണ്ടുകളായി നടന്ന കുരിശുയുദ്ധങ്ങളും ദശലക്ഷക്കണക്കിന് ജനങ്ങളുടെ അറുംകൊലകളും മറ്റ് പീഢനങ്ങളും വിനാശങ്ങളും; 3) ഏതാനും നൂറ്റാണ്ടുകൾ മുമ്പ് ഇന്ത്യയിൽ ശൂലമേന്തിയ ശിവ ഭക്തരും, കുന്തം ഏന്തിയ നാരായണ ഭക്തരും തമ്മിൽ നടന്ന പോരുകളും അറുംകൊലകളും മറ്റ് പീഢനങ്ങളും; 4) എക്കാലത്തും ഭൂമിയുടെ അംശങ്ങൾ മാത്രമായ പ്രദേശങ്ങളെ ഇറാൻ, പാക്കിസ്ഥാൻ എന്നിങ്ങനെയെല്ലാം മത-ദേശങ്ങളായിട്ട് കണക്കാക്കുകയും ശേഷം സുന്നി, ഷിയാ, തുടങ്ങിയ ജാതികളുടെ പേരിൽ ഇന്നും നടന്നുപോരുന്ന അറുംകൊലകളും, മറ്റ് പീഢനങ്ങളും വിനാശങ്ങളും .... 5) ഇസ്ലാം മതത്തിന്റെയും ഹിന്ദു മതത്തിന്റെയും പേരിൽ 1947-ൽ നടന്ന ഇന്ത്യാ പാക് വിഭജനവും ദശലക്ഷക്കണക്കിന് ജനങ്ങളുടെ അറുംകൊലകളും, മറ്റ് പീഢനങ്ങളും വിനാശങ്ങളും; 6) വ്യക്തിസ്വാതന്ത്ര്യം, ദേശീയ സ്വാതന്ത്ര്യം, രാഷ്ട്രീയം, മതം എന്നിവയുടെ ദൈവീകമായ / ധർമ്മ ശാസ്ത്രപരമായ അർത്ഥം പോലും അറിയാതെ അയർലണ്ട്, സോവിയറ്റ് യൂണിയൻ, റഷ്യ, ചൈന, കാശ്മീർ, തുർക്കി, സൗദി അറേബ്യ, യെമൻ, കൊറിയ, അമേരിക്ക, പാക്കിസ്ഥാൻ, ഇന്ത്യ, തുടങ്ങിയ ഭൂമിയിലെ നിരവധി പ്രദേശങ്ങളിൽ ഇന്നും നടന്നുപോരുന്ന അറുംകൊലകളും, മറ്റ് പീഢനങ്ങളും വിനാശങ്ങളും ....; 7) ഭൂമിയിലെങ്ങുമുള്ള ഭരണാധികാരികളെയും കടത്തി വെട്ടുന്ന തരത്തിലാണ് *ക്രിസ്ത്യൻ-മുസ്ലീം-ഹിന്ദു ..പുരോഹിതരും ശിഷ്യന്മാരും അനുയായികളും* സ്ത്രീപീഢനം ചെയ്തു പോരുന്നത്; കൊച്ചു പെൺകുട്ടികളെയും ആൺകുട്ടികളെയും പീഢിപ്പിക്കുന്ന വില്ലന്മാരെ സംരക്ഷിക്കാൻ പരക്കം പായുന്ന മത-രാഷ്ട്രീയ-പണ പ്രമാണികൾ ...

1) മുതൽ 7) വരെയുള്ള കാര്യങ്ങളെ *വിശകലനം ചെയ്താൽ മത-ജാതി-രാഷ്ട്രീയ നേതാക്കൾക്കും പ്രമാണിമാർക്കും മറ്റും സംഭവിച്ചുപോരുന്ന മനോരോഗങ്ങളാണ് മൂല കാരണം എന്ന് ബോദ്ധ്യമാകുന്നതാണ്.* ദൈവീക കാര്യങ്ങളെ, മത-മനോരോഗങ്ങളായി പരിണമിപ്പിച്ചു. ................. മതപണ്ഡിതന്മാർ, പുരോഹിതന്മാർ തുടങ്ങിയ മനോരോഗികളെ ചികിത്സിക്കാൻ മനോരോഗികളെ മാത്രമേ ലഭിക്കുകയുള്ളൂ എന്നതാണ് ഭൂമിയിലെ അവസ്ഥ.

നിനക്ക് നീ തന്നെ ദീപമായിരിക്കുക, അഹിംസ, മോഹങ്ങളുടെ നിയന്ത്രണം, തുടങ്ങിയ ഉന്നത കാര്യങ്ങളെ പഠിപ്പിച്ച ബുദ്ധനെയും ദൈവമാക്കി! പഴയ രീതിയിൽ ബുദ്ധൻ മടങ്ങി വന്നാൽ !

സദാചാര ശാസ്ത്രം, തൊഴിൽ ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, നീതിന്യായ ശാസ്ത്രം, തുടങ്ങിയ ധർമ്മശാസ്ത്രത്തിന്റെ ശാഖകളെ കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് വ്യാഖ്യാനിച്ചു നൽകിയ ക്രൈസ്റ്റിനെ ദൈവം ഭൂമിയിലേക്ക് അയച്ചത് മുഖ്യമായും ഒരു കൊടിയ പിശാചിനെ തളയ്ക്കാനും നിയന്ത്രിക്കാനും ആയിരുന്നു. സത്യം മാത്രം പറയുന്ന ക്രൈസ്റ്റിനെയും, അദ്ദേഹം പഠിപ്പിച്ച ധർമ്മ ശാസ്ത്ര കാര്യങ്ങളെയും ശാസ്ത്രീയമായി വിശ്വസിക്കുകയും അനുകരിക്കുകയും ചെയ്യേണ്ടതതിനു പകരം അദ്ദേഹത്തിന്റെ പേരിൽ മതം ഉണ്ടാക്കി. ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിൽ മധ്യസ്ഥന്മാർ ഇല്ല/ പാടില്ല എന്ന് ക്രൈസ്റ്റ് സുവ്യക്തമാക്കിയതാണ്. അദ്ദേഹത്തെ കൊല്ലാക്കൊല ചെയ്തു; ശേഷം ദൈവമാക്കി! എന്നിട്ടോ, പോപ്പ് മുതൽ കൊച്ചച്ചനും കപ്യാരും വരെ മധ്യസ്ഥന്മാരുടെ വളരെ വലിയ നിര! കടുത്ത മതമനോരോഗികൾ പാവപ്പെട്ട ജനങ്ങളെയും മതമനോരോഗികളാക്കുന്നു ... ശേഷം തൊട്ടതിനും പിടിച്ചതിനും അവരെ സാമ്പത്തികമായി ചൂഷണം ചെയ്യുന്നു.

ജനങ്ങൾ മരിച്ചാലും, മതമനോരോഗികളായ കച്ചവടക്കാർ വെറുതെ വിടില്ല. ശവശരീരത്തെ കുഴിച്ചിടുന്നതിന്റെ പേരിലും പണം തട്ടാൻ മിടുക്കരാണ് ഓരോരോ മതങ്ങളുടെയും കച്ചവടക്കാർ.

## ആധുനിക കാലത്തെ ആണും പെണ്ണും കെട്ട മത-ജാതി -രാഷ്ട്രീയ മനോരോഗികളായ യുവാക്കളുടെയും മുതിർന്നവരുടെയും ഏതാനും മനോരോഗങ്ങളെ ചൂണ്ടിക്കാട്ടുന്നത് അവരോടുള്ള ദൈവീകമായ സ്നേഹവാത്സല്യങ്ങൾ കൊണ്ട് മാത്രമാണ്.

വ്യത്യസ്തങ്ങളായ ഏതാനും മനോരോഗങ്ങളെ ഒന്നൊന്നായി വിശകലനം ചെയ്യാം :-

1. ഈ സന്ദേശത്തെ അയക്കാൻ ഉപയോഗിച്ച ആധുനിക കാലത്തെ സ്മാർട്ട് മൊബൈൽ ഫോണുകളിലെ വാട്സ്ആപ് സന്ദേശങ്ങളിൽ തന്നെ ആരംഭിക്കുന്നതാണ് മഹാഉചിതം. ഒരു കൂട്ടം ആളുകൾ അതിരാവിലെ മുതൽ ഇഷ്ട ദേവതകളുടെ ചിത്രങ്ങളും വീഡിയോകളും, മത്സര ബുദ്ധിയോടെ മറ്റുള്ളവർക്കും ഗ്രൂപ്പുകളിലും അയച്ചു കൊടുക്കുന്നത് പതിവാക്കിയിട്ടുണ്ട്. പ്രമുഖരുടെയും ഗ്രന്ഥങ്ങളിലെയും മതപരമല്ലാത്ത ധർമ്മ കാര്യങ്ങളെയും സന്ദേശങ്ങളെയും സൂത്രത്തിൽ മതജാതിപരമാക്കുകയും മതത്തിലൂടെ പ്രചരിപ്പിച്ച് മതങ്ങളെ ശരിവെക്കുന്ന കുതന്ത്രം എല്ലാ മതങ്ങളും (പ്രമുഖ പുരോഹിതരും പണ്ഡിതരും ഉൾപ്പെടെയുള്ളവർ) പയറ്റുന്നുണ്ട്.

മതങ്ങളുടെയും അവയിലെ ദേവതകളുടെയും യാഥാർത്ഥ്യങ്ങളെ നേരിട്ട് അറിയാതെയും, അന്വേഷിക്കാതെയും, തങ്ങളുടെ ബന്ധുക്കളല്ലാത്ത ദേവതകളുടെയും മറ്റും ചിത്രങ്ങൾ പ്രചരിപ്പിക്കാനും പൂജിക്കാനും ആരാധിക്കാനും ഇറങ്ങി പുറപ്പെട്ടിരിക്കുന്ന ആധുനിക കാലത്തെ വിവരദോഷികളെ എങ്ങനെ ശിക്ഷിക്കണമെന്ന് സ്വയം വിശകലനം ചെയ്തു പറയട്ടെ; മഹാനീതിപതിയായ ദൈവം കേൾക്കട്ടെ ....!

മത ദേവതകൾ പലരും കൊടിയ ദുർദ്ദേവതകളാണ്, അവരുടെ പലതരത്തിലുള്ള ഫോട്ടോകൾ വാട്സ്ആപ് ഗ്രൂപ്പുകളിലും, തനിച്ചും മറ്റും പ്രസിദ്ധപ്പെടുത്തുന്നവർ എന്ത് ഉദ്ദേശത്തോടെയാണ് അങ്ങനെ ചെയ്യുന്നതെന്ന് വ്യക്തമാക്കണം. ദൈവമായും ദേവതയായും അനേകർ തെറ്റിദ്ധരിച്ചിരിക്കുന്നത് ദുർദ്ദേവതകളെയാണെന്ന് ദുഷ്പ്രചരണം നടത്തിയിട്ട് ഈയുള്ളവന് യാതൊന്നും നേടാനുമില്ല; നേടുകയുമില്ല എന്നത് കൂട്ടിവായിക്കണം. മഹാശക്തിയായ ദൈവം, സൃഷ്ടികളായ മനുഷ്യരുടെ പരസ്യങ്ങളും കോപ്രായങ്ങളും കണ്ടും കേട്ടും സന്തോഷിക്കുന്ന കോമാളിയല്ല.

*പോലീസ് സ്റ്റേഷനുകളിലും ജയിലുകളിലും ചില പൊതു നോട്ടീസ് ബോർഡുകളിലും ഒക്കെ വലിയ/സ്ഥിരം കള്ളന്മാരുടെ ഫോട്ടോ പതിക്കാറുണ്ട്.* അപകടകാരിയാണ്; സൂക്ഷിക്കണം; *സ്ത്രീകൾ പ്രത്യേകം സൂക്ഷിക്കണം, പെണ്ണുപിടിയൻ നാട്ടിൽ ഇറങ്ങിയിട്ടുണ്ട്*; .....എന്നിങ്ങനെയോ, *കാണ്മാനില്ല, കണ്ടുകിട്ടുന്നവർ അറിയിക്കണം; അന്തരിച്ചു* എന്നിങ്ങനെയോ അറിയിക്കാനാണ് ഫോട്ടോ പ്രസിദ്ധീകരിക്കുന്നതെങ്കിൽ,... ഉദ്ദേശം വെളിപ്പെടുത്തണം.

അശ്ളീലങ്ങളും ആഭാസങ്ങളുമായ ചിത്രങ്ങളും വിഗ്രഹങ്ങളും പാട്ടുകളും ഒക്കെ ഏതു തരത്തിലുള്ള ആനന്ദവും സന്ദേശവുമാണു നൽകുന്നതെന്നും അറിയിക്കണം. സ്വയം വിശകലനം ചെയ്തു പറയുക; മഹാനീതിപതിയായ ദൈവം കേൾക്കട്ടെ!

മറ്റൊരു കൂട്ടർ പ്രാദേശികമായും ദേശീയമായും അന്തർദ്ദേശീയ മായുമുള്ള കളിക്കാര്യങ്ങളാവും വാട്സ്ആപ് വഴിയും മറ്റും കൈമാറുക. ഏകമഹാശരി എന്തെന്ന് അറിയാൻ ശ്രമിക്കുക പോലും ചെയ്യാതെ സ്വന്തം ഇഷ്ടപ്രകാരം, ശരിയെന്നു തോന്നുന്നതും സന്തോഷം ലഭിക്കുന്നതുമായ കാര്യങ്ങൾ ഇതുപോലെ ചെയ്യുന്നു ....

കുട്ടികളെ ... കുറച്ചു കൂടി ഗൗരവമുള്ളതും, നിങ്ങൾക്കും ചുറ്റുമുള്ളവർക്കും പ്രയോജനകരവുമായ കാര്യങ്ങളിൽ ഏർപ്പെട്ടാൽ

.... *ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള ആരോഗ്യം, ധനം, ജ്ഞാനം, അവസരം, സമയം തുടങ്ങിയവയെ മഹാഉചിതമായി ഉപയോഗിച്ചാൽ തീർച്ചയായും പുണ്യം ലഭിക്കുന്നതാണ്. അവസരങ്ങളെ നഷ്ടപ്പെടുത്തുന്നത് ഭാഗികമായി ശിക്ഷകളുടെ ശേഖരണവുമാണ്.

ഏറ്റവും കുറഞ്ഞത് ചുറ്റുമുള്ളവരെ ഉപദ്രവിക്കാതെ ... അവരുടെ ഊർജ്ജവും സമയവും മറ്റും പാഴാക്കാൻ പ്രേരിപ്പിക്കാതെ കഴിയാൻ ശ്രദ്ധിക്കണം. *അധിക സമയം ഉള്ളവർ, മാതാപിതാക്കളോടും ഇണയോടും കുട്ടികളോടും മറ്റ് ഉറ്റവരോടുമുള്ള കടമകളെ പൂർത്തിയാക്കുന്നതിൽ പിഴവുകൾ സംഭവിച്ചിട്ടുണ്ടോ എന്ന് സ്വയം പരിശോധിക്കണം; വീഴ്ചകളെയും പോരായ്മകളെയും ശക്തിക്കൊത്ത് പരിഹരിക്കണം. വൃദ്ധരായ മാതാപിതാക്കളെയും മറ്റ് ഉറ്റവരെയും ശുശ്രൂഷിക്കാനും പരിചരിക്കാനും, അമ്മയ്ക്കും അച്ഛനും പതിവായി ഒരു ഉമ്മയെങ്കിലും ആത്മാർത്ഥമായി കൊടുക്കാനും, ശ്രദ്ധിക്കുക. ഉറ്റവർ ജീവിച്ചിരിക്കുമ്പോൾ സ്നേഹിക്കുകയും ബഹുമാനിക്കുകയും പരിചരിക്കുകയും (സഹായിക്കുകയും) ചെയ്യുക ... തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നവരായി എല്ലാവരും ഉയരട്ടെ.* കള്ളമതങ്ങൾ പ്രകാരം മരിച്ചുകഴിഞ്ഞ് കേമമായി അടിയന്തിര കർമ്മങ്ങൾ നടത്തി കൂടുതൽ പാപങ്ങളെ നേടാതെ .... *ജീവിച്ചിരിക്കുന്നവരെ ധർമ്മശാസ്ത്രപരമായി സ്നേഹിക്കുക.*

കുഞ്ഞു മുതൽ കുട്ടി-യുവജനങ്ങൾ-വൃദ്ധർ വരെയുള്ള വരുടെ ഇടയിൽ 'മക്കളും മാതാപിതാക്കളും' എന്ന മാനുഷിക ബന്ധം ഉണ്ടെങ്കിലും അവരെല്ലാം തന്നെ മഹാപിതാവും മഹാമാതാവുമായ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് -

മഹാസത്യത്തിലെ ഒരു പ്രധാന ഘടകമാണത്. അതേസമയം പലപ്പോഴും മാതാപിതാക്കളുടെയും ഉറ്റവരുടെയും മുഖഛായ, നിറം, ഉയരം, ചില സ്വഭാവങ്ങൾ തുടങ്ങിയവ മക്കൾക്ക് മഹാഅനുഗ്രഹിച്ചു നൽകി ക്കൊണ്ട് മാതാപിതാക്കളെയും മക്കളെയും ഉറ്റവരെയും ദൈവം കൂടുതൽ ആനന്ദിപ്പിക്കാറുണ്ട്. അപൂർവ്വമായി വേദനിപ്പിക്കാറുമുണ്ട്. ജീവാത്മാവ് നേടിയിട്ടുള്ള പുണ്യത്തിന്റെ അളവ്, സമാനത, മഹാനീതിശാസ്ത്രപരമായ ആവശ്യം എന്നിവയാണ് സ്വഭാവം പകരുന്നതായി തോന്നുന്നതിന്റെ രഹസ്യം. ചെറുപ്പത്തിൽ മക്കളെ കൂടുതൽ കൂടുതൽ സ്നേഹിക്കാൻ മാതാപിതാക്കളെ പ്രേരിപ്പിക്കുന്ന ഒരു ഘടകം തന്നെയാണത്. മാതാപിതാക്കൾക്ക് വയസ്സാകുമ്പോൾ, അവരെ സ്നേഹിക്കാനും പരിചരിക്കാനും ശുശ്രൂഷിക്കാനും മക്കൾക്ക് ഉത്തേജക മരുന്നുപോലെ പ്രയോജനപ്പെടണം; ഉറ്റവർക്ക് ചൂണ്ടിക്കാട്ടാനും; പുതിയ തലമുറകൾക്ക് പാഠമാവാനും.

ശുചിത്വം, അത്യാവശ്യം, ആവശ്യം, വിനോദം എന്നതാവണം ജീവിത ക്രമം. മാതാപിതാക്കൾ ഉൾപ്പെടെയുള്ള ഉറ്റവരോട് ചെയ്യേണ്ടതായ കടമകളെയും കടപ്പാടുകളെയും മറന്നും അവഗണിച്ചും കൊണ്ട് വാട്സ്ആപ്, ഫെയ്സ്ബുക്ക്, തുടങ്ങിയവയിൽ ദേവതകളുടെയും ദുർദ്ദേവതകളുടെയും കളിക്കാരുടെയും ഫോട്ടോകളും സന്ദേശങ്ങളും പ്രസിദ്ധീകരിക്കാൻ നടന്നാൽ, ദൈവത്തിന്റെ കുഞ്ഞുങ്ങളായ മുതിർന്നവർക്കും ചെറുപ്പക്കാർക്കും പാപം വർദ്ധിക്കുമെന്ന് സ്വയം വിശകലനം ചെയ്ത് മനസ്സിലാക്കാം. *അത്യാവശ്യമോ ആവശ്യമോ അല്ലാത്ത കാര്യങ്ങളിൽ ഇടപെടുന്നതും അവയ്ക്ക് മുൻഗണന നൽകുന്നതും പലപ്പോഴും പാപം പിടിച്ചു വാങ്ങാൻ ഇടയാക്കും എന്നറിഞ്ഞാൽ നന്ന്.*

ദൈവീക കാര്യങ്ങളെ സുവ്യക്തമായി അറിയാതെ *അവിടെയും ഇവിടെയും കാണുന്നതും കേൾക്കുന്നതും ശരിയെന്നു കരുതി പ്രചരിപ്പിക്കരുത്.* മുൻകാല പാപികൾ അങ്ങനെ ചെയ്തതു കൊണ്ടുകൂടിയാണ് പാവം ദൈവത്തിന്റെ പേരിൽ *അനേകശതം മതങ്ങളുണ്ടായത്.*

ആദ്യ മഹാകാലചക്രത്തിലെ ദേവതകളുടെ ആവശ്യം, സൃഷ്ടി, സ്ഥാനം, പ്രവർത്തനം, തുടങ്ങിയ കാര്യങ്ങളെ ദൈവ-വിപ്ലവ വിശകലനം 8-ൽ വിശദീകരിച്ചിട്ടുണ്ട്. ( *www.omsathyam.com* എന്ന വെബ്സൈറ്റിലും *omsathyam* എന്ന ബ്ലോഗിലും ലഭ്യമാണ്.).

2. അതിരാവിലെ മുതൽ ദേവാലയം എന്നറിയപ്പെടുന്ന ക്ഷേത്രങ്ങളിലും പള്ളികളിലും, മറ്റും, മൈക്കുകളിലൂടെ ആരംഭിക്കുകയും രാത്രി വരെ തുടരുകയും ചെയ്യുന്ന സ്തുതി ഗീതങ്ങൾ, ബാങ്ക് വിളി, മത-ജാതി-രാഷ്ട്രീയ പ്രഭാഷണം, തുടങ്ങിയ മത പ്രവർത്തനങ്ങളെ/ കോപ്രായങ്ങളെ സ്വയം വിശകലനം ചെയ്യുക. മറ്റൊരു മതത്തിലെ ഗാനങ്ങളെയും പ്രഭാഷണങ്ങളെയും മറ്റും യഥാർത്ഥമായും വ്യക്തി ഇഷ്ടപ്പെടുന്നുണ്ടോ ? ഒരു ബോംബ് ലഭിക്കുകയും ആരും അറിയില്ലെന്ന് ഉറപ്പാവുകയും ചെയ്താൽ ഇഷ്ടമില്ലാത്ത ദേവാലയത്തിനു നേരെ വലിച്ചെറിയുന്നവരാവും കൂടുതൽ. ധർമ്മ ശാസ്ത്രത്തെ പഠിക്കുകയും പാലിക്കുകയും ചെയ്യാതെ ജീവിക്കുന്നവരായ മനോരോഗികൾ ശക്തി നേടും വരെയും ഒതുങ്ങി ജീവിക്കുകയും സഹിക്കുകയും ചെയ്യുന്നു എന്നേയുള്ളൂ. ചിലർ എപ്പോഴും ശക്തികൾക്കൊത്ത് ഇഷ്ടമില്ലാത്തവയെ തോന്നിയപോലെ എതിർത്തു കൊണ്ടിരിക്കും. മിക്ക രാജ്യങ്ങളിലെയും തീവ്രവാദ പ്രവർത്തനങ്ങളുടെ പിന്നിലെ പരസ്യമായ രഹസ്യം അതാണ്.

ശബ്ദശല്ല്യം ഉണ്ടാക്കുന്ന മത-രാഷ്ട്രീയ-മനോരോഗികളെ ഉപദേശിക്കാൻ ശ്രമിച്ചാലോ :- "മണ്ണായ ഭൂമിയിൽ സമസ്ത ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കും അവകാശങ്ങളെയും അധികാരങ്ങളെയും നൽകിയിട്ടുള്ളത് ഭൂമി (ദൈവം) തന്നെയാണ്. *ഭൂമിയിലെ വസ്തുക്കളെ തോന്നുമ്പോലെ ഉപയോഗിക്കാൻ ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കും അവകാശങ്ങളും അധികാരങ്ങളും ഇല്ല. പക്ഷികൾക്കും മൃഗങ്ങൾക്കും മനുഷ്യർക്കും *വായിലൂടെയും മൂക്കിലൂടെയും,* കൈകാലുകൾ കൂട്ടിയടിച്ചും മറ്റും ശബ്ദം ഉണ്ടാക്കുവാനുള്ള ശക്തി ലഭിച്ചിട്ടുണ്ട്. ആനയ്ക്കും സിംഹത്തിനും മറ്റും വലിയ ഉച്ചത്തിൽ ശബ്ദം വെയ്ക്കുവാനുള്ള ശക്തി ലഭിച്ചിട്ടുണ്ട്; എലിക്കും പൂച്ചയ്ക്കും  പോത്തിനും നീർക്കുതിരക്കും മറ്റും താരതമ്യേന കുറവാണ്. ആവശ്യത്തിനു മാത്രം ശബ്ദം വെയ്ക്കാനും, അനാവശ്യമായി ഉച്ചത്തിൽ ശബ്ദം വെയ്ക്കാതിരിക്കാനും മറ്റുള്ള ജീവികൾ ശ്രദ്ധിക്കുന്നുണ്ട്. ഹോറൺ, മൈക്ക്, സ്പീക്കർ തുടങ്ങിയ *മാധ്യമങ്ങളെ അഥവാ വസ്തുക്കളെ ഉപയോഗിച്ച് വലിയ ഉച്ചത്തിൽ ശബ്ദം വെയ്ക്കുന്നത് മനുഷ്യർ മാത്രമാണ്.* മണ്ണിൽ മഹാലയിച്ചിട്ടുള്ള നിയമങ്ങളെ മനുഷ്യർക്കു വെളിപ്പെടുത്തുമ്പോൾ, ശാസ്ത്ര സാങ്കേതിക വികസനങ്ങളിലൂടെ ലഭ്യമാക്കിയിട്ടുള്ള വസ്തുക്കൾ, ഭക്ഷണം, വസ്ത്രം, വാഹനങ്ങൾ, മൊബൈൽ ഫോൺ തുടങ്ങിയ അനന്തമായ ആനന്ദങ്ങളെ ഉപയോഗിക്കുമ്പോൾ, ധർമ്മ ശാസ്ത്രപരമായ നിബന്ധനകളും മണ്ണ് നൽകുന്നുണ്ട്.

അതായത് മണ്ണിലെ വസ്തുക്കളെ എങ്ങനെയെല്ലാം ഉപയോഗിക്കണം, എങ്ങനെയെല്ലാം ഉപയോഗിച്ചു കൂടാ എന്നിങ്ങനെയുള്ള നിയമങ്ങളും മണ്ണിലുണ്ട്; മണ്ണിലെ വസ്തുക്കളെ ഉപയോഗിക്കുന്നവർക്ക് മണ്ണിന്റെ നിയമങ്ങളെ പാലിക്കുവാനുള്ള ബാദ്ധ്യതകളുമുണ്ട്."

"ഭൂമിയിലെ ജീവിത കാര്യങ്ങളെ തോന്നിയതു പോലെ വിശ്വസിച്ചും, തോന്നിയതു പോലെ നിയമങ്ങളെ ഉണ്ടാക്കിയും, *തോന്നിയതു പോലെ ജീവിക്കാൻ മനുഷ്യർക്ക് അവകാശവും അധികാരവും ഇല്ല. സ്വയം ജനിക്കുമ്പോഴും സ്വന്തമായി എന്തെങ്കിലും സൃഷ്ടിക്കുമ്പോഴും മാത്രമാണ് അതിനെല്ലാമുള്ള അവകാശവും അധികാരവും ഉണ്ടാവുക."*

*മനുഷ്യനും ദൈവത്തിനും* ഇടയിൽ മധ്യസ്ഥരെ വെയ്ക്കാൻ പാടില്ല; കുഞ്ഞുങ്ങളോട് ഇടപെടാൻ ദൈവത്തിന് **മധ്യസ്ഥരെ** വേണ്ട; മാതാപിതാക്കളേക്കാൾ 100 മടങ്ങ് സ്നേഹ വാത്സല്യങ്ങൾ നൽകുന്ന മഹാപിതാവും മഹാമാതാവുമായ ദൈവത്തോട് ഇടപെടാൻ കുഞ്ഞുങ്ങൾക്ക് (മനുഷ്യർക്ക്) **മധ്യസ്ഥരെ** വേണമെന്ന് പറയുന്നത് ലജ്ജാകരമാണ്; മഹാപിതാവും മഹാമാതാവുമായ ദൈവത്തെ അപമാനിക്കലാണ്. *'ദൈവകാര്യങ്ങളെന്ന പേരിൽ ദേവാലയങ്ങളിൽ ഉപയോഗിക്കുന്ന മൈക്ക് **മാധ്യമം /മധ്യസ്ഥൻ** ആണ്; ധർമ്മശാസ്ത്രം അനുവദിക്കുന്നില്ല. **പുരോഹിതൻ, വഴിപാട്, പ്രസാദം, ആചാരങ്ങളും അനുഷ്ഠാനങ്ങളും, യജ്ഞം, മതഗ്രന്ഥ പാരായണം, മതപ്രഭാഷണം, വാട്സ്ആപ് വഴിയും മറ്റുമുള്ള മതമനോരോഗ-പ്രചരണം,** തുടങ്ങിയവയും **മാധ്യമം /മധ്യസ്ഥൻ** ആണെന്ന് തിരിച്ചറിയണം.'* ദേവാലയം എന്ന പേരിൽ മനുഷ്യർ നിർമ്മിക്കുന്ന മന്ദിരങ്ങളും <u>ഭാഗികമായി</u> **മാധ്യമം/മധ്യസ്ഥൻ** ആണ്.

മാത്രമല്ല; മനുഷ്യരുടെ ദൈവീകമായ ആവശ്യങ്ങൾക്കു വേണ്ടി ദൈവത്തിന്റെ വീട് എന്ന അർത്ഥത്തിലുള്ള ദേവാലയത്തെ, ദൈവത്തിന്റെ ഇഷ്ടമായ *'മണ്ണിൽ മഹാലയിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര പ്രകാരം നിർമ്മിക്കേണ്ടതുണ്ട്. ധർമ്മ ശാസ്ത്ര പ്രകാരം നിർമ്മിച്ചിട്ടുള്ള ഒരു ദേവാലയം പോലും ഭൂമിയിൽ ഇല്ല.'* www.omsathyam.com വെബ്സൈറ്റിലെ ദൈവ വിപ്ലവ വിശകലനം-8ലും മഹാഗ്രന്ഥത്തിലും വിശദീകരിച്ചിട്ടുണ്ട്.

## 3. ദേവാലയങ്ങളിൽ, മനുഷ്യർക്ക് മാത്രമല്ല; ദൈവത്തിനും പ്രവേശനം നിഷേധിക്കുന്ന മതജാതി-രാഷ്ട്രീയ-ദേശ-മനോരോഗികൾ ഉണ്ട്.

അനേകം ദേവാലയങ്ങളിലും പ്രദേശങ്ങളിലും അന്യമതസ്ഥർക്കു പ്രവേശനം ഇല്ലെന്ന് മതമനോരോഗികൾ പൈശാചിക നിയമങ്ങളെ ഉണ്ടാക്കിയിട്ടുള്ളതിനെ മണ്ണിന്റെ നിയമങ്ങൾ 'അഥവാ മണ്ണായ ദൈവം' പുച്ഛിക്കുന്നത് മത-ജാതി-രാഷ്ട്രീയ മനോരോഗികൾ മനസ്സിലാക്കുന്നത് നല്ലതാണ്. ദൈവത്തിന്റെ അംശം കൂടിയായ ശരീരത്തെ ധർമ്മ ശാസ്ത്ര വിരുദ്ധമായി മതമനോരോഗികൾ തടയുമ്പോൾ, ദൈവത്തിന് പ്രവേശനം നിഷേധിക്കുന്ന ഏറ്റവും കൊടിയ കുറ്റങ്ങളിൽ ഒന്നാണ് നീചർ ചെയ്യുന്നത് ... അവർ ചെയ്യുന്നത് എന്തെന്ന് അവർ അറിയുന്നില്ല. ലളിതമായ ഉദാഹരണം :- മനുഷ്യൻ, പശു, പട്ടി, പന്നി തുടങ്ങി ഏതൊരു ജീവിയുടെയും ശവശരീരത്തെ വ്യത്യസ്ത മതജാതി-ദേവാലയങ്ങളുടെ ഉള്ളിലോ പുറത്തോ കുഴിച്ചിട്ടാലും; ദൈവത്തിന്റെ അംശം കൂടിയായ ശരീരമെന്ന മണ്ണ്, മണ്ണോടു ചേരുന്നതാണ്. അതേസമയം ദൈവാംശങ്ങളെയും തദ്വാരാ ദൈവത്തെയും നിന്ദിക്കുന്ന അത്തരം പൈശാചിക സ്ഥാനങ്ങളിൽ

പൈശാചികത ഏറെയുള്ളവർ മാത്രമോ കൂടുതലായോ വിരാജിക്കുന്ന വിധം മഹാവിളയാടൽ മഹാഒരുക്കിയിട്ടുണ്ട്. മഹാനീതിശാസ്ത്രവുമായി ബന്ധപ്പെട്ട മഹാകാര്യങ്ങളെയും മത-ജാതി-രാഷ്ട്രീയ മനോരോഗികൾ അറിയുന്നില്ല. പൈശാചിക സ്ഥാനങ്ങളിൽ നിരന്തരം നടക്കുന്ന അപകടങ്ങളും കലഹങ്ങളും അരുംകൊലകളും സാക്ഷ്യപ്പെടുത്തുന്ന സത്യമാണത്. ഫലത്തിൽ, മനോരോഗികൾക്ക് മഹാഅനുവദിച്ചിട്ടുള്ള ശിക്ഷാലയങ്ങളാണ് പ്രശസ്ത ദേവാലയങ്ങൾ !

4. *ജനനമരണങ്ങളെ ചടങ്ങുകളാക്കാൻ ഉൾപ്പെട്ട വ്യക്തിക്കു കഴിയുന്നതല്ല എന്നതു പോലും തിരിച്ചറിയാതെ മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ മനോരോഗികൾ ജീവിക്കുന്നു.*

ഏറ്റവും ഹ്വസ്വമായി കുറിക്കാം :- ജനനം, മരണം എന്നിവ വ്യക്തി ചെയ്യുന്ന കാര്യങ്ങളല്ല. വ്യക്തിയുടെ ജീവിതത്തിലെ അതിപ്രധാന ങ്ങളായ രണ്ട് സംഭവങ്ങളാണവ. ഏതൊരു വ്യക്തിയുടെയും ജീവിതത്തിലെ ധർമ്മശാസ്ത്രപരമായ ഏക ചടങ്ങ് *വിവാഹമാണ്.* (പെൺകുട്ടിയുടെ മുഖ്യ രക്ഷകർത്താവ് വരന്റെ കൈകളിലേക്ക് വധുവിന്റെ കൈകളെ ചേർത്തുവയ്ക്കുന്ന ലളിതമായ ചടങ്ങാണത്).

*ജനനമരണങ്ങളെ ചടങ്ങുകളാക്കാൻ ഉൾപ്പെട്ട വ്യക്തിക്കു കഴിയുന്നതല്ല എന്നതിൽ നിന്നും അവയെ ചടങ്ങുകളാക്കിക്കൂടാ എന്ന മണ്ണിന്റെ നിയമവും വ്യക്തമാണ്.* മാത്രമല്ല, *മരണാനന്തര കാര്യങ്ങളെ പറഞ്ഞുകൊണ്ട് വ്യക്തികളെ ഭയപ്പെടുത്തി ജീവിക്കുന്ന മത-ജാതി പുരോഹിതന്മാർക്കുള്ള താക്കീതും അതിലുണ്ട്.* ജനിച്ചിട്ടുള്ളത് ജീവിക്കാൻ ആണെന്നും, ജീവിക്കുകയാണ് ചെയ്യുന്നതെന്നും, സാത്വികമായിട്ട് ജീവിക്കുകയേ വേണ്ടൂ എന്നും *മരിക്കുന്നതും ശവമടക്കലും വ്യക്തിയുടെ വിഷയമല്ലായെന്നുമുള്ള പാഠം മണ്ണ് തരുന്നുണ്ട്.* മതപുരോഹിതന്റേത് ഉൾപ്പെടെയുള്ള (ശവ)

ശരീരങ്ങളെ മണ്ണിന് മടക്കി നൽകുകയേ വേണ്ടൂ. *ശവശരീരത്തെ വ്യത്യസ്ത മതങ്ങളിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും പ്രകാരം അമ്മാനമാടുന്നത് അധമമായ കളിയാണ്.* ശവശരീരത്തെ ഉപയോഗിച്ചും ജനങ്ങളെ കളിപ്പിക്കുകയാണ്; കബളിപ്പിക്കുകയാണ്; വിശ്വാസ വഞ്ചനയിലൂടെ സാമ്പത്തിക ചൂഷണത്തെ എളുപ്പമാക്കുകയാണ്. *മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ള മഹാശാസ്ത്ര നിയമങ്ങളും സംവിധാനങ്ങളും പ്രകാരം ആനന്ദങ്ങളെ വർദ്ധിപ്പിച്ചു ജീവിച്ചുകൊണ്ട്,* അധമങ്ങളും അസംബന്ധങ്ങളുമായ മതവിചാരങ്ങളെ വസ്തുതകളാണെന്നും അത്യാവശ്യങ്ങളാണെന്നും തെറ്റിദ്ധരിച്ചും പ്രചരിപ്പിച്ചും മതങ്ങളുടെയും മതദൈവങ്ങളുടെയും നാമത്തിൽ, *മതങ്ങൾക്കെല്ലാം അതീതവും സത്യവും മഹാശാസ്ത്രപരവുമായ ദൈവത്തെ നിന്ദിക്കുകയാണ്*.

ശവശരീരം ഏതെങ്കിലും മതങ്ങളിലെ ഏറ്റവുമധികം ഉയർന്ന ആചാര്യന്റേതാണോ, മതപുരോഹിതന്റേതാണോ, പ്രധാനമന്ത്രിയുടേതാണോ, മത-ജാതി പ്രസ്ഥാനങ്ങൾക്ക് വഴിപ്പെടാത്തവരുടേതാണോ, നിരീശ്വരവാദിയുടേതാണോ, തെമ്മാടിയുടേതാണോ, മറ്റുള്ള ജീവികളുടേതാണോ എന്നത് വിഷയമാക്കാതെ *മണ്ണ്, മണ്ണിന്റെ നിയമങ്ങൾ പ്രകാരം മണ്ണുകൊണ്ട് സൃഷ്ടിക്കുകയും, ജീവിതകാലത്ത് മണ്ണിന്റെ നിയമങ്ങൾ പ്രകാരം മഹാഭരിക്കുകയും, മണ്ണിന്റെ നിയമങ്ങൾ പ്രകാരം മരിപ്പിക്കുകയും ചെയ്ത ശരീരത്തെ മണ്ണിൽ ലയിപ്പിക്കുന്നു. ശവശരീരത്തെ മണ്ണിന് മടക്കി നൽകിയില്ലെങ്കിൽ, മണ്ണിന്റെ (മൂലകങ്ങളിലുള്ള) നിയമങ്ങൾ പ്രകാരം ശവശരീരം ചീഞ്ഞു നാറുന്നതാണ്, മണ്ണിന്റെ നിയമങ്ങളെ തടയാൻ മതപുരോഹിതന്മാരുടെ കുശുകുശു മന്ത്രങ്ങൾക്കു കഴിയുന്നതല്ല.* മത്സ്യവും ഭക്ഷണവും മറ്റും കേടാവാതെയും ചീഞ്ഞു നാറാതെയും ഐസ്പെട്ടിയിൽ അഥവാ ശീതീകരിച്ച് സൂക്ഷിക്കുമ്പോലെ ശവശരീരത്തെ സൂക്ഷിക്കാനാവുമെന്നു പറയുമ്പോൾ, മണ്ണിന്റെ നിയമങ്ങൾ തന്നെയാണ് പ്രവർത്തിക്കുന്നത്.

ഏതൊരു ജീവിയുടെയും പ്രത്യക്ഷ ദൈവമായ സ്വന്തമെന്നോണമുള്ള ശരീരം, സ്വയം ശരീരത്തെ സൃഷ്ടിച്ചിട്ടുള്ളത് മണ്ണിലെ മൂലകങ്ങൾ കൊണ്ടാണ്. മണ്ണ് മണ്ണോടു ചേരുന്നു. മണ്ണ് അഥവാ മണ്ണായ ശരീരം, മണ്ണിലെ വസ്തുക്കളെ ഉപയോഗിച്ച് സ്വയം ശരീരത്തെ സൃഷ്ടിക്കുന്നു. പാലും പഴങ്ങളും ധാന്യങ്ങളും പച്ചക്കറികളും ഇലക്കറികളും മത്സ്യമാംസാദികളും മുട്ടയും ഉൾപ്പെടെ എല്ലാ ഭക്ഷണ സാധനങ്ങളും എല്ലാ ജീവികളും ഭക്ഷിക്കുമ്പോഴും ശരീരമെന്ന മണ്ണ് ശരീരമെന്ന മണ്ണോടു ചേരുക തന്നെയാണു സംഭവിക്കുന്നത്. മണ്ണും ഭൂമിയും ശരീരവുമായ ദൈവത്തിന്റെ അംശങ്ങളാണ് എല്ലാ ശരീരങ്ങളും. അതുകൊണ്ട് ഭൂമിയിൽ എവിടെയും (എല്ലാ മണ്ണിലും) ശരീരവും ശവശരീരവും ലയിച്ചു ചേരുന്നതാണ്.

ജീവിച്ചിരിക്കുന്നവർ മത്സ്യമാംസാദികൾ ഭക്ഷിക്കുന്നതു പോലെയും മുമ്പ് വ്യക്തമാക്കിയതു പോലെയും; മനുഷ്യൻ, പശു, പട്ടി, പന്നി തുടങ്ങി ഏതൊരു ജീവിയുടെയും ശവശരീരത്തെ മറ്റുള്ള ജീവികൾ ഭക്ഷിച്ചാലും ഇല്ലെങ്കിലും; ഭൂമിയിൽ എവിടെ കുഴിച്ചിട്ടാലും; കത്തിച്ചാലും; തുറസ്സായ സ്ഥലങ്ങളിൽ നിക്ഷേപിച്ചാലും; വ്യത്യസ്ത മതജാതി-ജീവികളുടെ ഭവനങ്ങളിലോ ദേവാലയങ്ങളിലോ -ഉള്ളിലോ പുറത്തോ -കുഴിച്ചിട്ടാലും; ദൈവത്തിന്റെ അംശം കൂടിയായ ശരീരമെന്ന മണ്ണ് (ശരീരമെന്ന) മണ്ണോടു ചേരുന്നതാണ്.

ലളിതമായ മേല്പടി പാഠങ്ങളെ അവഗണിച്ചു ജീവിക്കുന്ന മത-ജാതി-രാഷ്ട്രീയ ജീവികൾക്ക് മനോരോഗമല്ലേ ... തീർച്ചയായും ആണ്.

5. *ഭക്ഷണ നോയമ്പുകൾ അധമമാണ്,* മഹാശാസ്ത്രപരമായി വിശദീകരിക്കുന്നു. ( Extracted from ദൈവ-വിപ്ലവ വിശകലനം -2, available @ *www.omsathyam.com* )

*നോയമ്പ് എന്ന പേരിലും മറ്റും ഭക്ഷണം കഴിക്കുന്നതിനെ നിയന്ത്രിക്കുന്ന നിയമങ്ങൾ ഇന്നത്തെ മതങ്ങളിലെല്ലാം ഉണ്ട്.* അവയൊന്നും യഥാർത്ഥത്തിൽ ദൈവീകമല്ല.

വിശദീകരിക്കാം :- മഹാശക്തിയായ ദൈവം, കുഞ്ഞുങ്ങളായ ജീവികളെ ഭാരപ്പെടുത്താതെയും സമ്പൂർണ്ണ വ്യക്തിസ്വാത ന്ത്ര്യത്തെ ലഭ്യമാക്കിയും, ആനന്ദിച്ചു ജീവിക്കുവാൻ മഹാഅനുഗ്രഹിച്ചിട്ടുണ്ട്. ഭക്ഷണ ആനന്ദമെന്നത് പ്രഥമവും ആനന്ദങ്ങളിൽ സർവ്വ പ്രധാനവുമാണ്. ജനനം മുതൽ മരണം വരെയുള്ള മുഴുവൻ കാലഘട്ടത്തിലും എല്ലാ ജീവികൾക്കും അങ്ങനെ തന്നെയാണ്. ഭക്ഷണ സാധനങ്ങളെ പാകംചെയ്ത് ഭക്ഷണ ആനന്ദത്തെ വർദ്ധിപ്പിക്കാൻ മനുഷ്യരെ മഹാഅനുഗ്രഹിച്ചിട്ടുണ്ട്.

ബഹുവിധ ഭക്ഷണങ്ങളെ രുചിച്ച് ആസ്വദിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നത് മനുഷ്യരാണെങ്കിലും, ഭക്ഷണവുമായി ബന്ധപ്പെട്ട അതിപ്രധാനങ്ങളായ ശാരീരിക പ്രവർത്തനങ്ങൾ ചെയ്യുന്നത് ദൈവമാണ്. ഭക്ഷണ സാധനങ്ങളെയും മരുന്നുകളെയും മറ്റും ദഹിപ്പിക്കുകയും, മനുഷ്യന് ആവശ്യമായ ശക്തികളെ നൽകുകയും ശരീരത്തിലെ കോശങ്ങളെയും അസ്ഥികളെയും മറ്റും നിർമ്മിക്കുകയും ചെയ്യുന്നത് ദൈവമാണ്; രോഗമുക്തിയും പ്രതിരോധങ്ങളുമെല്ലാം ദൈവത്തിന്റെ പ്രവർത്തനം കൊണ്ടാണ്.

വിസർജ്ജനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെയും ദൈവം തന്നെയാണ് ചെയ്യുന്നത്. മനുഷ്യന്റെ ജനനം മുതൽ മരണം വരെയുള്ള ജീവിതകാലം മുഴുവൻ -സദാസമയവും - ശ്വസനത്തെയും ഹൃദയ പ്രവർത്തനങ്ങളെയും കൂട്ടിയിണക്കി ക്കൊണ്ട് ദൈവം മഹാനീതിശാസ്ത്ര പ്രകാരം മഹാനിർവ്വഹിക്കുകയാണ്. തന്റെ കുഞ്ഞുങ്ങളായ ജീവികളെ ഭാരപ്പെടുത്താതെയുള്ള മഹാവാത്സല്യ മാണത്. പ്രസ്തുത മഹാവാത്സല്യത്തിന്റെ അളവ് അല്പം ബോദ്ധ്യമാവാൻ, ശരീരത്തിലെ രക്ത ഓട്ടവും, ദഹന പ്രക്രിയകളും, ദഹന രസങ്ങളുടെയും നാഢീഞരമ്പുകളുടെയും കോശങ്ങളുടെയും അസ്ഥികളുടെയും നിർമ്മാണവും പ്രവർത്തനവുമെല്ലാം സ്വത്വബോധ ത്തോടെ മനുഷ്യൻ ചെയ്യുന്ന കാര്യങ്ങളായിട്ട് സങ്കല്പിച്ചാൽ മതിയാകും; അങ്ങനെയായാൽ, ജീവികളുടെ യെല്ലാം ജീവിതം മുഴു-നരകമാവുന്നതാണ്.

മഹാശക്തിയായ ദൈവം, മനുഷ്യന്റെ ശരീരത്തിലെ എല്ലാ പ്രവർത്തനങ്ങളെയും എല്ലായ്പ്പോഴും മഹാനിർവ്വഹിക്കു മ്പോഴും, അനന്തങ്ങളായ ഭക്ഷണ രുചികളിലൂടെയും ദഹന സംതൃപ്തികളിലൂടെയും മനുഷ്യർക്കെല്ലാം ആനന്ദങ്ങളെ ലോഭമില്ലാതെ നൽകുന്നുണ്ട്. വിശപ്പുണ്ടാക്കുക, ദാഹിപ്പിക്കുക, ഛർദ്ദിക്കാനും തുമ്മാനും ചുമയ്ക്കാനും മൂത്രവിസർജ്ജനം ചെയ്യാനും മലവിസർജ്ജനം ചെയ്യാനും തോന്നിപ്പിക്കുക, വിസർജ്ജനത്തെ നിർവ്വഹിക്കുന്നതോടെ രോഗമുക്തി പെട്ടെന്ന് ലഭിക്കുന്നതുപോലെയുള്ള ആശ്വാസം കൊടുക്കുക, തുടങ്ങിയ കാര്യങ്ങളെ മഹാശക്തിയായ ദൈവം ചെയ്യുന്നത് മനുഷ്യർക്കു വേണ്ടിയാണ്; മഹാനീതിശാസ്ത്ര പ്രകാരം, മനുഷ്യ ശരീരത്തിന്റെ

പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിന്റെ ഭാഗമാണ്. ദൈവ വിപ്ലവ വിശകലനം 7-ൽ ജീവാത്മാവിനെ വഹിക്കുന്നതായ ശരീരം പ്രത്യക്ഷ-ദൈവമായി പ്രവർത്തിക്കുന്നതും ജീവാത്മാവിനെ മഹാഭരിക്കുന്നതും ഉൾപ്പെടെയുള്ള ബഹുവിധ കാര്യങ്ങളെ വിശദീകരിച്ചിട്ടുണ്ട്.

മഹാശക്തിയായ ദൈവം, മഹാവാത്സല്യത്തോടെയും മഹാനീതിശാസ്ത്ര പ്രകാരവും, 'മനുഷ്യർക്കു വേണ്ടി', മനുഷ്യ ശരീരത്തിന് ആവശ്യമായ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിൽ സന്തോഷം പ്രകടിപ്പിച്ചില്ലെങ്കിലും, ഭാരപ്പെടുത്തിയെന്ന് ശാസ്ത്ര പരമായി വാദിക്കുവാൻ യാതൊരാൾക്കും കഴിയുന്നതല്ല.

മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹാവാത്സല്യവുമായ ദൈവത്തിന് മനുഷ്യരുടെ നന്ദി പ്രകടനങ്ങളെ ആവശ്യമില്ല. എന്നാൽ *ദൈവത്തിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കാതെ ശ്രദ്ധിക്കുവാനുള്ള മര്യാദ മനുഷ്യർ കാട്ടേണ്ടതുണ്ട്.* അനന്തമായ ഭക്ഷണ രുചി /ആനന്ദത്തെ നൽകുന്നതിനാൽ, ദൈവം മനുഷ്യരെ ഭാരപ്പെടുത്താതെ, മഹാവാത്സല്യത്തോടെ മഹാ-കരുതുകയാണ്. ദൈവം മഹാഅനുഗ്രഹിച്ചു നൽകുന്ന ശക്തികളെ സാത്വികമായിട്ട് ഉപയോഗിച്ച് ഭക്ഷണത്തെ നേടുകയും ഭക്ഷിക്കുകയും വേണം; ഭക്ഷണ ആനന്ദത്തെ ശ്രദ്ധിക്കാതെ ഭക്ഷിക്കുന്നവർക്കും ഭക്ഷണ ആനന്ദത്തെ നൽകുവാൻ മഹാവാത്സല്യവുമായ ദൈവം മഹാശ്രദ്ധിക്കുന്നുണ്ട്. ശരീരത്തിലെ രക്ത ഓട്ടവും, ദഹന പ്രക്രിയകളും, ശരീര വളർച്ചയും ഒക്കെ തനിയെ പ്രവർത്തിക്കുമെന്ന് വാദിക്കുവാൻ നിരീശ്വരവാദിക്കും, മഹാശാസ്ത്രപരമായി വിശദീകരിക്കാൻ മതവിഴുപ്പുകളെ കൊണ്ട് ജീവിക്കുന്ന തട്ടിപ്പുകാർക്കും (മത പുരോഹിതന്മാർക്കും) കഴിയുന്നതല്ല.

((ദൈവം വിശപ്പുണ്ടാക്കുമ്പോൾ, മനുഷ്യന് വിശക്കുന്നു, വിശക്കുമ്പോൾ തിന്നണം. വിശപ്പ് ഉണ്ടാക്കുന്നത് ദൈവം ആകയാൽ, ഒരാൾ വിശന്നിട്ട് ഭക്ഷണത്തിനു വേണ്ടി മറ്റുള്ളവരോട് യാചിച്ചാൽ, ദൈവവും കാരണക്കാരനും കാരണക്കാരിയും ആവുന്നതാണ്. അന്നദാനം മഹാദാനം ആവുന്നത് അങ്ങനെയാണ്. ഭക്ഷണത്തിനു വേണ്ടി യാചിക്കുന്ന മുതിർന്നവർക്ക് പാകം ചെയ്ത ഭക്ഷണത്തെ ഭിക്ഷയായിട്ടു നൽകുമ്പോൾ, സാധിക്കുമെങ്കിൽ ധർമ്മ ശാസ്ത്ര വിശകലനം ചെയ്യണം; നിർബ്ബന്ധമല്ല. ഭിക്ഷ കൊടുക്കുന്നയാൾക്ക് പാപം ഉണ്ടാകുന്നില്ല; എന്നാൽ ഭിക്ഷ യാചിക്കുന്നയാൾക്ക് പാപം ഉണ്ടാവാതിരിക്കാനോ, പാപം കുറയാനോ പ്രവർത്തിക്കുമ്പോൾ ഭിക്ഷ കൊടുക്കുന്നയാൾക്ക് പുണ്യം വർദ്ധിക്കുന്നതാണ്. ഉദാഹരണത്തിന്, ആരോഗ്യവും, ഭക്ഷണം പാകംചെയ്യാനുള്ള സൗകര്യങ്ങളും ഉള്ളവർ ഭിക്ഷ യാചിച്ചാൽ അരി കൊടുക്കുക, ചോറ് കൊടുക്കരുത്; വിശപ്പിനു ഭക്ഷണം യാചിക്കുമ്പോൾ "പാകംചെയ്ത ഭക്ഷണം" കൊടുക്കുക. ഭിക്ഷ കൊടുക്കുന്നതും കൊടുക്കാതെ യിരിക്കുന്നതും ഏതൊരാളുടെയും വ്യക്തിസ്വാതന്ത്ര്യത്തെ സംബന്ധിക്കുന്ന വിഷയമാണ്; ഭരണകൂടം വ്യക്തിയെ ഭാരപ്പെടുത്തരുത്. യാചകരെ മടിയന്മാരും അലസന്മാരുമാകാതെ മഹാസംരക്ഷിക്കുവാനായിട്ടുള്ള ദൈവത്തിന്റെ മഹാവാത്സല്യത്തെ, സാത്വികമായിട്ട് ചെയ്യേണ്ടതുണ്ട്; ക്രൂരമായ വചനങ്ങളെക്കൊണ്ട് യാചകരെ വേദനിപ്പിച്ചാൽ പാപം കിട്ടുന്നത് യാചകാവസ്ഥ ഉണ്ടാവാൻ ഒരു കാരണക്കാരായ (ജനങ്ങളുടെ ദാസരായ) ഭരണാധികാരികൾക്കാണ്. വിശപ്പിനല്ലാതെ യാചിക്കുന്നവരെ, അസാധാരണമായ സാഹചര്യങ്ങൾ ഇല്ലെങ്കിൽ, ജനങ്ങളെല്ലാം അവഗണിക്കുകയോ, ഓടിക്കുകയോ വേണം; അത്തരം യാചകരെ പരിഗണിക്കേണ്ടുന്നത് (ജനങ്ങളുടെ ദാസരായ) ഭരണാധികാരികളാണ്. എന്നാൽ ധർമ്മശാസ്ത്രപരമായ ഭരണസമ്പ്രദായങ്ങൾ സമൂഹത്തിൽ ഇല്ലാത്ത സ്ഥിതിക്ക്, ദൈവ-വിപ്ലവം വരെ കാത്തിരിക്കുകയേ നിർവ്വാഹമുള്ളൂ; അല്ലെന്നാൽ മാനുഷികമായ ഊറ്റത്തെ ധർമ്മശാസ്ത്രപരമായിട്ട് പ്രകടിപ്പിക്കാൻ ജനങ്ങൾക്ക് കഴിയണം.))

മനുഷ്യർക്കു വേണ്ടി, മനുഷ്യ ശരീരത്തിന് ആവശ്യമായ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ജോലികൾക്ക് തടസ്സമുണ്ടാക്കാതെ ശ്രദ്ധിക്കുവാനുള്ള മര്യാദ മനുഷ്യർ കാട്ടേണ്ടതുണ്ട് എന്ന വിശദീകരണം തുടരുന്നു. (ദൈവം) വിശപ്പും ദാഹവും ഉണ്ടാക്കുമ്പോൾ, മനുഷ്യർ വ്യക്തിസ്വാതന്ത്ര്യത്തോടെ ഭക്ഷണ പാനീയങ്ങളെ രുചിച്ച് ആസ്വദിച്ചുകൊണ്ട് വിശപ്പിനും ദാഹത്തിനും ആനന്ദകരമായ പരിഹാരമുണ്ടാക്കാൻ, ശാസ്ത്ര നിയമങ്ങൾ പ്രകാരം ദൈവം ആവശ്യപ്പെടുകയാണ്. ജീവിക്കുന്നത് ആനന്ദിക്കാനാണ്; തങ്ങളുടെ ആനന്ദത്തിന്നായിട്ട് മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികളും അവർക്കെല്ലാം വേണ്ടി ഭക്ഷണ പാനീയങ്ങളെ കഴിക്കുകയും ചെയ്യുന്നു. മനുഷ്യർക്കു വേണ്ടി, മനുഷ്യ ശരീരത്തിന് ആവശ്യമായ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ജോലികൾക്ക് തടസ്സവുമില്ല; തടസ്സമുണ്ടാക്കിയാൽ ദൈവനിന്ദയാണ്. പൊതുവായ വസ്തുതയാണ്; എല്ലാ മനുഷ്യരും ജനനം മുതൽ മരണം വരെ നിരന്തരം പാലിക്കേണ്ടതുമുണ്ട്.

സർജറി, രോഗം, ചികിത്സ തുടങ്ങിയ അവസരങ്ങളിൽ വായിലൂടെ ഭക്ഷണം കഴിക്കുന്നതിന് സാധിക്കാതെ വരുമ്പോൾ, മൂക്കിലൂടെയും മറ്റും കുഴലിട്ട് ഭക്ഷണത്തെ ദ്രാവക രൂപത്തിൽ കൊടുക്കുന്നത് എല്ലാവരുടെയും ആവശ്യമല്ല; അഥവാ പൊതുവായ വസ്തുതയല്ല. ഒരു ചിലർക്ക് മാത്രം ഭൗതിക ശാസ്ത്ര പരമായി ആവശ്യമാക്കുന്ന സ്വകാര്യമാണത്.

ഭൗതിക ശാസ്ത്ര /വൈദ്യ ശാസ്ത്രപരമായ കാരണങ്ങളാൽ 'സ്വകാര്യമായ ഭക്ഷണ നിയന്ത്രണം' ചെയ്യുമ്പോൾ ദൈവനിന്ദയില്ല; എന്തെന്നാൽ ഭൗതിക ശാസ്ത്രമെന്നത്, "ദൈവത്തിന്റെ മഹാജ്ഞാന മാകുന്ന മഹാശാസ്ത്രിന്റെ അംശവും, മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി ശാസ്ത്രവും, ഒന്നാമത്തെ വേദവുമാണ്."

ശരീരത്തിന് ആവശ്യമായ പ്രവർത്തനങ്ങളെ സദാ നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിന് ജീവികളെല്ലാം ഭക്ഷണം കഴിക്കണം എന്നിരിക്കെ, ബുദ്ധിശക്തി, ഓർമ്മശക്തി, തുടങ്ങിയവ അധികമായി ലഭിച്ച മനുഷ്യ ജീവി മാത്രം ഒരു ചിലരുടെ അധമമായ മത-ആത്മീയ ചിന്താഗതികളെ ശരിയെന്നു തെറ്റിദ്ധരിച്ച് ദൈവത്തിന്റെ പേരിൽ ഭക്ഷണ നിയന്ത്രണം ചെയ്യുന്നത് കടുത്ത ദൈവനിന്ദയാണ്.

മതഭ്രാന്തുകളെയും മറ്റും വിഷയമാക്കാതെ, ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള വ്യക്തിസ്വാതന്ത്ര്യ പ്രകാരം തങ്ങൾക്ക് തോന്നുമ്പോലെയെല്ലാം 'സ്വന്തമായ (സ്വകാര്യമായ)' ഭക്ഷണ നിയന്ത്രണം ചെയ്യുമ്പോഴും ദൈവനിന്ദയുണ്ട്, കടുത്തത് അല്ലെന്നേയുള്ളൂ. എന്നാൽ, സ്വകാര്യമായതിനെ നല്ലതെന്നു വിശേഷിപ്പിക്കുകയോ, മറ്റുള്ളവരും ചെയ്യണമെന്ന് ആഹ്വാനം ചെയ്യുകയോ, ആവശ്യപ്പെടുകയോ, നിർബ്ബന്ധിക്കുകയോ ഒക്കെ ചെയ്താൽ ദൈവനിന്ദയുടെയും പാപത്തിന്റെയും ദൈവ ശിക്ഷകളുടെയും അളവ് ക്രമേണ വർദ്ധിക്കുന്നതാണ്. മത പുരോഹിതന്മാരും മറ്റും പാപങ്ങളും ദൈവ ശിക്ഷകളും വാരിക്കൂട്ടുന്നുണ്ട്.

അജ്ഞാനവും അവിവേകവും ദുസ്വാർത്ഥങ്ങളും മറ്റും നിമിത്തമാണ് വളരെ പേർ പടുകുഴിയിൽ പെട്ടിരിക്കുന്നത്. "അജ്ഞാനം കാരണമായ ദൈവ ശിക്ഷകളുടെ" കാര്യത്തിൽ, ഭൂമിയിലെങ്ങും മായ പ്രത്യക്ഷമാവുകയും ദൈവ-വിപ്ലവം ആരംഭിക്കുകയും ചെയ്യുന്നതു വരെ മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹാവാത്സല്യവുമായ ദൈവം "മഹാനീതിശാസ്ത്ര പ്രകാരമുള്ള പ്രത്യേകമായ ഇളവുകളെ" അനുവദിക്കുന്നതാണ്.

പകൽ സമയത്ത് ഭക്ഷണ പാനീയങ്ങളെ കഴിക്കാതെ നോയമ്പ് എന്ന പേരിലും മറ്റുമുള്ള അനുഷ്ഠാനങ്ങളെ പിൻപറ്റുകയും, അത് ദൈവീകമാണെന്നു തെറ്റിദ്ധരിക്കുകയും ചെയ്യുന്ന മൂഢരെ തിരുത്താനായിട്ട് *കടുത്ത വായ്നാറ്റത്തെ* നൽകി ദൈവം ശിക്ഷിക്കുന്നുണ്ട്. *വായ്നാറ്റത്തിനു പകരം റോസാപ്പൂവ്, മുല്ലപ്പൂവ് എന്നിവകളുടെ സുഗന്ധത്തെ നൽകിയിരുന്നു വെങ്കിൽ,* നോയമ്പ് ദൈവീകമാണെന്നു പ്രചരിപ്പിക്കാൻ മൂഢന്മാർ കൂടുതൽ ആവേശപ്പെടുമായിരുന്നു !

മണ്ണിലെ വസ്തുക്കളിൽ മഹാലയിപ്പിച്ചിട്ടുള്ള ന്യൂനശക്തി കളിലൂടെ മഹാശക്തിയായ ദൈവം മഹാനിർവ്വഹിക്കുന്ന മഹാശുദ്ധീകരണ ത്തെപ്പറ്റി ഗ്രാഹ്യം ഉണ്ടാകുന്നതോടെ അനേകം മൂഢവിശ്വാസങ്ങൾ മണ്ണടിയുന്നതാണ്. ഉദാഹരണത്തിന്; മലം, മൂത്രം, തുടങ്ങിയ മനുഷ്യ വിസർജ്ജ്യങ്ങൾക്ക് ബിരിയാണിയുടെ മണവും രുചിയും (ദൈവം) നൽകിയാൽ, മനുഷ്യർ കക്കൂസുകളെ ഉണ്ടാക്കുന്നതല്ല; തങ്ങളുടെയും മറ്റുള്ളവരുടെയും മലത്തെ ഭക്ഷിക്കുന്നതാണ്! വളർത്തു മൃഗങ്ങൾ ഉൾപ്പെടെയുള്ള അന്യ ജീവികളുടെ വിസർജ്ജ്യങ്ങൾക്ക് ബിരിയാണിയുടെയും മറ്റും മണവും രുചിയും (ദൈവം) നൽകിയാൽ, അവയുടെ വിസർജ്ജ്യങ്ങൾക്ക് വേണ്ടി അവയെ മനുഷ്യർ വധിക്കുകയും, നേടാനായിട്ട് മനുഷ്യർ മത്സരിക്കുകയോ തമ്മിലടിക്കുകയോ ചെയ്യും!

ഭക്ഷണ നിയന്ത്രണത്തെപ്പറ്റി ഭോഷത്തങ്ങളോടെ വാചാലരാകുന്നവർ, *ശരീരത്തിലെ പ്രവർത്തനങ്ങളെ മഹാഭരിക്കുന്ന ദൈവം, വിശപ്പും ദാഹവും മാത്രമല്ല;*

*ഛർദ്ദിക്കാനും തുമ്മാനും ചുമയ്ക്കാനും മൂത്രവിസർജ്ജനം ചെയ്യാനും മലവിസർജ്ജനം ചെയ്യാനും (ദൈവം) തോന്നിപ്പിക്കുന്നുണ്ടെന്നതും* വിസർജ്ജനത്തെ നിർവ്വഹിക്കുന്നതോടെ രോഗമുക്തി പെട്ടെന്ന് ലഭിക്കുന്നതു പോലെയുള്ള ആശ്വാസത്തെ മനുഷ്യർ ഉൾപ്പെടെയുള്ള എല്ലാ ജീവികൾക്കും (ദൈവം) കൊടുക്കുന്നതും സ്വയം വിചാരണ ചെയ്യണം.* ഭക്ഷണത്തെ നിയന്ത്രിക്കാൻ തയ്യാറാകുന്നതുപോലെ വിസർജ്ജനങ്ങളെ നിയന്ത്രിക്കുന്നതിലും കേമത്തം കാട്ടണം. ലളിതമായി പറഞ്ഞാൽ, *(ദൈവം) പകൽ സമയത്ത് വിശപ്പ് ഉണ്ടാക്കുമ്പോൾ / തിന്നാൻ മുട്ടുമ്പോൾ തിന്നാത്തവർ, തൂറാൻ മുട്ടുമ്പോൾ തൂറരുത്; മൂത്രം ഒഴിക്കരുത്, തുമ്മരുത്, ഛർദ്ദിക്കരുത്, ചുമയ്ക്കരുത്.*. ...

## * 6. തഴമ്പിലെ ദൈവീകതയും പൈശാചികതയും.*

*ഏതാനും വർഷങ്ങൾക്കു മുമ്പ്,* മുസ്ലീം ലേബലിനെ പൊക്കിപ്പറയുന്ന സുന്ദരനായ ഒരു ചെറുപ്പക്കാരൻ ഈയുള്ളവനോട് രഹസ്യമായി ഒരു ഉപദേശം ചോദിച്ചു. *'നമസ്കാരം നിമിത്തം'* ആ വെളുത്ത കുട്ടിയുടെ നെറ്റിയിൽ വർദ്ധിച്ചുവരുന്ന *"കറുത്ത തഴമ്പ് സൗന്ദര്യത്തെ കുറയ്ക്കുന്നു ... നമസ്കാരം ഒഴിവാക്കാതെ, തഴമ്പ് ഇല്ലാതാവാൻ ഒരു മാർഗ്ഗം ഉപദേശിക്കാൻ കഴിയുമോ?"* നമസ്കാരം ചെയ്യാതെ, തഴമ്പ് ലഭിക്കാനും, കൃത്രിമമായി തഴമ്പ് ഉണ്ടാക്കാനും വേഷം കെട്ടുന്നവരുടെ ഇടയിലെ മറ്റൊരു മത-മനോരോഗി ആയിരുന്നു അത്!

ഈയുള്ളവൻ നൽകിയ മറുപടി : *"കുഞ്ഞേ, പതിവായി കൂന്താലിയും തൂമ്പയും പിടിക്കുന്ന കൃഷിക്കാരന്റെ കൈയ്യിലെ തഴമ്പ് കണ്ടിട്ടുണ്ടോ? പതിവായി കോടാലി പിടിക്കുന്നവർക്കും വാഹനത്തിന്റെ സ്റ്റിയറിംഗ് പിടിക്കുന്നവർക്കും ഒക്കെ കൈപ്പത്തികളിൽ തഴമ്പ് സൃഷ്ടിക്കുന്നത് മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ ദൈവത്തിന് കുഞ്ഞുങ്ങളോടുള്ള മഹാവാത്സല്യമാണ്; വീണ്ടും പണിയെടുക്കുമ്പോൾ കൈപ്പത്തികൾ വേദനിക്കാതിരിക്കാനുള്ള മഹാസംരക്ഷണമാണ്. ഇനി, ദൈവം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള ആരോഗ്യം, ധനം, ജ്ഞാനം, അവസരം, സമയം തുടങ്ങിയവയെ നല്ല കാര്യങ്ങൾക്ക് ഉപയോഗിക്കാതെ ദൈവത്തിനു വേണ്ടിയും മരണാനന്തര ജീവിതത്തിനു വേണ്ടിയുമെന്നു പറഞ്ഞു പാഴാക്കുന്ന മൂഢ ജനങ്ങൾക്ക് ശിക്ഷകൾ വേണ്ടേ? നെറ്റിയിൽ നൽകുന്ന തഴമ്പിന്റെ ഉപയോഗങ്ങൾ എന്തെല്ലാമാണ് എന്ന് ചിന്തിച്ചു നോക്കൂ. വലിയ ഒരു പൂജ്യം എന്നതാണ് സത്യം. കൃഷിക്കാരന്റെ കൈപ്പത്തികളിൽ മഹാഅനുഗ്രഹിച്ചു നൽകുന്ന തഴമ്പുകളുടെ ഉപയോഗങ്ങൾ അനന്തമാണ്; ദൈവീകമാണ്."* ഈയുള്ളവന്റെ വാക്കുകളെ കേട്ട ചെറുപ്പക്കാരന് അനേകരെപ്പോലെ, ദൈവീകമായ ഊറ്റമില്ലാത്തതിനാൽ, അറിഞ്ഞു കൊണ്ട് മൂഢവിശ്വാസങ്ങളെ ഇന്നും ചുമന്നു പോരുന്നതായാണ് അറിവ്.

## *7.  സ്വകാര്യതയും, വസ്ത്രവും, വസ്ത്രധാരണവും.*

*2017 ജൂൺ 12-ന് രാത്രി 10 മണിയോടെ,* ഗൾഫിൽ എവിടെയോ ജോലി ചെയ്യുന്ന ഒരു ചെറുപ്പക്കാരൻ വാട്സ്ആപ് വഴി അക്ഷരത്തെറ്റുള്ള സന്ദേശവുമായി സമീപിച്ചു.

" വളരെ വില പെട്ട ഒരു  അറിയിപ്പ്  എല്ലാവരോടുമായി ഒരു പ്രധാന കാര്യം പറയാനുണ്ട്. IMO വീഡിയോ call ഭാര്യമാരുമായും മറ്റും ചെയ്യുന്നവർ വളരെ അധികം സൂക്ഷിക്കുക.പ്രത്യേകിച്ച് ഭാര്യമാരുമായുള്ള വിളികളിൽ സ്വകാര്യത അത് അവസാനിപ്പിക്കുക..

എന്തെന്നാൽ  യു ട്യൂബിൽ പോയി imo വീഡിയോ കാൾ എന്നടിക്കുക.കാര്യം മനസ്സിലാകും.പക്കാ ചീറ്റിങ്ങ് ആണ് അവിടം.

നിങ്ങൾ വിളിച്ച വീഡിയോ കാൾ അവർ  you tubeil എല്ലാവര്ക്കും കാണാന്  സാധിക്കും വിധം ഇട്ടിട്ടുണ്ട്. ..... സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട ... കളിയല്ല കാര്യമാണ്. *എല്ലാവരിലും share ചെയ്യണേ"*.  ....

*2017 ജൂൺ 13-ന് രാവിലെ തന്നെ മേല്പടി ചെറുപ്പക്കാരന് ചുവടെയുള്ള സന്ദേശത്തെ വാട്സ്ആപ് വഴി അയച്ചു കൊടുത്തു.

"തിരക്കിലാണെങ്കിലും YouTube അല്പം പരിശോധിച്ചു. IMO-യുടെ കുഴപ്പമാണെന്നു തോന്നിയില്ല; *ഏതോ xxx-കാരുടെ സൂത്രപ്പണിയോ കടന്നുകയറ്റമോ ആണെന്നാണ് കരുതുന്നത്.* ആരോഗ്യം ധനം ജ്ഞാനം അവസരം സമയം തുടങ്ങിയവയെ ദൈവം തരുന്ന മുറയ്ക്ക് 'ശുചിത്വം അത്യാവശ്യം ആവശ്യം വിനോദം' പ്രകാരം തീർച്ചയായും വീണ്ടും ഇടപെടുന്നതാണ്.

.. മറ്റുള്ളവരെ നന്നാക്കാൻ ശ്രമിക്കേണ്ടുന്നത് രണ്ടാമതാണ്; സ്വയം ശുദ്ധമാവാൻ ആദ്യം ശ്രദ്ധിക്കണം.

*വസ്ത്രവും വസ്ത്ര മുറയും ശ്രദ്ധിക്കാത്തത്* സ്വന്തം അപരാധമാണ്. മറ്റുള്ള ജീവികളിൽ നിന്നും വ്യത്യാസപ്പെടുത്തി ക്കൊണ്ട് *മനുഷ്യൻ എന്ന ജീവിക്കു മാത്രം ലഭ്യമാക്കുന്ന വർദ്ധിച്ച ബുദ്ധിശക്തികളെയും ശാസ്ത്ര ജ്ഞാനത്തെയും, അനന്തമായ ആനന്ദങ്ങളെയും, സമ്പൂർണ്ണ വ്യക്തിസ്വാതന്ത്ര്യത്തെയും, മോക്ഷത്തെയും, (മഹാവാത്സല്ല്യ മായ ദൈവം) മഹാസംയോജിപ്പിക്കുന്നത് 'സ്ത്രീയും പുരുഷനും ചേർന്ന മനുഷ്യൻ എന്ന ജീവിയുടെ തിരിച്ചറിവ് ', കുടുംബം, സമൂഹം, ദേശം, ഭൂമി എന്നീ ബന്ധങ്ങളിലൂടെയാണ്.

*മനുഷ്യരും മറ്റുള്ള ജീവികളും* തമ്മിലുള്ള കാമാനന്ദ കാര്യങ്ങളിലെ വ്യത്യാസങ്ങളെ മഹാആവിഷ്ക്കരിച്ചിട്ടുള്ളത് മഹാപ്രധാനമായിട്ടാണ്. അതിന് ഉപാധി ആക്കിയിട്ടുള്ളത് *വസ്ത്രത്തെയാണ്.*

*വസ്ത്രവും വസ്ത്ര മുറയും :*

മനുഷ്യൻ എന്ന ജീവി മാത്രം വസ്ത്രം ധരിക്കുന്നതും, മറ്റുള്ള ജീവികളെ പ്പോലെ മനുഷ്യരും വസ്ത്രം ധരിക്കാതെ ജീവിച്ചാൽ എങ്ങനെയുണ്ടാവുമെന്ന് അല്പം ഭാവന ചെയ്താൽ വിഷയ ഗൗരവം ബോദ്ധ്യമാകുന്നതാണ്. (സമൂഹ ജീവിതം, കുടുംബ ജീവിതം, വീട്, വസ്ത്രം, വൈവിധ്യമാർന്ന പാചകം/ഭക്ഷണം, ശാസ്ത്ര സാങ്കേതിക വികസനവും അനന്തമായ ആനന്ദങ്ങളും മനുഷ്യർക്ക് സാദ്ധ്യമാകുന്നതല്ല. മറ്റൊരു മൃഗം, അത്രമാത്രം. അതായത് മഹാശാസ്ത്രത്തിന്റെ ശാഖകളിലും ഉപ-ഉപ ശാഖകളിലും വികസനം നടക്കണമെങ്കിൽ അഥവാ മനുഷ്യരുടെ അന്വേഷണവും ഗവേഷണവും സാദ്ധ്യമാകണമെങ്കിൽ ആദ്യം സ്ഥാപിതമാവേണ്ടത് മറ്റുള്ള ജീവികളിൽ നിന്നും വ്യത്യസ്തമായ സദാചാര ശാസ്ത്രമാണ്.

അതിലൂടെ മാത്രമേ മനുഷ്യൻ എന്ന ജീവിയെ കുടുംബം, സമൂഹം എന്നിങ്ങനെയുള്ള വ്യവസ്ഥിതികളുടെ ഭാഗമാക്കാനാവൂ. മനുഷ്യരുടെ ചുറ്റുമുള്ള പശു, ആട്, പൂച്ച, മുയൽ, പട്ടി, എരുമ, പുലി, സിംഹം തുടങ്ങിയ ജീവികളെല്ലാം രക്തബന്ധങ്ങൾ വിഷയമല്ലാതെ കാമബന്ധങ്ങളിൽ ഏർപ്പെടുമ്പോലെ മനുഷ്യജീവിയും ഏർപ്പെടുകയാണെങ്കിൽ കുടുംബം, സമൂഹം എന്നിങ്ങനെയുള്ള വ്യവസ്ഥിതികൾ സാധ്യമല്ലാതെ വരും. അതു കണക്കാക്കിക്കൊണ്ട് മഹാശക്തിയായ ദൈവം മനുഷ്യരുടെ ജനന- ജീവിത- മരണങ്ങളിലെ എല്ലാ അവസ്ഥകളും മറ്റുള്ള ജീവികളുടേതിൽ നിന്നും വിഭിന്നമായി സംവിധാനം ചെയ്തിരിക്കയാണ്.

എല്ലാ മനുഷ്യർക്കും 50 പുരുഷജന്മങ്ങൾ, 50 സ്ത്രീ ജന്മങ്ങൾ ഉണ്ട്; മഹാസമനീതിയെ മഹാഅനുഗ്രഹിച്ചു നൽകുന്നതുമാണ്. അങ്ങനെയിരിക്കെ, ദുർവ്വാദങ്ങൾക്കും ദുർവ്യാഖ്യാനങ്ങൾക്കും അനാവശ്യമായ കുറ്റപ്പെടുത്തലുകൾക്കും തയ്യാറാവാതെ, സ്ത്രീകളും പുരുഷന്മാരും ധർമ്മശാസ്ത്രത്തിന്റെ ഒന്നാം ശാഖയായ സദാചാര ശാസ്ത്ര പരമായ *വസ്ത്രമുറ* പാലിക്കണം. *അസാധാരണമായ സാഹചര്യത്തിൽ അല്ലാതെ വസ്ത്രമുറ തെറ്റിച്ചു കൂടാ.* ഉദാഹരണത്തിന്, വസ്ത്രധാരണത്തിൽ, അടിസ്ഥാനപരമായി പാലിക്കേണ്ടതായ കാര്യം മാത്രം പറയാം. മനുഷ്യന്റെ 2 ഭാഗങ്ങളിൽ കൂടുതൽ ശ്രേഷ്ഠവും സൃഷ്ടിയുമായി മഹാബന്ധിപ്പിച്ചിട്ടുള്ള സ്ത്രീയെ ആദ്യം പരാമർശിക്കാൻ ബാദ്ധ്യസ്ഥമാണ്. തല ഒഴികെയുള്ള ശരീരഭാഗങ്ങളെ പ്രദർശിപ്പിക്കുന്നതിന് സ്ത്രീകൾക്ക് ധർമ്മശാസ്ത്ര പരമായി *ലളിതം തന്നെയായ* കൂടുതൽ നിയന്ത്രണങ്ങളുണ്ട്. കണ്ഠാഭരണത്തോട് അഥവാ മാലയോടുചേർന്നും ഏറെക്കുറെ കൈമുട്ടുകളോളം നീണ്ടും, വയർ പ്രദർശിപ്പിക്കാത്തതുമായ രണ്ടാംവസ്ത്രവും (ബ്ലൗസ്), ശരീര വളർച്ചയ്ക്കൊത്ത് സാരി പോലെയുള്ള മേൽ വസ്ത്രവും, പൊക്കിൾക്കൊടിയും കാൽവണ്ണയും മറയ്ക്കുന്ന ഒന്നാം വ്സത്രവും സ്ത്രീയ്ക്ക് സദാചാരശാസ്ത്രം നിർബ്ബന്ധമായി നിർദ്ദേശിക്കുന്നു.

മണ്ണുമായി കൂടുതൽ ബന്ധപ്പെട്ട തൊഴിലുകൾ ചെയ്യുന്ന പുരുഷന്മാർക്ക് ഷർട്ട് നിർബ്ബന്ധമല്ല, എന്നാൽ കാൽമുട്ടും പൊക്കിൾകൊടിയും മറയുന്ന ഒന്നാംവസ്ത്രം ഏതുതൊഴിൽ ചെയ്യുമ്പോഴും പുരുഷന് നിർബ്ബന്ധമാണ്.

വസ്ത്രത്തെ കുറച്ചും ശരീരത്തെ പ്രദർശനവസ്തുവാക്കിയും ജീവിക്കുന്നവരും ആഢ്യത്വം അഭിനയിക്കുന്നവരുമായ പെൺകുട്ടികളും സ്ത്രീകളും വർദ്ധിച്ചിരിക്കുന്നു, അവരുടെ ഇടയിൽ നിന്ന് രസിക്കുന്ന പുരുഷന്മാരും നേതാക്കന്മാരും വർദ്ധിച്ചിരിക്കുന്നു. വ്യക്തിയുടെ ഏതു പ്രവൃത്തിയും ധർമ്മശാസ്ത്ര പരമായിരിക്കുവാൻ ശ്രദ്ധിക്കേണ്ടത് വ്യക്തിയുടെ ആവശ്യമാണ്. വ്യക്തി വസ്ത്രമില്ലാതെയോ ഉപേക്ഷിച്ചോ, പരസ്യമായിട്ട് ഭാഗികമായോ മുഴുവനായോ നഗ്നമായിരിക്കുമ്പോൾ, വ്യക്തിയുടെ മനോഭാവത്തിലാണ് തീർച്ചയായും ദൈവീകനീതി നടപ്പാവുന്നത്; അതേസമയം വസ്ത്രമുറ പരസ്യമായി തെറ്റിച്ച് നാട്ടിൽ ജീവിക്കാൻ അവകാശമില്ല. വസ്ത്രമുറ പരസ്യമായി തെറ്റിച്ചും, വസ്ത്രം പൂർണ്ണമായി ഉപേക്ഷിച്ചും, (വസ്ത്രമില്ലാതെയും) മറ്റുള്ള ജീവികളെപ്പോലെ ജീവിക്കാൻ കാടുള്ളപ്പോൾ, നാട്ടിൽത്തന്നെ വസ്ത്രമുറ തെറ്റിച്ചു ജീവിക്കണമെന്ന് ആഗ്രഹിക്കുന്നത് തെറ്റുതന്നെയാണ്. ഓക്സിജനെപ്പറ്റിയുള്ള അദ്ധ്യായം പഠിക്കുമ്പോൾ മറ്റുള്ളവരുടെ നഗ്നതയോട് ഓരോരുത്തരും പുലർത്തുന്ന മനോഭാവങ്ങളും പ്രവൃത്തികളുമെല്ലാം ഉൾപ്പെടെ മനുഷ്യരുടെ ചിന്തകളെപ്പോലും ദൈവം ഭൗതിക ശാസ്ത്രപരമായിട്ടു തന്നെ അറിയുന്നുണ്ട് എന്നും അവരുടെമേൽ മഹാനീതി നടപ്പാവുന്നുമുണ്ട് എന്നുകൂടി തിരിച്ചറിയണം.

ഓരോ വ്യക്തിയും സദാചാരങ്ങൾ അഥവാ സദാചാര ശാസ്ത്രം പിൻപറ്റേണ്ടതുണ്ട്. സ്ത്രീ പീഢനങ്ങളും സ്ത്രീധനങ്ങളും മദ്യവും അഴിമതികളും ഒക്കെ ഒക്കെ അവസാനിക്കുവാനും ഓരോ വ്യക്തികളുടെയും ജീവിതം സംശുദ്ധമാവാനും, അങ്ങനെ സമൂഹം മൊത്തത്തിൽ സംശുദ്ധമാവാനും ധർമ്മശാസ്ത്രങ്ങൾ പ്രകാരം തന്നെ ജീവിക്കേണ്ടതുണ്ട്. സമൂഹത്തിലെ അധമ വൃത്തികളെല്ലാം ഒന്നിനൊന്നോട് ബന്ധപ്പെട്ടിരിക്കുന്നവയാണ്. എല്ലാ ശാസ്ത്രങ്ങളും എല്ലാ വസ്തുക്കളും പരസ്പര ബന്ധങ്ങളോടെയാണ് ദൈവം സൃഷ്ടിച്ചിട്ടുള്ളത്. ആകയാൽ സൂത്രപ്പണി കൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുന്നതല്ല.

സ്വകാര്യവും ദൈവീകവുമായ സെക്സിനെ ഏറ്റവും അധമമായി വഴിപിഴപ്പിക്കുവാൻ രാഷ്ട്രീയ വ്യവസ്ഥിതികൾ കൂട്ടുനിൽക്കുന്നതിനാൽ കുടുംബജീവിതവും സമൂഹജീവിതവും കെട്ടുറപ്പില്ലാതെ ഇന്ന് ആടിയുലയുകയാണ്.

*ഓരോ സ്ത്രീയും സ്വയം ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ സ്വയം ശ്രദ്ധിക്കണം.* സ്ത്രീകൾ വസ്ത്രമുറ തെറ്റിക്കുന്നതും, രാത്രിയിൽ തനിച്ചു യാത്ര ചെയ്യുന്നതും തനിച്ചു താമസിക്കുന്നതും, കാമചിന്തകളെ പലപ്പോഴും പലർക്കും വർദ്ധിപ്പിക്കും ..... ഒഴിവാക്കാവുന്ന കാര്യങ്ങളെ ഒഴിവാക്കണം. പകരം ധാർമ്മിക അധഃപതനങ്ങൾ നിറഞ്ഞ സമൂഹത്തിൽ, ധർമ്മശാസ്ത്രപരമായി പുരുഷന്മാരെ ഉയർത്താൻ സ്ത്രീകൾ പരിശ്രമിക്കുന്നത് മനോരോഗികളെ ചികിത്സിക്കാൻ മനോരോഗികൾ തയ്യാറാവുന്നതു പോലെയാണ്. ഓരോ പുരുഷനും അവരവരുടെ കാര്യങ്ങളും ശ്രദ്ധിക്കട്ടെ എന്നതാണ് ഒരു ശരീരത്തെ ലഭിച്ച ജീവാത്മാവ്

നിർബന്ധമായും അറിയേണ്ടത്. ഇന്നലെകളിലെ ആൺകുട്ടികളാണ് ഇന്നത്തെ പുരുഷന്മാരെന്നതും ഒരു/മറ്റൊരു കുടുംബത്തിലെ അംഗമാണ് ഓരോ പുരുഷനും എന്നത് ഉൾക്കൊള്ളണം.

*കുട്ടികളെ ഉചിതമായി വളർത്താനുള്ള ഉത്തരവാദിത്വം (ദൈവം) പ്രഥമമായി ചുമതലപ്പെടുത്തിയിട്ടുള്ളത് മാതാവായ സ്ത്രീയെ ആണെന്നതും, പ്രസ്തുത ദൈവീകമായ കടമയിൽ നിന്നും അകന്നു മാറാനും സ്ത്രീജന്മത്തിൽ പറഞ്ഞിട്ടില്ലാത്തതായ ജോലികൾ ചെയ്യാനും, വളരെയധികം അമ്മമാർ തയ്യാറായതാണ് ആൺകുട്ടികൾ വളർന്ന് പുരുഷന്മാരായി മാറുമ്പോൾ അനവധി സ്വഭാവദൂഷ്യങ്ങളും തദ്വാരാ ധാർമ്മിക അധഃപതനങ്ങളും ഉണ്ടാവാൻ കാരണമായതെന്ന് തിരിച്ചറിഞ്ഞ് തിരുത്തുന്നത് ദൈവീകമാണ്.* വീട്ടിൽ/ കുടുംബത്തിനുള്ളിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും കാര്യങ്ങളെ കൂടുതൽ ശ്രദ്ധിക്കേണ്ടത് മാതാവും, നാട്ടിൽ/ സമൂഹത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടത് പിതാവുമാണന്ന് ധർമ്മശാസ്ത്ര പരമായി മനസ്സിലാക്കണം. ടെലിവിഷൻ ചാനലുകളിലെ ചർച്ചകളിൽ ബുദ്ധിക്കസർത്തുകൾ കാട്ടിയതു കൊണ്ട് പരിഹാരം ഉണ്ടാകുന്നതല്ല. *ദൈവം ഭൂമിയിൽ സൃഷ്ടിച്ച മനുഷ്യരെല്ലാം വ്യത്യസ്തങ്ങളും ചെറുതും വലുതുമായ മനോരോഗങ്ങൾ പിടിച്ച് മത-ജാതി-രാഷ്ട്രീയ ജീവികളായി അധഃപതിച്ചതാണ് മൂലകാരണം എന്ന് തിരിച്ചറിഞ്ഞ് ഓരോരുത്തരും ധർമ്മ ശാസ്ത്രപരമായി ചികിത്സിച്ചാൽ മാത്രമേ പൂർണമായും സുഖപ്പെടുകയുള്ളൂ.* ...സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്നതിന് ഉപരി ധർമ്മ ശാസ്ത്രപരമായി ജീവിച്ചാൽ ജീവിതം അത്യാനന്ദകമാകും. തീർച്ച.

## *8. മതമനോരോഗികളുടെ പ്രഭാഷണ ത്തട്ടിപ്പ് :-*

എല്ലാ മതങ്ങളും ഒരു ദൈവത്തിലേക്കുള്ള പല വഴികൾ മാത്രമാണെന്ന് മതസൗഹാർദ്ദ സമ്മേളനങ്ങളിലും മറ്റും പ്രസംഗിക്കുന്നവർ മറ്റുള്ള മതങ്ങൾ പ്രകാരം പ്രാർത്ഥിക്കുവാൻ സ്വയം തയ്യാറാവുകയും അനുയായികളെ പ്രേരിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യില്ല. അതേസമയം മറ്റുള്ള മതങ്ങളിലെ വാചകങ്ങളെ പ്രസംഗങ്ങളിൽ കലർത്തി ക്കൊണ്ട് തന്റെ പാണ്ഡിത്യം പ്രകടിപ്പിക്കാനും മതജാതി-മനോരോഗികളുടെ കൈയ്യടി വാങ്ങാനും, പ്രഭാഷണ-മിടുക്കിന് സംഘാടകരിൽ നിന്ന് കൂടുതൽ പണം പിടുങ്ങാനും ശ്രദ്ധിക്കുന്നതാണ്. ചില മനോരോഗികൾ തങ്ങൾക്കു പോലും അറിയാത്ത മറ്റു ഭാഷകളിലെ വാചകങ്ങളെയും മന്ത്രങ്ങളെയും പ്രാർത്ഥനകളെയും മനപ്പാഠമാക്കുകയും പ്രസംഗങ്ങളിലും പ്രാർത്ഥനകളിലും കൂട്ടിച്ചേർക്കുകയും ചെയ്യും. ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ ക്രിസ്ത്യൻ പുരോഹിതർ സുറിയാനി ഭാഷയും, മുസ്ലിം പുരോഹിതർ അറബി ഭാഷയും, ഹിന്ദു പുരോഹിതർ സംസ്കൃത ഭാഷയും തട്ടിവിടുന്നത് ഉദാഹരണങ്ങളാണ്. ഇന്ത്യയിലെ മുസ്ലീം മത-മനോരോഗികളിൽ ഭൂരിപക്ഷവും അറബി ഭാഷയിലെ പ്രാർത്ഥനകളെ അർത്ഥം അറിയാതെ തട്ടിവിടുന്നവരാണ്. അതു പറയുമ്പോൾ അദ്വൈത മതത്തെ ശക്തമാക്കുകയും ഹിന്ദുമതത്തിൽ ലയിപ്പിക്കുവാൻ ഒരു കാരണക്കാരനുമായ ആദിശങ്കരന്റെ ഇന്നത്തെ പുനർജന്മത്തെ പ്പറ്റി അല്പം കുറിക്കാം. ബ്രഹ്മം എന്ന മഹാ സത്യത്തെ സംബന്ധിച്ച വെളിപാടുകൾ ലഭിക്കവേ, അമിതാവേശം കാട്ടിയ ആദിശങ്കരൻ *'ജഗത് മിഥ്യാ വാദം'* പ്രചരിപ്പിച്ച് കടുത്ത

പാപം ചെയ്തു. മിഥ്യയായ യാതൊന്നും മഹാശക്തിയും മഹാജ്ഞാനിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ ദൈവം സൃഷ്ടിച്ചിട്ടില്ല. മഹാശാസ്ത്ര പ്രകാരം സർവ്വതും സൃഷ്ടിച്ചിരിക്കെ, ജഗത്തിനെ - മഹാപ്രപഞ്ചത്തെ മിഥ്യ എന്നു വിശേഷിപ്പിച്ചതും വൈവാഹിക ജീവിതത്തെ ഉപേക്ഷിച്ചതും, കടുത്ത അപരാധമായി. മഹാപിതാവും മഹാമാതാവുമായ മഹാദേവിയുടെ സംഹാര അംശമായ *സംഹാര ദേവി*യുടെ കരങ്ങളാൽ വധിക്കപ്പെട്ട അദ്ദേഹം തന്നെയാണ് വിവേകാനന്ദനായി വന്നത്. ബഹുഭൂരിപക്ഷം ജനങ്ങളെ പ്പോലെ ദൈവം എന്താണെന്ന് അറിയാതെ പ്രാർത്ഥനകളും പൂജകളും തട്ടിപ്പുകളുമായി അദ്ദേഹം ജീവിച്ചിരിക്കുന്നു. ഏതാനും വർഷങ്ങൾക്കു മുമ്പ് ക്ഷേത്രത്തിലെ മൈക്കിലൂടെ ആണെന്നു തോന്നുന്നു, അദ്ദേഹം സംസ്കൃത ശ്ലോകങ്ങൾ ചൊല്ലുന്നത് ഈയുള്ളവൻ കേൾക്കാൻ ഇടയായി. "ചൊല്ലിയ സംസ്കൃത ശ്ലോകങ്ങളുടെ അർത്ഥം താങ്കൾക്ക് അറിയാമോ" എന്നു ചോദിച്ചു. "വലിയ അർത്ഥങ്ങൾ ഉള്ള ശ്ലോകങ്ങൾ ആണ്" അദ്ദേഹം മറുപടി നൽകി. വിട്ടില്ല : "താങ്കൾക്ക് ആ വലിയ അർത്ഥങ്ങൾ അറിയാമോ ?" "ഉംംംം. അറിഞ്ഞു കൂടാ. സംസ്കൃതം പഠിക്കാൻ പറ്റിയിട്ടില്ല ..... ഉടനെ പഠിക്കുന്നുണ്ട്." 2017-ലും അദ്ദേഹത്തെ കണ്ടിരുന്നു. വൈകാതെ അദ്ദേഹത്തിന്റെ മേലുള്ള 'പഴയ ദൈവശിക്ഷ' അവസാനിക്കും; എന്നാൽ പുതിയവ ഉണ്ടെന്ന് മഹാഅനുഗ്രഹത്താൽ ഈയുള്ളവൻ അറിയുന്നു.

ഇപ്പോഴത്തെ സൃഷ്ടി ചക്രത്തിലെ എല്ലാ മതാചാര്യന്മാരും പല മതങ്ങളിലും പല രാജ്യങ്ങളിലും പെട്ട് പുനർജ്ജനിച്ചു ജീവിക്കുന്നുണ്ട്, ശിക്ഷകൾ അനുഭവിക്കുന്നുണ്ട്, ദൈവ വിപ്ലവത്തിന്റെ തുടർച്ചയായി സംഹാരം ആരംഭിച്ച് മോക്ഷം ലഭിക്കും വരെയും അവരും ഏവരും ഭൂമിയിൽ പുനർജ്ജനിച്ചു കൊണ്ടിരിക്കും എന്നറിയുക.

*മതങ്ങളിലെ മന്ത്രങ്ങളും പ്രാർത്ഥനകളും അവയെ ഉണ്ടാക്കിയ വ്യക്തിയുടെ അതാത് അവസ്ഥകളിലെ മനോഭാവത്തെ ആശ്രയിച്ചാണ് ശരിയാവുന്നത്. സ്വകാര്യമാണത്. അയാളുടെ മനോനില കൈവരിക്കുന്ന മറ്റൊരാൾക്ക് അത് ശരിയാണ്. ഇന്ന് ശരിവെച്ചതിനെ നാളെയും ശരിവയ്ക്കണമെന്നില്ല. ഭൗതികമായ അസ്തിത്വമുള്ളത് മണ്ണിനും മണ്ണിന്റെ അംശങ്ങളായ ശരീരത്തിനും മാത്രമാകയാൽ, മണ്ണിന്റെ നിയമങ്ങൾ പ്രകാരം സ്വയം വിശകലനം ചെയ്ത് ബോദ്ധ്യപ്പെടാതെ മറ്റുള്ളവർ ഉണ്ടാക്കിയ (മതങ്ങളിലെ) മന്ത്രങ്ങളും പ്രാർത്ഥനകളും ഏറ്റുപാടുന്നതും പിൻപറ്റുന്നതും *കടുത്ത മനോരോഗമാണ്.* പ്രാർത്ഥനകൾക്ക് പൊതു സ്വഭാവവും നിശ്ചിത സമയങ്ങളും കല്പിക്കുന്നവരും പാലിക്കുന്നവരും മനോരോഗികളാണ്. ദൈവകാര്യങ്ങൾക്ക് ദൈവത്തിനു സമയം കല്പിക്കാൻ ശ്രമിക്കുന്ന കടുത്ത മനോരോഗികൾ !. *മേല്പടി മനോരോഗികൾ ഒരേ സമയത്ത് നിശ്ചിത സമയം കൊണ്ടു മാത്രം വിസർജ്ജനങ്ങൾ ചെയ്യുവാനും ഛർദ്ദിക്കാനും ഭക്ഷിക്കാനും വിശ്രമിക്കാനും, രോഗങ്ങൾ വരാനും സുഖപ്പെടാനും ഒക്കെ ഒക്കെ പരിശീലിച്ചാൽ മനോരോഗം കുറയുന്നതാണ്!*

മതപ്പരിഷകളെ ശുദ്ധീകരിക്കാതെ, ധാർമ്മിക അധഃപതനങ്ങൾ അവസാനിക്കില്ല. എന്തെന്നാൽ കൊടും പാപികളായ അവർ, അസത്യങ്ങളെയും അന്ധവിശ്വാസങ്ങളെയും ജനങ്ങളുടെ / ജീവാത്മാവിന്റെ ജ്ഞാനബോധമായ മനസ്സിൽ വ്യാപകമായി കുത്തിനിറച്ചിരിക്കുകയാണ്. മണ്ണിന്റെ നിയമങ്ങളെയോ, *സ്വന്തമെന്നു കരുതുന്ന ശരീരത്തെയോ സ്വയം വിശകലനം ചെയ്യുന്നവരായി ഓരോ മനുഷ്യനെയും ഉയർത്തുകയാണ് ആദ്യ ആവശ്യം.* ദൈവ-വിപ്ലവത്തോടെ മാത്രമേ മഹാഉചിതമായി മഹാശുദ്ധി ആരംഭിക്കുവാൻ കഴിയൂ.

## *(3.5)*. മനോരോഗ ചികിത്സയുടെ അഞ്ചാം ഭാഗം :- *അസത്യ ദേശീയത*

യാതൊരു മനുഷ്യനും യാതൊരു ദേശത്തും ജനിക്കുന്നില്ല; ഏതെങ്കിലും ദേശത്ത് ജനിക്കാനോ ജനിപ്പിക്കാനോ യാതൊരു ജീവികൾക്കും കഴിയുന്നതല്ല. (യഥാർത്ഥത്തിൽ എല്ലാ ജീവികളും ജനിക്കുന്നത് ആകാശം എന്ന മഹാലിംഗത്തിന്റെ അകത്താണ്; യാതൊരു ദേശങ്ങളിലും അല്ല. ദൈവ വിപ്ലവ വിശകലനം -8ലും 9ലും വിശദീകരിച്ചിട്ടുണ്ട്.).

*മഹാനീതിശാസ്ത്ര പ്രകാരം എല്ലാ മനുഷ്യരെയും 100 തവണ പുനർജ്ജനിപ്പിക്കുമ്പോൾ ദേശങ്ങളും മതങ്ങളും ജാതികളും വർഗ്ഗങ്ങളും ലിംഗങ്ങളും സൗന്ദര്യവും ആരോഗ്യവും നിറവും തൊഴിലുകളും വിനോദങ്ങളും ബുദ്ധിശക്തിയും ഒക്കെ വ്യത്യാസപ്പെടുന്നുണ്ട്. പ്രസ്തുത പരമ സത്യത്തെ ഉൾക്കൊണ്ട് ഭൂമി എന്ന മഹാദേശത്തിലെ മനുഷ്യർ എന്ന തിരിച്ചറിവോടെ ജീവിക്കാൻ കഴിയണം.* മണ്ണും പ്രദേശവും ഭൂമിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ *ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് ഭൂമിയിലെ മുഴുവൻ മനുഷ്യരും മറ്റുള്ള ജീവികളും എന്ന വകതിരിവ് നേടുന്ന മനുഷ്യർ* പ്രാദേശികത്വം അവകാശപ്പെടില്ലെന്നും *ഭൂമിയുടെ കുഞ്ഞ്* എന്ന മഹാ ബഹുമതി ആഗ്രഹിക്കുമെന്നും അറിയണം.

മണ്ണായ ഭൂമിയുടെ അംശങ്ങൾ മാത്രമാണ് രാജ്യവും പ്രദേശങ്ങളും 'ജീവികളുടെ ശരീരങ്ങളും.' *ശരീരത്തെ പ്രാദേശികമാക്കാനോ മതപരമാക്കാനോ ജീവികൾക്ക്

കഴിയുന്നതല്ല.* <u>ദേശീയ ഗാനങ്ങളും സംസ്ഥാന ഗാനങ്ങളും ഒക്കെ 'അധമ കാര്യങ്ങളായതു കൊണ്ടാണ്' അവയുടെ പേരിൽ ഒരു കൂട്ടം മനോരോഗികൾ മറ്റൊരു കൂട്ടം മനോരോഗികളുമായി കടിപിടി കൂടുന്നത്.</u>

ഭൂമിയിലെ ഏതു പ്രദേശത്തു ജനിച്ചാലും ജീവിച്ചാലും അതാതു പ്രദേശത്തെ മണ്ണ് സൃഷ്ടിക്കുന്നതും നൽകുന്നതുമായ ശരീര കോശങ്ങളെയാണ് ജീവാത്മാവ് "എന്റെ ശരീരം" എന്നു പറയുന്നത്. ശരീരത്തിലെ കോശങ്ങളെ ശരീരം സ്വയം നവീകരിച്ചു കൊണ്ടിരിക്കു ന്നതു കൊണ്ടാണ് ജീവികളുടെയെല്ലാം ശരീര വളർച്ച, രോഗ ആഗമനം, രോഗ സൗഖ്യം, രോഗ പ്രതിരോധം, ശുശ്രൂഷ, മുറിവ് ഉണങ്ങൽ, തുടങ്ങിയവയെല്ലാം നടക്കുന്നത്. ഭക്ഷണ സാധനങ്ങളും മരുന്നുകളും ഒക്കെ ശരീരത്തിനു നൽകാൻ ജീവാത്മാവിനെ അനുവദിക്കുന്നു എന്നല്ലാതെ അവയെ സ്വീകരിക്കുന്നതും കോശങ്ങളെ പുതിയതായി സൃഷ്ടിക്കുന്നതുമെല്ലാം മണ്ണും ശരീരവുമായ ദൈവാംശം മഹാനിശ്ചയിക്കുന്ന കാര്യങ്ങളാണ്. അക്കാരണത്താൽ തിരുവനന്തപുരത്ത് ജനിച്ച ഒരു മനുഷ്യൻ കോട്ടയം, കൊച്ചി, തമിഴ്നാട്, ബോംബെ, കാശ്മീർ, പാകിസ്ഥാൻ, ചൈന, അമേരിക്ക, റഷ്യ, ഗൾഫ് നാടുകൾ തുടങ്ങിയ പ്രദേശങ്ങളിലെ ഒരു പഴം കഴിക്കുകയോ, ജലം കുടിക്കുകയോ, മരുന്നുകൾ കഴിക്കുകയോ ചെയ്താൽ പോലും, ശരീരം സദാ പുതിയ കോശങ്ങളെ സൃഷ്ടിക്കുകയാൽ മനുഷ്യന്റെ ശരീരത്തിന് ജീവാത്മാവ് അവകാശപ്പെടുന്ന പ്രാദേശിക-മൂഢത്വം നഷ്ടപ്പെടുന്നതാണ്. രാഷ്ട്രങ്ങളിലെ ഭരണാധികാരികൾക്കും സൈനികർക്കും സാധാരണ ജനങ്ങൾക്കും മറ്റുള്ള ജീവികൾക്കുമെല്ലാം ബാധകമായ കാര്യമാണ് .....

ഒരു പ്രദേശത്ത് ജനിച്ചവർ, മറ്റുള്ള രാജ്യങ്ങളിലെ വ്യത്യസ്തങ്ങളായ പ്രദേശങ്ങളിൽ ജീവിക്കുമ്പോൾ, മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശങ്ങൾ മാത്രമാണ് ഭൂമിയിലെങ്ങും ഉള്ളത് എന്നതുകൊണ്ടാണ് ജീവാത്മാക്കൾക്ക് ജീവിക്കാൻ കഴിയുന്നത്. അവരറിയാതെയും പ്രവർത്തിക്കാതെയും മണ്ണും ഭൂമിയുമായ ശരീരത്തിലെ കോശങ്ങളെ നിരന്തരം -ആവശ്യാനുസൃതമായിട്ട്- സ്വയം മാറ്റുന്ന പ്രക്രിയ പുതിയ പ്രദേശങ്ങളിലും മണ്ണും ഭൂമിയുമായ ശരീരങ്ങൾ മഹാനിർവ്വഹിക്കുന്നു.

ജീവികൾ മരിക്കുകയോ വധിക്കപ്പെടുകയോ ചെയ്യുമ്പോൾ, 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ ശരീരം' മഹാശാസ്ത്ര പ്രകാരവും, മഹാനീതിശാസ്ത്ര പ്രകാരവും, സ്വയം വഹിച്ചു കൊണ്ടിരുന്ന ജീവാത്മാവിനെ ശരീരത്തിൽ നിന്നും പുറത്താക്കുക യാണു ചെയ്യുന്നത്. മരിക്കുമ്പോൾ, ദൈവത്തിന്റെ വാതക രൂപവും ജീവനുമായ ഓക്സിജൻ, അദൃശ്യ വാതകങ്ങളായ ജീവാത്മാവിനെയും പുണ്യപാപങ്ങളെയും മഹാനീതിശാസ്ത്ര പ്രകാരം നയിക്കുന്നതാണ്. മരിക്കുമ്പോഴും വധിക്കപ്പെടുമ്പോഴും, മറ്റുള്ള ജീവികളുടെ ഭക്ഷണമായിട്ട് പരിണമിച്ചാലും ഇല്ലെങ്കിലും, ശരീരം എവിടെയുമുള്ള മണ്ണിലടിയുന്നതാണ്. ശരീരത്തിന് ജനിച്ച പ്രദേശമെന്നോ ജീവിക്കുന്ന പ്രദേശങ്ങളെന്നോ വ്യത്യാസമില്ല. മണ്ണും ഭൂമിയും ദൈവാംശവുമായ ശരീരം വീണ്ടും മണ്ണിലേക്ക് മടങ്ങുന്നു. സർവ്വം മണ്ണടി.

ശരീരം പ്രത്യക്ഷമായിട്ട്, ജീവാത്മാവിന് അനുവദിക്കുന്നതായ അവയവ-ചലനങ്ങളെക്കൊണ്ട് *ഏതൊരു പ്രവൃത്തിയും ചെയ്യാനും ചെയ്യാതിരിക്കുവാനും, ഏതൊരു വസ്തുവും

ഉപയോഗിക്കാനും ഉപയോഗിക്കാതിരിക്കാനും ജീവാത്മാവിന് സമ്പൂർണ്ണ വ്യക്തി-സ്വാതന്ത്ര്യത്തെയും ലഭിക്കുന്നുണ്ട് .* പ്രസ്തുത സ്വാതന്ത്ര്യത്തെ ഉപയോഗിച്ച് മണ്ണും പ്രദേശവും ഭൂമിയുമായ ദൈവത്തിന്റെ കാര്യങ്ങളിൽ ഇടപെടാൻ സൃഷ്ടികൾക്കു കഴിയുന്നതല്ല.

*പ്രാദേശികത്വത്തെ നിർവ്വചിക്കാനോ പ്രാദേശികത്വം അവകാശ പ്പെടാനോ കഴിയുന്നവർ ഭൂമിയിൽ ഇല്ല.* 'മണ്ണും ഭൂമിയുമായ ദൈവത്തിന്റെ അംശമായ പ്രദേശത്തെ' നിർവ്വചിക്കാൻ ദൈവത്തിനു മാത്രമാണ് കഴിയുക. ദൈവത്തിനു മാത്രം മഹത്വം.

*ഏകമഹാശക്തിയായ ദൈവത്തെയോ, ദൈവത്തിന്റെ മഹാരൂപമായ ഭൂമിയെയോ അല്ലാതെ മറ്റെന്തിനെ സ്തുതിച്ചാലും പാപമാണ് പാപമാണ് പാപമാണ്; ദൈവശിക്ഷകളുമുണ്ട്.* പ്രപഞ്ചത്തിന്റെ *സൃഷ്ടി-സ്ഥിതി-സംഹാരങ്ങളെ നിർവ്വഹിക്കുന്നത് യേശുവാണ്, അല്ലാഹു വാണ്, ബ്രഹ്മമാണ്, ദേവിയാണ്, ശിവനാണ്, ഗണപതിയാണ്, അയ്യപ്പനാണ്, കിണ്ണനാണ്, മാങ്ങാത്തൊലിയാണ്,* എന്നിങ്ങനെ *വ്യത്യസ്ത മതദൈവങ്ങളെ/ദേവതകളെ ഒരേ സ്റ്റേജിൽ വച്ചുതന്നെ പാട്ടുകളിലൂടെ സ്തുതിക്കുന്ന യാതൊരു ഉളുപ്പുമില്ലാത്ത ഗായകരും പ്രചാരകരും ആസ്വാദകരുമാണ് ഏറെക്കുറെ എല്ലായിടങ്ങളിലും ഉള്ളത്. കുഞ്ഞുങ്ങൾ ദൈവശിക്ഷകളെ പിടിച്ചു വാങ്ങുന്നത് മഹാമാതാവായ മഹാദേവിക്ക് സന്തോഷം നൽകുന്നില്ല; മഹാനീതിപതി കൂടിയായ മഹാദേവിക്ക് മഹാനീതിശാസ്ത്ര പ്രകാരം പാപികളെ ശിക്ഷിക്കാതിരിക്കാനും കഴിയില്ല.*

മഹാപിതാവും മഹാമാതാവും *മഹാവാത്സല്യവുമായ* ദൈവം, *സൃഷ്ടികളായ മനുഷ്യർക്കെല്ലാം ജ്ഞാനവും സമ്പത്തും ഊർജ്ജവും സമയങ്ങളുമെല്ലാം നൽകുന്നതു കൂടാതെ നല്ലതു ചെയ്ത് പുണ്യം വർദ്ധിപ്പിക്കാനുള്ള അവസരങ്ങളെയും മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. അഹംഭാവങ്ങളും, അജ്ഞാനവും കൊണ്ട് അനേകം പേർ അവസരങ്ങളെ തിരിച്ചറിയാതെ പോകുന്നു; നഷ്ടപ്പെടുത്തുന്നു. ശാസ്ത്ര-വിശദീകരണങ്ങൾക്ക് : www.omsathyam.com സന്ദർശിക്കുക.

## *(4). ഭൂമി നമഃ *

ഭൂമിയിലെ എക്കാലത്തെയും മഹാവിപ്ലവകാരി ഭൂമി തന്നെയാണ്. ഒരിക്കലും മാറ്റമുണ്ടാകാത്ത മഹാസത്യമാണത്. സ്വയം വിശകലനം ചെയ്ത് മനസ്സിലാക്കാൻ മനുഷ്യർക്കെല്ലാം ബുദ്ധി ശക്തി, ഓർമ്മ ശക്തി, സമയം, അവസരങ്ങൾ തുടങ്ങിയവയെ വേണ്ടുവോളം മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്.

മണ്ണായ ഭൂമി, ദൈവത്തിന്റെ മഹാരൂപമാണ്. മണ്ണും ഭൂമിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയുമായ ഏകദൈവം, മഹാദേവനായ മഹാദേവി, മഹാദാസനും പ്രതിനിധിയും പ്രപഞ്ചപിതാവുമായ പരമശിവൻ എന്നിങ്ങനെ രണ്ടായി വിഭജിച്ച്, മഹാപ്രപഞ്ചത്തെ മഹാഭദ്രപ്പെടുത്തുന്നത് എങ്ങനെയെന്നും, ഒന്നായ മഹാദേവി മാത്രം ദൈവമായി മഹാഅവതരിക്കുന്നത് എങ്ങനെയെന്നും എന്തിനാണെന്നും www.omsathyam.com വെബ്സൈറ്റിൽ വിശദീകരിച്ചിട്ടുണ്ട്.

സൃഷ്ടി ചക്രത്തിന്റെ ആദ്യ പകുതിയിൽ ദൈവം / മായ പ്രത്യക്ഷമല്ല. അക്കാലത്ത് ധർമ്മ ശാസ്ത്രത്തെ മഹാസംരക്ഷിക്കുവാൻ ഏകമഹാവിപ്ലവകാരിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹാദേവനുമായ മഹാദേവി, ഭാഗമായ പരമശിവനെ മനുഷ്യനായി മഹാഅനുഗ്രഹിച്ച് അയക്കുന്നുണ്ട്. കാളിദാസൻ, ബുദ്ധൻ, ഗാന്ധിജി തുടങ്ങിയവർ പരമശിവന്റെ അവതാരങ്ങളായിരുന്നു എന്ന് ഈയുള്ളവനെ 20 വർഷങ്ങൾക്കെങ്കിലും മുമ്പ് മഹാവെളിപാടായി അറിയിച്ചിരുന്നു. 10 വർഷങ്ങൾക്കെങ്കിലും മുമ്പ് ക്രൈസ്റ്റിന്റെ പേര് കൂട്ടിച്ചേർത്തു. ക്രൈസ്റ്റിനെ അയച്ചതും അദ്ദേഹം അതിവേദനകളെ സഹിക്കേണ്ടി വന്നതും, ആദ്യ മഹാകാലചക്രവുമായി ബന്ധപ്പെട്ടതും ചരിത്രത്തിൽ

ഒട്ടും ഇല്ലാത്തതുമായ കാരണങ്ങൾ കൊണ്ടാണെന്ന് വിശദീകരിച്ചത് മഹാശക്തിയായ മഹാദേവി ഈയുള്ളവന്റെ ഹൃദയത്തിൽ മഹാപ്രവേശിച്ച് സുവ്യക്തമായി കേൾപ്പിച്ച മഹാ-ഭാഷണത്തിലാണ്. ഇന്ത്യയിലും മറ്റുമുള്ള അനേകർ ദൈവമായി തെറ്റിദ്ധരിച്ചിരിക്കുന്നത് പിശാചുക്കളുടെ രാജാവെന്നോണം അധഃപതിച്ച ഒരു ദേവതയെ ആണെന്നതും 'വഴി തെറ്റിയ ആ കുഞ്ഞാടിനെ' തിരുത്താനും രക്ഷിക്കാനും, ജനങ്ങളെ കുഞ്ഞാടിൽ നിന്നും ഉണ്ടാകുമായിരുന്ന വലിയ പരിക്കുകളിൽ നിന്നും മഹാസംരക്ഷിക്കുവാനും ആണ് ക്രൈസ്റ്റിനെ അയച്ചത് എന്നത് തികച്ചും പുതിയ അറിവായിരുന്നു. വിഷയീഭവിച്ച കുഞ്ഞാടിനെ തിരുത്തിക്കഴിഞ്ഞു. ദൈവ വിപ്ലവത്തോടെ ജനങ്ങളെയും.

ഈയുള്ളവന്റെ മുജ്ജന്മങ്ങൾക്ക് തൽക്കാലം യാതൊരു പ്രസക്തിയും ഇല്ല. വായിക്കുന്നവരുടെ മനോരോഗം വർദ്ധിപ്പിക്കാൻ ഉദ്ദേശവുമില്ല. അതേസമയം മറ്റൊരു ഗൗരവമുള്ള വിഷയം ഉണ്ട്. മുമ്പ് വ്യക്തമാക്കിയതു പോലെ *ദൈവത്തിന് മനുഷ്യരുടെ സ്തുതികളും ആരാധനകളും കൊണ്ട് യാതൊന്നും നേടാനില്ല. ധർമ്മ ശാസ്ത്രപരമായി ആനന്ദിച്ചു ജീവിക്കാൻ ആവശ്യമായ സർവ്വതും തന്നിരിക്കെ ആനന്ദിച്ചു ജീവിക്കുക; മറ്റുള്ളവരും ധർമ്മ ശാസ്ത്രപരമായി ആനന്ദിച്ചു ജീവിക്കാൻ അവകാശമുള്ളവരാണ്; അവരെ ശല്ല്യം ചെയ്യരുത്*. ആരാധനയിലെ രണ്ടാം കക്ഷിയും ആരാധനയെ സ്വീകരിക്കേണ്ടതുമായ ദൈവം, മഹാഅനുവദിക്കാതെ ആരാധനകളും മറ്റു കോപ്രായങ്ങളും പാടില്ല. സ്തുതികളെപ്പറ്റി പറയുമ്പോൾ, ഏകമഹാശക്തിയായ ദൈവത്തെയോ, ദൈവത്തിന്റെ മഹാരൂപമായ ഭൂമിയെയോ അല്ലാതെ മറ്റെന്തിനെ സ്തുതിച്ചാലും പാപമാണ് പാപമാണ് പാപമാണ്; ദൈവശിക്ഷകളുമുണ്ട്.

## ഉപസംഹാരം :-

ആയിരം കോടിയിലധികം വർഷങ്ങളിലെ പ്രായമുള്ള മഹാപ്രപഞ്ചത്തെപ്പറ്റി വളരെ അറിയാനും മനസ്സിലാക്കാനും അനുഭവിക്കാനും, ഇപ്പോഴത്തെ സൃഷ്ടിചക്രത്തിലെ* ഏതാനും നൂറ്റാണ്ടുകളിലുള്ള ശാസ്ത്രവളർച്ച കൊണ്ട് മനുഷ്യന് ഇന്നു സാദ്ധ്യമായിട്ടുണ്ട്. അങ്ങനെയിരിക്കെ, മണ്ണിൽ മാത്രം ജനിക്കുകയും മണ്ണിൽ ജീവിക്കുകയും മണ്ണിൽ അടിയുകയും ചെയ്യുന്ന മനുഷ്യർ മണ്ണിലെ ശാസ്ത്രംകൊണ്ടു സാദ്ധ്യമായ അനന്തമായ ആനന്ദങ്ങളെ അനുഭവിച്ചുകൊണ്ട് മണ്ണായ ദൈവത്തെ നിന്ദിക്കരുത്. ചിന്തിക്കുക. ഇപ്പോഴത്തെ സൃഷ്ടിചക്രത്തിലെ ഏതാനും നൂറ്റാണ്ടുകളായുള്ള കാലഘട്ടത്തിലെ നല്ലവരും കെട്ടവരും, ദീർഘദർശനം ഇല്ലാത്തവരും മൂഢരും അല്പായുസ്സുകളും ഒക്കെയായ ചില ആത്മീയാന്വേഷകർ; ആയിരംകോടിയിലധികം വർഷങ്ങളിലെ പ്രായമുള്ള മഹാപ്രപഞ്ചത്തെ പ്പറ്റിയും ദൈവത്തെപ്പറ്റിയും തട്ടിക്കൂട്ടിയ അബദ്ധ-വിഴുപ്പുകളെ ചുമന്നും അവയിലെ വ്യത്യാസങ്ങളുടെ പേരിൽ പരസ്പരം കലഹിച്ചും കൊന്നും കഴിയുന്ന വിഡ്ഢിക്കൂട്ടങ്ങളായിട്ട് തുടരാനാണോ ദൈവം ബുദ്ധിശക്തികളെയും വിവേചന ശക്തികളെയും മനുഷ്യർക്ക് വർദ്ധിച്ചുനൽകിയത് .... ചിന്തിക്കുക. (*സൃഷ്ടിചക്രം, കാലചക്രം, മഹാകാലചക്രം, മഹാസൃഷ്ടിചക്രം തുടങ്ങിയ കാലഗണനകളെ മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.). മുകളിൽ പറഞ്ഞവയും, കാലങ്ങളായിട്ടു ചുമന്നു പോരുന്നതുമായ 'പഴയകാല അശാസ്ത്രീയ കഥകളും യുക്തിഭദ്രമാണോ' എന്ന് സ്വയം വിശകലനം ചെയ്യണം. പകരം, നേരിട്ട് കാണുകയോ കേൾക്കുകയോ അനുഭവിക്കുകയോ ചെയ്യാത്ത ദൈവകാര്യങ്ങളിൽ ആവേശപ്പെട്ടു പാപം വർദ്ധിപ്പിക്കരുത് എന്ന് സ്നേഹ വാത്സല്യങ്ങളോടെ ഈയുള്ളവൻ ഉപദേശിക്കുന്നു.

*മനുഷ്യന് അഥവാ ജീവാത്മാവിന് ശക്തികളെ (കൂടുതൽ) ലഭിക്കുമ്പോൾ ധർമ്മ ശാസ്ത്രപരമായി വിനിയോഗിക്കാൻ, ശക്തികളെ നൽകിയ/ നൽകുന്ന ദൈവത്തോട് അഥവാ

'പ്രത്യക്ഷ ദൈവാംശമായ ശരീരത്തോട് ' കടപ്പാട് ഉണ്ട്.* പകരം ധർമ്മ ശാസ്ത്രത്തെ പഠിക്കുകയും പാലിക്കുകയും ചെയ്യാതെ ജീവിച്ചാൽ കടുത്ത ദൈവനിന്ദയാകും; അപകടവും.

മദ്യം, പാൻ, മയക്കുമരുന്നുകൾ, തുടങ്ങിയവയെ ലഹരിക്കായും ഉത്തേജക മരുന്നുകളായും മറ്റും ഉപയോഗിക്കുന്നവർക്ക് ഉണ്ടാകുന്ന മനോരോഗത്തിന് ചികിത്സിക്കാൻ തീർച്ചയായും വൈദ്യന്മാർക്ക് / ഡോക്ടർമാർക്ക് സാധിക്കും; എന്നാൽ അവ ഉപയോഗിക്കാൻ കാരണമായത് മത-ജാതി-രാഷ്ട്രീയങ്ങളിലെയും വിനോദങ്ങളിലെയും മറ്റും വ്യത്യാസങ്ങളും മത്സരങ്ങളും കൊണ്ടാണെങ്കിലോ ? മത-ജാതി-രാഷ്ട്രീയങ്ങൾ കൊണ്ടും മറ്റും ഉണ്ടാകുന്ന മനോരോഗങ്ങൾക്ക് ഉചിതമായി ചികിത്സിക്കാൻ ഡോക്ടർമാർ ഞരമ്പുകളെ മന്ദീഭവിപ്പിക്കുന്നതും ഉറക്കം വർദ്ധിപ്പിക്കുന്നതുമായ മരുന്നുകളെ നൽകിയാൽ, ഭൂമിയിലെ വലിയൊരു വിഭാഗത്തെ മന്ദീഭവിപ്പിക്കേണ്ടി വരും; ഒരു പക്ഷേ, അനേകം ഡോക്ടർമാരെയും!

*മനുഷ്യർ തട്ടിക്കൂട്ടുന്ന മത-ജാതി-രാഷ്ട്രീയ/ഭരണകൂട നിയമങ്ങളെല്ലാം ഭൗതികമായ അസ്തിത്വം ഇല്ലാത്തവയും, മനുഷ്യരെ അടിമകളാക്കുന്നവയും ധാർമ്മിക അധഃപതനങ്ങൾക്ക് വഴിയൊരുക്കുന്നവയും ആണ്.*

*ദൈവ-വിപ്ലവം* ആരംഭിക്കുന്നതോടെ, *പോലീസും സൈനികരും ഉൾപ്പെടെ എല്ലാ ജനങ്ങളും, ധാർമ്മികമായിട്ട് ഉയരുന്നതാണ്. മന്ത്രിമാരും മറ്റും തട്ടിക്കൂട്ടുന്ന അധമ നിയമങ്ങളെയും ആജ്ഞകളെയും നിർദ്ദേശങ്ങളെയും അനുസരിക്കുന്ന ഏറാൻമൂളിത്തവും അടിമത്തവും അവസാനിക്കുന്നതാണ്. എല്ലാ വിഷയങ്ങളെയും വിശകലനം ചെയ്ത് ധർമ്മശാസ്ത്രപരമായിട്ട് പ്രവർത്തിക്കുമ്പോൾ മാത്രമാണ് തങ്ങൾക്ക് പുരുഷന്മാരും മനുഷ്യരും ജനങ്ങളുടെ

ഭാഗവുമായിട്ട് പരിവർത്തനം ഉണ്ടാവുക എന്ന് സുവ്യക്തമായി തിരിച്ചറിയുന്നതാണ്.* അധമ-നീച കോപ്രായങ്ങളെ തൊഴിലുകളായി തെറ്റിദ്ധരിച്ച് *അധമരായ ഭരണാധികാരികളുടെ അടിമകളായിട്ടാണ് കഴിഞ്ഞു പോന്നത്* എന്നതും പോലീസ് സേനയും നിരവധി സർക്കാർ-ജീവനക്കാരും തിരിച്ചറിയുന്നതാണ്; തിരുത്തുന്നതുമാണ്. നികുതി കാര്യാലയങ്ങൾ, കോടതി, നിയമസഭ, തെരഞ്ഞെടുപ്പ് കാര്യാലയങ്ങൾ, ബാങ്ക്, ഇൻഷ്വറൻസ്, വാഹന ലൈസൻസ്, പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, രാഷ്ട്രീയ പാർട്ടികളും ആഫീസുകളും, ദേവാലയ-കാര്യാലയങ്ങൾ, തുടങ്ങിയ അനവധി പൈശാചിക സ്ഥാപനങ്ങൾ ദൈവ വിപ്ലവത്തോടെ അവസാനിക്കുന്നതാണ്.

ആത്മപരിശോധനയും സ്വയം തിരുത്തലും നിർബ്ബന്ധമായും തുടർച്ചയായും ചെയ്യുന്ന കാലം ഉടൻ വരുന്നു.

മാതാപിതാക്കൾ, മത-ജാതി-രാഷ്ട്രീയ-വർഗ്ഗ-ദേശ ജീവികളായ മനോരോഗികൾ തുടങ്ങിയവർ ഉൾപ്പെട്ട സമൂഹത്തിൽ ജീവിക്കുകയാൽ, നല്ലതായാലും മോശമായാലും, *ഏതൊരു വിശേഷണങ്ങളും സാക്ഷ്യപത്രങ്ങളും ഭാഗികമായി മാത്രമേ വ്യക്തിക്ക് അവകാശപ്പെട്ടത് ആവുന്നുള്ളൂ;* അഥവാ ജീവിക്ക് സമ്പൂർണ്ണമായും സ്വന്തമല്ല എന്നു തെളിയുന്നു. *ഏറ്റവും അധമൻ* എന്ന് ഭൂമിയിലെ ജനങ്ങൾ കണക്കാക്കുന്ന മനുഷ്യനും ഏറ്റക്കുറച്ചിലുകളോടെ ബാധകമാണ്. വഴിതെറ്റിയ കുഞ്ഞാടും ദൈവത്തിന്റെ കുഞ്ഞാണ്; ദൈവം ഉപേക്ഷിക്കുന്നതല്ല. മഹാവാത്സല്ല്യത്തോടെ മഹാശിക്ഷിച്ചു തിരുത്തുന്നതും എല്ലാ ജീവികൾക്കും മനുഷ്യർക്കും സമആനന്ദമെന്ന 'മോക്ഷംത്തെ' / മഹാഅനുഗ്രഹിച്ചു നൽകുന്നതുമാണ്.

**സമൂഹത്തിൽ മനോരോഗങ്ങൾ കുറയുമ്പോൾ ശരീര-രോഗങ്ങളും കുറയുന്നതാണ്. സമൂഹത്തിൽ മനോരോഗങ്ങൾ കൂടിയതു കൊണ്ടാണ് ശരീര-രോഗങ്ങളും കൂടിയിട്ടുള്ളത്.**

**മണ്ണിലെ നിയമങ്ങളെ അറിയാനും പാലിക്കാനും ശ്രദ്ധിക്കാതെ മനുഷ്യൻ/ജീവാത്മാവ് ജീവിക്കുമ്പോൾ, പ്രത്യക്ഷ ദൈവമായിട്ട് സ്വന്തം ശരീരം, മഹാനീതിശാസ്ത്ര പ്രകാരം ശരീരത്തിൽ രോഗങ്ങളെ സൃഷ്ടിക്കുകയും ശരീരത്തിലൂടെ ആനന്ദങ്ങളെ അനുഭവിക്കാൻ ജീവാത്മാവ് ക്ലേശിക്കുന്നതുമാണ്. ജീവാത്മാവിന്റെ ജ്ഞാനബോധമായ മനസ്സിനെയും രോഗിയാക്കുന്നതാണ്. ഭൂമിയിലെങ്ങുമുള്ള മനുഷ്യ-ജീവികളിൽ അത് സംഭവിച്ചിരിക്കുന്നു; മത-ജാതി-രാഷ്ട്രീയ ജീവികൾ വീണ്ടും മനുഷ്യരാകണം. മറ്റു മരുന്ന് ഇല്ല.**

**വിമർശനമോ കുറ്റപ്പെടുത്തലോ ആയി കാണാതെ, *കുട്ടികളെ കൂടുതൽ കൂടുതൽ ശ്രേഷ്ഠരാക്കാൻ ആഗ്രഹിക്കുന്ന ദൈവീക മനോഭാവത്തെ* തിരിച്ചറിയാൻ ശ്രമിക്കുക.**

**ദൈവ-വിപ്ലവത്തോടെ, *ഭൗതിക അസ്തിത്വമുള്ളതായ മണ്ണിന്റെ നിയമങ്ങളെ*, ഭൂമിയിലെങ്ങുമുള്ള ജനങ്ങൾ സ്വീകരിക്കുന്നതും അനുസരിച്ചു ജീവിക്കുന്നതുമാണ്. മതങ്ങളും രാഷ്ട്രീയങ്ങളും രാഷ്ട്ര ഭരണഘടനകളും ഉൾപ്പെടെയുള്ള മാനുഷിക നിയമങ്ങൾക്ക് ഭൗതിക അസ്തിത്വം ഇല്ലാത്തതുകൊണ്ട് മണ്ണിൽ ജീവിക്കുന്നവർക്ക് ചേരില്ലായെന്ന തിരിച്ചറിവ് ജനങ്ങൾക്ക് ഉണ്ടാവുന്നതും *ചുമന്നുനടന്നവർ തന്നെ അവയെ (എല്ലാ മതങ്ങളെയും രാഷ്ട്രീയങ്ങളെയും) ചുട്ടെരിക്കുന്നതുമാണ്*. എല്ലാ രാജ്യങ്ങളിലെയും എല്ലാ അധർമ്മങ്ങളും അനീതികളും അവസാനിക്കുന്നതാണ്. ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ജനങ്ങളെ സംബന്ധിക്കുന്ന**

കാര്യങ്ങളാണവ. പ്രത്യേക രാഷ്ട്രങ്ങളുമായോ സംസ്ഥാനങ്ങളുമായോ മാത്രം ബന്ധപ്പെട്ടതല്ലാ എന്ന് സുവ്യക്തമായി അറിഞ്ഞുകൊള്ളണം. www.omsathyam.com -ൽ ലഭ്യമായ മഹാഗ്രന്ഥത്തിൽ, മഹാപ്രപഞ്ചത്തിലെ സർവ്വ കാര്യങ്ങളെയും മഹാശാസ്ത്രപരമായിട്ട് വിശദീകരിച്ചിട്ടുണ്ട്.

*മണ്ണിന്റെ നിയമങ്ങളെ* പാലിക്കേണ്ടത് *മോക്ഷം* ലഭിക്കാൻ, (ഓരോ മനുഷ്യന്റെയും) ആവശ്യമാകുന്നതാണ്.

മണ്ണും ഭൂമിയുമായ ദൈവം *മഹാചിരിച്ച്* ഭൂമിയിലെ ജീവികളുടെയെല്ലാം ജീവിതത്തെ മഹാമംഗളമാക്കുന്ന ദൈവ-വിപ്ലവം ഉടനുണ്ട്. പരമാനന്ദത്തോടെ ജീവിക്കാനുള്ള മഹാഭാഗ്യത്തെ ഭൂമിയിലെ എല്ലാ മനുഷ്യർക്കും ലഭിക്കുന്നതാണ്. തുടർന്ന് ഇപ്പോഴത്തെ സൃഷ്ടിചക്രത്തിന്റെ സംഹാരം ആരംഭിക്കുമ്പോൾ മനുഷ്യരെല്ലാം ക്രമാനുഗതം "ആത്മീയ സാക്ഷാത്ക്കാരം" എന്ന *മോക്ഷം* നേടുന്നതാണ്. മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മണ്ണും ഭൂമിയുമായ ദൈവത്തിൽ നിന്നും, മാനുഷികമായ ബന്ധങ്ങളിൽ നിന്നും *മോക്ഷം* അഥവാ *മുക്തി* നേടുന്നതിനു മുമ്പ്; ദൈവത്തോടും, ഉറ്റവരോടും, ചുറ്റുമുള്ളവരോടും, മറ്റുള്ള ജീവികളോടും ഒക്കെ ചെയ്ത പിഴവുകൾക്കും ദ്രോഹങ്ങൾക്കുമുള്ള പരിഹാരമുണ്ടാക്കണം : ദൈവശിക്ഷകളായിട്ട് അനുഭവിച്ചും, നന്മകളെ വർദ്ധിപ്പിച്ചും വേണം *മുക്തി* നേടേണ്ടത്.

മഹാശക്തിയായ ദൈവം, സൃഷ്ടികളായ മനുഷ്യർക്കെല്ലാം ജ്ഞാനവും സമ്പത്തും ഊർജ്ജവും സമയങ്ങളുമെല്ലാം നൽകുന്നതു കൂടാതെ നല്ലതു ചെയ്ത് പുണ്യം

വർദ്ധിപ്പിക്കാനുള്ള അവസരങ്ങളെയും മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്. അഹംഭാവങ്ങളും, അജ്ഞാനവും കൊണ്ട് അനേകം പേർ അവസരങ്ങളെ തിരിച്ചറിയാതെ പോകുന്നു; നഷ്ടപ്പെടുത്തുന്നു. ദൈവത്തിന്റെ കുഞ്ഞുങ്ങൾ മാത്രമായ, ഭൂമിയിലെ എല്ലാ രാജ്യങ്ങളിലുമുള്ള എല്ലാ ജനങ്ങൾക്കും എല്ലാ ജീവികൾക്കും എല്ലാ മംഗളങ്ങളും മഹാഅനുഗ്രഹിച്ചു നൽകുമാറാകട്ടെ !

എന്ന്, മണ്ണും ഭൂമിയുമായ *മഹാദേവിയുടെ* ഏകദാസനായ *പരമശിവൻ* C/o *www.omsathyam.com* /2017 ജൂൺ 24 ശനിയാഴ്ച.

*മഹാദേവി മഹാഅനുഗ്രഹിച്ചു നൽകിയ മഹാപദവിയാണ് പരമശിവൻ. പദവിയും അർത്ഥവും പേരുകളിൽ ഉണ്ട്. ഓരോ മനുഷ്യ ക്കുഞ്ഞിനും മഹാഉചിതമായ പേര് ഇടുന്നത് യഥാർത്ഥത്തിൽ ദൈവമാണ്. മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

*ദൈവത്തിനു വേണ്ടിയോ, ഏക ദൈവദാസനായ ഈയുള്ളവനു വേണ്ടിയോ*, സന്ദേശം പോലെ തയ്യാറാക്കിയിട്ടുള്ള 'ദൈവശാസ്ത്ര കാര്യങ്ങളെ' ഷെയർ ചെയ്യരുത്. *ദൈവത്തിന് യാതൊരു കാര്യങ്ങൾക്കും യാതൊരു സൃഷ്ടികളുടെയും യാതൊരു സഹായവും ആവശ്യമില്ല.* സന്ദേശത്തെ ഷെയർ ചെയ്യാൻ *ഏതൊരാൾക്കും വ്യക്തിസ്വാതന്ത്ര്യമുണ്ട്.* വ്യക്തികൾക്ക് ധർമ്മശാസ്ത്രപരമായ ആനന്ദം ലഭിക്കുന്നുവെങ്കിൽ, ഷെയർ ചെയ്യാവുന്നതാണ്. *സ്വന്ത ചുമതലയായി ഷെയർ ചെയ്താൽ പുണ്യം ലഭിക്കുന്നതാണ്.* പുണ്യത്തെ ആഗ്രഹിച്ചു ഷെയർ ചെയ്താൽ, പുണ്യം ലഭിക്കുന്നതുമല്ല.

ഏകമഹാശക്തിയും ഏക ദൈവവും,
മഹാപ്രപഞ്ചത്തിന് അതീതമായ മഹാബ്രഹ്മവും,
മഹാപിതാവും മഹാമാതാവും മഹാനീതിപതിയും
മഹായജമാനനും മഹായജമാനയും മഹാദാസിയും
മഹാദേവനും മഹാദേവിയും മണ്ണും ശരീരവും
ഭൂമിയുമായ *ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ
ദിവ്യ ദിവ്യ ദിവ്യ മഹാദേവിക്കു മാത്രം മഹത്വം* =
ദൈവത്തിനു മാത്രം മഹത്വം.





സംഹാരകാഹളം
മഹാശാസ്ത്രമൂലം
സൃഷ്ടിമന്ത്രം
ആദിവചനം
ശബ്ദബ്രഹ്മം
അക്ഷരബ്രഹ്മം
ദൈവത്തിന്റെ മഹാചിരി

ഏകദാസൻ
മഹാദാസൻ
മുഹമ്മദ് ബാദ്ഷ
റസൂൽ, ഈസാ
ക്രൈസ്റ്റ്, പശുപതി
പരമശിവൻ

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.

മഹാപിതാവും മഹാമാതാവും മഹാഭരണാധികാരിയും മഹാനീതിപതിയും മഹാദേവനുമായ *മഹാദേവി*, ഭൂമിയിലെങ്ങും ഉടൻ മഹാആരംഭിക്കുന്ന ദൈവ -വിപ്ലവത്തിന്റെ മുന്നോടിയായി മഹാഎഴുന്നെള്ളിയിട്ടുണ്ട്. മഹാധർമ്മ സംസ്ഥാപനം മഹാഭദ്രമാക്കുന്നതാണ്. ദൈവ ഭാഗം കൂടിയായ പരമശിവ- അവതാരത്തെ മുമ്പേ അയച്ച് ഭൗതിക ശാസ്ത്രം, ധർമ്മ ശാസ്ത്രം, ആത്മീയ ശാസ്ത്രം, മന്ത്ര ശാസ്ത്രം എന്നീ യഥാർത്ഥമായ 4 വേദങ്ങളെയും വീണ്ടെടുത്തിരിക്കുന്നു. പരമശിവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മായാമഹാശക്തികൾക്ക് പ്രവർത്തനാരംഭം നൽകി പരമശിവ അവതാരത്തെ ഉടൻ മഹാസമ്പൂർണ്ണമാക്കുന്നതാണ്. വിശദീകരണങ്ങൾക്ക് : *www.omsathyam.com*.

**2017 ജൂൺ-13ാം തീയതി തയ്യാറാക്കിയ അതീവ ഹ്രസ്വമായ ഈജന്മ-ചരിത്രവും, സാമ്പത്തിക വിൽപ്പത്രവും. *Brief Profile cum Financial Will, created on 13.06.2017* for future references.**

മഹാശക്തിയും മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹാദേവനുമായ *മഹാദേവി* ഈയുള്ളവന് *പരമശിവൻ* എന്ന മഹാപദവിയെ മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. ആകയാൽ ദൈവത്തിന്റെ ഏകദാസനായ ഈയുള്ളവന്റെ മഹാനാമം *പരമശിവൻ* എന്നാണ്.

ഈ ജന്മത്തിൽ ആദ്യം ലഭിച്ച മാനുഷികമായ ഒരു നാമം 'മുഹമ്മദ് ബാദ്ഷ'. വിശദീകരണങ്ങൾക്ക് : www.omsathyam.com

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യ മഹാദേവി, ഈ വരികൾ കുറിക്കുന്ന 2017 ജൂൺ-13ാം തീയതി രാവിലെ വരെ പരമശിവനെ മഹാഅനുഗ്രഹിച്ച് ശക്തിപ്പെടുത്തിയിട്ടുള്ള ഏതാനും കാര്യങ്ങൾ :

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി (= ബ്രഹ്മം = അല്ലാഹു = മഹാദേവൻ = മഹാദേവി = ദൈവം), പരമശിവൻ എന്ന മഹാനാമം ഈയുള്ളവന് മഹാഅനുഗ്രഹിച്ചു നൽകി.* ക്രൈസ്റ്റ്, റസൂൽ, പ്രപഞ്ച പിതാവ്, ദൈവത്തിന്റെ ഏക പ്രതിനിധി, വ്യവസ്ഥാപിതമായ അർദ്ധ-മഹാദേവി, ബ്രഹ്മദേവൻ, സംഹാര ദേവൻ, പശുപതി (കാള), നീലകണ്ഠൻ, മഹാദാസൻ, 50 വർഷത്തിലൊരിക്കൽ ഒരു രാത്രിനേരം മഹാദേവൻ, തുടങ്ങിയ മഹാനാമങ്ങളെയും മഹാപദവികളെയും മഹാശക്തികളെയും ഏകദാസന് മഹാശക്തിയായ ദൈവം, ഓരോ കാലഘട്ടത്തിലെയും ആവശ്യങ്ങളെ അനുസരിച്ച് മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്, ഈയുള്ളവന് പണ്ടേ മഹാഅനുഗ്രഹിച്ചു നൽകിക്കഴിഞ്ഞ കാര്യങ്ങളാണവ. മഹാദേവിയുടെ *മഹാ-ഹൃദയവും* മഹാപ്രപഞ്ചത്തിന്റെ *ശക്തിനിയന്ത്രണ സത്ത*യുമായ *ഓംകാരം*, പരമശിവന്റെ ഹൃദയത്തോടു ചേർത്തുകഴിഞ്ഞു. *മഹാജഗദംബയുടെ മഹാപാദങ്ങളിൽ ഇടതുപാദം മുഴുവനും വലതുപാദം പകുതിയും, മഹാശരീരത്തിന്റെ ഇടതുഭാഗത്തിന്റെ പകുതി, മഹാ വലതുകൈ, സൂര്യനെ ഉൾപ്പെടെ മഹാപ്രപഞ്ചത്തിലുള്ള എന്തും സൃഷ്ടിക്കാൻ കഴിയുന്ന മഹാസൂര്യനേത്രം, ശിരസ്സിൽ ചന്ദ്രക്കലയും നക്ഷത്രവും, മഹാശാസ്ത്രം/വേദങ്ങൾ വീണ്ടെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള മഹാശാസ്ത്രപരമായ മത്സ്യാവതാരം, ഏതൊരു ഉപകരണത്തെയും ആയുധത്തെയും സൃഷ്ടിക്കാൻ കഴിയുന്ന മഹാശൂലം, ഉടുക്കാൻ മഹാനരസിംഹത്തോൽ, നാവിൽ അക്ഷരബ്രഹ്മമായ 'ഓം', മഹാശക്തിയുടെ മഹാനീതിശാസ്ത്ര പ്രകാരം മാത്രം പ്രവർത്തിക്കുവാൻ കഴുത്തിൽ 5 തലയുള്ള ഓംകാരനാഗബന്ധനം,

മഹാപ്രപഞ്ചത്തിന്റെയും പരമശിവന്റെയും മഹാസംരക്ഷണത്തിനായി മഹാശക്തി 10 തലയുള്ള മഹാനാഗമാതാവായി ശിരസ്സിനു മുകളിൽ,* തുടങ്ങിയ മഹാദാനങ്ങളായ മഹാശക്തികളെ പരമശിവന് മഹാ-അനുഗ്രഹിച്ചു നൽകിക്കഴിഞ്ഞു.

*മഹാദാനങ്ങളിൽ ചിലവ പ്രത്യക്ഷമായും, ചിലവ പ്രതീകാത്മകമായും, ചിലവ അജ്ഞാതമായുമാണ് മഹാഅനുഗ്രഹിച്ചു നൽകിയത്.*

നാവിലുള്ള അക്ഷരബ്രഹ്മമായ 'ഓം', ഇടതുനെറ്റിയിലുള്ള ചന്ദ്രക്കലയും നക്ഷത്രവും, നെറ്റിമദ്ധ്യത്തിൽ താഴെയുള്ള മഹാസൂര്യനേത്രകല, എന്നിവ മഹാശാസ്ത്ര പരിശോധനയ്ക്ക് വിധേയമാക്കാമെന്ന് മുമ്പ് അറിയിച്ചിരുന്നതാണ്.

മഹാശക്തിയായ മഹാദേവി മഹാഅനുഗ്രഹിച്ചു നൽകിയ മഹാദാനങ്ങൾ കൂടിയായ മഹാശക്തികൾ, മഹാദേവിയുടെ മഹാദാസനായ പരമശിവനിൽ പൂർണ്ണമായി പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല ; *മഹാജ്ഞാനഭാഗം മാത്രമാണ് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്* എന്നു കഷ്ടിച്ചുപറയാം; മഹാശക്തിയുടെ മഹാശാസ്ത്രങ്ങൾക്കും മഹാഇഷ്ടങ്ങൾക്കും അനുസരിച്ചുമാത്രം മറ്റ് മഹാശക്തികൾ പ്രവർത്തിച്ചു തുടങ്ങുന്നതാണ് ; അതോടെ പരമശിവന്റെ മാനുഷികാവസ്ഥയ്ക്ക് കാതലായ മാറ്റങ്ങൾ ഉണ്ടാകുന്നതാണ്. www.omsathyam.com വെബ്സൈറ്റിലെ മഹാഗ്രന്ഥത്തിൽ വിശദീകരണമുണ്ട്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

## ഈജന്മ-ചരിത്രം

അനവധി തവണ മഹാദേവിയുടെ പ്രത്യക്ഷമായ മഹാദർശനവും, ദൈവീകമായ വളരെയധികം അനുഭവങ്ങളും അറിവുകളും ലഭിച്ച മഹാഭാഗ്യവാനാണ്, ഭൂമിയിൽ ഏറ്റവും കൂടുതൽ ആനന്ദിക്കുന്നത് ഈയുള്ളവൻ തന്നെയാണ്. ഒരു പക്ഷെ, ക്രൈസ്റ്റിനേക്കാൾ കൂടുതൽ മാനസിക-ശാരീരിക വേദനകളെ ഇതിനോടകം അനുഭവിച്ച് വേദനകളുടെ കാര്യത്തിലും മഹാഭാഗ്യവാൻ ഈയുള്ളവൻ തന്നെയാവും .... അളവുകളുടെ കൃത്യത മഹാദേവിക്കേ അറിയൂ.

മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ ചെറുപ്പത്തിൽ തന്നെ സത്യധർമ്മനീതികളെ മുറുകെപ്പിടിച്ചു കൊണ്ട് ജീവിതം!

## ചെറുപ്പകാലം :

സാമ്പത്തിക ദാരദ്ര്യത്തോടെ ജനിക്കാനും വളരാനുമുള്ള ഭാഗ്യം വളരെയധികം ലഭിച്ചു. മാനുഷിക വിദ്യാഭ്യാസം PDC + അനേകം ഗ്രന്ഥങ്ങൾ, etc. ഏറെക്കുറെ 13 പതിമൂന്ന് വയസ്സ് മുതൽ ദൈവാന്വേഷണം മുഖ്യ ജീവിത വിഷയമായി. SSLC ഫസ്റ്റ് ക്ലാസ് + മലയാളം മീഡിയത്തിൽ പഠിച്ച ഈയുള്ളവന് SSLC ഇംഗ്ലീഷ് മീഡിയത്തിൽ വരെയുള്ള കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും ട്യൂഷൻ എടുത്തുള്ള അറിവ് + *ദൈവീകമായി ലഭിച്ച സാമർത്ഥ്യം* കൊണ്ട് 1980-ൽ സ്റ്റേറ്റ് ബാങ്കിൽ ക്ലറിക്കൽ ജോലി ലഭിച്ചു .... സമർത്ഥനായ ഉദ്യോഗസ്ഥൻ. ബാങ്കിലെ ജോലികൾ ക്കിടയിൽ ആഴ്ച്ചയിൽ പരമാവധി ഒരു മണിക്കൂർ നേരം സ്വയം പഠിച്ച് ബി.എ.എഴുതി. ആദ്യ വർഷം നല്ല മാർക്ക് ലഭിച്ചെങ്കിലും ഗൾഫ് യാത്ര പഠനം മുടക്കി. ദൈവാന്വേഷണം കാരണമായി 2 1/2 രണ്ടര വർഷം കഴിഞ്ഞ് ജോലി രാജിവെച്ച് 1982 ഡിസംബർ അവസാനം ജ്യേഷ്ഠന്റെ സഹായത്തോടെയും പ്രോത്സാഹനത്തോടെയും സൗദി അറേബ്യയിൽ പോയി. ജർമ്മൻ കമ്പനിയിൽ എക്സിക്യൂട്ടീവ് സെക്രട്ടറി കം ഡെപ്യൂട്ടി അഡ്മിനിസ്ട്രേഷൻ മാനേജർ.

സമർത്ഥനായ ഉദ്യോഗസ്ഥൻ. ധ്യാന കാര്യങ്ങൾക്ക് വലിയ സൗകര്യം. അതിനിടെ 25 സെന്റ് സ്ഥലം വാങ്ങുകയും അതിൽ ഏറെക്കുറെ 1000 ചതുരശ്ര അടി വിസ്തീർണമുള്ള വീട് വെയ്ക്കുകയും ചെയ്തു. ദൈവാന്വേഷണം പൂർത്തിയായ പ്രതീതി ഉണ്ടായി, ഭാഗികമായി ശരിയും. 4 1/2 നാലര വർഷം കഴിഞ്ഞ്, കമ്പനിയുടെ ഒരു പ്രോജക്ട് പൂർത്തിയായപ്പോൾ മറ്റൊരു പ്രോജക്ടിലേക്ക് കമ്പനി ക്ഷണിച്ചു. മുഖ്യമായും ദൈവകാര്യങ്ങളാൽ, ഗ്രന്ഥരചന എന്ന മോഹവുമായി 1987 അവസാനം ഇന്ത്യയിലേക്ക് മടങ്ങി. 1989-ൽ 'ഗ്രന്ഥരചന' മുഴുമിക്കവേ ദുർദ്ദേവതകളിൽ നിന്നുള്ള പ്രത്യക്ഷമായ കടുത്ത ആക്രമണം കാരണമായി മനോരോഗവും, *'**മത്സ്യാവതാരം**'* ഉൾപ്പെടെ *ദൈവീകമായ മഹാഅനുഭവങ്ങളും* ഉണ്ടാകുന്നു. ഉറ്റവർ ഗ്രന്ഥത്തെ തീയിലിട്ടു. മനോരോഗ ചികിത്സ പുരോഗമിക്കവെ, 1990-ൽ ചെയ്യാത്ത കള്ളക്കടത്ത് കുറ്റത്തിന് ഒരു വർഷത്തെ കോഫേപോസാ പൂജപ്പുരയിൽ ജയിൽ വാസം (1990)! *ദൈവീകമായ മഹാഅനുഭവങ്ങളുടെ* അടിസ്ഥാനത്തിൽ പൂജപ്പുര ജയിലിൽ വെച്ച് വീണ്ടും ഗ്രന്ഥരചന. കോഫേപോസാ ജയിൽ വാസം ഒരു വർഷം പൂർത്തിയാകുന്നതിന് ഒരാഴ്ച്ച മുമ്പ് കോഫേപോസാ ദൽഹി ഹൈക്കോടതി റദ്ദാക്കി. (1991-ൽ ജയിലിൽ നിന്ന് പുറത്തുവന്നപ്പോൾ ഗ്രന്ഥം സ്വന്തമായി പ്രസിദ്ധീകരിച്ചു: ***നമുക്കു മനുഷ്യരാകാം***, 340 പേജ് : 1991). 1991-ലെ വിജയദശമി എന്ന മഹാദശമി ദിവസം മഹാദേവി ഈയുള്ളവന്റെ നാവിൽ അക്ഷരബ്രഹ്മം കൂടിയായ **ഓം** കുറിച്ചു. *മഹാദേവി ഈയുള്ളവന് പരമശിവൻ എന്ന മഹാപദവിയെ മഹാഅനുഗ്രഹിച്ചു നൽകി. പദവിയും അർത്ഥവും പേരിൽ ഉണ്ട്. പിന്നീട്, *ദൈവീകമായ മഹാഅനുഭവങ്ങളുടെ* നീണ്ട നിരയും, മനോരോഗ ചികിത്സയും. ശേഷം ***മനുഷ്യന്നു ദൈവമാകാം -ഒന്നാം ഭാഗം, രണ്ടാം ഭാഗം***, എന്നീ ഗ്രന്ഥങ്ങളുടെ രചനയും പ്രസിദ്ധീകരണവും. സാമ്പത്തിക തകർച്ചയിൽ നിന്ന് കരകയറാൻ 1995-ൽ മറ്റൊരു ജ്യേഷ്ഠന്റെ സഹായത്തോടെയും പ്രോത്സാഹനത്തോടെയും

അബുദാബിയിലേക്ക് യാത്ര. ഏകാംഗ ട്രേഡിംഗ് Est. മാനേജർ, ക്ലാർക്ക്, ടൈപ്പിസ്റ്റ്, ശിപായി എല്ലാം ഈയുള്ളവൻ തന്നെ. താമസവും സ്ഥാപനത്തിൽ തന്നെ. ദൈവീകമായ ധ്യാനവും ദിവ്യമഹാഅനുഭവങ്ങളും തുടരുന്നു. ഒരു വിധം നല്ല വ്യാപാരം നടത്തിപ്പോന്നു. ഏറെക്കുറെ 2 വർഷം പൂർത്തിയായപ്പോൾ പഴയ കസ്റ്റംസ് കേസിന്റെ വിചാരണ ആരംഭിക്കുന്നതിന് ഉടൻ നാട്ടിലെ എറണാകുളം സാമ്പത്തികക്കുറ്റ ക്കോടതിയിൽ ഹാജരാകാൻ ജപ്തി നടപടികളോടെ ഭീഷണി. അബുദാബിയിലെ ജോലി ഉപേക്ഷിച്ച് നാട്ടിലേക്ക്. 1990-ലെ കേസ് 1997-ൽ വിചാരണ ആരംഭിച്ച് വിധി പറയുന്നത് 2001 ജനുവരി 15-ന്, കൃത്യം 11 വർഷം പൂർത്തിയായപ്പോൾ. വിചാരണക്കു മുമ്പ് കോടതിയിലേക്ക് ഈയുള്ളവൻ 'കുറ്റാരോപിതന്റെ മറുപടി-വിശദീകരണം' എന്ന പേരിൽ നൽകിയ കത്തു വായിച്ച് മജിസ്ട്രേട്ട്, "മലയാള ഭാഷയെ ഇത്ര ശക്തമായി ഉപയോഗിക്കാൻ കഴിയുമോ" എന്ന് അതിശയിച്ചതായി കോടതി സൂപ്രണ്ട് അറിയിക്കുകയുണ്ടായി; മഹാദേവിയുടെ വാക്കുകളെ എഴുതി അയച്ച ഈയുള്ളവൻ വെറും ഉപകരണം മാത്രമാണ് എന്നത് അവർ അറിയുന്നില്ലല്ലോ. കേസ് വെറുതേ വിട്ടു. അതിനിടെ *മനുഷ്യനു ദൈവമാകാം -മൂന്നാം ഭാഗം*, എന്ന ഗ്രന്ഥത്തിന്റെ രചനയും പ്രസിദ്ധീകരണവും പൂർത്തിയാക്കി.

2000 ജനുവരി ഒന്നിനോ മറ്റോ ആരംഭിച്ച 'സത്യം ഗ്രാഫിക്സ് ' എന്ന ഡിടിപി സ്ഥാപനം നന്നായി പ്രവർത്തിച്ചു. *സത്യം ശിവം സുന്ദരം* എന്ന പേരിൽ മാസിക ഏതാനും ലക്കങ്ങൾ പ്രസിദ്ധീകരിച്ചു. അടൂർ ഡയറി, തിരുവല്ല ഡയറി, പത്തനംതിട്ട ജില്ല ഡയറക്ടറി, തുടങ്ങിയ പേരുകളിൽ ടെലിഫോൺ ഡയറക്ടറികളെ ദൈവശാസ്ത്ര സന്ദേശങ്ങളെ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചു. 2005-ലോ മറ്റോ തകർച്ച ആരംഭിച്ചു . വർദ്ധിച്ച ദൈവകാര്യങ്ങളും കുടുംബ കാര്യങ്ങളും വിഷയമാണ്. *2006-ൽ തികച്ചും അവിചാരിതമായി മഹാദേവിയുടെ പ്രത്യക്ഷ മഹാദർശനം ലഭിച്ചു.* ദൈവശാസ്ത്ര കാര്യങ്ങൾ അതീവ തീവ്രമായി.

ജീവിതചരിത്രത്തെ കൂടുതൽ ചുരുക്കുമ്പോൾ, മാനുഷിക അവസ്ഥയിൽ *ജന്മം കൊണ്ട് ലഭിച്ച മതത്തെ 26 വർഷങ്ങൾക്കുമുമ്പ് (1991-ൽ) പരസ്യമായി ഉപേക്ഷിച്ചു കൊണ്ട്* ശക്തിക്കൊത്ത് മതരാഷ്ട്രീയങ്ങൾക്കും മറ്റും എതിരെയുള്ള ഏകാംഗ പ്രവർത്തനമാണ്. ദേവാലയത്തിൽ നിന്നും മറ്റും വധഭീഷണി ഉണ്ടായിരുന്നു.

അനവധി ഗ്രന്ഥങ്ങളുടെ രചനയും പ്രസിദ്ധീകരണവും! ദൈവാനുഗ്രഹത്തോടെ സ്വന്തമായ കമ്പ്യൂട്ടർ പഠനവും വെബ്സൈറ്റ് നിർമ്മാണവും! ഓംസത്യം ഡോട് കോം- വെബ്സൈറ്റിലും (www.omsathyam.com) വാട്സ്ആപ്പിലും ബ്ലോഗിലും ഒക്കെ മഹാശാസ്ത്രത്തെ പ്രസിദ്ധീകരിക്കുന്നു. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച മലയാള ഭാഷയിലെ മഹാഗ്രന്ഥത്തിന് മാത്രം 600 എ-4 പേജ് വലിപ്പം!

ദൈവകാര്യങ്ങളായ യഥാർത്ഥ വേദങ്ങളെ എഴുതുമ്പോഴും പ്രസിദ്ധീകരിക്കുമ്പോഴും അടുത്ത കാലം വരെ ഏതാനും ദുർദ്ദേവതകളിൽ നിന്നുമുള്ള പ്രത്യക്ഷവും പരോക്ഷവുമായ കടുത്ത ആക്രമണങ്ങളും, മതജാതിരാഷ്ട്രീയ-ജീവികളായ മനുഷ്യരിൽ നിന്നുമുള്ള ചെറിയ പീഢനങ്ങളും! കുടുംബ ജീവിതം നയിച്ചു കൊണ്ട് ദൈവകാര്യങ്ങൾ ചെയ്യണമെന്ന ശാസ്ത്ര നിബന്ധനകളെ പാലിക്കുമ്പോൾ ഉണ്ടാകുന്ന ബഹുവിധ കുടുംബ പ്രശ്നങ്ങൾ!

## കുടുംബം :

ഇപ്പോഴത്തെ മനുഷ്യ ജന്മത്തിലെ മാതാപിതാക്കളുടെ 6 മക്കളിൽ, അവരുടെ ഇഷ്ടപുത്രൻ. 21-ാം വയസ്സിൽ (18/05/1979) അച്ഛൻ മരിച്ചു. 2012 മെയ് 13-ന് അമ്മയും. അച്ഛൻ പെട്ടെന്ന് മരിച്ചു. അവസാന കാലത്ത് അമ്മ ഏറെക്കുറെ 2 വർഷം കിടപ്പിലായിരുന്നു. *മഹാശാസ്ത്ര പ്രകാരം ഈയുള്ളവന്റെ മകൾ കൂടിയായ* അമ്മയുടെ ഇഷ്ടങ്ങളെ കഴിയുന്നത്ര സാധിച്ചു കൊടുത്തുകൊണ്ട് 50

-ലധികം വർഷങ്ങൾ *അമ്മയെ* സ്നേഹിക്കുവാനും പരിചരിക്കുവാനും ശുശ്രൂഷിക്കുവാനുമുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ട്. മതത്തെ ഉപേക്ഷിച്ചു കൊണ്ടുള്ള ഈയുള്ളവന്റെ ജീവിതവും സാമൂഹ്യ പ്രശ്നങ്ങളും വല്ലപ്പോഴുമെങ്കിലും അമ്മയെ വേദനിപ്പിച്ചിരുന്നു. അമ്മയെ മാത്രമല്ല; *സ്നേഹനിധിയായ ഭാര്യയെയും രണ്ടു മക്കളെയും മറ്റ് ഉറ്റവരെയും.* രണ്ടാമത്തെ വേദമായ ധർമ്മ ശാസ്ത്രപരമായ കാര്യങ്ങളിലും, മൂന്നാമത്തെ വേദമായ ആത്മീയ ശാസ്ത്രപരമായ കാര്യങ്ങളിലും വിട്ടുവീഴ്ച ഉണ്ടാവാതെ കുടുംബ ജീവിതത്തെയും ബന്ധങ്ങളെയും ചേർത്തുനിർത്താൻ വളരെയധികം കഷ്ടപ്പാടുകളെ ഈയുള്ളവനും ഭാര്യയും മക്കളും മറ്റ് ഉറ്റവരും സഹിക്കേണ്ടി വന്നിട്ടുണ്ട്. 2010 ഡിസംബർ 23-ന് മകളും, 2013 ജനുവരി 23-ന് മകനും വിവാഹിതരായി. രണ്ടു പേരെയും ഉചിതമായ പങ്കാളികളുമായി ചേർത്തത് ദൈവം തന്നെ. 2017-ൽ മകളുടെ മകൾക്ക് 5 വയസ്സ് കഴിഞ്ഞു (24.11.2011); മകന്റെ മകൾക്ക് 3-ഉം (05.10.2013).

ഈയുള്ളവന്റെ ഉറ്റവരായി ഇപ്പോൾ മനുഷ്യാവസ്ഥയിൽ ഉള്ളവരും, നേരിട്ട് ഈ സന്ദേശത്തെ ലഭിക്കുന്നവരും, ഭൂമിയിലെങ്ങുമുള്ള അനേകരും ഉന്നതമായ മുജ്ജന്മങ്ങൾ ഉള്ളവരാണ്. www.omsathyam.com എന്ന വെബ്സൈറ്റിൽ വിശദീകരിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, അബുദാബിയിൽ വച്ച് ഈയുള്ളവനുമായി ചങ്ങാത്തമുണ്ടായ ചെറുപ്പക്കാരനായ ഒരു അറബിയെ പ്പറ്റി 1996-ൽ അവിചാരിതമായി വെളിപാട് ലഭിച്ചത് അദ്ദേഹം ജവഹറിന്റെ പുനർജന്മം ആണെന്നാണ്. അതിനുശേഷം ഒരു ദിവസം ഞങ്ങൾ വർത്തമാനം പറഞ്ഞിരിക്കെ ഇന്ത്യയിലെ പ്രധാനമന്ത്രി ആയിരുന്ന ജവഹർലാൽ നെഹ്റുവിന്റെ പല കാര്യങ്ങളും അദ്ദേഹം ഇങ്ങോട്ട് വാചാലമായി സംസാരിച്ചപ്പോൾ ഈയുള്ളവനെ (മഹാദേവി) മഹാവിളയാടലിലൂടെ മഹാപ്രബുദ്ധനാക്കുന്നതിന്റെ

ഭാഗമാണെന്ന് മനസ്സിലായി. ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കുമാത്രം മഹത്വം.

ബഹുവിധ സ്വകാര്യ തൊഴിലുകളിൽ നിന്ന് ബഹുവിധ രോഗങ്ങളാലും മറ്റും 2016 നവംബർ മാസത്തിൽ സ്വയം രാജിയും, സാമ്പത്തിക വരുമാനമില്ലാത്ത ഇപ്പോഴത്തെ അവസ്ഥയും കണക്കാക്കി ഒരു വിൽപ്പത്രമായും ഈ ദൈവശാസ്ത്ര ലേഖനം ശോഭിക്കട്ടെ. അതേസമയം ഈയുള്ളവന്റെ സാമ്പത്തിക വിഷമതകൾക്ക് സഹായിച്ചു കളയാമെന്ന് ദയവായി ചിന്തിക്കരുത്. സഹായിക്കാൻ മുട്ടിനില്ക്കുന്നവർ :

1) സ്വന്തമായി അദ്ധ്വാനിച്ചു നേടിയ സമ്പത്തു കൊണ്ട് അമ്മ, അച്ഛൻ, ഉറ്റവർ, തുടങ്ങിയവരെ ധർമ്മ ശാസ്ത്രപരമായി പരിചരിക്കാനും ശുശ്രൂഷിക്കാനും സഹായിക്കാനും ഉപയോഗപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പു വരുത്തുക;

2) സ്വന്തമായി അദ്ധ്വാനിക്കാതെ ലഭ്യമായ സമ്പത്തിനെ സമൂഹത്തിലെ (ഒരുവിധം) നല്ലവരായ പാവങ്ങൾക്ക് വിതരണം ചെയ്യുക. ദൈവഭാഗം കൂടിയായ ഈയുള്ളവന്റെ കാര്യങ്ങളിൽ മഹാദേവി യുടെ മഹാവിളയാടലുകൾ ഉൾപ്പെട്ടിട്ടുണ്ട്. മാനുഷികമായ മക്കൾ, മരുമക്കൾ, സഹോദരങ്ങൾ തുടങ്ങിയവർക്ക് ഈയുള്ളവന്റെ വിഷയങ്ങളിലും വിഷമങ്ങളിലും ഇടപെടാൻ മഹാദേവി മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള *സഹായം അല്ലാത്ത സഹായം ചെയ്യാനുള്ള* അവസരങ്ങൾ പോലും മഹാവിളയാടലിന്റെ ഭാഗമാണ്.

*സാമ്പത്തിക വിൽപ്പത്രം*

അമ്മയെയും അച്ഛനെയും മഹാഉചിതമായി പരിചരിച്ചിട്ടുണ്ട്. അമ്മ പണം ആവശ്യപ്പെട്ടാൽ ഇരട്ടി നൽകാനും കണക്ക് ചോദിക്കാതിരിക്കാനും ശ്രദ്ധിച്ചിട്ടുണ്ട്. ഈയുള്ളവന്റെ മുഴുവൻ സമ്പത്തും അമ്മയ്ക്ക് അവകാശപ്പെട്ടതാണെന്നും പ്രമാണം ചെയ്തു നൽകാമെന്നും സാമ്പത്തികകാര്യങ്ങളിൽ അമ്മ വിഷമിക്കരുതെന്നും ആത്മാർത്ഥമായി അനേകം തവണ അറിയിച്ചിട്ടുണ്ട്. അവസാന കാലത്ത് സാമ്പത്തിക തള്ളുകൊണ്ടുമാത്രം ആനന്ദിക്കാനാവില്ല എന്ന തിരിച്ചറിവോടെയാണ് അമ്മ മരിച്ചത്. മുതിർന്ന ശേഷം സാമ്പത്തിക ആവശ്യങ്ങൾക്കായി മറ്റുള്ളവരോട് നാളിതുവരെ കൈകൾ നീട്ടേണ്ടി വന്നിട്ടില്ല. 25 സെന്റ് സ്ഥലത്തിൽ 9 സെന്റ് അടുത്തകാലത്ത് മോൾക്കും മരുമകനും വേണ്ടി വിറ്റു. ചോദിക്കാതെ തന്നെ അടൂർ സ്റ്റേറ്റ് ബാങ്കിലെ ബാദ്ഷ, SB Account 57067741519 ലേക്ക് മകൻ അല്പസ്വല്പം പണം അയക്കുന്നുണ്ട്. മകനോട് നാളിതു വരെ പറ്റിയിട്ടുള്ള ഏറെക്കുറെ 25 ലക്ഷം രൂപ കണക്കു പറഞ്ഞിട്ടുണ്ട്; 16 സെന്റ് സ്ഥലം + വീട് വില്ക്കുമ്പോൾ മേല്പടി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും, മകനോടുള്ള കടം മടക്കി നൽകേണ്ടതുമാണ്. മകളുടെ വിവാഹത്തിന് ബന്ധുക്കളും സുഹൃത്തുക്കളും നാട്ടുകാരും സഹായിച്ച ഇനത്തിൽ ഏറെക്കുറെ 5 ലക്ഷം രൂപ ഇനി കടം ബാക്കിയുണ്ട്. വലിയ കാർ അപകടത്തിൽ പെട്ട മകനെ ചികിത്സിക്കാൻ ബന്ധുക്കൾ ചിലവാക്കിയ ഏറെക്കുറെ 3 ലക്ഷം രൂപ, ഈയുള്ളവന്റെ അക്കൗണ്ടിൽ നിന്നും തിരികെ നൽകണം. ആൺകുട്ടികൾക്ക് അധിക ധനസഹായം

ചെയ്യാൻ ധർമ്മ ശാസ്ത്രം അനുവദിക്കുന്നില്ല; മകനെ അറിയിച്ചിട്ടുണ്ട്. പണ്ട് ഇക്കാര്യത്തിൽ മുഷിഞ്ഞിട്ടുണ്ടെങ്കിലും ഇപ്പോൾ (2017) മകൻ സന്തോഷം പ്രകടിപ്പിച്ചു കൊണ്ട് അംഗീകരിച്ചിട്ടുണ്ട്. അച്ഛനായ ഈയുള്ളവന്റെ രോഗങ്ങളെ മാത്രം പരിഗണിച്ചല്ലാ എന്നും മകൻ സാംസ്കാരിക മായി പഴയതിലും വളരെ ഉയർന്നുവെന്നും കരുതുന്നു. മകൾക്ക് സാമ്പത്തിക തകർച്ച ഇനിയുമുണ്ടെങ്കിൽ 10 ലക്ഷം രൂപയെങ്കിലും ഇനിയും നൽകണം. സ്ഥലവും വീടും വിറ്റ് കിട്ടുന്നതിന്റെ ബാക്കി ഭാര്യയുടെ ശിഷ്ടകാല ഉപജീവനത്തിന് നൽകണം. 10-15 ലക്ഷം രൂപയെങ്കിലും ബാക്കി ഉണ്ടാകും എന്നും അത് മതിയാകും എന്നും കരുതുന്നു; ഭാര്യ ഈയുള്ളവനോട് പലതവണ ആവശ്യപ്പെട്ട തുകയും അതാണ്. ഈയുള്ളവന്റെ ഭാര്യാപദത്തിൽ എത്തിയ ദൈവത്തിന്റെ മകളോട് പിഴവുകൾ കാട്ടിയത് അപൂർവ്വമാണ്; തിരിച്ചും ... മഹാപ്രപഞ്ചത്തിലെ മഹാകണക്കുകളുടെ ഇടയിൽ ഏതാനും ലക്ഷം രൂപയുടെ കണക്ക് പൂച്ചാണ്ടിക്കാര്യങ്ങളാണ്... സർവ്വതിനും ഓംകാര നീതിശാസ്ത്രം എന്ന മഹാനീതിശാസ്ത്ര പ്രകാരം അളവുകളുണ്ട്; മഹാനീതിപതിയായ മഹാദേവി മഹാവിധിക്കുന്നതുമാണ് എന്ന് ഭൂമിയിലെ എല്ലാ മനുഷ്യരെയും ബോദ്ധ്യപ്പെടുത്താനുള്ള മഹാവിളയാടലായി തിരിച്ചറിയുന്നവർ ഭാഗ്യവാന്മാർ!

(ഒരു പക്ഷേ, വിറ്റ 9 സെന്റ് സ്ഥലത്തെ മകൾ തിരികെ വാങ്ങിയേക്കാം. ഇപ്പോഴത്തെ വലിയ ഗേറ്റ്, പൊതു ഗേറ്റാവും. 9 സെന്റിനെ 10 ആയി മാറ്റിക്കൊണ്ട് പുതിയ വീടു വയ്ക്കാവുന്നതാണ്. മകനും മകളുമെല്ലാം ചേർന്ന് ഒരു കൂട്ടുകുടുംബത്തെ ഒരുക്കാനും കഴിയും. ഇപ്പോഴത്തെ കെട്ടിടത്തിന്റെ തെക്കു ഭാഗത്ത് രണ്ടു മുറികളും ഒരു ടൊയിലെറ്റും കൂട്ടിച്ചേർക്കാനും അടുക്കളയുമായി

ബന്ധിപ്പിക്കാനും ഒക്കെ എളുപ്പമാണ്. ഇങ്ങനെ കുറിക്കാൻ കാരണം, മഹാദേവിയുടെ ഭാഗവും പ്രപഞ്ചപിതാവുമായ പരമശിവന് മനുഷ്യ-അവതാരത്തെ മഹാഅനുഗ്രഹിച്ചു നൽകിയതിന്റെ തുടർച്ചയായി, മഹാദർശനങ്ങളും മഹാവെളിപാടുകളും മഹാദിവ്യാ-നുഭവങ്ങളും ഉണ്ടായ മഹാഭവനത്തെ മഹാഉയർത്തുമെന്ന് മുമ്പു ലഭിച്ചിട്ടുള്ള സൂചനയാണ്. ഇന്ത്യയിലെ ഭരണ കാര്യങ്ങളുമായി ബന്ധപ്പെട്ട്, മകന്റെയും മകളുടെയും പുതിയ ദാസ-സേവനത്തിന്, 16+9 = 25 സെന്റിനു തെക്കുള്ള പുരയിടവുമായി ബന്ധിപ്പിച്ചു കൊണ്ടുള്ള ഒരു ദൈവീക പദ്ധതിയെപ്പറ്റി മുമ്പ് സൂചന ലഭിച്ചിരുന്നു. ആവക കാര്യങ്ങളെ ഇപ്പോൾ കൂടുതൽ വിവരിക്കുന്നത് ദൈവീകമല്ല. എന്തുകൊണ്ടെന്നാൽ സൃഷ്ടി പരമായ വിധി, സ്ഥിതിപരമായ വിധി എന്നിവയുടെ പ്രഭാവം നിമിത്തം പദ്ധതികൾ മാറി മറിഞ്ഞുവെന്നു വരാം.).

## ഉപസംഹാരം

ഈയുള്ളവന്റെ അവസാനം വളരെ അടുത്തിരിക്കുന്നു എന്നാണ് മനസ്സിലാക്കുന്നത്. മരണം/വധം എന്നിവ സംഭവിച്ചാൽ എങ്ങനെ ചെയ്യണം എന്ന് മുമ്പ് സുവ്യക്തമാക്കിയതാണ്; വാട്സ്ആപ് വഴിയും www.omsathyam.com വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചുവടെ വീണ്ടും ചേർക്കുന്നുണ്ട്.

ഗുരുതരമായ ഹൃദയത്തകരാർ ഉൾപ്പെടെയുള്ള 4-5 രോഗങ്ങളും, 9 പല്ലുകളും, ഒരു കണ്ണിനു മാത്രം പകുതി കാഴ്ച ശക്തിയും, ഇപ്പോഴത്തെ മനുഷ്യജന്മത്തിൽ 59+ വയസ്സും (20.05.1958) (സർട്ടിഫിക്കറ്റ് പ്രകാരമുള്ള 20.03.1959 തെറ്റാണെന്ന് പിതാവ് അറിയിച്ചിട്ടുണ്ട്.), മഹാശാസ്ത്ര പ്രകാരം 1000 കോടി വർഷങ്ങളിലധികം പ്രായവുമുള്ള (പടുവൃദ്ധനായ!) 40%കഷണ്ടിക്കാരൻ, ഒരു സ്മാർട്ട് ഫോണിലൂടെ മഹാപ്രപഞ്ചത്തിന്റെ മഹാശാസ്ത്രത്തെയും ദൈവകാര്യങ്ങളെയും

മഹാആനന്ദത്തോടെ കുത്തിക്കുറിക്കുകയും പ്രസിദ്ധീകരിക്കുകയും ഒക്കെ ചെയ്യുന്നത് സ്വയം വിശകലനം ചെയ്ത് ആസ്വദിക്കുവാൻ മഹാദേവിയുടെ മഹാഅനുഗ്രഹത്താൽ ഈയുള്ളവന് കഴിയുന്നുണ്ട്.

പകലും രാത്രിയും സ്മാർട്ട് ഫോണിൽ കുത്തിക്കുറിച്ചാണ് സന്ദേശങ്ങളെ തയ്യാറാക്കുന്നത്; *എവിടെയും നോക്കി എഴുതുകയല്ല; മഹാദേവി ഈയുള്ളവന്റെ ഹൃദയത്തിലും കരങ്ങളിലും ഒക്കെ മഹാപ്രവർത്തിക്കുകയാണ്.* അതിനിടെ വാട്സ്ആപ്പിലെ രണ്ടു ഗ്രൂപ്പിലെ മത-മനോരോഗികളും മറ്റുമായ കുഞ്ഞുങ്ങളുടെ വികൃതികൾക്ക് മരുന്ന് കൊടുത്ത് അവരെ കൂടുതൽ ശ്രേഷ്ഠരാക്കാനും, കുടുംബ കാര്യങ്ങളെ ശ്രദ്ധിക്കാനും മഹാഅനുഗ്രഹത്തോടെ സാധിക്കുന്നുണ്ട്. 2 വർഷങ്ങളായിട്ട് ഫോണിലൂടെ *ബഹുശതം പേജുകൾ കുത്തിക്കുറിച്ചതിന്റെ ആഴം വളരെ വളരെ വലുതാണ്!*

ദൈവ-വിപ്ലവം മഹാആരംഭിക്കുന്നതുവരെ മാത്രമാണ് ഈയുള്ളവന്റെ പ്രവർത്തനങ്ങളെ *വട്ട്, ഭ്രാന്ത് എന്നെല്ലാം വിളിക്കാനാവുക.*

'ഏകമഹാശക്തിയും ഏകദൈവവുമായ മഹാദേവിയുടെ' ഭാഗമാകയാൽ പരമശിവന് മഹാഉന്നതമായ മഹാവിശിഷ്ട സ്വഭാവ ഗുണങ്ങളെ മഹാഅനുഗ്രഹിച്ചു നൽകിക്കൊണ്ട് മഹാസംശുദ്ധനായിട്ട് മഹാസംരക്ഷിക്കുകയാണെന്നും, സൃഷ്ടികളായ മനുഷ്യർ അസൂയപ്പെടുന്നതും, പരമശിവൻ അഹംഭാവം കൊള്ളുന്നതും ഭോഷത്തമാണെന്നും അറിയണം. മാത്രമല്ല, പരമശിവന് ദോഷങ്ങളുണ്ടെന്നു തോന്നുന്ന അത്യപൂർവ്വമായ വസ്തുതകൾക്ക് നാരായണനും കിഷാണുവും ഉൾപ്പെടെയുള്ള ദുർദ്ദേവതകളും ന്യൂനശക്തികളും കാരണങ്ങളാണെന്നും, പുണ്യ പാപങ്ങൾ പരമശിവന് ബാധകമല്ലെന്നും അറിയണം.

മഹാദേവി, തന്റെ ഭാഗമായ പരമശിവനി*ലൂടെ*യാണ് മനുഷ്യർക്കെല്ലാം മോക്ഷത്തെ യഥാകാലം മഹാഅനുഗ്രഹിച്ചു നൽകുന്നതെന്നും സ്നേഹ വാത്സല്യങ്ങളോടെ അറിയിക്കുന്നു. (ക്രൈസ്റ്റ് കൂടിയായ അവനി*ലൂടെ* മാത്രമേ മോചനമുള്ളൂ.). കുഞ്ഞുങ്ങൾ നൽകുന്ന കൊടും വേദനകളെയും *കുഞ്ഞുങ്ങൾക്കു വേണ്ടി* ആനന്ദത്തോടെ സഹിക്കുവാൻ മനുഷ്യാവതാരം എടുക്കുമ്പോൾ മഹാശിവയായ മഹാദേവിയും, മഹാദേവി അയക്കുന്ന പരമ ശിവനും ബാദ്ധ്യസ്ഥരാണ്; തയ്യാറാകുന്നതാണ്. ഏതൊരു വേദനകളെയും സ്വീകരിച്ചു കൊള്ളാമെന്ന് മഹാദേവിയോട് ഈയുള്ളവൻ സത്യപ്രതിജ്ഞ ചെയ്തിട്ടുണ്ട്; www.omsathyam.com എന്ന വെബ്സൈറ്റിൽ നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്യാൻ കഴിയുന്ന മഹാഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. *അടുത്ത കാലത്ത് തുടർച്ചയായി പ്രസിദ്ധീകരിച്ചു പോരുന്ന ദൈവ വിപ്ലവ വിശകലനങ്ങളെ പരിശോധിച്ചാൽ, മഹാചിരിയോടെയുള്ള ദൈവ വിപ്ലവം ഉടൻ ഭൂമിയിലെങ്ങും മഹാആരംഭിക്കുമെന്ന് ഉറപ്പാക്കാം. കൃത്യമായ സമയം മഹാദേവിക്കു മാത്രമേ അറിയൂ.*

മഹാദേവി ഈയുള്ളവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള ദിവ്യ-മഹാശക്തികളെ വൈകാതെ മഹാഇഷ്ടം പോലെ പ്രവർത്തന ക്ഷമമാക്കുമ്പോൾ, *കുഞ്ഞുങ്ങൾക്കെല്ലാം (മനുഷ്യർക്കും മറ്റുള്ള ജീവികൾക്കും) വളരെയധികം ആനന്ദം വർദ്ധിക്കും വിധമാണ് മഹാമാതാവായ മഹാദേവി മഹാപ്രപഞ്ച കാര്യങ്ങളെ മുഴുവൻ മഹാഭദ്രമാക്കുക.* ഓം നമഃ ശിവായ = മഹാശിവയെ നമിക്കുന്നു.


ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.

## ഒരു സംഭവകഥ കുറിക്കാം :

2005-നു ശേഷം ആണെന്നു തോന്നുന്നു. കമ്പ്യൂട്ടറിൽ വെളിപാട് പ്രകാരം ഗ്രന്ഥരചന ഏറെക്കുറെ പൂർത്തിയാക്കിയ സമയത്ത് ഒരു അത്ഭുതം സംഭവിച്ചു. 'ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി *ദിവ്യ* മഹാദേവിക്കു മാത്രം മഹത്വം' എന്ന് ഈയുള്ളവൻ ഗ്രന്ഥത്തിൽ അനേകം ഇടങ്ങളിൽ കുറിച്ച വാചകങ്ങളെല്ലാം *ദിവ്യമായി* തിരുത്തപ്പെട്ടു. ഈയുള്ളവന്റെ സാന്നിദ്ധ്യത്തിൽ *ദിവ്യ* എന്നത് *ദിവ്യ ദിവ്യ ദിവ്യ ദിവ്യ* നാല് *ദിവ്യ*യായി ഭവിച്ചു. ഇംഗ്ലീഷ് ഭാഷയിൽ *Divya* എന്നെഴുതിയപ്പോഴാണോ സംഭവിച്ചത് എന്ന് തൽക്കാലം ഓർമ്മയില്ല. കമ്പ്യൂട്ടറിനു മുന്നിൽ ദിവ്യാത്ഭുതത്തോടെ ഇരിക്കുമ്പോൾ ദിവ്യമായ വെളിപാടു കൂടി ഈയുള്ളവന് മഹാഅനുഗ്രഹിച്ചു നൽകി. ഒന്നാമത്തെ *ദിവ്യ* സൃഷ്ടി മുഴുവൻ മഹാനിർവ്വഹിക്കുന്ന മഹാദേവി എന്നും, രണ്ടാമത്തെ *ദിവ്യ* സ്ഥിതി മുഴുവൻ മഹാനിർവ്വഹിക്കുന്ന മഹാദേവി എന്നും, മൂന്നാമത്തെ *ദിവ്യ* സംഹാരം ഉൾപ്പെട്ട മഹാനീതി മുഴുവൻ മഹാനിർവ്വഹിക്കുന്ന മഹാദേവി എന്നും, നാലാമത്തെ *ദിവ്യ* ഭൂമിയിൽ മഹാമാതാവ് മനുഷ്യരൂപത്തിൽ മഹാഅവതരിക്കു മ്പോഴെല്ലാം *ദിവ്യ* എന്ന മഹാനാമത്തെ മഹാസ്വീകരിക്കുന്നതാണ് എന്നും ആയിരുന്നു മഹാ*ദിവ്യ*വെളിപാട്. *ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവി* മഹാഎഴുന്നെള്ളിയിട്ടുണ്ട്.

ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.







# ശവശരീരത്തെ എന്തു ചെയ്യണം ?
## യാതൊരു മതങ്ങളും പ്രകാരം ശേഷക്രിയ ചെയ്യരുത്.
### ഒക്ടോബർ 08, ശനിയാഴ്ച 2016

Extracted from : *http://omsathyam.blogspot.in/?m=1*
*ദൈവ-വിപ്ലവം ഉടൻ*

മഹാശക്തിയായ ദൈവം ഈയുള്ളവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള അറിവ് പ്രകാരം, 1990-ൽ (26 വർഷങ്ങൾക്കു മുമ്പ്) പരസ്യമായിട്ട് ജനനം കൊണ്ട് ലഭിച്ച മതത്തെ ഉപേക്ഷിച്ചതാണ്. ദൈവം മഹാഅനുഗ്രഹിച്ചു നൽകുന്ന അറിവിനും ശക്തിക്കുമൊത്ത് എല്ലാ മതങ്ങളെയും എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും എല്ലാ അധർമ്മങ്ങളെയും എതിർത്തു പോരുന്ന *ഈയുള്ളവൻ മരിക്കുകയോ വധിക്കപ്പെടുകയോ ചെയ്യുമ്പോൾ; ശവശരീരത്തെ എന്തു ചെയ്യണമെന്ന് ഉറ്റവരായ ബന്ധുജനങ്ങൾ ഉൾപ്പെടെ അനേകർ ചോദിച്ചിട്ടുണ്ട്.*

വൃദ്ധനായ ഈയുള്ളവന്റെ *ഹൃദയത്തിന് കാര്യമായ തകരാറുണ്ടെന്ന്* ഹൃദ്രോഗ വിദഗ്ധനും, ഫിസിഷ്യനും ഒരാഴ്ച മുമ്പ് (30.09.2016ന്) അറിയിക്കുകയുണ്ടായി. ഹൃദയ കാര്യത്തിൽ മഹാശാസ്ത്ര പ്രകാരമുള്ള വിശകലനം സന്ദേശത്തിലെ അവസാന ഭാഗത്തുണ്ട്. തൽക്കാലം മറ്റു കാര്യങ്ങളെ കുറിക്കാം :

*ഈയുള്ളവൻ മരിക്കുകയോ വധിക്കപ്പെടുകയോ ചെയ്യുമ്പോൾ; ശവശരീരത്തെ മറവു ചെയ്യുന്നതിന്റെ പേരിൽ,* മതസ്ഥാപനങ്ങളെ ഒട്ടി ജീവിക്കുന്ന ഉറ്റവർക്ക്, മത സ്ഥാപനങ്ങളുടെ നടത്തിപ്പുകാർ ജോലിഭാരം വർദ്ധിപ്പിക്കുമെന്നു വിശ്വസിച്ചിട്ട് *പരിഹാരം നിർദ്ദേശിച്ച ശേഷം മരിക്കണമെന്ന്* ആവശ്യപ്പെടുകയാണ് ഉറ്റവർ ചെയ്തത്.

ഉറ്റവരുടെ ജോലി ഭാരം കുറയ്ക്കാനും, *ഭൂമിയിലെങ്ങുമുള്ള ജനങ്ങൾക്ക്* പ്രായേണ പ്രയോജനപ്പെടുമെന്നു വിശ്വസിച്ചും *ധർമ്മശാസ്ത്രപരമായ നിർദ്ദേശങ്ങളെ 'വാട്സ്ആപ്, ഫെയ്സ് ബുക്ക്, ബ്ലോഗ്'* എന്നിവയിൽ പ്രസിദ്ധീകരിക്കുകയാണ്. ദൈവത്തിന്റെ ഇഷ്ടംപോലെ ശിഷ്ട കാര്യങ്ങൾ നടക്കട്ടെ!

*ജനനം, മരണം* എന്നിവ വ്യക്തി ചെയ്യുന്ന കാര്യങ്ങളല്ല. വ്യക്തിയുടെ ജീവിതത്തിലെ അതിപ്രധാനങ്ങളായ രണ്ട് സംഭവങ്ങളാണവ. ഏതൊരു വ്യക്തിയുടെയും ജീവിതത്തിലെ ധർമ്മശാസ്ത്രപരമായ അഥവാ ദൈവീകമായ ഏക ചടങ്ങ് *വിവാഹം* മാത്രമാണ്.

*ജനനമരണങ്ങളെ ചടങ്ങുകളാക്കാൻ ഉൾപ്പെട്ട വ്യക്തിക്കു കഴിയുന്നതല്ല എന്നതിൽ നിന്നും അവയെ ചടങ്ങുകളാക്കിക്കൂടാ എന്ന മണ്ണിന്റെ നിയമവും വ്യക്തമാണ്.* മാത്രമല്ല, *മരണാനന്തര കാര്യങ്ങളെ പറഞ്ഞുകൊണ്ട് വ്യക്തികളെ ഭയപ്പെടുത്തി ജീവിക്കുന്ന മത-ജാതി പുരോഹിതന്മാർക്കുള്ള താക്കീതും അതിലുണ്ട്.* ജനിച്ചിട്ടുള്ളത് ജീവിക്കാൻ ആണെന്നും, ജീവിക്കുകയാണ് ചെയ്യുന്നതെന്നും, സാത്വികമായിട്ട് ജീവിക്കുകയേ വേണ്ടൂ എന്നും *മരിക്കുന്നതും ശവമടക്കലും വ്യക്തിയുടെ വിഷയമല്ലായെന്നുമുള്ള പാഠം മണ്ണ് തരുന്നുണ്ട്.* മതപുരോഹിതന്റേത് ഉൾപ്പെടെയുള്ള (ശവ) ശരീരങ്ങളെ മണ്ണിന് മടക്കി നൽകുകയേ വേണ്ടൂ.

***ശവശരീരത്തെ വ്യത്യസ്ത മതങ്ങളിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും പ്രകാരം അമ്മാനമാടുന്നത് അധമമായ കളിയാണ്.* ശവശരീരത്തെ ഉപയോഗിച്ചും ജനങ്ങളെ കളിപ്പിക്കുകയാണ്; കബളിപ്പിക്കുകയാണ്; വിശ്വാസ വഞ്ചനയിലൂടെ സാമ്പത്തിക ചൂഷണത്തെ എളുപ്പമാക്കുകയാണ്. *മഹാപ്രപഞ്ചത്തിന്റെ സൃഷ്ടി-സ്ഥിതി -സംഹാരങ്ങളെ മഹാഭദ്രപ്പെടുത്തിയിട്ടുള്ള മഹാശാസ്ത്ര നിയമങ്ങളും സംവിധാനങ്ങളും പ്രകാരം ആനന്ദങ്ങളെ വർദ്ധിപ്പിച്ചു ജീവിച്ചുകൊണ്ട്,* അധമങ്ങളും അസംബന്ധങ്ങളുമായ മതവിചാരങ്ങളെ വസ്തുതകളാണെന്നും അത്യാവശ്യങ്ങളാണെന്നും തെറ്റിദ്ധരിച്ചും പ്രചരിപ്പിച്ചും മതങ്ങളുടെയും മതദൈവങ്ങളുടെയും നാമത്തിൽ, *മതങ്ങൾക്കെല്ലാം അതീതവും സത്യവും മഹാശാസ്ത്രപരവുമായ ദൈവത്തെ നിന്ദിക്കുകയാണ്*.**

ശവശരീരം ഏതെങ്കിലും മതങ്ങളിലെ ഏറ്റവുമധികം ഉയർന്ന ആചാര്യന്റേതാണോ, മതപുരോഹിതന്റേതാണോ, പ്രധാനമന്ത്രിയുടേതാണോ, മത-ജാതി പ്രസ്ഥാനങ്ങൾക്ക് വഴിപ്പെടാത്തവരുടേതാണോ, നിരീശ്വരവാദിയുടേതാണോ, തെമ്മാടിയുടേതാണോ, മറ്റുള്ള ജീവികളുടേതാണോ എന്നത് വിഷയമാക്കാതെ *മണ്ണ്, മണ്ണിന്റെ നിയമങ്ങൾ പ്രകാരം മണ്ണുകൊണ്ട് സൃഷ്ടിക്കുകയും, ജീവിതകാലത്ത് മണ്ണിന്റെ നിയമങ്ങൾ പ്രകാരം മഹാഭരിക്കുകയും, മണ്ണിന്റെ നിയമങ്ങൾ പ്രകാരം മരിപ്പിക്കുകയും ചെയ്ത ശരീരത്തെ മണ്ണിൽ ലയിപ്പിക്കുന്നു. ശവശരീരത്തെ മണ്ണിന് മടക്കി നൽകിയില്ലെങ്കിൽ, മണ്ണിന്റെ (മൂലകങ്ങളിലുള്ള) നിയമങ്ങൾ പ്രകാരം ശവശരീരം ചീഞ്ഞു നാറുന്നതാണ്, മണ്ണിന്റെ നിയമങ്ങളെ തടയാൻ മതപുരോഹിതന്മാരുടെ കുശുകുശു മന്ത്രങ്ങൾക്കു കഴിയുന്നതല്ല.* മത്സ്യവും ഭക്ഷണവും മറ്റും കേടാവാതെയും ചീഞ്ഞു നാറാതെയും ഐസ്പെട്ടിയിൽ അഥവാ ശീതീകരിച്ച് സൂക്ഷിക്കുമ്പോലെ ശവശരീരത്തെ സൂക്ഷിക്കാനാവുമെന്നു പറയുമ്പോൾ, മണ്ണിന്റെ നിയമങ്ങൾ തന്നെയാണ് പ്രവർത്തിക്കുന്നത്.

**ഏതൊരു ജീവിയുടെയും പ്രത്യക്ഷ ദൈവമായ സ്വന്തമെന്നോണമുള്ള ശരീരം, സ്വയം ശരീരത്തെ സൃഷ്ടിച്ചിട്ടുള്ളത് മണ്ണിലെ മൂലകങ്ങൾ കൊണ്ടാണ്. മണ്ണ് മണ്ണോടു ചേരുന്നു. മണ്ണ് അഥവാ മണ്ണായ ശരീരം, മണ്ണിലെ വസ്തുക്കളെ ഉപയോഗിച്ച് സ്വയം ശരീരത്തെ സൃഷ്ടിക്കുന്നു. <u>പാലും പഴങ്ങളും ധാന്യങ്ങളും പച്ചക്കറികളും ഇലക്കറികളും മത്സ്യമാംസാദികളും മുട്ടയും ഉൾപ്പെടെ എല്ലാ ഭക്ഷണ സാധനങ്ങളും എല്ലാ ജീവികളും ഭക്ഷിക്കുമ്പോഴും ശരീരമെന്ന മണ്ണ് ശരീരമെന്ന മണ്ണോടു ചേരുക തന്നെയാണു സംഭവിക്കുന്നത്</u>. മണ്ണും ഭൂമിയും ശരീരവുമായ ദൈവത്തിന്റെ അംശങ്ങളാണ് എല്ലാ ശരീരങ്ങളും. അതുകൊണ്ട് ഭൂമിയിൽ എവിടെയും (എല്ലാ മണ്ണിലും) ശരീരവും ശവശരീരവും ലയിച്ചു ചേരുന്നതാണ്.**

ജീവിച്ചിരിക്കുന്നവർ മത്സ്യമാംസാദികൾ ഭക്ഷിക്കുന്നതു പോലെ; മനുഷ്യൻ, പശു, പട്ടി, പന്നി തുടങ്ങി ഏതൊരു ജീവിയുടെയും ശവശരീരത്തെ മറ്റുള്ള ജീവികൾ ഭക്ഷിച്ചാലും ഇല്ലെങ്കിലും; ഭൂമിയിൽ എവിടെ കുഴിച്ചിട്ടാലും; കത്തിച്ചാലും; തുറസ്സായ സ്ഥലങ്ങളിൽ നിക്ഷേപിച്ചാലും; വ്യത്യസ്ത മതജാതി- ജീവികളുടെ ഭവനങ്ങളിലോ ദേവാലയങ്ങളിലോ -ഉള്ളിലോ പുറത്തോ -കുഴിച്ചിട്ടാലും; ദൈവത്തിന്റെ അംശം കൂടിയായ ശരീരമെന്ന മണ്ണ് (ശരീരമെന്ന) മണ്ണോടു ചേരുന്നതാണ്.

അനേകം ദേവാലയങ്ങളിലും പ്രദേശങ്ങളിലും അന്യമതസ്ഥർക്കു പ്രവേശനം ഇല്ലെന്ന് മതമനോരോഗികൾ പൈശാചിക നിയമങ്ങളെ ഉണ്ടാക്കിയിട്ടുള്ളതിനെ മേല്പടി മണ്ണിന്റെ നിയമങ്ങൾ 'അഥവാ മണ്ണായ ദൈവം' പുച്ഛിക്കുന്നത് മത-ജാതി-രാഷ്ട്രീയ മനോരോഗികൾ മനസ്സിലാക്കുന്നത് നല്ലതാണ്; എന്നിരിക്കിലും വളരെയധികം വൈകിയിരിക്കുന്നു. ദൈവത്തിന്റെ അംശം കൂടിയായ ശരീരത്തെ ധർമ്മ ശാസ്ത്ര വിരുദ്ധമായി മതമനോരോഗികൾ തടയുമ്പോൾ, ദൈവത്തിന് പ്രവേശനം നിഷേധിക്കുന്ന ഏറ്റവും കൊടിയ കുറ്റങ്ങളിൽ ഒന്നാണ് നീചർ ചെയ്യുന്നത് ... അവർ ചെയ്യുന്നത് എന്തെന്ന് അവർ അറിയുന്നില്ല. അതേസമയം ദൈവാംശങ്ങളെയും തദ്വാരാ ദൈവത്തെയും നിന്ദിക്കുന്ന അത്തരം പൈശാചിക സ്ഥാനങ്ങളിൽ പൈശാചികത ഏറെയുള്ളവർ മാത്രമോ കൂടുതലായോ വിരാജിക്കുന്ന വിധം മഹാവിളയാടൽ മഹാഒരുക്കിയിട്ടുണ്ട്. മഹാനീതിശാസ്ത്രവുമായി ബന്ധപ്പെട്ട മഹാ കാര്യങ്ങളെയും മത-ജാതി-രാഷ്ട്രീയ മനോരോഗികൾ അറിയുന്നില്ല. പൈശാചിക സ്ഥാനങ്ങളിൽ നിരന്തരം

നടക്കുന്ന അപകടങ്ങളും കലഹങ്ങളും അരുംകൊലകളും സാക്ഷ്യപ്പെടുത്തുന്ന സത്യമാണത്. ഫലത്തിൽ, മനോരോഗികൾക്ക് മഹാഅനുവദിച്ചിട്ടുള്ള ശിക്ഷാലയങ്ങളാണ് പ്രശസ്ത ദേവാലയങ്ങൾ !

ശവശരീരത്തെ ഭൂമിയിൽ അഥവാ മണ്ണിൽ കുഴിച്ചിടുന്നത് നല്ലത്. *പുരയിടങ്ങളിൽ കുഴിച്ചിട്ടാൽ ഉറ്റവർക്ക് 4 തേങ്ങ കൂടുതൽ തിന്നാൻ കഴിഞ്ഞേക്കും!* ഓരോ കുടുംബത്തിന്റെയും പ്രശ്നങ്ങളും ആവശ്യങ്ങളും സൗകര്യങ്ങളും വ്യത്യസ്തമാകയാൽ ഏറ്റവും ഉചിതമായ രീതിയിൽ ശവമടക്കണം. ശവശരീരത്തിന്റെ ഉയരം, വണ്ണം എന്നിവയും, ശവമടക്കുന്ന ഭൂമിയുടെ പ്രകൃതത്തെ കണക്കാക്കിയും കുഴിയെടുക്കുക. ശവത്തെ കുഴിയിൽ ഇറക്കി വയ്ക്കുക. മണ്ണിട്ട് കുഴി മൂടുക. ശവമടക്കുമ്പോൾ ഒരു തവണയോ മൂന്നു തവണയോ ദൈവം ശരണം എന്നോ ദേവീ ശരണം എന്നോ, ഉറ്റവർക്കു വേണമെങ്കിൽ പറഞ്ഞുകൊള്ളുക, ദൈവത്തിന്റെ ആവശ്യമല്ലായെന്ന് സുവ്യക്തമായി അറിഞ്ഞുകൊള്ളണം. ശവമടക്കൽ കഴിഞ്ഞു.

മത ദേവാലയങ്ങളുമായി ബന്ധപ്പെട്ട പറമ്പുകളിലും കല്ലറകളിലും മാത്രമേ ശവശരീരത്തെ മറവു ചെയ്യാവൂ എന്ന് ശഠിച്ചാൽ പാപമുണ്ടാകുന്നതാണ്. (ഭൂമിയെ സൃഷ്ടിച്ചിട്ടുള്ള) *ദൈവത്തിനു മാത്രം അവകാശവും അധികാരവുമുള്ള ഭൂമിയിൽ*, കല്ലറകളും സ്മാരകങ്ങളും ഉണ്ടാക്കാനും, ഭൂമിയും ധനവും ഊർജ്ജവും സമയങ്ങളും മനുഷ്യ ജീവിതങ്ങളുമെല്ലാം ദുരുപയോഗം ചെയ്യാനും, യാതൊരു മനുഷ്യർക്കും യാതൊരു അവകാശങ്ങളും അധികാരങ്ങളും ഇല്ലെന്ന് സുവ്യക്തമായി അറിഞ്ഞുകൊള്ളണം. മണ്ണിന്റെ പുതുസന്താനങ്ങൾക്ക് ജീവിക്കാൻ ആവശ്യമായ മണ്ണിനോട് അനാദരവ് പാടില്ല.

ശവമടക്കുമ്പോൾ ശരീരത്തെ കുളിപ്പിക്കുക പോലും പാടില്ല. ജീവിച്ചിരുന്നപ്പോൾ വ്യക്തിയുടെ ശരീരത്തെ അഥവാ നഗ്നതയെ അവകാശത്തോടെ കണ്ടിട്ടുള്ളവർക്ക്, അത്യാവശ്യമെങ്കിൽ മാത്രം ശവശരീരത്തിൽ അല്പം വെള്ളമൊഴിച്ച് തുടയ്ക്കാം. പുതിയ വസ്ത്രങ്ങളെ ധരിപ്പിക്കേണ്ടതില്ല.

ശവശരീരത്തിൽ സുഗന്ധ തൈലങ്ങളെ പുരട്ടുന്നവർ, ആർക്കാണ് സുഗന്ധം ആവശ്യമായിരിക്കുന്നത് എന്നതറിയണം. ശവശരീരത്തിന് സുഗന്ധത്തെ ആസ്വദിക്കുവാൻ കഴിയില്ല. (ഒരു പക്ഷേ ജീവിതകാലത്ത് സുഗന്ധ തൈലങ്ങളെ അകറ്റിനിർത്തിയ മനുഷ്യനുമാവാം !). *ശവശരീരത്തിന് ചുറ്റുംനിൽക്കുന്നവരാണ് (സു)ഗന്ധത്തെ ആസ്വദിക്കുന്നത്.* അങ്ങനെ ഒരു ആസ്വാദനത്തെ ആവശ്യമില്ലെങ്കിൽ ഒഴിവാക്കുക. ശവശരീരത്തിന് നാറ്റമുണ്ടെങ്കിൽ ചുറ്റുംനിൽക്കുന്നവർക്ക് ആവശ്യമായത്ര സുഗന്ധ തൈലങ്ങളെ ഉപയോഗിക്കുക. അധമന്മാർ, പള്ളികളിലെ കല്ലറകൾ തുറന്ന് ശവശരീരത്തിൽ അധമ ആനന്ദത്തെ ആസ്വദിച്ച സംഭവങ്ങൾ നിരവധിയാണ്; അനാവശ്യമായിട്ട് സുഗന്ധ തൈലങ്ങളെ ഉപയോഗിക്കുവാൻ പ്രേരിപ്പിക്കുകയോ സാക്ഷിയാവുകയോ ചെയ്ത മതപുരോഹിതന്മാരും മറ്റും പ്രതികളാണ്. മോർച്ചറി പ്രവർത്തിക്കുന്നതും മണ്ണിന്റെ നിയമങ്ങളെ അനുസരിച്ചാണെന്നു മനസ്സിലാക്കാനും അത്യാവശ്യം അല്ലെങ്കിൽ ശവശരീരത്തെ ആശുപത്രികളിലെ മോർച്ചറികളിൽ സൂക്ഷിക്കാതെയും ശ്രദ്ധിക്കുക. അസാധാരണമായ സാഹചര്യങ്ങൾ ഇല്ലെങ്കിൽ, ഒരു ദിവസത്തിനകം ശവശരീരത്തെ മണ്ണിൽ മറവു ചെയ്യണമെന്ന് മണ്ണിന്റെ നിയമങ്ങളിലുള്ള ശവശരീര-ചീയൽ നിയമം ആവശ്യപ്പെടുന്നതിനെ അനുസരിക്കുക; മറ്റ് ധർമ്മ ശാസ്ത്രപരമായ കാര്യങ്ങളെയും.

മതപുരോഹിതന്മാരുടെയും ഉറ്റവരുടെയും മതഗ്രന്ഥ പാരായണവും കുശുകുശു മന്ത്രങ്ങളും ശവശരീരത്തിനോ ശരീരത്തെ ഉപേക്ഷിച്ച ജീവാത്മാവിനോ, മഹാശക്തിയായ ദൈവത്തിനോ ആവശ്യമില്ല. ശബ്ദശല്യം മാത്രമല്ല; ശവശരീരത്തെ മറവു ചെയ്യുന്നതിനിടയിലും വ്യത്യസ്ത മതങ്ങൾ പ്രകാരമുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും നിർവ്വഹിച്ചുള്ള സാമ്പത്തിക ചൂഷണവും ബഹുവിധ തട്ടിപ്പുകളുമുണ്ട്. *അറിയുക:* മേല്പടി തട്ടിപ്പുകാരും വേഷംകെട്ടലുകളോടെ- സ്നേഹം പ്രകടിപ്പിക്കുന്നവരും മറ്റും ചെയ്യുന്നത് *ദൈവനിന്ദയാണ്*; ദൈവശിക്ഷകളും ഉണ്ട്. *മരിച്ച വ്യക്തിക്കു പുണ്യം ലഭിക്കുന്നതിന് മരിക്കുന്നതിനു മുമ്പ് അഥവാ ജീവിതകാലത്ത് കഴിയുന്നത്ര ധർമ്മ ശാസ്ത്രപരമായിട്ട് ജീവിച്ചുകൊള്ളുക.* അതായത്, ജീവിതകാലത്ത്, മണ്ണായ ശരീരം കൊണ്ട് മണ്ണിൽ ജീവിക്കുന്നവരെല്ലാം മണ്ണിൽ മഹാലയിപ്പിച്ചിട്ടുള്ള ധർമ്മ ശാസ്ത്ര നിയമങ്ങൾ പ്രകാരം ജീവിക്കുക.

*ശവശരീരത്തെ* മണ്ണിൽ മറവു ചെയ്യുന്നതാണ് ശരിയെന്നും അഗ്നിയിൽ ദഹിപ്പിക്കുന്നത് ഉൾപ്പെടെയുള്ളവ തെറ്റാണെന്നും ധരിക്കരുത്. ഭൂമിയിൽ ദൈവ-വിപ്ലവത്തെ തുടർന്ന് *സംഹാരം* ആരംഭിക്കുന്നതോടെ, ക്രമേണ ശവശരീരങ്ങളും മറ്റും മണ്ണിൽ ലയിച്ചു ചേരാത്ത അവസ്ഥ ഉണ്ടാവുന്നതാണ്. പ്രസ്തുത അവസ്ഥയിൽ ശവശരീരത്തെ അഗ്നിയിൽ ദഹിപ്പിക്കുന്നതാണു നല്ലത്. സംഹാരം വീണ്ടും പുരോഗമിക്കുമ്പോൾ സസ്യങ്ങൾ വളരെ കുറയുകയും വിറകിന് ക്ഷാമമുണ്ടാവുന്നതും ശവശരീരങ്ങളെ മലകളിലും കുന്നുകളിലും താഴ്വരകളിലും മറ്റും ഉപേക്ഷിച്ച് കഴുകനെ പോലെയുള്ള പക്ഷികൾക്കും വന്യമൃഗങ്ങൾക്കും ആഹാരമായി നൽകും. ഓരോരോ കാലഘട്ടത്തിലെ അവസ്ഥകൾക്കും ആവശ്യങ്ങൾക്കും അനുസരിച്ചാണ് അഥവാ മണ്ണിന്റെ നിയമങ്ങളെ അനുസരിച്ചാണ് മനുഷ്യർ പ്രവർത്തിക്കേണ്ടത് എന്നു സാരം.

ശവമടക്കലിനു ശേഷവും, മരിച്ച വ്യക്തിക്കു വേണ്ടി പ്രാർത്ഥനകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും വഴിപാടുകളും പാടില്ല. ജീവിച്ചിരിക്കുമ്പോൾ സ്നേഹിച്ചുകൊള്ളുക എന്നല്ലാതെ മരണശേഷം സ്നേഹിക്കാൻ നടക്കരുത്, പാടില്ല, ഫലിക്കുകയുമില്ല. ഇന്നത്തെ സർക്കാർ ആഫീസുകളിലും മറ്റുമുള്ള ശുപാര് ശകളും അഴിമതികളും മഹാനീതിപതിയായ ദൈവത്തോടും ആവാമെന്നു തോന്നുന്നതു തന്നെ  കടുത്ത ദൈവനിന്ദയാണ്. ശവമടക്കലുമായി ബന്ധപ്പെടുത്തിക്കൊണ്ട് വ്യത്യസ്ത മതങ്ങളിലെ ആചാരങ്ങളും അനുഷ്ഠാനങ്ങളും വഴിപാടുകളും സദ്യകളും അനേകം കുടുംബങ്ങളെയും വ്യക്തികളെയും സാമ്പത്തികമായിട്ടു തകർക്കുന്നുണ്ട്. ജീവിച്ചിരിക്കുന്നവരെ പെട്ടെന്ന് മരിപ്പിക്കാനും കൊല്ലാനും മതപുരോഹിത-പ്പരിശകളും മറ്റു തട്ടിപ്പുകാരും കാരണമാകുന്നുണ്ട്. മതപുരോഹിതന്മാരും മറ്റും ദൈവീക ശിക്ഷകളെ വാരിക്കൂട്ടുകയാണ്. വിവാഹ ധൂർത്തുകളും ദൈവ-വിപ്ലവത്തോടെ അവസാനിക്കുന്ന താണ്; വിശകലനം -1 ൽ വിശദീകരിച്ചിട്ടുണ്ട്.

*മോക്ഷം* എന്താണെന്നും എങ്ങനെയെല്ലാമെന്നും ദൈവ-വിപ്ലവ വിശകലനം - 4 ൽ മഹാശാസ്ത്രപരമായിട്ട് വിശദീകരിച്ചിട്ടുണ്ട്. Ref: http://omsathyam.blogspot.in/?m=1 മത-ജാതി -രാഷ്ട്രീയ ജീവികൾക്കെല്ലാം പുതിയ മതങ്ങളെ തട്ടിക്കൂട്ടാനും,

സാധാരണക്കാരായ ജനങ്ങളെ കബളിപ്പിക്കാനും, ബഹുവിധങ്ങളായ ചൂഷണങ്ങളെ ചെയ്യാനും, ദൈവ-വിപ്ലവം ആരംഭിക്കുന്നതിനു മുമ്പുവരെ സാധിക്കുന്നതാണ്! വ്യത്യസ്ത മതഗ്രന്ഥങ്ങൾക്കോ പോപ്പന്മാർ ഉൾപ്പെടെയുള്ള മതപുരോഹിതന്മാർക്കോ അവരെയും മതവിശ്വാസികളെന്ന് അവകാശപ്പെടുന്ന (മനുഷ്യരല്ലാത്ത) മത-ജാതി ജീവികളെയും, ജീവിച്ചിരിക്കുമ്പോഴോ മരണശേഷമോ സ്വർഗ്ഗത്തി ലേക്ക് കയറ്റി വിടാനാവില്ലെന്ന് സുവ്യക്തമാണ്. ചരിത്രവും ശാസ്ത്രവും സാക്ഷ്യമാണ്. ജന്മങ്ങളുടെയും നന്മ-തിന്മകൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളുടെയും അടിസ്ഥാനത്തിൽ ഏതൊരു വ്യക്തിയു ടെയും ജീവിതകാര്യങ്ങളെയും മരണാനന്തര കാര്യങ്ങളെയും മഹാനിശ്ചയിക്കുന്നതും മഹാഭരിക്കുന്നതും മഹാശക്തിയും മഹാനീതിപതിയുമായ ദൈവം മാത്രമാണ്. *ദൈവം നിശ്ചയിക്കുന്ന കാര്യങ്ങളിൽ ഇടപെടുവാൻ മനുഷ്യന് അവകാശവും അധികാരവും ഇല്ല* എന്ന തിരിച്ചറിവ് പോലും ഇല്ലാതെ ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വാഴ്ത്തുകയും വിശുദ്ധരാക്കുകയും ചെയ്യുന്ന മതപുരോഹിതന്മാരും അതിനെ വാഴ്ത്തുന്ന ഭരണാധികാരികളും ബുദ്ധിജീവികളും ഒക്കെയാണ് ആധുനിക കാലത്തും ജനങ്ങളെ നയിക്കുന്നത്. ദൈവം സൃഷ്ടിക്കുന്നത് മനുഷ്യരെ ആണെങ്കിലും അങ്ങനെയൊരു ജീവി ഭൂമിയിൽ ഇല്ല; മത-ജാതി-ഉപജാതി -രാഷ്ട്ര -രാഷ്ട്രീയ -വർഗ്ഗ -വർണ്ണ- നിരീശ്വര ജീവികളാണ് ഭൂമിയിലുള്ളത്.

ദൈവം നേരിട്ട് ചുമതലപ്പെടുത്തിയിട്ടില്ലാത്ത കാര്യങ്ങളെ ദൈവനാമത്തിൽ ചെയ്യുന്ന മതപുരോഹിതന്മാർ ഉൾപ്പെടെ ഏതൊരാൾക്കും പാപവും ദൈവശിക്ഷകളും ഉണ്ടാകുന്നതാണ്. ഭൂമിയിലെങ്ങും വ്യത്യസ്ത മതങ്ങൾ പ്രകാരമുള്ള യാതൊരു ആരാധനകളും ആചാരങ്ങളും അനുഷ്ഠാനങ്ങളും വഴിപാടുകളും ബലികളും പ്രസാദ-വിതരണങ്ങളും ധർമ്മ ശാസ്ത്രപരമല്ല / ദൈവീകമല്ല. ആഘോഷങ്ങളെയും മറ്റും ആശംസിക്കുമ്പോൾ, അളവോടെയുള്ള പുണ്യ ശോഷണം വ്യക്തിക്ക് ഉണ്ടാവാതെ സ്വീകരിക്കുന്നയാൾക്ക് ലഭിക്കുന്നതല്ല എന്നു തിരിച്ചറിഞ്ഞ് വേഷംകെട്ടലുകളും മറ്റും അവസാനിപ്പിക്കണം. *ധർമ്മശാസ്ത്ര പരമല്ലാത്ത അഥവാ ദൈവീകമല്ലാത്ത* ആശംസകൾക്ക് ദൈവ ശിക്ഷകളും കൂടുതലാണ്.

*ഈയുള്ളവന്റെ മരണ കാര്യം തുടരാം :* സാധാരണ മനുഷ്യരിൽ നിന്ന് വ്യത്യസ്തമായ അനേകം ദിവ്യമായ മഹാഅനുഭവങ്ങൾ ഈയുള്ളവന്റെ ജീവിതത്തിൽ ഉണ്ടായിട്ടുള്ളതിനും - അവകാശ പ്പെടുന്നതിനും, " *ദൈവത്തിന്റെ ശാസ്ത്രമാണ് ഈയുള്ളവനിലൂടെ വെളിപ്പെട്ടു പോരുന്നത്, ദൈവ-വിപ്ലവം ഉടൻ" തുടങ്ങിയ പ്രഖ്യാപനങ്ങൾക്കും സാധൂകരണം ഉണ്ടാവണം.*

ഈയുള്ളവൻ അറിയിക്കുകയും അവകാശപ്പെടുകയും ചെയ്തിട്ടുള്ള ദിവ്യമായ മഹാഅനുഭവങ്ങളിൽ ചിലതെങ്കിലും ആവർത്തിക്കുവാൻ ബാദ്ധ്യസ്ഥനാണ് : "ഹിന്ദു മതം ഉൾപ്പെടെ യാതൊരു മതങ്ങളുടെയും ഭാഗമല്ലാത്ത *ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യ മഹാദേവി*, മഹാദശമി (വിജയദശമി) രാത്രിയിൽ ഈയുള്ളവന്റെ നാവിൽ *ഓം* കുറിച്ചതാണെന്ന് മഹാഎളിമയോടെയും മഹാസന്തോഷത്തോടെയും അറിയിക്കുന്നു. മഹാശാസ്ത്രപരമായ *മത്സ്യാവതാരം* ഈയുള്ളവനിൽ മഹാപ്രവേശിപ്പിച്ചിട്ടുണ്ട്; www.omsathyam.com എന്ന വെബ്സൈറ്റിൽ നിന്ന് സൗജന്യമായിട്ട് ഡൗൺലോഡു ചെയ്യാൻ കഴിയുന്ന മഹാഗ്രന്ഥത്തിൽ മത്സ്യാവതാരത്തെപ്പറ്റി മഹാശാസ്ത്ര പരമായിട്ട് വിശദീകരിച്ചിട്ടുണ്ട്. *മഹാദർശനം* അനേകം തവണ ലഭിച്ചിട്ടുണ്ട്. മഹാദേവി ഈയുള്ളവന് *പരമശിവൻ* എന്ന മഹാഅർത്ഥങ്ങളുള്ള മഹാപദവിയെയും മഹാനാമത്തെയും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്. മഹാശക്തിയായ ദൈവത്തിന്റെ ഏകദാസൻ, ക്രൈസ്റ്റ്, റസൂൽ, പ്രപഞ്ച പിതാവ്, ദൈവത്തിന്റെ ഏക പ്രതിനിധി, വ്യവസ്ഥാപിതമായ അർദ്ധ-മഹാദേവി, ബ്രഹ്മദേവൻ, സംഹാരദേവൻ, ശാസ്ത്രായുധൻ, മഹാദാസൻ, 50 വർഷത്തി ലൊരിക്കൽ ഒരു രാത്രിനേരം മഹാദേവൻ, തുടങ്ങിയ നാമങ്ങളെയും പദവികളെയും മഹാശക്തിയായ ദൈവം മഹാഅനുഗ്രഹിച്ചു നൽകുന്നുണ്ട്, ഈയുള്ളവന് പണ്ടേ മഹാഅനുഗ്രഹിച്ചു നൽകി ക്കഴിഞ്ഞ കാര്യങ്ങളാണവ. മഹാശക്തികളെന്നു വിശേഷിപ്പി ക്കാവുന്ന *ശക്തികളെയും മഹാഅനുഗ്രഹിച്ചു നൽകിയിട്ടുണ്ട്, മഹാഉചിതമായ സമയത്ത് ശക്തികളെ (ദൈവം) ആക്ടിവേറ്റ് ചെയ്യുന്നതാണ്. www.omsathyam.com വെബ്സൈറ്റിൽ മഹാശാസ്ത്രപരമായ സമ്പൂർണ്ണ വിശദീകരണമുണ്ട്.

മഹാശക്തിയായ ദൈവത്തിന്റെ *മഹാഹൃദയവും മഹാപ്രപഞ്ചത്തിന്റെ ശക്തി - നിയന്ത്രണ സത്തയുമായ ഓംകാരം*, മഹാദാസനായ പരമശിവനായിട്ട് മഹാദേവി മഹാഅനുഗ്രഹിച്ചിട്ടുള്ള ഈയുള്ളവന്റെ ഹൃദയത്തെ ഉൾക്കൊണ്ട്, ദൈവ-വിപ്ലവത്തോടെ പ്രവർത്തിച്ചു തുടങ്ങുന്നതിനെ സംബന്ധിച്ച് മഹാഗ്രന്ഥത്തിലും മഹാശാസ്ത്ര പരമായ വിശകലനങ്ങളിലും സൂചിപ്പിച്ചിരുന്നതുമായിട്ട് ഈയുള്ളവന് സംഭവിക്കുന്ന ഹൃദയ രോഗങ്ങൾക്കു ബന്ധമുണ്ടോ എന്ന് തൽക്കാലം അറിയില്ല. ഏതായാലും വാട്സ്ആപ്, ഫെയ്സ് ബുക്ക്, ബ്ലോഗ്, www.omsathyam.com വെബ്സൈറ്റ് എന്നിവകളിലൂടെ പ്രസിദ്ധീകരിച്ചു പോരുന്ന ദൈവ ശാസ്ത്ര പ്രവർത്തനങ്ങൾക്ക് താൽക്കാലികമായിട്ട് വിരാമം ഉണ്ടാകുന്നതാണ്; 2016 - ലെ മഹാദശമി (വിജയദശമി) -ക്കു മുമ്പ് മഹാഅനുഗ്രഹത്തോടെ ഒരു സന്ദേശം കൂടി പ്രസിദ്ധീകരിച്ചേക്കാം !


ഈയുള്ളവനെ വധിക്കാൻ ശ്രമിക്കാനും, സാധിക്കുമെങ്കിൽ വധിക്കാനും, ശരീരത്തോട് ഇഷ്ടംപോലെ അനീതി കാട്ടാനുമുള്ള അധമമായ വ്യക്തിസ്വാതന്ത്ര്യം മറ്റുള്ളവർക്ക് ഉണ്ട് / ഉണ്ടാവാം; തൽക്കാലം അറിയില്ല.

ഈയുള്ളവൻ മരിക്കുകയോ വധിക്കപ്പെടുകയോ ചെയ്യുമ്പോൾ; കണ്ണ്, കിഡ്നി തുടങ്ങിയവ ആവശ്യക്കാർക്കു നൽകിയ ശേഷം ബാക്കി വരുന്ന ശരീരത്തെ പുരയിടത്തിൽ കുഴിച്ചിടണമെന്ന് മുമ്പ് വെബ്സൈറ്റിലൂടെയും മറ്റും ആവശ്യപ്പെട്ടിരുന്നതിനെ, *അടുത്ത കാലത്ത് ദൈവ-വിപ്ലവ വിശകലനത്തിലൂടെ ദൈവനാമത്തിൽ പിൻവലിച്ചിരുന്നു*. കാരണം : മഹാശക്തിയായ മഹാദേവി, ഈയുള്ളവന് ദൈവഭാഗമെന്നോണമുള്ള പ്രത്യേകമായ സ്ഥാനത്തെ മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ളതിനാൽ, മരിക്കുകയോ വധിക്കപ്പെടുകയോ ചെയ്ത് ശവമടക്കിയാലും, തീർച്ചയായും ഉയർത്തെഴുന്നേൽപ്പിക്കുന്നതാണ്. (അത്ഭുത കാര്യങ്ങളെ പ്രതീക്ഷിക്കുന്നത് ധർമ്മശാസ്ത്രപരമല്ല; ആകയാൽ പുരയിടം ഉൾപ്പെടെ എവിടെയെങ്കിലും ശവമടക്കുകയേ വേണ്ടൂ, ശ്രമിക്കുകയേ വേണ്ടൂ). ദൈവം ഈയുള്ളവന് മഹാഅനുഗ്രഹിച്ചു നൽകിയിട്ടുള്ള മഹാജ്ഞാനവും, മഹാദർശനങ്ങളും, മഹാഅനുഭവങ്ങളും ദിവ്യമായ *പ്രഖ്യാപനത്തിന്* ആധാരമാണ്.

ഇപ്പോഴത്തെ മനുഷ്യ ജന്മത്തിലെ ജനനത്തീയതി 1958 മെയ് 20, 'രോഹിണി നക്ഷത്രം' ആണെങ്കിലും; സാംഗത്യം തൽക്കാലം അറിയില്ല. മഹാശക്തിയായ ദൈവം, ഈയുള്ളവനെ അറിയിച്ചിട്ടുള്ള (ഈയുള്ളവന്റെ) 'പ്രായ സൂചന' 1000 കോടിയിലേറെ വർഷങ്ങളാണ്.

ദൈവ-വിപ്ലവത്തോടെ, *ഭൗതിക അസ്തിത്വമുള്ളതായ മണ്ണിന്റെ നിയമങ്ങളെ*, ഭൂമിയിലെങ്ങുമുള്ള ജനങ്ങൾ സ്വീകരിക്കുന്നതും അനുസരിച്ചു ജീവിക്കുന്നതുമാണ്. _മതങ്ങളും രാഷ്ട്രീയങ്ങളും രാഷ്ട്ര ഭരണഘടനകളും ഉൾപ്പെടെയുള്ള മാനുഷിക നിയമങ്ങൾക്ക് ഭൗതിക അസ്തിത്വം ഇല്ലാത്തതുകൊണ്ട് മണ്ണിൽ ജീവിക്കുന്നവർക്ക് ചേരില്ലായെന്ന_ തിരിച്ചറിവ് ജനങ്ങൾക്ക് ഉണ്ടാവുന്നതും *ചുമന്നുനടന്നവർ തന്നെ അവയെ ചുട്ടെരിക്കുന്നതുമാണ്*. എല്ലാ രാജ്യങ്ങളിലെയും എല്ലാ അധർമ്മങ്ങളും അനീതികളും അവസാനിക്കുന്നതാണ്. ഭൂമിയിലെ എല്ലാ രാജ്യങ്ങളിലെയും ജനങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളാണവ. പ്രത്യേക രാഷ്ട്രങ്ങളുമായോ സംസ്ഥാനങ്ങളുമായോ മാത്രം ബന്ധപ്പെട്ടതല്ലാ എന്ന് സുവ്യക്തമായി അറിഞ്ഞുകൊള്ളണം. www.omsathyam.com എന്ന വെബ്സൈറ്റിൽ നിന്ന് സൗജന്യമായിട്ട് ഡൗൺലോഡു ചെയ്യാൻ കഴിയുന്ന മഹാഗ്രന്ഥത്തിൽ, മഹാപ്രപഞ്ചത്തിലെ സർവ്വ കാര്യങ്ങളെയും മഹാശാസ്ത്രപരമായിട്ട് വിശദീകരിച്ചിട്ടുണ്ട്. *മണ്ണിന്റെ നിയമങ്ങളെ* പാലിക്കേണ്ടത് *മോക്ഷം* ലഭിക്കാൻ, (ഓരോ മനുഷ്യന്റെയും) ആവശ്യമാകുന്നതാണ്.

*ഏകമഹാശക്തിയും ഏക ദൈവവും, മഹാപ്രപഞ്ചത്തിന് അതീതമായ മഹാബ്രഹ്മവും, മഹാപിതാവും മഹാമാതാവും മഹാനീതിപതിയും മഹായജമാനനും മഹായജമാനയും മഹാദാസിയും മഹാദേവനും മഹാദേവിയും മണ്ണും ഭൂമിയുമായ ഓം മഹാശക്തി മണ്ണടി മഹാഭദ്രകാളി ദിവ്യ ദിവ്യ ദിവ്യ ദിവ്യമഹാദേവിക്കു മാത്രം മഹത്വം.*



എന്ന്,

മഹാനീതിപതിയും മണ്ണും ഭൂമിയുമായ *മഹാദേവിയുടെ* ഏകദാസനായ *പരമശിവൻ* C/o www.omsathyam.com 2017 ജൂൺ 13 ചൊവ്വാഴ്ച.

*ദൈവത്തിനു മാത്രം മഹത്വം. ദൈവത്തിനു മാത്രം മഹത്വം. ദൈവത്തിനു മാത്രം മഹത്വം.*

